# സ്ത്രീ സംരക്ഷണ നിയമങ്ങൾ

(സ്ത്രീ സംരക്ഷണത്തിനുള്ള
പ്രധാന നിയമങ്ങളുടെ സംഗ്രഹം)

കേരള വനിതാ കമ്മിഷൻ

**STHREE SAMRAKSHANA NIYAMANGAL (MALAYALAM)**(A summary of various Acts for the protection of women)

*Advisory Board*
**M.C.Josephine** (Chairperson)
**Adv.M.S.Thara** (Member),
**E.M.Radha** (Member),
**Adv. Shiji Shivaji** (Member),
**Dr. Shahida Kamal** (Member)
**P.Usha Rani** (Member Secretary)
**V.U.Kuriakose** (Director)
**P.Girija** (Law Officer)

*Editor :* **Sreekanth M Girinath** (Public Relations Officer)

Printed at Kerala State C-apt, Thiruvananthapuram. Ph: 0471-2365685

Printed and published by P. Usha Rani, Member Secretary,
on belahf of Kerala Women's Commission
Updated and printed: 30 January 2021

For free circulation
Number of Copies: 20,000

കേരള സർക്കാർ



**പിണറായി വിജയൻ**

മുഖ്യമന്ത്രി

## സന്ദേശം

സ്ത്രീകളുടെ അവകാശങ്ങൾ, ലിംഗസമത്വം എന്നിവ ചർച്ച ചെയ്യപ്പെടുന്ന ഇക്കാലത്ത് കേരള വനിത കമ്മിഷൻ സ്ത്രീ സംരക്ഷണ നിയമങ്ങൾ എന്ന പേരിൽ ഒരു പുസ്തകം പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നു എന്നത് അഭിനന്ദനാർഹമാണ്.

സ്ത്രീകളുടെ സുരക്ഷയും അന്തസ്സും ഉറപ്പാക്കുന്ന ഒട്ടേറെ നിയമങ്ങൾ ഇന്ന് നിലവിലുണ്ടെങ്കിലും ഒരു വലിയ വിഭാഗം സ്ത്രീജനങ്ങളും ഇത്തരം നിയമങ്ങളെക്കുറിച്ച് അജ്ഞരാണ്. മേരി റോയ് കേസ്, തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമം, പുതിയ ഐടി നിയമം എന്നിവയെക്കുറിച്ചൊക്കെ വിശദമായി പ്രതിപാദിക്കുന്ന ഈ പുസ്തകം കേരളത്തിലെ പൊതുസമൂഹത്തിന് ഏറെ ഉപകാരപ്രദമാകും എന്ന് പ്രതീക്ഷിക്കുന്നു.

വനിതാ കമ്മിഷൻ പ്രവർത്തനത്തിന്റെ ഇരുപത്തിയഞ്ചാം വർഷത്തിലേക്ക് കടക്കുന്ന 2021-ൽ നടത്തുന്ന ഈ ഉദ്യമത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

കേരള സർക്കാർ



**കെ.കെ.ശൈലജ ടീച്ചർ**

ആരോഗ്യ സാമൂഹ്യനീതി
വനിത ശിശു വികസന വകുപ്പു മന്ത്രി

## സന്ദേശം

കേരള വനിതാ കമ്മിഷൻ പ്രസിദ്ധീകരിച്ചുവരുന്ന സ്ത്രീസംരക്ഷണ നിയമങ്ങൾ എന്ന പുസ്തകം മേരി റോയ് കേസ്, തൊഴിൽ സ്ഥലത്തുള്ള ലൈംഗികാതിക്രമം സംബന്ധിച്ചുള്ള വിശാഖാ മാർഗനിർദേശത്തിന്റെ അടിസ്ഥാനത്തിലുള്ള വിധിന്യായം തുടങ്ങിയവയുൾപ്പെടെ കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. ഐടി നിയമത്തിലും മറ്റും ഏറ്റവും പുതിയ കോടതി വിധിയുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ചാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നത്. വനിതാ കമ്മിഷന്റെ രജത ജൂബിലി വർഷത്തിൽ ഈയൊരു പ്രയത്നത്തിന് ആശംസകൾ അറിയിക്കുന്നു.

കെ.കെ.ശൈലജ ടീച്ചർ

# ആമുഖം

നിയമ പരിരക്ഷയില്ലാത്ത സമൂഹത്തിൽ സ്ത്രീ സുരക്ഷിതയാവില്ല. നമ്മുടെ രാജ്യത്ത് സ്ത്രീസുരക്ഷ ഉറപ്പു വരുത്തുന്ന പല നിയമങ്ങളുമുണ്ട്. സ്ത്രീകളുടെ അവകാശ സംരക്ഷണത്തിന് നിയമനിർമാണം നടത്താൻ തന്നെയുള്ള അധികാരം നമ്മുടെ ഭരണഘടന, ഭരണകൂടത്തിന് നൽകിയിട്ടുണ്ട്. ഭരണഘടന സ്ത്രീ പുരുഷ സമത്വം ഉറപ്പുതരുന്നുണ്ട്. സ്ത്രീയുടെ പൊതു അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനും ലിംഗവിവേചനത്തിനും ഭരണഘടനയിൽ വ്യവസ്ഥകൾ ഉണ്ട്.

മൗലികാവകാശങ്ങൾ വിവരിക്കുന്ന ഭരണഘടനയുടെ ഭാഗം മൂന്നിലെ 14, 15, 15(3), 16 അനുച്ഛേദങ്ങൾ സ്ത്രീയുടെ അവകാശ സംരക്ഷണത്തിൽ പ്രധാനപ്പെട്ടതാണ്. നയങ്ങൾ രൂപപ്പെടുത്താനുള്ള അടിസ്ഥാന തത്ത്വങ്ങൾ ഉൾപ്പെടുന്ന അനുച്ഛേദം 39 തുല്യതയ്ക്കായി രൂപപ്പെടുത്തേണ്ട നയങ്ങൾക്ക് വഴികാട്ടുന്നു. അനുച്ഛേദം 42 ഉം സ്ത്രീയുടെ അവകാശ സംരക്ഷണത്തിൽ പ്രധാനപ്പെട്ടതാണ്.

നിയമപരമായി തന്റെ രാജ്യം തനിക്ക് തരുന്ന അവകാശങ്ങളെയും ആനുകൂല്യങ്ങളേയും പറ്റി ഓരോ സ്ത്രീയും അറിഞ്ഞിരിക്കേണ്ടതുണ്ട്. ഇത്തരത്തിൽ നിയമത്തെക്കുറിച്ച് അവബോധമുണ്ടായാൽ മാത്രമേ ചൂഷണത്തിൽ നിന്നും, പീഡനങ്ങളിൽ നിന്നുമൊക്കെ സ്ത്രീകൾ മോചിതരാകുകയുള്ളൂ. അതിനായി കേരള വനിതാ കമ്മിഷൻ പ്രസിദ്ധീകരിക്കുന്ന സ്ത്രീ സംരക്ഷണ നിയമങ്ങൾ - സ്ത്രീ സംരക്ഷണത്തിനുള്ള പ്രധാന നിയമങ്ങളുടെ സംഗ്രഹം എന്ന ഈ പുസ്തകം ഒരു വഴികാട്ടിയാകുമെന്ന വിശ്വാസത്തോടെ കേരളസമൂഹത്തിന് പൊതുവേയും, സ്ത്രീകൾക്ക് പ്രത്യേകമായും ഈ പുസ്തകം സമർപ്പിക്കുന്നു. കേരള വനിതാ കമ്മിഷന്റെ രജതജൂബിലി വർഷത്തിലാണ് ഈ പുസ്തകം സമർപ്പിക്കുന്നത് എന്നതിൽ ഏറെ ചാരിതാർഥ്യമുണ്ട്.

കേരള വനിതാ കമ്മിഷൻ കാലങ്ങളായി പ്രസിദ്ധികരിച്ചുവരുന്ന ഈ പുസ്തകത്തിന്റെ പരിഷ്കരിച്ച പതിപ്പാണിത്. നിയമത്തിലുണ്ടായ കാലികമായ മാറ്റങ്ങളെല്ലാം തന്നെ പരിഷ്കരിച്ച പതിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അനുബന്ധമായി കൂടുതൽ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്ത്രീജനതാല്പര്യാർഥം,

**എം.സി.ജോസഫൈൻ**
ചെയർപേഴ്സൺ,
കേരള വനിതാ കമ്മിഷൻ

# കേരള വനിതാ കമ്മിഷൻ



**ശ്രീമതി എം.സി.ജോസഫൈൻ**
ബഹു. ചെയർപേഴ്സൺ



**ശ്രീമതി (അഡ്വ.) എം.എസ്.താര**
ബഹു. അംഗം



**ശ്രീമതി ഇ.എം. രാധ**
ബഹു. അംഗം



**ശ്രീമതി (അഡ്വ.) ഷിജി ശിവജി**
ബഹു. അംഗം



**ശ്രീമതി (ഡോ.) ഷാഹിദ കമാൽ**
ബഹു. അംഗം



**ശ്രീമതി പി.ഉഷാറാണി**
മെമ്പർ സെക്രട്ടറി, എക്സ് ഒഫിഷ്യോ അംഗം
(അഡിഷണൽ സെക്രട്ടറി, കേരള സർക്കാർ)



**ശ്രീ വി.യു. കുര്യാക്കോസ്**
ഡയറക്ടർ, കേസ് വിഭാഗം
(എസ്.പി . കേരള പൊലീസ്)

# ഉള്ളടക്കം


1 തൊഴിൽസ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള (ലൈംഗിക പീഡനം തടയുന്നതിനും നിരോധിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള) ആക്റ്റ്, 2013 13

2 ഗാർഹിക ഹിംസയിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റ്, 2005 16

3 ഗാർഹികഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റിന്റെ സവിശേഷതകൾ 23

4 പ്രസവാനുകൂല്യ ആക്റ്റ്, 1961 33

5 ഗർഭധാരണത്തിനു മുൻപും പ്രസവ പൂർവമായും ഉള്ള രോഗനിർണയ സാങ്കേതിക മാർഗങ്ങൾ (ലിംഗ നിർധാരണ നിരോധനം) ആക്റ്റ് (ഭ്രൂണഹത്യാ നിയന്ത്രണ നിയമം), 1994 36

6 ചികിത്സാപരമായ ഗർഭാവസ്ഥ സമാപന ആക്റ്റ്, 1971 40

7 സ്ത്രീകളെ അസഭ്യമായി ചിത്രീകരിക്കുന്നത് (നിരോധിക്കൽ) ആക്റ്റ്, 1986 42

8 കുടുംബകോടതി ആക്റ്റ്, 1984 44

9 മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും ആക്റ്റ്, 2007 47

10 സ്ത്രീധന നിരോധന ആക്റ്റ്, 1961 51

11 ഹിന്ദു വിവാഹ ആക്റ്റ്, 1955 53

12 ഇന്ത്യൻ ക്രിസ്ത്യാനി വിവാഹ ആക്റ്റ്, 1872 58

13 മുസ്ലിം വിവാഹ നിയമം 61

14 പ്രത്യേക വിവാഹ ആക്റ്റ്, 1954 64

15 വിദേശത്തുള്ള ഇന്ത്യക്കാരനുമായി വിവാഹം നടത്തുന്നതിനു മുമ്പ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ 67

16 കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ-2008 70

17 ഉപേക്ഷിക്കപ്പെട്ട ഭാര്യയ്ക്കും മക്കൾക്കും മാതാപിതാക്കൾക്കും ജീവനാംശം ലഭിക്കുന്നതിനുള്ള നിയമം (ക്രിമിനൽ നടപടിച്ചട്ടം വകുപ്പ് 125) 79

18 സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങളും ശിക്ഷയും 81
19 സൈബർ കുറ്റകൃത്യങ്ങൾ 87
20 ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കൽ ആക്റ്റ്, 2012 89
21 ബാലവിവാഹ നിരോധന ആക്റ്റ്, 2006 94
22 അനുബന്ധം
1 കേരള വനിത കമ്മിഷൻ, തിരുവനന്തപുരം 99
2 മേരി റോയ് കേസ് 103
3 തൊഴിൽ സ്ഥലത്തുള്ള ലൈംഗികാതിക്രമം സംബന്ധിച്ചുള്ള വിശാഖാ മാർഗനിർദേശത്തിന്റെ അടിസ്ഥാനത്തിലുള്ള വിധിന്യായം 105
4 ഒരു വ്യക്തിയെ അറസ്റ്റു ചെയ്യുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ 108
5 1973 ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ ചില പ്രധാന വ്യവസ്ഥകൾ 110
6 വിമൻ പ്രൊട്ടക്ഷൻ ഓഫീസർമാർ 111
7 സേവനദാതാക്കളുടെ മേൽവിലാസം, ഫോൺ നമ്പർ 112
8 വനിതാ ഹെൽപ്പ് ലൈൻ നമ്പറുകൾ 120
9 കേരള വനിത കമ്മിഷനിൽ രജിസ്റ്റർ ചെയ്ത സംഘടനകൾ 121

# 1

## തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക പീഡനം (തടയുന്നതിനും നിരോധിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള) ആക്റ്റ്, 2013

തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക പീഡനം തടയുന്നതിനും നിരോധിക്കുന്നതിനും പരിഹരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന ഒരു ആക്റ്റ് പാർലമെന്റ് പാസ്സാക്കുകയുണ്ടായി. ആക്റ്റ് 2013 ഏപ്രിൽ മാസം 23-ാം തീയതി പ്രാബല്യത്തിൽ വരികയുണ്ടായി. ഈ ആക്റ്റ് ഇന്ത്യ മുഴുവനും ബാധമാകുന്നതാണ്. ആക്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാനപ്പെട്ട നിർവചനങ്ങൾ ഇനി പറയുന്നവയാണ്:-

''ഗാർഹിക തൊഴിലാളി'' (domestic worker) എന്നാൽ പ്രതിഫലം കൈപ്പറ്റി നേരിട്ടോ ഏജൻസി മുഖേനയോ പാർട്ട് ടൈം ആയോ ഫുൾടൈം ആയോ സ്ഥിരമായോ താൽക്കാലികമായോ ഗാർഹിക ജോലി ചെയ്യുന്ന വനിത എന്നർഥമാക്കുന്നു.

''തൊഴിലാളി/ജീവനക്കാരൻ'' (employee) എന്നാൽ ഒരു തൊഴിൽസ്ഥലത്തു ജോലി ചെയ്യുന്ന സ്ഥിരമോ താൽക്കാലികമായോ ഏജൻസി മുഖേനയോ നിയമിച്ച പ്രതിഫലത്തോടു കൂടിയോ അല്ലാതെയോ സ്വമേധയായോ അല്ലാതെയോയുള്ള കരാർ തൊഴിലാളി, ട്രെയിനി, അപ്രന്റിസ്, പ്രൊബേഷണർ തുടങ്ങിയ എല്ലാത്തരം ജോലിക്കാരും എന്നർഥമാകുന്നു.

''തൊഴിലുടമ'' (employer) എന്നതിൽ സർക്കാർ, അർധസർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ തുടങ്ങി എല്ലാ വിധത്തിലുമുള്ള തൊഴിൽ സ്ഥാപനങ്ങളുടെയും മേധാവികൾ, തൊഴിൽ സ്ഥലത്തു മേൽനോട്ടം വഹിക്കുന്നയാൾ, ഗാർഹിക ജോലിക്കാരെ നിയമിക്കുന്ന വീട്ടുടമ മുതലായവർ ഉൾപ്പെടുന്നു.

''തൊഴിൽ സ്ഥലം'' (work place) എന്നതിൽ സർക്കാർ, അർധസർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ തുടങ്ങി എല്ലാ വിധത്തിലുമുള്ള തൊഴിൽസ്ഥലങ്ങൾ, ഗാർഹിക തൊഴിലാളികളുടെ സേവനം ലഭിക്കുന്ന വീട്/താമസസ്ഥലം മുതലായവ ഉൾപ്പെടുന്നു.

''ലൈംഗിക പീഡനം'' (sexual harassment) എന്നതിൽ താഴെപറയുന്ന കാര്യങ്ങൾ ഉൾപ്പെടുന്നു.

1. നേരിട്ടോ അല്ലാതെയോ ഉള്ള ശരീര സ്പർശവും പ്രവൃത്തികളും
2. ലൈംഗിക സേവനത്തിനുള്ള ആവശ്യമോ അപേക്ഷയോ
3. ലൈംഗിക ചുവയുള്ള പരാമർശം

4. അശ്ലീല ചിത്ര പ്രദർശനം

5. വാക്കും നോട്ടവും പ്രവൃത്തികളും

കൂടാതെ ലൈംഗിക പീഡനവുമായി ബന്ധപ്പെടുത്തി പ്രത്യക്ഷമായോ പരോക്ഷമായോ തൊഴിലിൽ പ്രത്യേക പരിഗണന നൽകാമെന്നു വാഗ്ദാനം നൽകുകയോ ഹാനിവരുത്തുമെന്നു ഭീക്ഷണിപ്പെടുത്തുകയോ ജോലിക്ക് മനഃപൂർവമായ തടസ്സങ്ങൾ വരുത്തുകയോ ചെയ്യുന്നതും പീഡനമായി കരുതുന്നതാണ്.

പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം തൊഴിൽ സ്ഥലങ്ങളിൽ ഉണ്ടാകുന്ന ലൈംഗിക പീഡനം തടയുന്നതിനായി ഓരോ തൊഴിൽ സ്ഥലത്തും തൊഴിലുടമ ആഭ്യന്തര പരാതി സമിതി (ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റി - ഐസിസി) രൂപീകരിക്കേണ്ടതാണ്. കമ്മിറ്റിയുടെ പ്രിസൈഡിംഗ് ഓഫീസർ തൊഴിൽ സ്ഥലത്തുള്ള സീനിയർ ലെവൽ വനിതയായിരിക്കണം. സാമൂഹിക പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ളതോ നിയമപരിജ്ഞാനമുള്ളതോ ആയ രണ്ട് അംഗങ്ങളും ലൈംഗിക പീഡന വിഷയം കൈകാര്യം ചെയ്യുന്ന സർക്കാരിതര സ്ഥാപനങ്ങളിലെ ഒരു അംഗവും ഉൾപ്പെടെ കുറഞ്ഞത് നാല് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അംഗങ്ങളിൽ പകുതിയിൽ കൂടുതൽ സ്ത്രീകൾ ആയിരിക്കേണ്ടതുമാണ്.

ഓരോ ജില്ലയിലും ഈ നിയമപ്രകാരമുള്ള ചുമതലകൾ നിർവഹിക്കുന്നതിനായി ഒരു ജില്ലാതല ഓഫീസറെ സർക്കാർ നിയമിക്കേണ്ടതാണ്. ഓരോ ജില്ലാ ഓഫീസറും ജില്ലയിൽ ലോക്കൽ പരാതി കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഓരോ ജില്ലയിലെയും ലോക്കൽ പരാതി കമ്മിറ്റിക്ക് ആ ജില്ല മുഴുവൻ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഐ.സി.സി. രൂപീകരിക്കേണ്ട ആവശ്യമില്ലാത്ത പത്തിൽ കുറവ് തൊഴിലാളികൾ ഉള്ള തൊഴിൽ സ്ഥാപനങ്ങളിലെ ലൈംഗിക പീഡന പരാതികളും തൊഴിൽ ഉടമയ്ക്കെതിരെയുള്ള ലൈംഗികപീഡന പരാതികളും ലോക്കൽ കമ്മിറ്റിയിൽ നൽകാവുന്നതാണ്. പ്രസ്തുത കമ്മിറ്റിയിൽ സാമൂഹ്യ പ്രവർത്തകയും സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ താല്പര്യമുള്ളതുമായ ഒരു വനിതയെ ചെയർപേഴ്സൺ ആയും താലൂക്കിലോ മുനിസിപ്പാലിറ്റിയിലോ ബ്ലോക്കിലോ വാർഡിലോ പ്രവർത്തിക്കുന്ന ഒരു വനിതയും സർക്കാരിതര സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന ലൈംഗിക പീഡന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു സ്ത്രീ ഉൾപ്പെടെ രണ്ട് അംഗങ്ങളും ഉണ്ടായിരിക്കുന്നതാണ്. സാമൂഹ്യ ക്ഷേമ/വനിത-ശിശു വികസന വകുപ്പിലെ ജില്ലാ ഓഫീസർ എക്സ് ഒഫിഷ്യോ അംഗം ആയിരിക്കുന്നതാണ്. ജില്ലാ ഓഫീസർ ആണ് കമ്മിറ്റിയിലെ അംഗങ്ങളെ നോമിനേറ്റ് ചെയ്യുന്നത്. കമ്മിറ്റികളിലെ അംഗങ്ങളുടെ കാലാവധി മൂന്ന് വർഷം ആയിരിക്കുന്നതാണ്.

സംഭവം നടന്നു മൂന്നു മാസത്തിനുള്ളിൽ പരാതി എഴുതി നൽകേണ്ടതും പരാതിക്കാരി ആവശ്യപ്പെടുകയാണെങ്കിൽ കേസ് അനുരഞ്ജനത്തിലൂടെ ഒത്തുതീർപ്പാക്കാവുന്നതും തീരുമാനം തൊഴിലുടമയ്ക്കോ ജില്ലാ ഓഫീസർക്കോ നൽകേണ്ടതുമാണ്. അനുരഞ്ജനത്തിലെ തീരുമാനം നടപ്പാക്കിയില്ലെങ്കിൽ കമ്മിറ്റി അന്വേഷണം നടത്തുകയോ കേസ് പോലീസിന് കൈമാറുകയോ ചെയ്യേണ്ടതാണ്. പണം നൽകിയുള്ള ഒത്തുതീർപ്പ് അനുരഞ്ജനത്തിലൂടെ കഴിയുകയില്ല.

പരാതിയിലെ എതിർ കക്ഷി തൊഴിലാളിയെങ്കിൽ അയാൾക്കു ബാധകമായ സർവീസ് റൂൾസ് പ്രകാരം പരാതിയെ കുറിച്ച് അന്വേഷണം നടത്തുകയും അല്ലാത്ത

പക്ഷം പ്രഥമ ദൃഷ്ട്യാ കേസ് ഉണ്ടെന്നു ബോധ്യപ്പെട്ടാൽ ഏഴു ദിവസത്തിനുള്ളിൽ ഐപിസി 354(എ) വകുപ്പ് പ്രകാരവും മറ്റു ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരവും കേസ് രജിസ്റ്റർ ചെയ്യുന്നതിനായി പരാതി പോലീസിന് കൈമാറേണ്ടതുമാണ്.

പരാതിയുടെ അന്വേഷണവുമായി ബന്ധപ്പെട്ട് കമ്മിറ്റിക്ക് ഏതൊരാളിനെയും വിളിച്ച് വരുത്തുന്നതിനും വിസ്തരിക്കുന്നതിനും രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടാനുമുള്ള സിവിൽ കോടതിയുടെ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അന്വേഷണം തൊണ്ണൂറ് ദിവസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്. കുറ്റക്കാരെന്നു കണ്ടെത്തിയ ആൾക്കെതിരെ സർവീസ് റൂൾസ് പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുകയും, കമ്മിറ്റി തീരുമാനിക്കുന്ന തുക അയാളുടെ വേതനത്തിൽ നിന്നും കുറവ് ചെയ്തു പരാതിക്കാരിക്കു നൽകുവാൻ തൊഴിലുടമയോട് ശിപാർശ ചെയ്യാവുന്നതുമാണ്. കമ്മിറ്റിയുടെ തീരുമാനപ്രകാരമുള്ള തുക എതിർ കക്ഷി നൽകിയില്ലെങ്കിൽ റവന്യൂ റിക്കവറി നടപടി പ്രകാരം തുക ഈടാക്കാവുന്നതാണ്. കമ്മിറ്റിയുടെ ശിപാർശയിന്മേൽ അറുപതു ദിവസത്തിനകം തൊഴിലുടമ/ജില്ലാ ഓഫീസർ തീരുമാനമെടുക്കേണ്ടതാണ്. പരാതി വ്യാജമാണെന്ന് ബോധ്യപ്പെട്ടാൽ പരാതിക്കാരിക്കെതിരെ നടപടി എടുക്കാവുന്നതാണ്.

പരാതിക്കാരിക്ക് നഷ്ടപരിഹാരം നൽകുമ്പോൾ മാനസികവും ശാരീരികവും വൈകാരികവുമായി നേരിടേണ്ടിവന്ന യാതനകൾ, തൊഴിൽപരമായി ഉണ്ടായ നഷ്ടം, ചികിത്സാ ചെലവ്, എതിർ കക്ഷിയുടെ വരുമാനം എന്നിവ കണക്കിലെടുക്കേണ്ടതാണ്.

പരാതിക്കാരിയുടെയോ എതിർകക്ഷിയുടെയോ സാക്ഷിയുടെയോ പേരോ മേൽവിലാസമോ തിരിച്ചറിയാൻ കഴിയുന്ന മറ്റു വിവരമോ പരാതിയിന്മേൽ എടുത്ത നടപടികളോ പ്രസിദ്ധീകരിക്കുകയോ മറ്റുള്ളവരെ അറിയിക്കുകയോ ചെയ്യുന്നത് ശിക്ഷാർഹമാണ്.

കമ്മിറ്റിയുടെ തീരുമാനത്തിനെതിരെയും കമ്മിറ്റിയുടെ ശിപാർശ പാലിക്കാത്തതിനെതിരെയും കോടതിയിലോ ട്രിബ്യൂണലിലോ തൊണ്ണൂറു ദിവസത്തിനുള്ളിൽ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. ഇന്റേണൽ കമ്മിറ്റി രൂപീകരിക്കാതിരിക്കുകയോ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതിരിക്കുകയോ ചെയ്താൽ അമ്പതിനായിരം രൂപ തൊഴിലുടമയ്ക്ക് പിഴ ശിക്ഷ ലഭിക്കുന്നതാണ്. കുറ്റം ആവർത്തിച്ചാൽ പിഴ ശിക്ഷ ഇരട്ടിക്കുന്നതും ലൈസൻസ് പിൻവലിക്കുകയോ പുതുക്കി നല്കാതിരിക്കുകയോ ചെയ്യുന്നതാണ്.

●

# 2

## ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റ്, 2005

കുടുംബത്തിനകത്തു സംഭവിക്കുന്ന ഏതെങ്കിലും തരത്തിലുള്ള അതിക്രമത്തിന്/ഹിംസയ്ക്ക് ഇരയാകുന്ന സ്ത്രീകൾക്ക് ഭരണഘടന ഉറപ്പു നൽകുന്ന പ്രകാരമുള്ള അവകാശങ്ങൾ കൂടുതൽ ഫലപ്രദമായി സംരക്ഷിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന കേന്ദ്ര നിയമമാണ് ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റ്. ഇത് 2006 ഒകടോബർ 26-ാം തീയതിയാണ് നിലവിൽ വന്നത്.

ഈ ആക്റ്റ് പ്രകാരം 'ഗാർഹിക ബന്ധുത്വം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് രക്തബന്ധം കൊണ്ടോ, വിവാഹം മൂലമോ, വിവാഹിതരാകാതെ ദമ്പതികളെപ്പോലെ താമസിക്കുകയോ, ദത്തെടുക്കൽ മൂലമുണ്ടായ ബന്ധത്തിലോ, കുടുംബാംഗങ്ങൾ ഒരു കൂട്ടുകുടുംബമായി ഒരുമിച്ചു താമസിക്കുമ്പോഴോ ഉണ്ടാകുന്ന ബന്ധമാണ്. ഏതെങ്കിലും കാലത്ത് ഒരുമിച്ചു താമസിച്ചാലും അത് ഗാർഹിക ബന്ധുത്വത്തിൽപ്പെടുന്നു. ഗാർഹിക ബന്ധത്തിൽപ്പെട്ട അംഗങ്ങളിൽ നിന്നുണ്ടാകുന്ന പീഡനമാണ് ഗാർഹിക പീഡനം.

"സങ്കട കക്ഷി" എന്നാൽ എതിർ കക്ഷിയുമായി ഗാർഹിക ബന്ധമുള്ളതോ ഗാർഹിക ബന്ധത്തിൽപ്പെട്ടതും എതിർ കക്ഷിയാൽ ഗാർഹിക പീഡനത്തിന് ഇരയായതായി ആരോപിക്കപ്പെട്ടിട്ടുള്ളതുമയ ഏതെങ്കിലും സ്ത്രീ എന്നർഥമാകുന്നു.

### "ഗാർഹിക ഹിംസ" എന്നതിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു

i) സങ്കടക്കാരിയുടെ ശാരീരികവും ലൈംഗികവും വാക്കാലും വൈകാരികമായും, ധനപരമായും ഉള്ള അപമാനത്തിന് കാരണമാകുന്നതും അവളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം, സുരക്ഷ, ജീവൻ, അവയവം, സ്വാസ്ഥത എന്നിവയെ ക്ഷതപ്പെടുത്തുന്നതോ അപകടപ്പെടുത്തുന്നതോ അതിനു പ്രേരിപ്പിക്കുന്നതോ ആയ രീതിയിലുള്ള പെരുമാറ്റം;

ii) സ്ത്രീധനത്തിനോ സ്വത്തുക്കൾക്കോ മൂല്യമുള്ള ഈടിനോ വേണ്ടി നിയമാനുസൃതമല്ലാത്ത ഏതെങ്കിലും കാര്യം ചെയ്യുന്നതിന് സങ്കടക്കാരിയെയോ അവളുമായി ബന്ധമുള്ള ഏതെങ്കിലും ആളിനെയോ ഭീക്ഷണിപ്പെടുത്തുന്നതിനുള്ള ഉദ്ദ്യേശ്യത്തോടുകൂടി ശല്യം ചെയ്യുകയോ അപകടപ്പെടുത്തുകയോ ക്ഷതപ്പെടുത്തുകയോ ചെയ്യുന്നത്;

iii) സങ്കടക്കാരിയെയോ അവളുമായി ബന്ധമുള്ള ആളിനെയോ ഭീക്ഷണിപ്പെടുത്തുന്നത്;

iv) സങ്കടക്കാരിയെ മറ്റു വിധത്തിൽ മുറിപ്പെടുത്തുകയോ ശാരീരികമോ, മാനസികമോ ആയ ഉപദ്രവം ഉണ്ടാകുന്ന തരത്തിലുള്ളതോ ആയ പെരുമാറ്റം.

v) 'ശാരീരിക അപമാനം' എന്നതിൽ ദേഹോപദ്രവം, ശിക്ഷാർഹമായ ഭയപ്പെടുത്തൽ, ബലപ്രയോഗം എന്നിവ ഉൾപ്പെടെ ശാരീരിക വേദനയ്ക്കോ ദുരിതത്തിനോ ഇടയാക്കുകയോ ജീവനോ അവയവത്തിനോ ആരോഗ്യത്തിനോ അപകടമുണ്ടാക്കുകയോ ആരോഗ്യത്തിനോ വളർച്ചയ്ക്കോ കോട്ടം വരുത്തുകയോ ചെയ്യുന്ന ഏതു പ്രവൃത്തിയും ഉൾപ്പെടുന്നു.

vi) "ലൈംഗിക അപമാനം" എന്നതിൽ സ്ത്രീകളെ അപമാനിക്കുന്നതിനോ തരം താഴ്ത്തുന്നതിനോ, നിന്ദിക്കുന്നതിനോ ഉദ്ദ്യേശിച്ചുകൊണ്ടുള്ള ലൈംഗിക സ്വഭാവമുള്ള പ്രവൃത്തി എന്നിവ ഉൾപ്പെടുന്നു.

## "വാക്കാലും വികാരോദ്ദീപകവുമായ അപമാനം" എന്നതിൽ

എ) ആക്ഷേപിക്കുക, അപമാനിക്കുക, ചീത്ത വിളിക്കുക, പ്രത്യേകിച്ച് ഒരു കുഞ്ഞ് ജനിക്കാതിരിക്കുകയോ, ആൺകുഞ്ഞിനെ പ്രസവിക്കാതിരിക്കുകയോ ചെയ്തതിന് അപമാനിക്കുക.

ബി) സങ്കട കക്ഷിക്ക് താല്പര്യമുള്ള ഏതെങ്കിലും വ്യക്തിക്ക് ശാരീരിക വേദന ഉണ്ടാക്കുമെന്ന് ആവർത്തിച്ച് ഭീഷണിപ്പെടുത്തുക എന്നിവ ഉൾപ്പെടുന്നു.

## "സാമ്പത്തിക അപമാനം" എന്നതിൽ

എ) സങ്കട കക്ഷിക്കും അവളുടെ കുട്ടികൾക്കും വേണ്ട ഗാർഹിക ആവശ്യങ്ങൾക്കുള്ള പണം, സ്ത്രീധനം, അവർക്ക് കൂട്ടായോ പ്രത്യേകമായോ ഉടമസ്ഥതയുള്ള വസ്തു ഭാഗംവച്ച വീടിന്റെ വാടക, ജീവനാംശം എന്നിവയും അവർക്ക് ആവശ്യമുള്ളതും നിയമപ്രകാരമോ നാട്ടാചാരപ്രകാരമോ അവർക്ക് അവകാശം ഉണ്ടായിരിക്കുന്നതും, കോടതി ഉത്തരവു പ്രകാരമോ മറ്റു വിധത്തിലോ നൽകേണ്ടതുമായ സാമ്പത്തിക വിഭവങ്ങളും നഷ്ടപ്പെടുത്തുക;

ബി) സ്ത്രീധനമായി ലഭിച്ചതോ ഗാർഹിക ബന്ധം മൂലം അവകാശമുണ്ടായിരിക്കുന്നതോ ആയ കുടുംബ വസ്തുക്കൾ പ്രത്യേകമായോ കൂട്ടായോ കൈവശം വച്ചിരിക്കുന്ന മറ്റു വസ്തുക്കൾ എന്നിവ കൈമാറ്റം ചെയ്യൽ, സ്ഥാവരജംഗമ വസ്തുക്കൾ, മൂല്യമുള്ള വസ്തുക്കൾ, ഓഹരികൾ, കടപ്പത്രങ്ങൾ അതുപോലുള്ള മറ്റു വസ്തുക്കൾ എന്നിവ അന്യാധീനപ്പെടുത്തൽ;

സി) ഗാർഹിക ബന്ധം മൂലം ഉപയോഗിക്കുവാനും അനുഭവിക്കുവാനും അവകാശപ്പെട്ട ധനവിഭവങ്ങൾ ലഭിക്കുന്നതും, ഭാഗം വച്ച വീട്ടിലേക്കുള്ള പ്രവേശനം തടയുകയും നിയന്ത്രിക്കുകയും ചെയ്യുക എന്നിവ ഉൾപ്പെടുന്നു.

ഗാർഹിക ഹിംസ ചെയ്തുവെന്നോ ചെയ്യപ്പെടാൻ സാധ്യതയുണ്ടെന്നോ വിവരം ലഭിച്ച ആൾക്ക് അതേക്കുറിച്ച് ബന്ധപ്പെട്ട സംരക്ഷണ ഉദ്യോഗസ്ഥനു വിവരം നൽകാവുന്നതാണ്. അപ്രകാരം വിവരം നൽകുന്നയാളിന് സിവിലോ ക്രിമിനലോ ആയ യാതൊരു ബാധ്യതയും വരുത്തുന്നതല്ല.

ഗാർഹിക ഹിംസയെക്കുറിച്ച് പരാതിയോ റിപ്പോർട്ടോ ലഭിക്കുകയോ ഗാർഹിക ഹിംസ നടന്ന സ്ഥലത്ത് എത്തുകയോ ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥനോ സംരക്ഷണ ഉദ്യോഗസ്ഥനോ സേവനദാതാവോ മജിസ്ട്രേറ്റോ സങ്കട കക്ഷിക്ക് ഒരു സംരക്ഷണ ഉത്തരവ്, പണ സംബന്ധമായ നിവൃത്തിക്കുള്ള ഉത്തരവ്, വാസ സ്ഥലത്തിനുള്ള ഉത്തരവ്, നഷ്ടപരിഹാര ഉത്തരവ് എന്നിവ കിട്ടുവാൻ അവകാശമുണ്ടെന്നും സേവനദാതാവിന്റെയും സംരക്ഷണ ഉദ്യോഗസ്ഥന്റെയും സേവനം ലഭ്യമാണെന്നും സൗജന്യ നിയമ സഹായം കിട്ടുന്നതിന് അവകാശമുണ്ടെന്നും ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലെ 498 (എ) വകുപ്പനുസരിച്ചു പരാതികൊടുക്കാൻ അവകാശമുണ്ടെന്നും സങ്കട കക്ഷിയെ അറിയിക്കേണ്ടതാണ്.

സംരക്ഷണ ഉദ്യോഗസ്ഥനോ സേവനദാതാവോ സങ്കടക്കാരിക്ക് അഭയം നൽകണമെന്നോ ചികിത്സാസഹായം നൽകണമെന്നോ അഭ്യർഥിച്ചാൽ അഭയമന്ദിരത്തിന്റെ ചുമതല വഹിക്കുന്നയാളും ചികിത്സാ സൗകര്യത്തിന്റെ ചുമതലയുള്ളയാളും മേൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്.

സംസ്ഥാന സർക്കാർ വിജ്ഞാപനം വഴി ആവശ്യമുള്ളത്ര എണ്ണം സംരക്ഷണ ഉദ്യോഗസ്ഥരെ നിയമിക്കേണ്ടതാണ്. കേരളത്തിലെ 14 ജില്ലകൾക്കുമായി 14 സംരക്ഷണ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ഓരോ ജില്ലയിലേയും വനിതാ സംരക്ഷണ ഉദ്യോഗസ്ഥരുടെ മൊബൈൽ ഫോൺ നമ്പർ ഈ പുസ്തകത്തിന്റെ അനുബന്ധം 6-ൽ ചേർത്തിരിക്കുന്നത് കാണുക.

നിയമ സഹായം, ചികിത്സാ സഹായം, സാമ്പത്തിക സഹായം, മറ്റുവിധത്തിലുള്ളതായ സഹായം ലഭ്യമാക്കുന്നത് ഉൾപ്പെടെ സ്ത്രീകളുടെ അവകാശങ്ങളും താല്പര്യങ്ങളും നിയമപരമായ മാർഗത്തിലൂടെ സംരക്ഷിക്കുന്നതിനായി സന്നദ്ധ സംഘടനകളും രജിസ്റ്റർ ചെയ്ത കമ്പനികളും സേവനദാതാക്കളായി സർക്കാരിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന സേവനദാതാക്കൾ (പട്ടിക അനുബന്ധം 7-ൽ നൽകിയിരിക്കുന്നു) ഗാർഹിക അതിക്രമത്തെ സംബന്ധിച്ച റിപ്പോർട്ട് (ഡൊമസ്റ്റിക് ഇൻസിഡന്റ് റിപ്പോർട്ട് ഡിഐആർ) തയാറാക്കി ആ പ്രദേശത്തെ അധികാരിയായ മജിസ്ട്രേറ്റിനും സംരക്ഷണ ഉദ്യോഗസ്ഥനും അയച്ചുകൊടുക്കുകയും ആവശ്യമെങ്കിൽ വൈദ്യപരിശോധനയ്ക്കു വിധേയമാക്കുകയും അഭയമന്ദിരത്തിൽ അഭയം നൽകിയെന്ന് ഉറപ്പുവരുത്തുകയും അതിന്റെ റിപ്പോർട്ട് പോലീസ് സ്റ്റേഷനിൽ അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്.

## നിവൃത്തിക്കുള്ള ഉത്തരവുകൾ നേടുന്നതിനുള്ള നടപടിക്രമം

ഈ ആക്റ്റ് പ്രകാരമുള്ള ഒന്നോ അതിലധികമോ നിവൃത്തികൾക്കായി (പ്രതിവിധി) ഒരു മജിസ്ട്രേറ്റ് മുൻപാകെ സങ്കടക്കാരിക്കോ, സംരക്ഷണ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ സങ്കടക്കാരികൾക്കു വേണ്ടി മറ്റേതെങ്കിലും ആൾക്കോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. സംരക്ഷണ ഉദ്യോഗസ്ഥനിൽ നിന്നോ സേവനദാതാവിൽ നിന്നോ അദ്ദേഹത്തിനു ലഭിച്ച ഡൊമസ്റ്റിക്ക് ഇൻസിഡന്റ് റിപ്പോർട്ട് (ഡിഐആർ) പരിഗണിച്ച ശേഷമേ മജിസ്ട്രേറ്റ് ഉത്തരവ് പുറപ്പെടുവിക്കുകയുള്ളൂ. ഗാർഹിക അതിക്രമത്താൽ ഉണ്ടായ നാശനഷ്ടങ്ങൾക്ക് പണം നൽകുന്നതിനുള്ള ഉത്തരവും മജിസ്ട്രേറ്റിന് പുറപ്പെടുവിക്കാവുന്നതാണ്. നിവൃത്തിക്കുള്ള അപേക്ഷ നിശ്ചിത

ഫോറത്തിൽ കൊടുക്കേണ്ടതാണ്. സങ്കടകക്ഷിക്ക് ആവശ്യമെങ്കിൽ കൗൺസലിംഗ് സൗകര്യവും ക്ഷേമവിദഗ്ധന്റെ സേവനവും ലഭിക്കുന്നതാണ്.

സങ്കടകക്ഷി ആവശ്യപ്പെടുകയോ മജിസ്ട്രേറ്റിന് യുക്തമെന്നു തോന്നുകയോ ചെയ്യുന്നുവെങ്കിൽ നടപടികൾ സ്വകാര്യമായി നടത്താവുന്നതാണ്.

ഗാർഹിക ബന്ധത്തിലുള്ള ഓരോ സ്ത്രീക്കും അവൾക്ക് ഭാഗം വെച്ച വീട്ടിൽ എന്തെങ്കിലും അവകാശമോ ഉടമസ്ഥാവകാശമോ ഉണ്ടെങ്കിലും ഇല്ലെങ്കിലും അതിൽ താമസിക്കുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്. നിയമ പ്രകാരമുള്ള നടപടിക്രമം അനുസരിച്ചല്ലാതെ സങ്കടകക്ഷിയെ അവിടെ നിന്നും ഒഴിപ്പിക്കുവാനോ ഒഴിവാക്കുവാനോ പാടില്ല.

## സംരക്ഷണ ഉത്തരവുകൾ

മജിസ്ട്രേറ്റിന് ഗാർഹിക ഹിംസ/അതിക്രമം നടന്നുവെന്നോ നടക്കുവാൻ ഇടയുണ്ടെന്നോ ബോധ്യപ്പെട്ടതിന്മേൽ സങ്കട കക്ഷിക്ക് അനുകൂലമായി സംരക്ഷണ ഉത്തരവ് പുറപ്പെടുവിക്കാവുന്നതും എതിർകക്ഷിയെ ഏതെങ്കിലും ഗാർഹിക അതിക്രമം ചെയ്യുന്നതിൽ നിന്നും അതിനു സഹായിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്നതിൽ നിന്നും, സങ്കടകക്ഷി ജോലി ചെയ്യുന്ന സ്ഥലത്തോ സങ്കടക്കാരി കുട്ടിയാണെങ്കിൽ അതിന്റെ സ്കൂളിലോ അവൾ പോകുന്ന മറ്റേതെങ്കിലും സ്ഥലത്തോ പോകുന്നതിൽ നിന്നും; സങ്കടകക്ഷിയുമായി ഏതെങ്കിലും വിധത്തിൽ ആശയ വിനിമയം നടത്തുന്നതിൽ നിന്നും; മജിസ്ട്രേറ്റിന്റെ അനുമതി ഇല്ലാതെ സ്ത്രീധനമോ കക്ഷികൾ കൈവശംവയ്ക്കുന്ന മറ്റു വസ്തുക്കളോ ഉൾപ്പെടെ കക്ഷികൾ കൂട്ടായോ എതിർകക്ഷി ഒറ്റയ്ക്കോ ഉപയോഗിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്ന ലോക്കറുകളും ബാങ്ക് അക്കൗണ്ടുകളും പ്രവർത്തിപ്പിക്കുകയോ ഏതെങ്കിലും ആസ്തികൾ അന്യാധീനപ്പെടുത്തുകയോ സങ്കടക്കാരിക്കു സഹായം നൽകുന്ന ആളിനെ ആക്രമിക്കുകയോ ചെയ്യുന്നതിൽ നിന്നും തടയാവുന്നതുമാണ്.

## വാസസ്ഥലത്തെ സംബന്ധിച്ച ഉത്തരവുകൾ

ഗാർഹിക ഹിംസ/അതിക്രമം നടന്നുവെന്നു ബോധ്യപ്പെട്ടാൽ മജിസ്ട്രേറ്റിന്, എതിർകക്ഷിക്ക് ഭാഗം വച്ച വീട്ടിൽ നിയമപരമോ, നീതിപൂർവമോ ആയ അധികാരം ഉണ്ടെങ്കിലും ഇല്ലെങ്കിലും, സങ്കടക്കാരിയെ ആ വീടിന്റെ കൈവശത്തിൽ നിന്നും നീക്കംചെയ്യുകയോ കൈവശത്തിന് വിഘ്നം വരുത്തുകയോ ചെയ്യുന്നതിൽ നിന്നും എതിർകക്ഷിയെ തടഞ്ഞുകൊണ്ടും ഭാഗം വച്ച വീട്ടിൽ നിന്നും എതിർകക്ഷിയെ മാറിപ്പോകുവാൻ നിർദേശിച്ചുകൊണ്ടും സങ്കടക്കാരി താമസിക്കുന്ന വീട്ടിന്റെ ഏതെങ്കിലും ഭാഗത്തു പ്രവേശിക്കുന്നതിൽ നിന്നും എതിർകക്ഷിയേയും അയാളുടെ ബന്ധുക്കളെയും തടഞ്ഞുകൊണ്ടും വീട് അന്യാധീനതപ്പെടുത്തുകയോ വിൽക്കുകയോ കടബാധ്യതയിൽപ്പെടുത്തുകയോ ചെയ്യുന്നത് തടഞ്ഞുകൊണ്ടും, മജിസ്ട്രേറ്റിന്റെ അനുമതി ഇല്ലാതെ ഭാഗം വച്ച വീട്ടിലുള്ള തന്റെ അവകാശം ഉപേക്ഷിക്കുന്നതിൽ നിന്നു എതിർകക്ഷിയെ തടഞ്ഞുകൊണ്ടും സങ്കടക്കാരിക്ക് വീട്ടിൽ ലഭിച്ചിരുന്ന തരത്തിലുള്ള സ്ഥലസൗകര്യം ലഭ്യമാക്കുന്നതിന് എതിർകക്ഷിക്ക് നിർദേശം നൽകിക്കൊണ്ടും അധിവാസ ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.

എന്നാൽ എതിർകക്ഷി സ്ത്രീയാണെങ്കിൽ വീട്ടിൽ നിന്നും മാറിപ്പോകുവാനുള്ള ഒരു ഉത്തരവും പുറപ്പെടുവിക്കാൻ പാടില്ല.

മജിസ്ട്രേറ്റിന്, സങ്കടക്കാരിയെയോ അവരുടെ കുട്ടിയെയോ സംരക്ഷിക്കുന്നതിന് ആവശ്യമെന്നു കരുതുന്ന കൂടുതൽ നിബന്ധനകൾ ഏർപ്പെടുത്തുകയോ നിർദേശങ്ങൾ പുറപ്പെടുവിക്കുകയോ ചെയ്യാവുന്നതാണ്. ഗാർഹിക ഹിംസ/അതിക്രമം തടയുന്നതിന് ഒരു ബോണ്ട് ഒപ്പിട്ടു നൽകുവാൻ മജിസ്ട്രേറ്റിന് എതിർകക്ഷിയോട് ആവശ്യപ്പെടാവുന്നതാണ്.

സങ്കടക്കാരിയെയും അവളെ സഹായിക്കുന്ന ആളെയും സംരക്ഷിക്കുന്നതിന് അടുത്തുള്ള പോലീസ് സ്റ്റേഷന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനോട് ആവശ്യപ്പെട്ടുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. സങ്കടക്കാരിക്ക് അർഹതപ്പെട്ട അവളുടെ സ്ത്രീധനമോ മറ്റേതെങ്കിലും വസ്തുവോ മൂല്യമുള്ള ഈടോ അവർക്ക് തിരികെ നൽകുവാൻ എതിർകക്ഷിക്ക് നിർദേശം നൽകാവുന്നതാണ്.

## പണം സംബന്ധമായ നിവൃത്തികൾ

നിവൃത്തിക്ക്/പ്രതിവിധിക്കായി മജിസ്ട്രേറ്റിന് നൽകിയ അപേക്ഷയിന്മേൻ മജിസ്ട്രേറ്റിന് ഗാർഹിക ഹിംസ/അതിക്രമം മൂലം സങ്കടക്കാരിയായ ആളിനോ അവളുടെ കുട്ടിക്കോ നേരിടേണ്ടിവന്ന ചെലവുകൾക്കും അനുഭവിക്കേണ്ടിവന്ന നഷ്ടങ്ങൾക്കും പണസംബന്ധമായ നിവൃത്തി/പ്രതിവിധി നൽകുന്നതിന് എതിർകക്ഷിക്ക് നിർദേശം നൽകാവുന്നതാണ്. അതിൽ സമ്പാദ്യങ്ങളുടെ നഷ്ടം, ചികിത്സാ ചെലവുകൾ, സങ്കടക്കാരിയുടെ അധീനതയിലുള്ള വസ്തുവിന്റെ നാശനഷ്ടം, നശീകരണം, നീക്കം ചെയ്യൽ മൂലമുണ്ടായ നഷ്ടം, സങ്കടക്കാരിക്കും അവളുടെ മക്കൾക്കും ഉള്ള ജീവനാംശം എന്നിവ ഉൾപ്പെടുന്നതാണ്.

ജീവനാംശം മാസം തോറുമോ മൊത്തം തുകയായോ നൽകാൻ ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്. ഉത്തരവിൽ പറഞ്ഞ കാലയളവിനുള്ളിൽ തന്നെ ധനസംബന്ധമായ നിവൃത്തി എതിർകക്ഷി നൽകേണ്ടതാണ്.

## കസ്റ്റഡി ഉത്തരവുകൾ

സംരക്ഷണ ഉത്തരവിനു വേണ്ടിയുള്ള അപേക്ഷയുടെ വാദം കേൾക്കുമ്പോൾ കുട്ടികളുടെ സംരക്ഷണ ചുമതല സങ്കടക്കാരിയെയോ അവർക്കുവേണ്ടി അപേക്ഷ സമർപ്പിച്ച ആളിനെയോ ഏൽപ്പിക്കാവുന്നതും എതിർകക്ഷിക്ക് കുട്ടികളെ സന്ദർശിക്കാൻ അനുവാദം നല്കാവുന്നതുമാണ്. എന്നാൽ എതിർകക്ഷിയുടെ സന്ദർശനം കുട്ടികളുടെ താല്പര്യത്തിനു ഹാനികരമെന്ന് മജിസ്ട്രേറ്റിനു തോന്നുന്ന പക്ഷം സന്ദർശനത്തിനുള്ള അനുവാദം നിരസിക്കേണ്ടതാണ്.

## നഷ്ടപരിഹാര ഉത്തരവുകൾ

എതിർ കക്ഷി ചെയ്ത ഗാർഹിക ഹിംസ/അതിക്രമം മൂലം സങ്കടക്കാരിക്കുണ്ടായ മാനസിക പീഡനം, വൈകാരിക വിഷമം ഉൾപ്പെടെയുള്ള പരാതികൾക്ക് നഷ്ടപരിഹാരവും നഷ്ടത്തുകയും നൽകാൻ മജിസ്ട്രേറ്റിന് ഉത്തരവു പാസ്സാ

ക്കാവുന്നതാണ്.

മജിസ്ട്രേറ്റിന്, അദ്ദേഹത്തിനു മുൻപാകെയുള്ള നടപടിക്രമത്തിൽ ആവശ്യമെങ്കിൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. സങ്കട കക്ഷി നൽകുന്ന സത്യവാങ്മൂലത്തിൻമേൽ മജിസ്ട്രേറ്റിന് എക്സ്പാർട്ടിയായി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

ഈ ആക്റ്റ് പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് സൗജന്യമായി അപേക്ഷയിലെ കക്ഷികൾക്കും ബന്ധപ്പെട്ട പോലീസ് സ്റ്റേഷന്റെ ചുമതല വഹിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻ, സേവനദാതാക്കൾ എന്നിവർക്കും നൽകേണ്ടതാണ്.

മജിസ്ട്രേറ്റ് പുറപ്പെടുവിച്ച സംരക്ഷണ ഉത്തരവ്, സങ്കടക്കാരി ആ ഉത്തരവ് റദ്ദാക്കലിന് അപേക്ഷിക്കുന്നതുവരെ നിലനിൽക്കുന്നതാണ്. ആവശ്യമെന്ന് മജിസ്ട്രേറ്റിന് ബോധ്യമാകുന്നുവെങ്കിൽ, ഉത്തരവിൽ ഭേദഗതി വരുത്തുകയോ ഉത്തരവ് റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

സങ്കടക്കാരിയേയും എതിർ കക്ഷിയേയും ബാധിക്കുന്ന നിയമ നടപടി, ഈ നിയമം നിലവിൽ വരുന്നതിനു മുൻപോ അതിനു ശേഷമോ ആരംഭിച്ചതായാലും ഒരു സിവിൽ കോടതിയുടെയോ, കുടുംബകോടതിയുടെയോ ക്രിമിനൽ കോടതിയുടെയോ മുൻപാകെ നിവൃത്തി തേടാവുന്നതാണ്.

ഈ ആക്റ്റ് പ്രകാരമുള്ളതല്ലാതെയുള്ള ഏതെങ്കിലും നടപടി പ്രകാരം സങ്കട കക്ഷിക്ക് നിവൃത്തി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് മജിസ്ട്രേറ്റിനെ അറിയിക്കേണ്ടതാണ്.

സങ്കടക്കാരിയായ ആളോ എതിർകക്ഷിയോ സ്ഥിരമായോ താല്ക്കാലികമായോ താമസിക്കുകയോ കച്ചവടം നടത്തുകയോ ജോലിയിൽ ഏർപ്പെട്ടിരിക്കുകയോ ചെയ്യുന്ന സ്ഥലത്ത് അല്ലെങ്കിൽ കേസിനാസ്പദമായ കാരണം ഉണ്ടായ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിക്കോ മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് കോടതിക്കോ സംരക്ഷണ ഉത്തരവും മറ്റ് ഉത്തരവുകളും നൽകുന്നതിനും കുറ്റവിചാരണ നടത്തുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

മജിസ്ട്രേറ്റ് പുറപ്പെടുവിച്ച ഉത്തരവിനെതിരെ സങ്കടക്കാരിക്കോ എതിർ കക്ഷിക്കോ ആർക്കാണോ ഉത്തരവിന്റെ പകർപ്പ് അവസാനം ലഭിച്ചത് ആ തീയതി മുതൽ മുപ്പതു ദിവസത്തിനുള്ളിൽ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

എതിർ കക്ഷി സംരക്ഷണ ഉത്തരവോ ഒരു ഇടക്കാല സംരക്ഷണ ഉത്തരവോ ലംഘിക്കുന്നത് ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റമായിരിക്കുന്നതും ഒരു വർഷം വരെയാകാവുന്ന തടവോ ഇരുപതിനായിരം രൂപ വരെ പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

മജിസ്ട്രേറ്റ് ചാർജ് തയാറാക്കുമ്പോൾ സ്ത്രീധന നിരോധന ആക്റ്റ് പ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ 498 (എ) വകുപ്പു പ്രകാരവുമുള്ള കുറ്റങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അതു കൂടി ചാർജിൽ ഉൾപ്പെടുത്താവുന്നതാണ്. സംരക്ഷണ ഉത്തരവ് ലംഘിച്ചതു സംബന്ധിച്ച വിചാരണ കഴിവതും ഉത്തരവ് പുറപ്പെടുവിച്ച മജിസ്ട്രേറ്റു തന്നെ നടത്തേണ്ടതാണ്.

സംരക്ഷണ ഉത്തരവ് ലംഘിക്കുന്നത് പോലീസ് നടപടി സ്വീകരിക്കാവുന്നതും ജാമ്യം ലഭിക്കാത്തതുമായ കുറ്റമാണ്. മജിസ്ട്രേറ്റ് പുറപ്പെടുവിച്ച സംരക്ഷണ ഉത്തരവ്, സംരക്ഷണ ഉദ്യോഗസ്ഥൻ നടപ്പിലാക്കുന്നതിന് വിസമ്മതിക്കുകയോ തന്റെ കർത്തവ്യം നിർവഹിക്കുന്നതിന് വീഴ്ച്ച വരുത്തുകയോ ചെയ്താൽ ഒരു വർഷം വരെയാകാവുന്ന തടവോ ഇരുപതിനായിരം രൂപവരെ പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കാവുന്നതാണ്.

●

# 3

## ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റ്, 2005–ന്റെ സവിശേഷതകൾ

### ഈ നിയമത്തിന്റെ പ്രത്യേകതകൾ

(i) പീഡനരഹിതമായ അന്തരീക്ഷത്തിൽ ജീവിക്കുവാൻ സ്ത്രീകൾക്കുള്ള അവകാശത്തെ ഊട്ടിയുറപ്പിക്കുന്നു.

(ii) മറ്റ് നിയമങ്ങൾ സ്ത്രീകൾക്ക് പൊതുവിലോ, ഭാര്യയ്ക്കോ സംരക്ഷണം നൽകുമ്പോൾ ഈ നിയമം ഗാർഹിക ബന്ധത്തിൽ ഏർപ്പെട്ട ഏതൊരു സ്ത്രീക്കും അത് അമ്മയോ, ഭാര്യയോ, മകളോ, സഹോദരിയോ ആകട്ടെ സംരക്ഷണം നൽകുന്നു.

(iii) മറ്റ് നിയമങ്ങൾ പ്രതിയെ ശിക്ഷിക്കുക മാത്രമാണ് ചെയ്യുന്നത്. എന്നാൽ ഈ നിയമം പ്രശ്നപരിഹാരത്തിനും, സ്ത്രീയുടെ സംരക്ഷണത്തിനും ഊന്നൽ നൽകുന്നു.

(iv) തന്റെ പുരുഷ ബന്ധുക്കൾക്കെതിരെ പരാതി കൊടുത്തശേഷവും പങ്കുപറ്റുന്ന വീട്ടിൽ തന്നെ സ്ത്രീക്ക് താമസിക്കാൻ ഉള്ള അവകാശം ഉറപ്പു നൽകുന്നു.

(v) പോലീസ് അധികാരികളെ കൂടാതെ പ്രൊട്ടക്ഷൻ ഓഫീസർ, സേവനദാതാക്കൾ എന്നീ അധികാരികളുടെ സേവനം ഈ നിയമം ലഭ്യമാക്കുന്നു.

(vi) നീതി വേഗത്തിൽ ലഭ്യമാക്കുന്നു. ഈ ആക്റ്റിലെ 12-ാം വകുപ്പ് പ്രകാരം പരാതിയിൽ കഴിവതും അറുപത് ദിവസത്തിനുള്ളിൽ തീർപ്പു കൽപ്പിക്കേണ്ടതാണ്.

(vii) സിവിൽ ക്രിമിനൽ നിയമങ്ങൾ രണ്ട് ഘട്ടങ്ങളിലായി പ്രയോഗിക്കപ്പെടുന്നു.

(viii) 12-ാം വകുപ്പ് പ്രകാരമുള്ള പരാതിയിൽ, മജിസ്ട്രേറ്റിന് സിവിൽ ഉത്തരവുകൾ പാസ്സാക്കാം.

(ix) ഈ ഉത്തരവുകൾ ലംഘിച്ചാൽ ക്രിമിനൽ നടപടികൾ കൈക്കൊണ്ട് തടവ് ശിക്ഷയ്ക്കോ, പിഴ ശിക്ഷയ്ക്കോ പ്രതിയെ വിധേയനാക്കാം.

(x) ബഹുഭാര്യാത്വത്തിന്റെയും മറ്റ് രീതിയിൽ അസാധുവായ വിവാഹങ്ങളുടെയും ഇരകൾക്കും, വിവാഹം ചെയ്യാതെ ഭാര്യാഭർതൃബന്ധം പുലർത്തുന്ന സ്ത്രീ പങ്കാളിക്കും, മറ്റൊരു നിയമത്തിലും കാണാത്ത തരത്തിൽ സംരക്ഷണം ലഭ്യമാക്കുന്നു.

(xii) ഒരേ നിയമത്തിൽ തന്നെ പലതരം പരിഹാരങ്ങൾ നൽകുന്നു. (ഉദാ. സംരക്ഷണ ഉത്തരവ്, സാമ്പത്തിക നിവൃത്തികൾ, താമസിക്കാനുള്ള ഉത്തരവ് മുതലായവ)

## എന്താണ് ഗാർഹിക പീഡനം

ഗാർഹിക പീഡനം എന്നാൽ-

എ) പീഡിപ്പിക്കപ്പെട്ട വ്യക്തിയുടെ ആരോഗ്യത്തിനോ, സുരക്ഷിതത്വത്തിനോ, അവയവത്തിനോ, ജീവനോ, മാനസികമോ ശാരീരികമോ ആയ ക്ഷേമത്തിനോ ഹാനി വരുത്തുകയോ, ക്ഷതപ്പെടുത്തുകയോ, അപായപ്പെടുത്തുകയോ അങ്ങനെ ചെയ്യുന്നതിന് ഒരുങ്ങുകയോ ചെയ്യുന്നതും, ശാരീരിക ദുരുപയോഗവും, ലൈംഗിക ദുരുപയോഗവും വാക്കാലും വൈകാരികമായുള്ള ദുരുപയോഗവും, സാമ്പത്തിക ദുരുപയോഗവും ഉൾപ്പെടുന്നതും അല്ലെങ്കിൽ-

ബി) സ്ത്രീധനത്തിനോ മറ്റു സ്വത്തിനോ മൂല്യമുള്ള ഈടിനോ വേണ്ടിയുള്ള ഏതെങ്കിലും അന്യായമായ ആവശ്യം നിറവേറ്റുന്നതിന് അവളെയോ അവളോട് മറ്റേതെങ്കിലും വ്യക്തിയെ നിർബന്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ പീഡിപ്പിക്കപ്പെട്ട വ്യക്തിയെ പീഡിപ്പിക്കുകയോ ഹാനി വരുത്തുകയോ ക്ഷതപ്പെടുത്തുകയോ അപായപ്പെടുത്തുകയോ ചെയ്യുന്നതും, അല്ലെങ്കിൽ-

സി) മുൻ (എ) ഖണ്ഡികയിലോ (ബി) ഖണ്ഡികയിലോ പരാമർശിച്ചിരിക്കുന്ന ഏതെങ്കിലും പ്രവൃത്തിയാൽ പീഡിപ്പിക്കപ്പെട്ട വ്യക്തിയെയോ അവളുമായി ബന്ധപ്പെട്ട ഏതെങ്കിലും വ്യക്തിയെ ഭീഷണിപ്പെടുത്തുന്ന അവസ്ഥ ഉണ്ടാക്കുന്നതും, അല്ലെങ്കിൽ-

ഡി) പീഡിപ്പിക്കപ്പെട്ട വ്യക്തിയെ മറ്റേതെങ്കിലും വിധത്തിൽ ശാരീരികമായോ മാനസികമായോ ക്ഷതപ്പെടുത്തുകയോ ഹാനി വരുത്തുകയോ ചെയ്യുന്ന തരത്തിലുള്ള എതിർകക്ഷിയുടെ പ്രവൃത്തിയോ ഉപേക്ഷയോ പെരുമാറ്റമോ ഗാർഹിക പീഡനമായിത്തീരുന്നതാണ്.

## ഈ നിയമത്തിന്റെ സംരക്ഷണം ലഭിക്കുന്നവർ

(i) എതിർകക്ഷിയുമായി ഗാർഹിക ബന്ധമുള്ളതോ ഗാർഹിക ബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്നതോ ആയതും എതിർകക്ഷി ഏതെങ്കിലും തരത്തിൽ ഗാർഹിക പീഡനം നടത്തുന്നു എന്ന് ആരോപിക്കുന്നതുമായ ഏതൊരു സ്ത്രീക്കും.

(ii) ജന്മനാലുള്ള ബന്ധത്തിൽപ്പെട്ടവർക്കും മകൻ-അമ്മയെയോ, അച്ഛൻ -മകളെയോ സഹോദരൻ- സഹോദരിയെയോ പീഡിപ്പിച്ചാൽ

(iii) വിവാഹബന്ധത്തിൽപ്പെട്ടവർക്കും ഭാര്യയെ - ഭർത്താവോ ഭർത്താവിന്റെ സ്ത്രീ-പുരുഷ ബന്ധുക്കളോ പീഡിപ്പിച്ചാൽ

(iv) വിവാഹസമാനമായ ബന്ധത്തിൽപ്പെട്ടവർക്കും (വിവാഹിതരല്ലാതെ ലൈംഗിക ബന്ധം പുലർത്തി ജീവിക്കുന്ന സ്ത്രീ-പുരുഷ ബന്ധത്തിലെ സ്ത്രീ പങ്കാളിയെ പുരുഷ പങ്കാളിയോ അയാളുടെ സ്ത്രീ-പുരുഷ ബന്ധുക്കളോ പീഡിപ്പിച്ചാൽ)

(v) ദത്തെടുക്കലിലൂടെയുള്ള ബന്ധത്തിൽപ്പെട്ടവർക്കും (ദത്ത് പുത്രിയെ വളർത്തച്ഛനോ ദത്ത് പുത്രൻ- വളർത്തമ്മയെയോ പീഡിപ്പിച്ചാൽ)

(vi) കൂട്ടുകുടുംബബന്ധത്തിൽപ്പെട്ടവർക്കും (മരുമകളെ അമ്മാവനോ, വല്യമ്മയെ

മകനോ, അമ്മൂമ്മയെ പേരക്കുട്ടിയോ പീഡിപ്പിച്ചാൽ)

(vii) 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കും (ദത്തെടുത്തതോ പരജാതയോ വളർത്തുന്നതോ )

(viii) കൂടാതെ വിധവകൾ, വിവാഹമോചിതരായ സ്ത്രീകൾ, അവിവാഹിതകൾ, രണ്ടാനമ്മ മുതലായവർക്കും, ഈ നിയമത്തിന്റെ സംരക്ഷണം ലഭിക്കുന്നു.

## ഈ നിയമം സ്ത്രീക്ക് ഉറപ്പുനൽകുന്ന അവകാശങ്ങൾ

(i) ഈ നിയമത്തെയും ഇതുപ്രകാരമുള്ള അവകാശങ്ങളെയും പരിഹാരങ്ങളെയും കുറിച്ച് അറിവ് പകരാൻ 14 ജില്ലകളിലും പ്രൊട്ടക്ഷൻ ഓഫീസറുടെയും (മൊബൈൽ ഫോൺ നമ്പർ ഈ പുസ്തകത്തിന്റെ അനുബന്ധം 6-ൽ) സേവനദാതാക്കളുടെയും (പട്ടിക ഈ പുസ്തകത്തിന്റെ അനുബന്ധം 7-ൽ) സഹായം ലഭിക്കാനുള്ള അവകാശം.

(ii) അപേക്ഷ/പരാതി നൽകാൻ പ്രൊട്ടക്ഷൻ ഓഫീസറുടെയോ, സേവനദാതാക്കളുടെയോ, പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെയോ, സഹായം തേടാനുള്ള അവകാശം.

(iii) ഗാർഹിക പീഡനത്തിൽ നിന്ന് സ്ത്രീക്കോ അവരുടെ കുട്ടിക്കോ സംരക്ഷണം ലഭിക്കാനുള്ള അവകാശം.

(iv) സ്ത്രീയോ അവരുടെ കുട്ടിയോ അഭിമുഖീകരിക്കുന്ന അരക്ഷിതാവസ്ഥയിൽ നിന്നും സംരക്ഷണത്തിനും അതിന് വേണ്ടുന്ന പരിഹാരങ്ങൾക്കുമുള്ള ഉത്തരവുകൾ നേടുവാനുള്ള അവകാശം.

(v) പീഡനം അനുഭവിച്ച വീട്ടിൽ തന്നെ സമാധാനപൂർവം താമസിക്കാൻ ഉള്ള അവകാശം.

(vi) സ്ത്രീയുടെ സ്ത്രീധനവും സ്വർണാഭരണങ്ങളും മറ്റ് വ്യക്തിപരമായ വസ്തുക്കളും തിരിച്ചു കിട്ടാനുള്ള അവകാശം.

(vii) മെഡിക്കൽ സഹായം, അഭയം, കൗൺസലിംഗ്, നിയമസഹായം എന്നിവയ്ക്കുള്ള അവകാശം.

(viii) പീഡനം മൂലമേറ്റ ശാരീരിക മാനസിക പീഡനത്തിനോ സാമ്പത്തിക നഷ്ടത്തിനോ ഉള്ള നഷ്ടപരിഹാരത്തിനുള്ള അവകാശം.

(ix) മെഡിക്കൽ റിപ്പോർട്ടുകളുടെയോ പരാതിയുടെയോ അപേക്ഷകയുടെയോ പീഡനത്തിനെതിരെ ഏതെങ്കിലും അധികാരി മുമ്പാകെ രേഖപ്പെടുത്തിയ ഏതെങ്കിലും പ്രസ്താവനയുടെയോ പകർപ്പുകൾ ലഭിക്കുന്നതിനുള്ള അവകാശം.

(x) ഏതെങ്കിലും അപായഭീഷണിയുണ്ടായാൽ പ്രൊട്ടക്ഷൻ ഓഫീസറുടെയോ സേവനദാതാക്കളുടെയോ സഹായത്തോടെ രക്ഷ നേടാനുള്ള അവകാശം.

## ലഭ്യമാകുന്ന സേവനങ്ങൾ

(i) അഭയം (അഭയ കേന്ദ്രങ്ങളിൽ സൗജന്യമായി താമസിക്കുവാനുള്ള സൗകര്യം)

(ii) നിയമസഹായം (ജില്ലാ/താലൂക്ക് ലീഗൽ സർവീസ് അഥോറിറ്റിയിലൂടെ സൗജന്യമായി നിയമസഹായം ലഭിക്കും)

(iii) ചികിത്സാ സംവിധാനം (എല്ലാ ജില്ലാ/താലൂക്ക് ആശുപത്രികളിലും സൗജന്യ ചികിത്സാ സഹായം ലഭിക്കും)

(iv) കൗൺസലിംഗ് (മജിസ്ട്രേറ്റിന്, കേസിന്റെ ഏതെങ്കിലും ഘട്ടത്തിൽ എതിർകക്ഷിയെയോ പീഡിപ്പിക്കപ്പെട്ട സ്ത്രീയെയോ ഒറ്റയ്ക്കോ കൂട്ടായോ കൗൺസലിംഗ് ചെയ്യേണ്ടത് ആവശ്യമാണെന്ന് തോന്നുന്ന പക്ഷം, ഒരു സ്ത്രീ കൗൺസലർ മുഖേന കൗൺസലിംഗ് നടത്താൻ നിർദേശിക്കാം)

(v) വെൽഫെയർ എക്സ്പെർട്ട് - ഈ നിയമ പ്രകാരം ഉള്ള നടപടികൾ നടത്താൻ മജിസ്ട്രേറ്റ് സഹായം തേടുന്ന പീഡിപ്പിക്കപ്പെട്ട സ്ത്രീയുടെ ഒരു ബന്ധുവോ ബന്ധുവല്ലാത്തതോ കുടുംബക്ഷേമ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഏതെങ്കിലും വ്യക്തിയോ ആണ് വെൽഫെയർ വിദഗ്ധൻ (അതു കഴിയുന്നതും ഒരു സ്ത്രീ ആയിരിക്കണം).

## അപേക്ഷ നൽകേണ്ട രീതി

12-ാം വകുപ്പ് പ്രകാരമുള്ള അപേക്ഷ ഈ നിയമത്തിന്റെ ഫോം 2 പ്രകാരമുള്ള മാതൃകയിലോ കഴിവതും അതുപോലെയോ ആയിരിക്കണം. ഈ മാതൃകയിൽ അപേക്ഷ തയാറാക്കാൻ പീഡിപ്പിക്കപ്പെട്ട സ്ത്രീക്ക് പ്രൊട്ടക്ഷൻ ഓഫീസറുടെ സഹായം തേടാവുന്നതാണ്. അതിൽ ആ സ്ത്രീ ആവശ്യപ്പെടുന്ന ഉത്തരവ് എന്താണെന്ന് രേഖപ്പെടുത്തുന്നതിനും ഉള്ള കോളങ്ങൾ ഉണ്ട്. അപേക്ഷക, നിരക്ഷരയാണെങ്കിൽ, പ്രൊട്ടക്ഷൻ ഓഫീസർ അപേക്ഷ തയാറാക്കിയ ശേഷം അതിന്റെ ഉള്ളടക്കം വായിച്ച് കേൾപ്പിക്കുകയും അത് വിശദീകരിച്ച് കൊടുക്കുകയും വേണം. ഈ അപേക്ഷ പൂരിപ്പിച്ച് കൊടുക്കാവുന്ന രീതിയിലാണ് തയാറാക്കിയിട്ടുള്ളത്. പ്രൊട്ടക്ഷൻ ഓഫീസർ മുഖേനയാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ അദ്ദേഹം മേലൊപ്പിടേണ്ടതാണ്.

## കോടതി നൽകാവുന്ന ഉത്തരവുകൾ

1. പീഡനത്തിൽ നിന്ന് ആ സ്ത്രീയെ രക്ഷിക്കുന്നതിന്, താഴെ പറയുന്ന ഉത്തരവുകൾ കോടതിക്ക് നൽകാവുന്നതാണ്.
   - (i) സംരക്ഷണ ഉത്തരവ്
   - (ii) പാർപ്പിടത്തിനുള്ള ഉത്തരവ്
   - (iii) സാമ്പത്തിക നിവൃത്തിക്കുള്ള ഉത്തരവ്
   - (iv) കസ്റ്റഡി ഉത്തരവ്
   - (v) നഷ്ടപരിഹാരത്തിനുള്ള ഉത്തരവ്
2. ചില പ്രത്യേക ഉത്തരവുകൾ (മദ്യപിക്കരുത്, മുതലായ ഉത്തരവുകൾ)
3. ഇടക്കാല ഉത്തരവുകൾ
4. എതിർകക്ഷിയെ കേൾക്കാതെ തന്നെ നൽകാവുന്ന എക്സ്പാർട്ടി ഉത്തരവുകൾ

## ഉത്തരവുകളുടെ കാലാവധി

പീഡിതയായ സ്ത്രീ, ഇനി ഇവ തുടരേണ്ടതില്ല എന്ന് ആവശ്യപ്പെടുന്നതുവരെ കോടതി ഉത്തരവുകൾ നിലനിൽക്കും. എന്നാൽ പീഡിതയായ സ്ത്രീയോ എതിർ കക്ഷിയോ നൽകിയ അപേക്ഷപ്രകാരം, സാഹചര്യങ്ങളിലെ മാറ്റങ്ങൾ ഉണ്ടായതി നാൽ പ്രസ്തുത ഉത്തരവിൽ ഏതെങ്കിലും മാറ്റമോ ഭേദഗതിയോ വരുത്താമെന്ന് മജിസ്ട്രേറ്റിന് ബോധ്യപ്പെട്ടാൽ, രേഖാമൂലം കാരണം കാണിച്ച് കോടതിക്ക് ഉചി തമായ ഉത്തരവ് നൽകാം.

## ഉത്തരവ് ലംഘിക്കപ്പെട്ടാൽ

ഉത്തരവ് ലംഘിക്കപ്പെട്ടാൽ അത് ഈ നിയമത്തിന്റെ 31, 32 വകുപ്പുകൾ പ്ര കാരം പോലീസിന് നേരിട്ട് നടപടി എടുക്കാവുന്നതും ജാമ്യം കിട്ടാത്തതും ആയ ഒരു കുറ്റകൃത്യവുമാണ്. ഇങ്ങനെ ഒരു പരാതി ലഭിച്ചാൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യേണ്ടതും മറ്റേതൊരു അറിഞ്ഞുകൊണ്ട് ചെയ്യുന്ന കുറ്റം പോലെ അതിനെ കൈകാര്യം ചെയ്യേണ്ടതുമാണ്. ഇതുകൂടാതെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട മറ്റു വകുപ്പുകൾ പ്രകാരമുള്ള എഫ്ഐആർ രജിസ്റ്റർ ചെയ്യാവുന്ന താണ്.

## ഉത്തരവുകളുടെ പകർപ്പ് സൗജന്യമായി കിട്ടാൻ

പരാതി നൽകിയ സ്ത്രീക്കും എതിർകക്ഷിക്കും ചാർജുള്ള പോലീസ് ഓഫീസർക്കും കോടതിയുടെ അധികാര പരിധിയിലുള്ള സേവന ദാതാക്കൾക്കും ഡൊമസ്റ്റിക് ഇൻസിഡന്റ് റിപ്പോർട്ട് തയാറാക്കിയ സേവന ദാതാക്കൾക്കും ഉത്തര വിന്റെ ഒരു പകർപ്പ് സൗജന്യമയി നൽകാൻ മജിസ്ട്രേറ്റിന് ഉത്തരവിടാവുന്നതാണ് (24-ാം വകുപ്പ്)

## അപേക്ഷയിന്മേലുള്ള അപ്പീൽ സമർപ്പിക്കേണ്ടത് എവിടെ

അപ്പീലുകൾ സെഷൻസ് കോടതി മുമ്പാകെയാണ് സമർപ്പിക്കേണ്ടത്. അത് പീഡിതയായ സ്ത്രീക്കോ എതിർകക്ഷിക്കോ ആർക്കാണ് അവസാനം ഉത്ത രവ് ലഭിച്ചത്, ആ തീയതി മുതൽ മുപ്പത് ദിവസത്തിനകം നൽകേണ്ടതാണ് (29-ാം വകുപ്പ്).

ഫോറം II

**(ചട്ടം 6 (1) കാണുക)**

**ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റ്, 2005 (2005-ലെ 43) ന്റെ 12-ാം വകുപ്പു പ്രകാരം മജിസ്ട്രേറ്റിന് നൽകുന്ന അപേക്ഷ**

സ്വീകർത്താവ്

മജിസ്ട്രേറ്റ് കോടതി

..........................................

..........................................

ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ
സംരക്ഷിക്കൽ ആക്റ്റ്, 2005 (2005-ലെ 43) ലെ
.................... ാം വകുപ്പ് പ്രകാരമുള്ള അപേക്ഷ

I. ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റ്, 2005 ന്റെ ................ വകുപ്പ് പ്രകാരമുള്ള അപേക്ഷ, ഗാർഹിക സംഭവ റിപ്പോർട്ടിനൊപ്പം ബോധിപ്പിച്ചതാരെന്ന് കാണിക്കണം.

(a) അക്രമത്തിന് വിധേയയായ വ്യക്തി ☐

(b) പ്രൊട്ടക്ഷൻ ഓഫീസർ ☐

(c) അക്രമത്തിനു വിധേയയായ വ്യക്തിക്കു പകരം മറ്റേതെങ്കിലും ആൾ ☐

(ബാധകമായത് അടയാളപ്പെടുത്തുക)

ബഹുമാനപ്പെട്ട കോടതി, ഗാർഹിക സംഭവ റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്നും കേസിന്റെ സാഹചര്യത്തിന് ആവശ്യമാണെന്ന് കരുതുന്ന എല്ലാമോ/ഏതെങ്കിലുമോ ഉത്തരവുകൾ പാസ്സാക്കണമെന്നും അപേക്ഷിക്കുന്നു.

(a) 18-ാം വകുപ്പ് പ്രകാരമുള്ള സംരക്ഷണ ഉത്തരവുകൾ പാസ്സാക്കുകയും/അല്ലെങ്കിൽ

(b) 19-ാം വകുപ്പ് പ്രകാരമുള്ള താമസിക്കാനുള്ള ഉത്തരവുകൾ പാസ്സാക്കുകയും/അല്ലെങ്കിൽ

(c) 20-ാം വകുപ്പ് പ്രകാരമുള്ള സാമ്പത്തിക പരിഹാരം നൽകാൻ എതിർകക്ഷിയോട് നിർദേശിക്കുകയും/അല്ലെങ്കിൽ

(d) ആക്റ്റിന്റെ 21-ാം വകുപ്പ് പ്രകാരമുള്ള ഉത്തരവുകൾ പാസ്സാക്കുകയും/അല്ലെങ്കിൽ

(e) 22-ാം വകുപ്പ് പ്രകാരമുള്ള നഷ്ടപരിഹാരം അനുവദിക്കാൻ എതിർകക്ഷിയോട് നിർദേശിക്കുകയും/അല്ലെങ്കിൽ

(f) കോടതി ന്യായവും യുക്തവും എന്നു കരുതുന്ന അത്തരം ഇടക്കാല ഉത്തരവുകൾ പാസ്സാക്കുക.

(g) കേസിന്റെ സാഹചര്യമനുസരിച്ച് യുക്തമെന്നു തോന്നുന്ന ഏതെങ്കിലും ഉത്തരവുകൾ പാസ്സാക്കുക.

## ആവശ്യമായിരിക്കുന്ന ഉത്തരവുകൾ

i. 18-ാം വകുപ്പിൻ കീഴിലുള്ള സംരക്ഷണ ഉത്തരവ്

- എതിർകക്ഷിക്കെതിരേ ഒരു ഇൻജങ്ഷൻ അനുവദിക്കുന്നതിലൂടെ അപേക്ഷയുടെ കോളം 4(a)/(b)/(c)/(d)/(e)/(f)/(g)-ൽ പരാമർശിച്ചിരിക്കുന്ന ഏതെങ്കിലും ഗാർഹിക അക്രമ പ്രവൃത്തികൾ ആവർത്തിക്കുന്നതിൽ നിന്ന് എതിർകക്ഷിയെ(കളെ) വിലക്കുന്നത്.

- സ്കൂളിലോ കോളജിലോ ജോലി സ്ഥലത്തോ പ്രവേശിക്കുന്നതിൽ നിന്ന് എതിർകക്ഷിയെ(കളെ) വിലക്കുന്നത്.
- നിങ്ങളുടെ ജോലിസ്ഥലത്തേക്ക് പോകുന്ന നിങ്ങളെ തടസ്സപ്പെടുത്തുന്നതിൽ നിന്ന് വിലക്കുന്നത്.
- നിങ്ങളുടെ കുട്ടികളുടെ സ്കൂളിൽ/കോളജിൽ/മറ്റേതെങ്കിലും സ്ഥലത്ത് പ്രവേശിക്കുന്നതിൽ നിന്ന് എതിർകക്ഷിയെ(കളെ) വിലക്കുന്നത്.
- നിങ്ങളോട് എന്തെങ്കിലും തരത്തിലുള്ള വിനിമയം നടത്തുന്നതിൽ നിന്ന് എതിർകക്ഷിയെ തടയുന്നത്.
- ആസ്തികൾ അന്യാധീനപ്പെടുത്തുന്നതിൽ നിന്ന് എതിർകക്ഷിയെ തടയുന്നത്.
- ജോയിന്റ് ബാങ്ക് ലോക്കറുകളും അക്കൗണ്ടുകളും എതിർകക്ഷി പ്രവർത്തിപ്പിക്കുന്നത് തടയുന്നതിനും പീഡിപ്പിക്കപ്പെട്ട വ്യക്തിയെ അത് പ്രവർത്തിപ്പിക്കുവാൻ അനുവദിക്കുന്നതിനും.
- പീഡിപ്പിക്കപ്പെട്ട വ്യക്തിയുടെ ആശ്രിതരുടെ/ബന്ധുക്കളുടെ/മറ്റേതെങ്കിലും വ്യക്തിയുടെ അടുത്തു നിന്ന് മാറി താമസിക്കുന്നതിന് അവർക്കെതിരെ പീഡനം തടയുക എന്ന ഉദ്ദേശ്യത്തോടെ എതിർകക്ഷിയോട് നിർദ്ദേശിക്കുന്നത്.
- മറ്റേതെങ്കിലും ഉത്തരവ് ദയവായി പ്രത്യേകം വിവരിക്കുക

## (ii) 19-ാം വകുപ്പ് പ്രകാരമുള്ള താമസിക്കാനുള്ള ഉത്തരവ്

- എതിർകക്ഷിയെ(കളെ) ഇവയിൽ നിന്ന് തടയുന്ന ഒരു ഉത്തരവ്
- ഭാഗംവച്ച വീട്ടിൽ നിന്ന് എന്നെ പുറത്താക്കുകയോ പുറന്തള്ളുകയോ ചെയ്യുന്നതിൽ നിന്ന്
- ഭാഗംവച്ച വീട് അന്യാധീനപ്പെടുത്തുന്നതിൽ നിന്ന് കൈയൊഴിക്കുന്നതിൽ നിന്ന്/ബാധ്യയാക്കുന്നതിൽ നിന്ന്
- ഭാഗംവച്ച വീട്ടിലുള്ള അയാളുടെ അവകാശങ്ങൾ ഉപേക്ഷിക്കുന്നതിൽ നിന്ന്
- എന്റെ സ്വകാര്യ ജംഗമ വസ്തുക്കൾ തുടർച്ചയായി അനുഭവിക്കാൻ എന്നെ അർഹയാക്കുന്ന ഒരു ഉത്തരവ്
- എതിർകക്ഷിയോട്(കളോട്) താഴെ പറയുന്ന കാര്യം നിർദേശിക്കുന്ന ഒരു ഉത്തരവ്:
  - ഭാഗംവച്ച വീട്ടിൽ നിന്ന് സ്വയം മാറി നിൽക്കുന്നതിന്
  - അതേ നിലവാരത്തിലുള്ള പകരം താമസസൗകര്യം നേടുകയോ അതിനുവേണ്ടി വാടക കൊടുക്കുകയോ ചെയ്യുന്നതിന്.
  - മറ്റെന്തെങ്കിലും ഉത്തരവ്, പ്രത്യേകം പറയുക .

## (iii) 20-ാം വകുപ്പ് പ്രകാരമുള്ള സാമ്പത്തിക പരിഹാരങ്ങൾ

1. വരുമാന നഷ്ടം, ആവശ്യപ്പെടുന്ന തുക ☐
2. ചികിത്സാ ചെലവുകൾ, ആവശ്യപ്പെടുന്ന തുക ☐

3. നാശം/കേടുപാട് അഥവാ പീഡിപ്പിക്കപ്പെട്ട വ്യക്തിയുടെ നിയന്ത്രണത്തിൽ നിന്ന് സ്വത്ത് നീക്കം ചെയ്തതു മൂലം ഉണ്ടായ നഷ്ടം

ആവശ്യപ്പെടുന്ന തുക

4. 10 (d) ഖണ്ഡത്തിൽ പ്രത്യേകം പറഞ്ഞിരിക്കുന്ന മറ്റേതെങ്കിലും നഷ്ടമോ ശാരീരികമോ മാനസികമോ ആയ ക്ഷതമോ

ആവശ്യപ്പെടുന്ന തുക

5. ആവശ്യപ്പെടുന്ന ആകെ തുക

6. മറ്റെന്തെങ്കിലും ഉത്തരവ്, ദയവായി വിശദമാക്കുക

.

**(iv) 20–ാം വകുപ്പ് പ്രകാരമുള്ള സാമ്പത്തിക പരിഹാരങ്ങൾ**

1. സാമ്പത്തിക പരിഹാരമായി താഴെപ്പറയുന്ന ചെലുകൾ നൽകാൻ എതിർകക്ഷിയോട് നിർദ്ദേശിക്കുന്നു.

2. ഭക്ഷണവും വസ്ത്രവും മരുന്നും മറ്റ് അടിസ്ഥാന സൗകര്യങ്ങളും തുക പ്രതിമാസം

3. സ്കൂൾ ഫീസും ബന്ധപ്പെട്ട ചെലവുകളും തുക പ്രതിമാസം

4. വീട്ടു ചെലവുകൾ തുക പ്രതിമാസം

5. മറ്റെന്തെങ്കിലും ചെലവുകൾ തുക പ്രതിമാസം

6. മറ്റെന്തെങ്കിലും ഉത്തരവ്, ദയവായി വിശദമാക്കുക

**(v) 21–ാം വകുപ്പ് പ്രകാരമുള്ള കസ്റ്റഡി ഉത്തരവ്**

കുട്ടിയുടെ അല്ലെങ്കിൽ കുട്ടികളുടെ സംരക്ഷണം

പീഡിപ്പിക്കപ്പെട്ട വ്യക്തിക്ക് അവൾക്ക് വേണ്ടി മറ്റേതെങ്കിലും വ്യക്തി അങ്ങനെയുള്ള ആളെക്കുറിച്ചുള്ള വിശദാംശങ്ങൾ

കൈമാറുന്നതിന് എതിർകക്ഷിയോട് നിർദേശിക്കുക.

**(vi) 22–ാം വകുപ്പ് പ്രകാരമുള്ള നഷ്ടപരിഹാര ഉത്തരവ്**

**vii) മറ്റേതെങ്കിലും ഉത്തരവ് ദയവായി പ്രത്യേകം വിവരിക്കുക**

4. മുമ്പ് വ്യവഹാരമായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ

(a)

- ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ......................... വകുപ്പുകൾ പ്രകാരം

കോടതി മുമ്പാകെ കേസ് നടന്നുകൊണ്ടിരിക്കുന്നു.

- തീർപ്പ് കൽപ്പിച്ചിട്ടുണ്ടെങ്കിൽ പരിഹാരത്തിന്റെ വിശദാംശങ്ങൾ

(b)

- ക്രിമിനൽ നടപടി നിയമത്തിലെ ............. വകുപ്പുകൾ പ്രകാരം കോടതി മുമ്പാകെ കേസ് നടന്നുകൊണ്ടിരിക്കുന്നു
- തീർപ്പുകൽപ്പിച്ചിട്ടുണ്ടെങ്കിൽ, പരിഹാരത്തിന്റെ വിശദാംശങ്ങൾ

(c)

- ഹിന്ദു വിവാഹ ആക്റ്റ്, 1956 ............ വകുപ്പുകൾ പ്രകാരം കോടതി മുമ്പാകെ കേസ് നടന്നുകൊണ്ടിരിക്കുന്നു.
- തീർപ്പുകൽപ്പിച്ചിട്ടുണ്ടെങ്കിൽ, പരിഹാരത്തിന്റെ വിശദാംശങ്ങൾ

(d)

- ഹിന്ദു ദത്തുകളും സംരക്ഷണവും ആക്റ്റ്, 1956–ന്റെ ................. വകുപ്പുകൾ പ്രകാരം കോടതി മുമ്പാകെ കേസ് നിലനിൽക്കുന്നു.
- തീർപ്പുകൽപ്പിച്ചിട്ടുണ്ടെങ്കിൽ, പരിഹാരത്തിന്റെ വിശദാംശങ്ങൾ ☐

.

(e)

- ☐ നിയമത്തിന്റെ .................. വകുപ്പുകൾ പ്രകാരം ജീവനാംശത്തിനുവേണ്ടിയുള്ള അപേക്ഷ
- ഇടക്കാല ജീവനാംശം പ്രതിമാസം ☐ രൂപ
- അനുവദിച്ച ജീവനാംശം പ്രതിമാസം ☐ രൂപ

(f)

- എതിർകക്ഷി ജുഡീഷ്യൽ കസ്റ്റഡിയിലേക്ക് അയക്കപ്പെട്ടിട്ടുണ്ടോ
- ഒരാഴ്ചയിൽ കുറഞ്ഞ കാലത്തേക്ക് ഒരു മാസത്തിൽ കുറഞ്ഞ കാലത്തേക്ക്
- ഒരു മാസത്തിലും കൂടുതൽ കാലത്തേക്ക്

  കാലയളവ് പ്രത്യേകം പറയുക

(g) മറ്റെന്തെങ്കിലും ഉത്തരവ്

## അപേക്ഷ

ഗാർഹിക പീഡനത്തിൽ നിന്ന് പീഡിപ്പിക്കപ്പെട്ട വ്യക്തിയെ സംരക്ഷിക്കുന്നതിനും നീതിന്യായ പൂർത്തിക്കായും കേസിൽ നൽകപ്പെട്ട വസ്തുതകളും സാഹചര്യങ്ങളും പ്രകാരം ബഹുമാനപ്പെട്ട കോടതി ഉത്തരവോ ഉത്തരവുകളോ ന്യായവും യുക്തവുമെന്ന് കരുതുന്ന മറ്റുത്തരവോ പാസ്സാക്കാനും ഇവിടെ ആവശ്യപ്പെടുന്ന പരിഹാരം(ങ്ങൾ) അനുവദിക്കാനും ബഹുമാനപ്പെട്ട കോടതിക്ക് ദയവുണ്ടാകണമെന്ന് ബഹുമ്മനപുരസ്സരം അപേക്ഷിക്കുന്നു.

സ്ഥലം : അഭിഭാഷകൻ മുഖേന പരാതി നൽകിയ

തീയതി : വ്യക്തി/പീഡിപ്പിക്കപ്പെട്ട വ്യക്തി

## സ്ഥിരീകരണം

മുൻ പറഞ്ഞ അപേക്ഷയുടെ 1 മുതൽ 12 വരെയുള്ള ഖണ്ഡികകളുടെ ഉള്ളടക്കം എന്റെ അറിവിൽ പരമാവധി സത്യവും ശരിയുമാണെന്നും പ്രസക്തമായ യാതൊന്നും അതിൽ നിന്ന് മറച്ചുവച്ചിട്ടില്ലെന്നും ........... ദിവസം .................... (സ്ഥലം) ൽ വച്ച് സ്ഥിരീകരിച്ചിരിക്കുന്നു.

സത്യവാങ്മൂലം നൽകുന്നയാൾ

തീയതി സഹിതം പ്രൊട്ടക്ഷൻ

ഓഫീസറുടെ മേലൊപ്പ്

●

# 4

## പ്രസവാനുകൂല്യ ആക്റ്റ്, 1961

1948–ലെ ലോക മനുഷ്യാവകാശ പ്രഖ്യാപനത്തിൽ ആർട്ടിക്കിൾ 25(2) പ്രകാരം മാതൃത്വവും ശൈശവവും പ്രത്യേക പരിഗണനയ്ക്കും സഹായങ്ങൾക്കും അർഹതപ്പെട്ടതാണെന്ന് വിലയിരുത്തിയിട്ടുണ്ട്. സ്ത്രീക്ക് സാമൂഹ്യ നൻമയെ ലക്ഷ്യമാക്കി പ്രത്യേക പ്രസവാനുകൂല്യങ്ങൾ നൽകാൻ സർക്കാരുകൾ പ്രതിജ്ഞാബദ്ധമാണ്. 1961–ലെ പ്രസവാനുകൂല്യ നിയമം തൊഴിൽ നിയമങ്ങളുടെ പട്ടികയിൽ ഒരു നാഴികക്കല്ലാണ്. ഇതിൽ നിർദേശിച്ചിരിക്കുന്ന പ്രകാരം സ്ത്രീക്ക് ചില സ്ഥാപനങ്ങളിൽ ചില കാലത്തേയ്ക്ക് പ്രസവത്തിനു മുമ്പും അതിനു ശേഷവും പ്രസവാനുകൂല്യങ്ങളും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാണ്.

ഈ നിയമത്തിൽ വിവരിച്ചിട്ടുള്ള രീതിയിലുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പ്രസവകാലത്ത് ചില ആനുകൂല്യങ്ങൾക്ക് അവകാശമുണ്ട്.

### പ്രസവത്തിനു മുമ്പുള്ള അവകാശങ്ങൾ

- ഒരു സ്ത്രീക്ക് പ്രസവം പ്രതീക്ഷിക്കുന്ന തീയതിയ്ക്ക് 10 ആഴ്ച്ച മുമ്പ് വരെ കഠിനപ്രയത്നമുളവാക്കുന്ന ജോലികൾ കൊടുക്കരുത്.
- പ്രസവം പ്രതീക്ഷിക്കുന്ന തീയതിക്ക് മുമ്പ് ആറ് ആഴ്ച്ച കാലത്തേയ്ക്ക് വേതനത്തോടുകൂടിയ അവധിക്ക് സ്ത്രീ അർഹയാണ്.
- ഹാജരാകാതിരിക്കുന്ന ആ കാലയളവിൽ ശരാശരി ദിവസവേതനപ്രകാരം അർഹമായ കാലാവധിക്ക് മൊത്തം വേതനം നൽകേണ്ടതാണ്.
- ആ തുക പ്രസവാവധിക്ക് നോട്ടീസ് നൽകുന്ന പക്ഷം പ്രസവാവധിയിൽ പ്രവേശിക്കുന്ന തീയതിക്ക് മുമ്പായി നൽകേണ്ടതാണ്.

### പ്രസവത്തിനുശേഷമുള്ള ആനുകൂല്യങ്ങൾ

- ഒരു സ്ത്രീയെ പ്രസവത്തിനുശേഷവും, സ്വാഭാവികമോ അല്ലാത്തതോ ആയ ഗർഭമലസലിനുശേഷവും ആറ് ആഴ്ച്ചക്കാലത്തേയ്ക്ക് ജോലിയിൽ പ്രവേശിപ്പിക്കരുത്.
- ഈ ആറ് ആഴ്ച്ചത്തേയ്ക്കുള്ള വേതനം പ്രസവാനന്തരം സ്ത്രീക്കോ അവർ അധികാരപ്പെടുത്തുന്ന വ്യക്തിക്കോ തെളിവ് ഹാജരാക്കിയാൽ 48 മണിക്കൂറിനകം കൊടുത്തിരിക്കണം.
- പ്രസവാനുകൂല്യം കൊടുക്കുന്നതിനുള്ള നിരക്ക് ശരാശരി ദിവസവേതനമാണ്.
- പ്രസവത്തിനുമുമ്പ് ആറ് ആഴ്ച്ച അവധിയെടുത്തിട്ടില്ലെങ്കിൽ ആ ആറ് ആഴ്ച്ച കൂട്ടി 12 ആഴ്ച്ച വരെ പ്രസവാനന്തരം അവധി എടുക്കാവുന്നതാണ്.
- പ്രസവത്തിനുമുമ്പോ പിൻപോ തൊഴിലുടമ ആശുപത്രി സഹായങ്ങൾ കൊടുക്കാത്ത പക്ഷം 250 രൂപവരെ മെഡിക്കൽ ബോണസായി ലഭിക്കുന്നതിന് സ്ത്രീ അർഹയാണ്.

- പ്രസവം, സമയത്തിനുമുമ്പുള്ള പ്രസവം, സ്വാഭാവികമായ ഗർഭമലസിപ്പിക്കൽ, വന്ധ്യംകരണ ശസ്ത്രക്രിയ തുടങ്ങിയവയോടനുബന്ധിച്ചുള്ള രോഗങ്ങൾ ഉണ്ടായാൽ ഈ നിയമത്തിലെ ആറ്, ഒൻപത് വകുപ്പുകൾ പ്രകാരം ഒരു മാസത്തോളം വേതനത്തോടുകൂടിയ അവധി ലഭിക്കുന്നതിന് സ്ത്രീ അർഹയാണ്.
- പ്രസവത്തിനുശേഷം ജോലിക്ക് ഹാജരായാൽ കുട്ടിയ്ക്ക് 15 മാസം പ്രായമാകുന്നതുവരെ സാധാരണ ഇടവേള കൂടാതെ നിശ്ചിതപ്പെടുത്തിയ സമയത്ത് രണ്ട് ഇടവേള കൂടി കുട്ടിയെ ശുശ്രൂഷിക്കുന്നതിനായി നൽകേണ്ടതാണ്.
- ഈ നിയമത്തിലെ വ്യവസ്ഥകൾ മൂലം ജോലിക്ക് ഹാജരാകാതിരുന്നാൽ സ്ത്രീയെ പിരിച്ചുവിടാൻ പാടുള്ളതല്ല.
- ഈ നിയമത്തിലെ സെക്ഷൻ 4 പ്രകാരം ശുശ്രൂഷയ്ക്ക് വേണ്ടി എടുക്കുന്ന ഇടവേളയ്ക്കോ കഠിനാധ്വാനം ചെയ്യാതിരിക്കുന്നതിനോ പകരമായി വേതനത്തിൽ കുറവു വരുത്താൻ പാടുള്ളതല്ല.

## മറ്റ് കാരണങ്ങൾക്ക്

സ്വാഭാവിക ഗർഭം അലസൽ, രോഗം മൂലമുള്ള അലസിപ്പിക്കൽ, വന്ധ്യംകരണ ശസ്ത്രക്രിയ എന്നീ കാരണങ്ങൾക്ക് മതിയായ തെളിവ് നൽകിയാൽ രണ്ട് ആഴ്ച്ചത്തേയ്ക്ക് വേതനസഹിതം അവധി ലഭിക്കുന്നതിന് സ്ത്രീക്ക് അർഹതയുണ്ട്.

1961-ലെ പ്രസവാനുകൂല്യ ആക്റ്റ് 2017 -ലെ ഭേദഗതി പ്രകാരം 50-ൽ കൂടുതൽ ജോലിക്കാർ ഉള്ള സ്ഥാപനത്തിൽ ശിശു സംരക്ഷണ കേന്ദ്രം (ക്രെഷെ) ഉണ്ടായിരിക്കണം. ഒരു ദിവസം നാല് പ്രാവശ്യം കുട്ടിയെ കാണാൻ അനുവദിക്കുകയും വേണം.

## പരിഹാരക്രിയ

### ഏതു സെക്ഷൻ പ്രകാരം പരാതി കൊടുക്കാം

ഈ നിയമപ്രകാരം നിയോഗിതനായ ഇൻസ്പെക്ടർക്ക് സെക്ഷൻ 17 പ്രകാരം പരാതികൾ കൊടുക്കാം. സെക്ഷൻ 17 പ്രകാരം ഇൻസ്പെക്ടറുടെ ഉത്തരവിനെതിരെ കോടതിയെ സമീപിക്കുകയും ചെയ്യാം. എന്നാൽ നിയമം നിർദേശിക്കുന്ന മറ്റ് പ്രതിവിധികൾക്ക് ശേഷമേ കോടതിയെ സമീപിക്കാവൂ.

### ആരോട് എവിടെ പരാതി ബോധിപ്പിക്കും

സാധാരണയായി നിയമപ്രകാരം നിയോഗിച്ചിട്ടുള്ള ഇൻസ്പെക്ടറെ സമീപിക്കാം. എന്നാൽ ഇൻസ്പെക്ടർ പുറപ്പെടുവിക്കുന്ന ആ നിർദേശങ്ങളിൽ സന്തുഷ്ടയല്ല എങ്കിൽ കുറ്റം ആരോപിക്കുന്ന സ്ത്രീക്ക് തന്റെ പരിധിയിലുള്ള മെട്രോപ്പൊളിറ്റൻ മജിസ്ട്രേറ്റിനെയോ ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റിനെയോ സമീപിക്കാം. എന്നാൽ സംഭവം നടന്ന് ഒരു കൊല്ലത്തിനകം കേസ് ഫയൽ ചെയ്തിരിക്കണം.

സ്ത്രീ അംഗമായിരിക്കുന്ന, രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളി സംഘടനയുടെ അംഗത്തിനോ, സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1860 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സാമൂഹ്യ സംഘടനയ്ക്കോ ഏതെങ്കിലും ഇൻസ്പെക്ടർക്കോ സ്ത്രീയെ പ്രതിനിധീകരിച്ച് കേസ് ഫയൽ ചെയ്യാം.

ചില സന്ദർഭങ്ങളിൽ ഇൻസ്പെക്ടർ തന്റെ അധികാരപരിധിയിൽ സ്ത്രീകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ സന്ദർശിക്കുകയും രജിസ്റ്ററുകൾ, റെക്കോഡുകൾ, നോട്ടീസുകൾ തുടങ്ങിയവ നിയമപ്രകാരം സൂക്ഷിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. തൊഴിലാളികളെക്കുറിച്ചുള്ള വിവരങ്ങൾ, അവർക്ക് കിട്ടുന്ന വേതനം, അവരുടെ അപേക്ഷകൾ, നോട്ടീസുകൾ മുതലായവ നേരിട്ട് പരിശോധിക്കുകയും പ്രസവാനുകൂല്യങ്ങൾ കൊടുക്കുന്നതിൽ വീഴ്ച്ച വരുത്തിയിട്ടുണ്ടെങ്കിൽ അത് കൊടുക്കാൻ നിർദേശിക്കുകയും ചെയ്യും.

## കേസ് എങ്ങനെ ഫയൽ ചെയ്യാം

സ്ത്രീ പ്രസവത്തിന് മുമ്പുള്ള കൊല്ലത്തിൽ 80 ദിവസമെങ്കിലും ജോലി ചെയ്താലേ ഈ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹയാകൂ.

പ്രസവാനുകൂല്യങ്ങൾക്കുള്ള നോട്ടീസ് സ്ത്രീ നിർദിഷ്ട ഫോമിൽ തൊഴിലുടമയ്ക്ക് എഴുതിക്കൊടുക്കണം. അത്തരത്തിലുള്ള നോട്ടീസ് പ്രസവത്തിന് ശേഷം ഉടനെ കൊടുക്കണം.

എന്നാൽ അപ്രകാരം നോട്ടീസ് കൊടുക്കാൻ വിട്ടുപോയാൽ ഇൻസ്പെക്ടർക്ക് അപേക്ഷ കൊടുക്കാം. ഇൻസ്പെക്ടർ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് നിർദേശിക്കും. ഇൻസ്പെക്ടറുടെ നിർദേശങ്ങൾ പുനർവിചാരണയ്ക്ക് വിധേയമാണ്. എന്നാൽ വിധി ഇൻസ്പെക്ടർ നിർദേശിച്ച ദിവസം മുതൽ 30 ദിവസങ്ങൾക്കകമാകണം ഇത്. ഈ വിധി അന്തിമമാണ്.

എന്നാൽ ഈ വിധിയിലും തൃപ്തയല്ല എങ്കിലോ നിയമത്തിന്റെ എല്ലാ വശങ്ങളും ഉൾക്കൊണ്ടല്ല വിധി നിർണയം നടന്നിരിക്കുന്നത് എങ്കിലോ സ്ത്രീക്ക് പരിധിക്കുള്ളിലുള്ള കോടതിയെ സമീപിക്കാം. കേസ് നിയമപ്രകാരം തുടരും.

പ്രസവാനുകൂല്യങ്ങൾ നിഷേധിച്ചതായോ, നിയമവിരുദ്ധമായി സ്ത്രീയെ പിരിച്ചുവിട്ടതായോ തെളിഞ്ഞാൽ തൊഴിലുടമയ്ക്ക് മൂന്ന് മാസം മുതൽ ഒരു കൊല്ലം വരെ തടവും 2000 രൂപയിൽ കുറയാതെ 5000 രൂപ വരെ പിഴയും ലഭിക്കും.

## എന്താണ് അടുത്ത നടപടി

ഇൻസ്പെക്ടറുടെ തീരുമാനങ്ങൾക്കെതിരെ അപ്പീലിന് പോകാം.

കോടതിയിൽ സാധാരണ അപ്പീലുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാം.

## പരിഹാര മാർഗങ്ങൾ

ഇൻസ്പെക്ടറുടെയും അപ്പീലധികാരിയുടെയും നിയമനത്തിലൂടെത്തന്നെ നിയമ പരിഹാര മാർഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അവരുടെ തീരുമാനങ്ങളിൽ സംതൃപ്തയല്ലെങ്കിൽ കുറ്റം ആരോപിക്കുന്ന വ്യക്തിക്ക് കോടതിയെ സമീപിച്ച് തൊഴിൽ ഉടമയുടെമേൽ ശിക്ഷാ നടപടിക്ക് ശ്രമിക്കാം. പ്രസവാനുകൂല്യത്തിന്റെ കാലാവധി കണക്കുകൂട്ടലുകൾ, നിയമവശങ്ങൾ മുതലായവ കോടതി പരിശോധിച്ച് തീരുമാനിക്കും.

പരാതിക്കാരിക്ക് താൻ അംഗമായിട്ടുള്ള രജിസ്റ്റർ ചെയ്ത തൊഴിലാളി സംഘടനയെയോ, സ്വയംസേവാ സംഘടനയെയോ കേസ് നടത്തുന്നതിനുള്ള സഹായങ്ങൾക്ക് സമീപിക്കാം. ●

# 5

## ഗർഭധാരണത്തിനു മുൻപും പ്രസവപൂർവമായും ഉള്ള രോഗനിർണയ സാങ്കേതിക മാർഗങ്ങൾ (ലിംഗനിർധാരണ നിരോധനം) ആക്റ്റ്, 1994
## (1994 – ലെ 57 – ാം നമ്പർ ആക്റ്റ്)

ഗർഭധാരണത്തിനു മുൻപോ ശേഷമോ ഉള്ള ലിംഗനിർധാരണം നിരോധിക്കുന്നതിനും ജനിതക വൈകല്യങ്ങളെയും പോഷണ പരിണാമ തകരാറുകളെയും ക്രോമസോമിനെ സംബന്ധിച്ച അസ്വാഭാവികത്വങ്ങളെയും അല്ലെങ്കിൽ ജന്മനാലുള്ള ചില അംഗവൈകല്യങ്ങളെയും അല്ലെങ്കിൽ ലിംഗസംബന്ധിതമായ ക്രമക്കേടുകളേയും കണ്ടുപിടിക്കുന്ന ആവശ്യങ്ങൾക്കായി പ്രസവ പൂർവ രോഗനിർണയ സാങ്കേതിക മാർഗങ്ങൾ നിയന്ത്രിക്കുന്നതിനും, പെൺഭ്രൂണഹത്യയിലേക്ക് നയിക്കുന്ന ലിംഗനിർണയത്തിനായി അവയുടെ ദുരുപയോഗം തടയുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു നിയമമാണ് ഗർഭധാരണത്തിനു മുൻപും പ്രസവപൂർവമായും ഉള്ള രോഗനിർണയ സാങ്കേതിക മാർഗങ്ങൾ (ലിംഗനിർധാരണ നിരോധനം) ആക്റ്റ്, 1994.

1. ''ഭ്രൂണം'' എന്നാൽ ബീജസങ്കലനത്തിനുശേഷം വളർന്നുകൊണ്ടിരിക്കുന്ന എട്ട് ആഴ്ച്ച (അൻപത്തിയാറു ദിവസം) വരെ വളർച്ചയുള്ള ഒരു മനുഷ്യ ജീവി എന്നർഥമാകുന്നു.
2. ''പ്രസവ പൂർവ രോഗനിർണയ നടപടികൾ'' എന്നാൽ അൾട്രാസോണോഗ്രാഫി, ഫീറ്റോസ്കോപ്പി, ഗർഭധാരണത്തിന് മുൻപോ ശേഷമോ ലിംഗ നിർധാരണത്തിനായി ഏതെങ്കിലും തരത്തിലുള്ള വിശ്ലേഷണമോ പ്രസവപൂർവ രോഗനിർണയ പരിശോധനകളോ നടത്തുന്നതിനുവേണ്ടി ഒരു ജനിതക പരീക്ഷണശാലയിലേക്കോ ജനിതക ക്ലിനിക്കിലേക്കോ അയയ്ക്കുന്നതിനായി ഗർഭധാരണത്തിനു മുൻപോ ശേഷമോ ഒരു പുരുഷന്റെയോ സ്ത്രീയുടെയോ അമ്നിയോട്ടിക് ഫ്ളൂയിഡിന്റെയോ (amniotic fluid) കോറിയോണിക് വില്ലെയുടെയോ (chorionic villi) ഭ്രൂണത്തിന്റെയോ രക്തത്തിന്റെയോ മറ്റേതെങ്കിലും ടിഷ്യുവിന്റെയോ ഫ്ളൂയിഡിന്റെയോ സാമ്പിളുകൾ എടുക്കുക അല്ലെങ്കിൽ നീക്കംചെയ്യുക എന്നിവപോലെയുള്ള സ്ത്രീരോഗ ശാസ്ത്ര സംബന്ധമായതോ പ്രസവചികിത്സാപരമായതോ വൈദ്യശാസ്ത്ര സംബന്ധമായതോ ആയ എല്ലാ നടപടികളും എന്നർഥമാകുന്നു.
3. ''പ്രസവപൂർവ രോഗ നിർണയ പരിശോധന'' എന്നാൽ അൾട്രാസോണോഗ്രാഫിയോ അല്ലെങ്കിൽ ജനിതകമോ പോഷണ പരിണാമ തകരാറുകളോ ക്രോമസോമിനെ സംബന്ധിച്ച അസ്വാഭാവികത്വങ്ങളോ ജന്മനാലുള്ള ക്രമക്കേടുകളോ ഹീമോഗ്ലോബിനോ ലിംഗബന്ധിത രോഗങ്ങളോ കണ്ടുപിടിക്കുന്നതിനുവേണ്ടി നടത്തപ്പെടുന്ന ഗർഭിണിയായ സ്ത്രീയുടെയോ ഗർഭാശയ ഭ്രൂണത്തിന്റെയോ

അമ്നിയോട്ടിക് ഫ്ളൂയിഡ് കോറിയോണിക് വില്ലൈ, രക്തം അല്ലെങ്കിൽ ഏതെങ്കിലും ടിഷ്യു അല്ലെങ്കിൽ ഫ്ളൂയിഡ് എന്നിവയുടെ ഏതെങ്കിലും പരിശോധനയോ വിശ്ലേഷണമോ എന്നർഥമാകുന്നു.

4. "ലിംഗനിർധാരണം" എന്നാൽ ഒരു ഭ്രൂണം ഒരു പ്രത്യേക ലിംഗത്തിലുള്ളതാകേണ്ടതിന്റെ സാധ്യത ഉറപ്പാക്കുന്നതിനോ വർധിപ്പിക്കുന്നതിനോ വേണ്ടിയുള്ള ആവശ്യങ്ങൾക്കായി ഏതെങ്കിലും നടപടിയോ സാങ്കേതിക മാർഗങ്ങളോ പരിശോധനയോ, മരുന്നു സേവിപ്പിക്കലോ മരുന്നു നിശ്ചയിക്കലോ അല്ലെങ്കിൽ മറ്റെന്തെങ്കിലും വ്യവസ്ഥ ചെയ്യുന്നതോ ഉൾപ്പെടുന്നതാകുന്നു.

5. ഈ ആക്റ്റിന്റെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്ത പക്ഷം യാതൊരു ജനിതക ഉപദേശിക്കൽ കേന്ദ്രമോ, ജനിതക പരീക്ഷണശാലയോ, ജനിതക ക്ലിനിക്കോ പ്രസവപൂർവ രോഗനിർണയ സാങ്കേതിക മാർഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് സഹകരിക്കുകയോ അതിൽ സഹായിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

6. താഴെ പറയുന്ന ഏതെങ്കിലും അസ്വാഭാവികതകൾ കണ്ടുപിടിക്കുന്ന അവശ്യങ്ങൾക്കൊഴികെ യാതൊരു പ്രസവപൂർവ രോഗനിർണയ സാങ്കേതിക മാർഗങ്ങളും നടത്താൻ പാടുള്ളതല്ല.

i) ക്രോമസോമിനെ സംബന്ധിച്ച അസ്വാഭാവികത്വങ്ങൾ

ii) ജനിതക പോഷണ പരിണാമ രോഗങ്ങൾ

iii) ഹീമോഗ്ലോബിനോപതി

iv) ലിംഗബന്ധിത ജനിതക രോഗങ്ങൾ

v) ജന്മനാലുള്ള ജനിതക ക്രമക്കേടുകൾ

vi) കേന്ദ്ര സൂപ്പർവൈസറി ബോർഡിന് നിർദേശിക്കാവുന്ന മറ്റേതെങ്കിലും അസ്വാഭാവികത്വങ്ങളോ രോഗങ്ങളോ.

7. പ്രസവപൂർവ രോഗനിർണയ സാങ്കേതിക മാർഗങ്ങൾ അവ നടത്തുന്നതിന് യോഗ്യതയുള്ള വ്യക്തിക്ക് താഴെ പറയുന്ന ഏതെങ്കിലും നിബന്ധനകൾ നിറവേറ്റിയിട്ടുണ്ടെന്ന് രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ ബോധ്യപ്പെടാത്ത പക്ഷം ഉപയോഗിക്കുകയോ നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല. അതായത്:

i) ഗർഭിണിയായ സ്ത്രീയുടെ പ്രായം മുപ്പത്തിയഞ്ച് വയസ്സിന് മുകളിലായിരിക്കുക;

ii) ഗർഭിണിയായ സ്ത്രീ രണ്ടോ അതിലധികമോ, താനേ ഉണ്ടായ ഗർഭച്ഛിദ്രങ്ങൾക്കോ ഗർഭസ്ഥ ശിശുവിന്റെ നഷ്ടത്തിനോ വിധേയമായിരിക്കുക;

iii) മരുന്നുകൾ, റേഡിയേഷൻ, പകർച്ചവ്യാധി അല്ലെങ്കിൽ രാസവസ്തുക്കൾ മുതലായവ പോലെ രൂപവൈകൃതങ്ങൾ ഉണ്ടാക്കുവാൻ സാധ്യതയുള്ള ഹേതുക്കൾക്ക് ഗർഭിണിയായ സ്ത്രീ വിധേയമായിട്ടുണ്ടായിരിക്കുക;

iv) ഗർഭിണിയായ സ്ത്രീക്ക് അല്ലെങ്കിൽ അവളുടെ ഇണയ്ക്ക് ബുദ്ധിമാന്ദ്യ

ത്തിന്റെയോ അല്ലെങ്കിൽ മസ്തിഷ്ക രോഗം മൂലമുള്ള വികലാംഗമോ മറ്റേതെങ്കിലും ജനിതക രോഗമോ പോലുള്ള ശാരീരിക വൈകല്യത്തിന്റെയോ കുടുംബ ചരിത്രം ഉണ്ടായിരിക്കുക;

v) ബോർഡിന് നിർദേശിക്കാവുന്ന അപ്രകാരമുള്ള മറ്റേതെങ്കിലും നിബന്ധന.

8. പ്രസവപൂർവ രോഗനിർണയ നടപടികളുടെ അറിയാവുന്ന എല്ലാ പാർശ്വഫലങ്ങളും അനന്തര ഫലങ്ങളും ബന്ധപ്പെട്ട ഗർഭമുള്ള സ്ത്രീയോട് ബന്ധപ്പെട്ട വിദഗ്ധൻ വിശദീകരിക്കുകയും; അങ്ങനെയുള്ള നടപടികൾക്ക് അവൾ വിധേയമാകുന്നതിന് അവൾക്ക് മനസ്സിലാകുന്ന ഭാഷയിൽ അവളുടെ രേഖാമൂലമായ സമ്മതം നിർണയിക്കപ്പെട്ട ഫോറത്തിൽ നേടിയിരിക്കുകയും; അപ്രകാരം നേടിയിട്ടുള്ള, ഗർഭമുള്ള സ്ത്രീയുടെ, രേഖാമൂലമായ സമ്മതത്തിന്റെ ഒരു പകർപ്പ് അവൾക്ക് നൽകിയിരിക്കുകയും ചെയ്തിട്ടില്ലാത്തപക്ഷം പ്രസവപൂർവ രോഗനിർണയം നടത്താൻ പാടുള്ളതല്ല.

9. പ്രസവപൂർവ രോഗനിർണയ നടപടികൾ നടത്തുന്നയാൾ ഉൾപ്പെടെയുള്ള യാതൊരാളും ഗർഭസ്ഥ ശിശുവിന്റെ ലിംഗമേതെന്ന് ബന്ധപ്പെട്ട ഗർഭിണിയായ സ്ത്രീയെയോ ബന്ധുക്കളെയോ അല്ലെങ്കിൽ മറ്റേതെങ്കിലും ആളേയോ വാക്കുകളാലോ അടയാളങ്ങളാലോ മറ്റേതെങ്കിലും രീതിയിലോ അറിയിക്കാൻ പാടുള്ളതല്ല.

10. യാതൊരു ജനിതക ഉപദേശിക്കൽ കേന്ദ്രമോ ജനിതക പരീക്ഷണശാലയോ ജനിതക ക്ലിനിക്കോ അതിന്റെ കേന്ദ്രത്തിലോ പരീക്ഷണശാലയിലോ അല്ലെങ്കിൽ ക്ലിനിക്കിലോ ഗർഭസ്ഥ ശിശുവിന്റെ ലിംഗ നിർണയത്തിന്റെ ആവശ്യത്തിലേക്കായി അൾട്രാസോണോഗ്രാഫി ഉൾപ്പെടെയുള്ള പ്രസവപൂർവരോഗ നിർണയ സാങ്കേതിക മാർഗങ്ങൾ നടത്തുകയോ നടത്താൻ ഇടയാക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

11. യാതൊരാളും ഗർഭസ്ഥ ശിശുവിന്റെ ലിംഗനിർണയത്തിന്റെ ആവശ്യത്തിലേയ്ക്കായി അൾട്രാസോണോഗ്രാഫി ഉൾപ്പെടെയുള്ള ഏതെങ്കിലും പ്രസവപൂർവ രോഗനിർണയ സാങ്കേതിക മാർഗങ്ങൾ നടത്തുകയോ, നടത്താൻ ഇടയാക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

12. യാതൊരാളും ഗർഭധാരണത്തിനുമുൻപോ ശേഷമോ ഏതെങ്കിലും മാർഗത്തിലൂടെ ലിംഗനിർധാരണത്തിന് ഇടയാക്കുകയോ ഇടയാക്കുന്നതിന് അനുവദിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

13. കുറ്റവും ശിക്ഷയും: ജനിതക പരിശോധനയുമായി ബന്ധപ്പെട്ട പരസ്യങ്ങൾ പ്രസിദ്ധീകരിക്കുകയോ പ്രസിദ്ധീകരിക്കാനിടയാക്കുകയോ ചെയ്യരുത്. ഭ്രൂണഹത്യ, ഗർഭസ്ഥ ശിശു ലിംഗ പരിശോധന മുതലായവയ്ക്കുള്ള സൗകര്യങ്ങൾ സംബന്ധിച്ച പരസ്യവും നൽകാൻ പാടില്ല.

വ്യക്തിയോ സംഘടനയോ ഇത്തരം പരസ്യ പ്രസിദ്ധീകരണമോ പ്രചരണമോ ചെയ്യാൻ പാടില്ല. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർക്ക് പരമാവധി രണ്ട് വർഷംവരെ തടവോ പതിനായിരം രൂപ പിഴ ശിക്ഷയോ വിധിക്കാവുന്നതാണ്.

അച്ചടിച്ച നോട്ടീസോ സർക്കുലറോ ലേബൽ, റാപ്പർ മുതലായവയോ മറ്റേതെങ്കിലും രേഖയോ ഉൾപ്പെടെ ദൃശ്യ-ശ്രവ്യ സാധ്യതയുള്ള ഏത് പരസ്യവും ഈ വിശദീകരണത്തിൽപ്പെടും. ഈ നിയമം നിർവചിക്കുന്ന ജനിതക ശാസ്ത്ര സ്ഥാപനത്തിന്റെ ഉടമയോ ഉദ്യോഗസ്ഥനോ അവിടെ സേവനം ലഭ്യമാക്കുന്ന വ്യക്തിയോ ആയ പ്രസ്തുത ശാസ്ത്രമേഖലയിലെ സാങ്കേതിക വിദഗ്ധൻ ഈ നിയമം ലംഘിച്ചതായി തെളിഞ്ഞാൽ മൂന്നു വർഷം വരെ തടവിനോ പതിനായിരം രൂപ വരെ പിഴയ്ക്കോ ശിക്ഷിക്കപ്പെടാവുന്നതാണ്.

കുറ്റം ആവർത്തിക്കപ്പെട്ടതായി തെളിഞ്ഞാൽ അഞ്ച് വർഷം വരെ തടവോ അൻപതിനായിരം രൂപ വരെ പിഴയോ വിധിക്കാവുന്നതാണ്. ഇപ്രകാരം ശിക്ഷിക്കപ്പെടുന്ന രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണറുടെ രജിസ്ട്രേഷൻ റദ്ദുചെയ്യാനോ സസ്പെൻഡ് ചെയ്യാനോ മെഡിക്കൽ കൗൺസിലിന് അധികാരമുണ്ടായിരിക്കും. കുറ്റകരമായ രീതിയിൽ ഗർഭസ്ഥ ശിശുവിന്റെ ഭ്രൂണ പരിശോധനാ സൗകര്യം ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്ന ഏതൊരു വ്യക്തിക്കും ആദ്യത്തെ കുറ്റത്തിനു മൂന്നു വർഷം വരെ തടവു ശിക്ഷയോ അൻപതിനായിരം രൂപവരെ പിഴ ശിക്ഷയോ വിധിക്കാവുന്നതാണ്. ആവർത്തിക്കപ്പെടുന്ന കുറ്റത്തിന് അഞ്ച് വർഷം വരെ തടവോ ഒരുലക്ഷം രൂപവരെ പിഴയോ വിധിക്കാവുന്നതാണ്.

ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളിനും ഈ ആക്റ്റിൽ മറ്റൊരിടത്തും ശിക്ഷ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടില്ലായെങ്കിൽ മൂന്നു മാസക്കാലം വരെ ആകാവുന്ന തടവുശിക്ഷയും അല്ലെങ്കിൽ ആയിരം രൂപവരെ ആകാവുന്ന പിഴയും അല്ലെങ്കിൽ രണ്ടും കൂടിയും, തുടർന്നും ലംഘിക്കുകയാണെങ്കിൽ ആദ്യത്തെ ലംഘനത്തിന്റെ കുറ്റസ്ഥാപനത്തിനു ശേഷം അങ്ങനെയുള്ള ലംഘനം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറുരൂപ വരെ ആകാവുന്ന അധിക പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

●

# 6

## ചികിത്സാപരമായ ഗർഭാവസ്ഥ സമാപന ആക്റ്റ്, 1971
## (ഗർഭച്ഛിദ്രനിയമം)

1971–ൽ പാർലമെന്റ് രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ നടത്തുന്ന ചില ഗർഭച്ഛിദ്രത്തെ സംബന്ധിച്ചും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുമായി ചികിത്സാപരമായ ഗർഭാവസ്ഥ സമാപന ആക്റ്റ് പാസ്സാക്കി. ഈ ആക്റ്റ് 1972 ഏപ്രിൽ മാസം ഒന്നാം തീയതി പ്രാബല്യത്തിൽ വന്നു.

ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ നടത്തുന്ന ഗർഭച്ഛിദ്രം കുറ്റകരമല്ല. എന്നാൽ ഈ ആക്റ്റിൽ പറഞ്ഞിരിക്കുന്ന സാഹചര്യങ്ങളിൽ മാത്രമേ ഗർഭച്ഛിദ്രം നടത്തുവാൻ പാടുള്ളൂ.

1. ഈ ആക്റ്റ് പ്രകാരം രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർക്ക് 12 ആഴ്ച്ച വരെയുള്ള ഗർഭം ഛിദ്രം ചെയ്യാവുന്നതാണ്. സാധാരണ നിലയിൽ 12 ആഴ്ച്ചയ്ക്കു ശേഷമുള്ള ഗർഭത്തെ ഛിദ്രം ചെയ്യാൻ പാടില്ല.

2. 12 ആഴ്ച്ച മുതൽ 20 ആഴ്ച്ച വരെയുള്ള ഗർഭം ചില പ്രത്യേക സാഹചര്യങ്ങളിൽ ഛിദ്രം ചെയ്യാവുന്നതാണ്. ഗർഭം തുടർന്നാൽ ഗർഭിണിയായ സ്ത്രീയുടെ ജീവൻ അപകടത്തിലാവുമെന്ന് ഉത്തമ വിശ്വാസമുണ്ടെങ്കിലോ അവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ അത് ഗുരുതരമായി തകരാറിലാക്കുമെന്ന് ഉത്തമ ബോധ്യമുണ്ടെങ്കിലോ ഇപ്രകാരമുള്ള ഗർഭച്ഛിദ്രം അനുവദനീയമാണ്. കുഞ്ഞ് ജനിച്ചാൽ ശാരീരികമോ മാനസികമോ ആയ അംഗവൈകല്യം സംഭവിക്കുമെന്ന് ഉറപ്പാണെങ്കിലോ ഇപ്രകാരമുള്ള ഗർഭച്ഛിദ്രം നടത്താവുന്നതാണ്.

ബലാൽസംഗം മൂലമുണ്ടാകുന്ന ഗർഭം ആ സ്ത്രീയുടെ മാനസിക ആരോഗ്യത്തെ മുറിപ്പെടുത്തുമെന്നതിനാൽ അപ്രകാരമുള്ള ഗർഭം ഛിദ്രം ചെയ്യാവുന്നതാണ്. ഭർത്താവോ ഭാര്യയോ സന്താന നിയന്ത്രണത്തിനായി ഉപയോഗിക്കുന്ന ഗർഭനിരോധന ഉപാധികളുടെ തകരാറുമൂലമോ ഉപയോഗത്തിന്റെ തകരാറുമൂലമോ ഭാര്യ ഗർഭിണിയാവുകയാണെങ്കിൽ അത് അവരുടെ മാനസിക നിലയെ തകരാറിലാക്കുമെന്നതിനാൽ അപ്രകാരമുള്ള ഗർഭവും ഛിദ്രം ചെയ്യാവുന്നതാണ്.

ഗർഭിണിയായ സ്ത്രീയുടെ അനുവാദമില്ലാതെ യാതൊരു കാരണവശാലും ഗർഭച്ഛിദ്രം നടത്തുവാൻ പാടില്ല. 18 വയസ് പൂർത്തിയാകാത്ത ഗർഭിണിയായ സ്ത്രീയുടെ കാര്യത്തിൽ രക്ഷാകർത്താവിന്റെ സമ്മതപ്രകാരമല്ലാതെ ഗർഭച്ഛിദ്രം നടത്തുവാൻ പാടില്ല. സമ്മതം രേഖാമൂലം അറിയിക്കണം. 18 വയസ്സിനുമേൽ പ്രായമുള്ള മനോരോഗമുള്ള ഗർഭിണിയായ സ്ത്രീയുടെ കാര്യത്തിലും രക്ഷാകർത്താവിന്റെ രേഖാമൂലമുള്ള സമ്മതമില്ലാതെ ഗർഭച്ഛിദ്രം നടത്താൻ പാടില്ല.

ഗർഭിണിയായ സ്ത്രീയുടെ സമ്മതമില്ലാതെ ഗർഭച്ഛിദ്രം നടത്തുകയാണെങ്കിൽ

ഇന്ത്യൻ ശിക്ഷാനിയമസംഹിത 313-ാം വകുപ്പു പ്രകാരം 10 വർഷം വരെ തടവും പിഴശിക്ഷയും ലഭിക്കുന്നതാണ്. ഗർഭിണിയായ സ്ത്രീയുടെ സമ്മതമില്ലാതെ നിയമവിരുദ്ധമായി ഗർഭച്ഛിദ്രം നടത്തുന്നതിന്റെ ഫലമായി സ്ത്രീ മരിക്കാൻ ഇടയായാൽ ജീവപര്യന്തം വരെ തടവുശിക്ഷ ലഭിക്കുന്നതാണ്.

കൊലപാതകത്തിനുള്ള ശിക്ഷ ലഭിക്കത്തക്ക പ്രവൃത്തികൾ ഗർഭിണിയായ സ്ത്രീയോടു ചെയ്യുകയും അതിന്റെ ഫലമായി ജനിക്കാറായ ഗർഭസ്ഥശിശു മരിക്കാൻ ഇടവരികയും ചെയ്താൽ പത്ത് വർഷം വരെ തടവും കൂടാതെ പിഴശിക്ഷയും ലഭിക്കുന്നതാണ്. പ്രവൃത്തി മരണകാരണമാകാമെന്നുള്ള അറിവ് കുറ്റവാളിക്കുണ്ടായിരിക്കണമെന്നില്ല.

●

# 7

## സ്ത്രീകളെ അസഭ്യമായി ചിത്രീകരിക്കുന്നത് (നിരോധിക്കൽ) ആക്റ്റ്, 1986

പരസ്യം, പ്രസിദ്ധീകരണങ്ങൾ, ലഘുലേഖ, വർണചിത്രം എന്നിവയിലൂടെയും മറ്റ് മാർഗങ്ങളിലൂടെയും സ്ത്രീകളെ നിന്ദ്യമായും അശ്ലീലമായും ചിത്രീകരിക്കുന്നത് തടയുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി 1986-ൽ ഇന്ത്യൻ പാർലമെന്റ് സ്ത്രീകളെ അസഭ്യമായി ചിത്രീകരിക്കുന്നത് (നിരോധിക്കൽ) ആക്റ്റ് പാസ്സാക്കി. ഈ ആക്റ്റ് 1987 ഒക്ടോബർ മാസം രണ്ടാം തീയതി പ്രാബല്യത്തിൽ വന്നു.

''സ്ത്രീകളുടെ നിന്ദ്യമായ ചിത്രീകരണം'' എന്നാൽ സ്ത്രീകളുടെ രൂപമോ ആകാരമോ ശരീരമോ ഏതെങ്കിലും അവയവ ഭാഗമോ അശ്ലീലമായോ നിന്ദ്യമായോ അപകീർത്തികരമായവിധത്തിലോ പൊതുജനത്തിന്റെ സാൻമാർഗികതയെ ഹനിപ്പിക്കുന്ന തരത്തിലോ ദൂഷിപ്പിക്കുന്ന രീതിയിലോ ചിത്രീകരിക്കുന്നതിനെ സ്ത്രീകളുടെ നിന്ദ്യമായ ചിത്രീകരണമെന്ന് അർഥമാക്കുന്നു.

യാതൊരാളും സ്ത്രീകളെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള പരസ്യം പ്രസിദ്ധീകരിക്കുകയോ പ്രസിദ്ധീകരിക്കുവാൻ ഇടയാക്കുകയോ അതിനു ഭാഗഭാക്കാവുകയോ ചെയ്യുവാൻ പാടില്ല.

ഒരു വ്യക്തിയും സ്ത്രീകളെ നിന്ദ്യമായി ചിത്രീകരിക്കുന്ന തരത്തിലുള്ള പരസ്യങ്ങൾ, പ്രസിദ്ധീകരണങ്ങൾ, ലഘുലേഖകൾ, പ്രദർശനങ്ങൾ മുതലായവ നടത്താൻ പാടില്ലെന്ന് ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്യുന്നു. അപ്രകാരം ചെയ്യുന്നതും അതിനുവേണ്ട സംവിധാനം ചെയ്തുകൊടുക്കുകയോ അതിൽ ഭാഗഭാക്കാകുകയോ ചെയ്യുന്നതും ശിക്ഷാർഹമാണ്. പരസ്യങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും നിർമാണത്തിൽ ഏർപ്പെടുകയോ അവയുടെ വിൽപ്പന നടത്തുകയോ ചെയ്യാൻ പാടില്ല. തപാൽ വഴിയും, ഇപ്രകാരമുള്ള പുസ്തകങ്ങൾ, ലഘുലേഖ, പേപ്പർ, സ്ലൈഡ്, ഫിലിം, ഫോട്ടോ തുടങ്ങിയവ അയക്കുന്നത് കുറ്റകരവും ശിക്ഷാർഹവുമാണ്. ഇപ്രകാരമുള്ള കുറ്റം ചെയ്യുന്നയാളിന് രണ്ടു വർഷം വരെ തടവും രണ്ടായിരം രൂപവരെ പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്. വീണ്ടും ഇതേ കുറ്റം ആവർത്തിക്കുകയാണെങ്കിൽ അഞ്ചു വർഷം വരെ തടവും പതിനായിരം മുതൽ

ഒരു ലക്ഷം രൂപ വരെ പിഴയും ശിക്ഷയായി ലഭിക്കുന്നതാണ്.

സ്ത്രീകളെ നിന്ദ്യമായി ചിത്രീകരിക്കുന്ന തരത്തിലുള്ള വസ്തുക്കൾ ഏതെങ്കിലും സ്ഥലത്ത് ശേഖരിക്കുകയോ വിതരണം ചെയ്യുകയോ വിൽപ്പന നടത്തുകയോ ചെയ്താൽ ഈ നിയമപ്രകാരം സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് അപ്രകാരമുള്ള സ്ഥലം പരിശോധന നടത്താവുന്നതും വസ്തുക്കൾ പിടിച്ചെടുക്കാവുന്നതും വ്യക്തികളെ കസ്റ്റഡിയിൽ എടുക്കാവുന്നതുമാണ്.

ഏതെങ്കിലും കമ്പനി മേൽപ്പറഞ്ഞ ഏതെങ്കിലും കുറ്റം ചെയ്യുകയാണെങ്കിൽ ആ സമയത്ത് ജോലിയിൽ ഉണ്ടായിരുന്നതും അതിനു ഉത്തരവാദിയുമായ വ്യക്തിയും കമ്പനിയും കുറ്റം ചെയ്തതായി കരുതുന്നതും ശിക്ഷിക്കപ്പെടുന്നതുമാണ്. കുറ്റം ചെയ്തത് ഡയറക്ടറുടെയോ മാനേജറുടെയോ, സെക്രട്ടറിയുടെയോ, മറ്റേതെങ്കിലും ഓഫീസറുടെയോ അറിവോടുകൂടിയാണെങ്കിൽ അവരും ശിക്ഷിക്കപ്പെടുന്നതാണ്.

●

# 8

## കുടുംബ കോടതി ആക്റ്റ്, 1984

വിവാഹവും കുടുംബ കാര്യങ്ങളും സംബന്ധിച്ച തർക്കങ്ങളുടെ അനുരഞ്ജനം പ്രോത്സാഹിപ്പിക്കുകയും അവ വേഗത്തിൽ തീർപ്പാർക്കുകയും ചെയ്യുന്നതിനായി കുടുംബ കോടതികൾ സ്ഥാപിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുക എന്നീ ഉദ്ദ്യേശ്യത്തോടുകൂടി പാസ്സാക്കിയ ഒരു കേന്ദ്ര ആക്റ്റാണ് 1984-ലെ കുടുംബകോടതി ആക്റ്റ്.

പ്രസ്തുത ആക്റ്റിന്റെ 3-ാം വകുപ്പ് അനുസരിച്ച് സംസ്ഥാന സർക്കാർ ഹൈക്കോടതിയുമായി കൂടിയാലോചിച്ച് സംസ്ഥാനത്ത് പത്തു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള ഒരു നഗരമോ, പട്ടണമോ ഉൾക്കൊള്ളുന്ന ഓരോ പ്രദേശത്തിനും ഒരു കുടുംബകോടതി സ്ഥാപിക്കേണ്ടതും, ആവശ്യമെന്നു കരുതുന്ന മറ്റു പ്രദേശങ്ങളിൽ കുടുംബകോടതി സ്ഥാപിക്കാവുന്നതുമാണ്. ആക്റ്റിന്റെ 7-ാം വകുപ്പു പ്രകാരം കുടുംബകോടതിക്ക് സിവിൽ കോടതിക്കും കീഴ് സിവിൽ കോടതിക്കും ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. കുടുംബകോടതിക്ക് താഴെ പറയുന്ന അധികാരം ഉണ്ടായിരിക്കുന്നതാണ്.

1) വിവാഹം അസാധുവാണെന്ന വിധിക്കോ (വിവാഹം അസാധുവാണെന്നു പ്രഖ്യാപിക്കുന്നതോ അസാധുവാക്കുന്നതോ) ദാമ്പത്യാവകാശങ്ങളുടെ പുനഃസ്ഥാപനത്തിനോ കോടതി മുഖേനയുള്ള വേർപെടുത്തലിനോ വിവാഹബന്ധം വേർപെടുത്തുന്നതിനോ വേണ്ടി ഒരു വിവാഹത്തിലെ കക്ഷികൾ തമ്മിലുള്ള വ്യവഹാരം അല്ലെങ്കിൽ നടപടി.

2) വിവാഹത്തിന്റെ സാധുതയോ ഏതെങ്കിലും ആളുടെ വൈവാഹിക പദവിയോ സംബന്ധിച്ചുള്ള പ്രഖ്യാപനത്തിനുവേണ്ടിയുള്ള ഒരു വ്യവഹാരം അല്ലെങ്കിൽ നടപടി.

3) വിവാഹത്തിലെ കക്ഷികൾ തമ്മിൽ, ആ കക്ഷികളുടെയോ ഇരുവരിൽ ആരുടെയെങ്കിലുമോ വസ്തു സംബന്ധിച്ച വ്യവഹാരം അല്ലെങ്കിൽ നടപടി.

4) വൈവാഹിക ബന്ധത്തിൽ നിന്നും ഉളവാകുന്ന സാഹചര്യങ്ങളിൽ ഒരു ഉത്തരവിനോ ഇൻജങ്ഷൻ ഉത്തരവിനോവേണ്ടിയുള്ള വ്യവഹാരം അല്ലെങ്കിൽ നടപടി.

5) ആരുടെയെങ്കിലും നിയമാനുസൃത പിതൃത്വം സംബന്ധിച്ച് ഒരു പ്രഖ്യാപനത്തിനുവേണ്ടിയുള്ള വ്യവഹാരം അല്ലെങ്കിൽ നടപടി.

6) സംരക്ഷണത്തിനുവേണ്ടിയുള്ള ഒരു വ്യവഹാരം അല്ലെങ്കിൽ നടപടി.

7) ഏതെങ്കിലും മൈനറായ ആളുടെ രക്ഷാകർത്തൃത്വമോ സൂക്ഷിപ്പോ,

പ്രാപ്യതയോ സംബന്ധിച്ചുള്ള വ്യവഹാരം അല്ലെങ്കിൽ നടപടി മുതലായവ.

കുടുംബ കോടതി സ്ഥാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ മേൽ വിവരിച്ച കാര്യങ്ങളിന്മേൽ നടപടിയെടുക്കുന്നതിന് ജില്ലാ കോടതിക്കും കീഴ് സിവിൽ കോടതിക്കും മജിസ്ട്രേറ്റിനും അധികാരം ഉണ്ടായിരിക്കുന്നതല്ല. അതായത് കുടുംബകോടതി സ്ഥാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ മുകളിൽ വിവരിച്ച കേസുകളുടെ നടത്തിപ്പിന് കുടുംബകോടതിയെ ആണ് സമീപിക്കേണ്ടത്.

ആക്റ്റിന്റെ 9-ാം വകുപ്പു പ്രകാരം കുടുംബകോടതി, കേസിന്റെ സ്വഭാവത്തിനും സാഹചര്യങ്ങൾക്കും അനുസരിച്ച് കേസിന്റെ വിഷയത്തിന്മേൽ ഒത്തുതീർപ്പിനു സാധ്യമാകുന്നിടത്ത് കക്ഷികളെ അതിനു സഹായിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യാൻ പരിശ്രമിക്കേണ്ടതാണ്. കക്ഷികൾ തമ്മിൽ ഒത്തു തീർപ്പിന് സാധ്യതയുണ്ടെന്നു തോന്നിയാൽ ഒത്തുതീർപ്പു നടപ്പിൽ വരുത്തുവാൻ വേണ്ടി വരുന്ന കാലത്തേക്ക് നടപടികൾ നീട്ടി വയ്ക്കാവുന്നതാണ്.

കേസിന്റെ നടപടികൾ സ്വകാര്യമായി നടത്തണമെന്ന് കുടുംബകോടതിയോ, ഇരു കക്ഷികളിൽ ആരെങ്കിലുമോ ആഗ്രഹിക്കുകയാണെങ്കിൽ നടപടികൾ സ്വകാര്യമായി നടത്താവുന്നതാണ് എന്ന് 11-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്നു.

12-ാം വകുപ്പു പ്രകാരം കുടുംബകോടതിക്ക് കേസിന്റെ നടത്തിപ്പിനു സഹായിക്കുന്നതിനായി ആവശ്യമെങ്കിൽ യുക്തമായ ഒരു ചികിത്സാ വിദഗ്ധന്റെയോ അതുപോലെയുള്ള ആളിന്റെയോ ക്ഷേമ വിദഗ്ധന്റെയോ (സ്ത്രീയ്ക്ക് മുൻഗണന) സഹായം ആവശ്യപ്പെടാവുന്നതാണ്.

ഒരു കുടുംബകോടതിയുടെ മുൻപാകെയുള്ള കേസിൽ കക്ഷികൾക്ക് അഭിഭാഷകനാൽ പ്രതിനിധാനം ചെയ്യപ്പെടാൻ അവകാശമില്ല. എന്നാൽ ഒരു നിയമവിദഗ്ധന്റെ ആവശ്യമുണ്ടെന്ന് കോടതിക്ക് തോന്നുകയാണെങ്കിൽ അമിക്കസ് ക്യൂറേ എന്ന നിലയിൽ ഒരു നിയമവിദഗ്ധന്റെ സഹായം തേടാവുന്നതാണ്.

ഒരു കുടുംബ കോടതി മുമ്പാകെയുള്ള കേസിൽ സാക്ഷികളുടെ തെളിവ് വിശദമായി രേഖപ്പെടുത്തേണ്ടതില്ലായെങ്കിലും സാക്ഷി മൊഴിയുടെ സാരാംശം ഒരു മെമ്മോറാണ്ടമായി രേഖപ്പെടുത്തി ജഡ്ജിയും സാക്ഷിയും ഒപ്പുവച്ച് റെക്കോഡിന്റെ ഭാഗമായി സൂക്ഷിക്കാവുന്നതാണ്.

ഏതൊരാളിനും കുടുംബകോടതി മുമ്പാകെ ഔപചാരിക സ്വഭാവമുള്ള തെളിവ് സത്യവാങ്മൂലമായി നൽകാവുന്നതും അത് കുടുംബകോടതി മുമ്പാകെയുള്ള മറ്റു കേസുകളിൽ തെളിവായി സ്വീകരിക്കാവുന്നതും കോടതിക്ക് ആവശ്യമെങ്കിൽ അയാളെ സമൺ ചെയ്ത് (വിളിച്ചു വരുത്തി) സത്യവാങ്മൂലത്തിലെ കാര്യങ്ങൾ സംബന്ധിച്ച് വിസ്തരിക്കാവുന്നതുമാണ്.

18-ാം വകുപ്പു പ്രകാരം ഒരു കുടുംബ കോടതി പാസ്സാക്കിയ വിധിക്കും ഉത്തരവിനും സിവിൽ കോടതിയുടെ വിധിക്കും ഉത്തരവിനുമുള്ള പ്രാബല്യം ഉണ്ടായിരിക്കുന്നതും അത് സിവിൽ നടപടി നിയമസംഹിതയിൽ പറയും പ്രകാരം നടപ്പാക്കേണ്ടതുമാണ്. ഒരു കുടുംബകോടതി പാസ്സാക്കിയ ഉത്തരവ് നടപ്പാക്കുന്നതിനു വേണ്ടി അത് മറ്റ് ഏത് കുടുംബകോടതിയിലേക്കോ സിവിൽ കോടതിയിലേക്കോ ആണ് അയച്ചുകൊടുത്തിട്ടുള്ളത് ആ കോടതി നടപ്പാക്കേണ്ടതാണ്.

ആക്റ്റിന്റെ 19-ാം വകുപ്പ് പ്രകാരം കുടുംബകോടതിയുടെ വിധി ന്യായത്തിനും

ഉത്തരവിനുമെതിരെ ഹൈക്കോടതിയിൽ അപ്പീൽ നൽകാവുന്നതാണ്. ഉത്തരവ് തീയതി മുതൽ മുപ്പത് ദിവസത്തിനകം അപ്പീൽ ഫയൽ ചെയ്യേണ്ടതാണ്. കോടതിയുടെ ഇടക്കാല ഉത്തരവിനെതിരെ അപ്പീൽ നൽകാൻ പാടില്ല. ഇരു കക്ഷികളുടെയും സമ്മതത്തോടുകൂടി പാസ്സാക്കിയ വിധിന്യായത്തിനോ ഉത്തരവിനോ എതിരെ അപ്പീൽ നൽകുവാൻ പാടില്ല. എന്നാൽ കുടുംബകോടതി ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനു മുൻപ് ഹൈക്കോടതിയിൽ നിലവിലുള്ള അപ്പീലുകളിന്മേൽ ഹൈക്കോടതിക്ക് തന്നെ തീർപ്പ് കൽപ്പിക്കാവുന്നതാണ്.

ഹൈക്കോടതിക്ക് സ്വന്തം ഇഷ്ട പ്രകാരമോ അല്ലാതെയോ കുടുംബകോടതി പാസ്സാക്കിയ ഉത്തരവിന്റെ കൃത്യത, നിയമസാധുത ഔചിത്യം എന്നിവയും നടപടിക്രമവും സ്വയം ബോധ്യം വരുത്തുന്നതിന് നടപടിയുടെ റെക്കോഡുകൾ പരിശോധിക്കുകയും ഹാജരാക്കാൻ ആവശ്യപ്പെടുകയും ചെയ്യാവുന്നതാണ്.

20–ാം വകുപ്പു പ്രകാരം ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് മറ്റ് നിയമങ്ങളിലെ വ്യവസ്ഥകൾക്കു മേൽ പ്രഭാവം നൽകിയിട്ടുണ്ട്. അതായത് കുടുംബകോടതി നിയമത്തിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി മറ്റു ബന്ധപ്പെട്ട നിയമങ്ങളിൽ വ്യവസ്ഥ നിലനിൽക്കുന്നുണ്ടെങ്കിലും കുടുംബകോടതി ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

●

# 9

## മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും ആക്റ്റ്, 2007

ഭരണഘടന പ്രകാരം ഉറപ്പാക്കിയിട്ടുള്ളതും അംഗീകരിക്കപ്പെട്ടിട്ടുള്ളതുമായ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണത്തിനും ക്ഷേമത്തിനും വേണ്ടി കൂടുതൽ ഫലപ്രദമായ വ്യവസ്ഥകൾക്കും അതുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ്.

**നിർവചനങ്ങൾ**

1. ''കുട്ടികൾ'' എന്നതിൽ മകനും മകളും പൗത്രനും പൗത്രിയും ഉൾപ്പെടുന്നതാണ്. എന്നാൽ ഒരു മൈനർ ഉൾപ്പെടുന്നതല്ല.
2. ''സംരക്ഷണം'' എന്നതിൽ ആഹാരത്തിനും വസ്ത്രത്തിനും താമസത്തിനും വൈദ്യശുശ്രൂഷയ്ക്കും ചികിത്സയ്ക്കും വേണ്ടിയുള്ള ഏർപ്പാട് ഉൾപ്പെടുന്നതാകുന്നു.
3. ''മാതാവോ പിതാവോ'' എന്നാൽ ജീവശാസ്ത്രപരമോ ദത്തുപരമോ ആയ പിതാവോ മാതാവോ അല്ലെങ്കിൽ രണ്ടാനച്ഛനോ, രണ്ടാനമ്മയോ, മുതിർന്ന പൗരന്മാർ ആയതും അല്ലാത്തതുമായ പിതാവോ മാതാവോ എന്നർഥമാകുന്നു.
4. ''വസ്തു'' എന്നാൽ ജംഗമമോ സ്ഥാവരമോ പൂർവികമോ സ്വയാർജിതമോ മൂർത്തമായതോ അമൂർത്തമായതോ (പ്രകടമായതോ അല്ലാത്തതോ) ആയ ഏതെങ്കിലും തരത്തിലുള്ള വസ്തു എന്നർഥമാകുന്നതും അങ്ങനെയുള്ള വസ്തുവിലുള്ള അവകാശങ്ങളോ അവകാശബന്ധങ്ങളോ ഉൾപ്പെടുന്നതുമാകുന്നു.
5. ''ബന്ധു'' എന്നാൽ സന്താനമില്ലാത്ത ഒരു മുതിർന്ന പൗരന്റെ മൈനറല്ലാത്തതും അയാളുടെ വസ്തു കൈവശമുള്ളതോ അയാളുടെ മരണശേഷം അയാളുടെ വസ്തുവിന് പിൻതുടർച്ചാവകാശമുള്ളതോ ആയ ഏതെങ്കിലും നിയമാനുസൃത അനന്തരാവകാശി എന്നർഥമാകുന്നു.
6. ''മുതിർന്ന പൗരൻ'' എന്നാൽ അറുപത് വയസ്സു തികഞ്ഞതോ അതിന് മുകളിൽ പ്രായമുള്ളതോ ആയ ഒരു ഭാരതപൗരൻ എന്നർഥമാകുന്നു.
7. ''ക്ഷേമം'' എന്നാൽ മുതിർന്ന പൗരന്മാർക്ക് ആവശ്യമായ ആഹാരം, ആരോഗ്യപരിരക്ഷ, വിനോദ-വിശ്രമ കേന്ദ്രങ്ങൾ, മറ്റ് സൗകര്യങ്ങൾ എന്നിവയ്ക്കു വേണ്ട ഏർപ്പാട് എന്നർഥമാകുന്നു.

സ്വന്തം സമ്പാദ്യത്തിൽ നിന്നോ അയാളുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ നിന്നോ സ്വയം സംരക്ഷിക്കാൻ കഴിയാത്ത മാതാവോ പിതാവോ ഉൾപ്പെടെയുള്ള ഒരു മുതിർന്ന  പൗരന് (മാതാവിന്റെയോ പിതാവിന്റെയോ, മുത്തച്ഛന്റെയോ, മുത്തശ്ശിയുടെയോ സംഗതിയിൽ) അയാളുടെ മൈനറല്ലാത്ത ഒന്നോ അതിലധികമോ കുട്ടികൾക്കെതിരെയും; സന്താനമില്ലാത്ത ഒരു മുതിർന്ന പൗരന് അയാളുടെ മേൽ പറഞ്ഞ പ്രകാരമുള്ള ബന്ധുവിനെതിരെയും സംരക്ഷണത്തിനായുള്ള അപേക്ഷ കൊടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

ഒരു മുതിർന്ന പൗരന്റെ ബന്ധുവും മതിയായ സാമ്പത്തിക ശേഷിയുള്ളതുമായ ഏതെങ്കിലും ആൾ മുതിർന്ന പൗരന്റെ വസ്തു കൈവശം വച്ചിരിക്കുകയോ വസ്തുവിൽ അയാൾക്ക് അനന്തരാവകാശം ഉണ്ടായിരിക്കുകയോ ചെയ്യുന്ന പക്ഷം അങ്ങനെയുള്ള മുതിർന്ന പൗരനെ സംരക്ഷിക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ അനന്തരാവകാശികൾ ഉണ്ടെങ്കിൽ അവർക്കും ഇതു ബാധകമാണ്.

സംരക്ഷണത്തിനായുള്ള ഒരു അപേക്ഷ ഒരു മുതിർന്ന പൗരനാലോ മാതാവിനാലോ, പിതാവിനാലോ, അദ്ദേഹത്തിന് പ്രാപ്തിയില്ലെങ്കിൽ അദ്ദേഹത്താൽ അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ആളിനാലോ സംഘടനയാലോ നൽകാവുന്നതും അല്ലെങ്കിൽ ട്രിബ്യൂണലിനു സ്വമേധയാ നടപടിയെടുക്കാവുന്നതുമാണ്. സബ് ഡിവിഷണൽ ഓഫീസറെയാണ് ട്രിബ്യൂണലായി നിയമിച്ചിട്ടുള്ളത്.

ട്രിബ്യൂണലിന് പ്രതിമാസ ബത്ത നൽകുന്നതിനുള്ള ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. അപേക്ഷ സംബന്ധിച്ച നോട്ടീസ് നൽകിയ തീയതി മുതൽ 90 ദിവസത്തിനുള്ളിൽ കക്ഷികൾക്ക് പറയുവാനുള്ളതു കേട്ട ശേഷം അപേക്ഷ തീർപ്പാക്കേണ്ടതാണ്.  സംരക്ഷണത്തിനായുള്ള ഒരു അപേക്ഷ ഒന്നോ അതിലധികമോ ആളുകൾക്കെതിരെ ഫയൽ ചെയ്യാവുന്നതാണ്. സംരക്ഷണത്തിനായുള്ള ബത്ത ഉത്തരവിൽ പറഞ്ഞിട്ടുള്ള തീയതി മുതൽ നൽകേണ്ടതാണ്.  ഉത്തരവിന്റെ ലംഘനത്തിന് പിഴ ചുമത്താവുന്നതും പിഴ ഈടാക്കുന്നതിന് വാറണ്ട് പുറപ്പെടുവിക്കാവുന്നതുമാണ്. വാറണ്ട് നടപ്പാക്കിയ ശേഷവും കൊടുക്കാതെ തുക അവശേഷിക്കുന്നുണ്ടെങ്കിൽ തടവു ശിക്ഷയ്ക്കും നിയമത്തിൽ വ്യവസ്ഥയുണ്ട്.  ലഭിക്കേണ്ടതായ തുക അതു ലഭിക്കേണ്ട തീയതി മുതൽ മൂന്നു മാസത്തിനുള്ളിൽ ഈടാക്കാൻ ട്രിബ്യൂണലിന് അപേക്ഷ നൽകേണ്ടതാണ്.

ഏതെങ്കിലും കുട്ടികൾക്കോ ബന്ധുവിനോ എതിരായ നടപടികൾ പരാതിക്കാരൻ താമസിക്കുന്നതോ അല്ലെങ്കിൽ അവസാനമായി താമസിച്ചിരുന്നതോ അല്ലെങ്കിൽ കുട്ടികളോ ബന്ധുവോ താമസിക്കുന്നതോ ആയ ഏതെങ്കിലും ജില്ലയിൽ എടുക്കാവുന്നതാണ്.

കുട്ടികളോ ബന്ധുവോ ഭാരതത്തിന് പുറത്ത് താമസിക്കുന്നിടത്ത് കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി ഇതിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള അധികാരസ്ഥാനം മുഖേന ട്രിബ്യൂണൽ സമൻസ് നടത്തേണ്ടതാണ്.

ട്രിബ്യൂണലിന് ഒരു അപേക്ഷ വാദം കേൾക്കുന്നതിനു മുമ്പ് അത് ഒരു അനുരഞ്ജന ഉദ്യോഗസ്ഥന് റഫർ ചെയ്യാവുന്നതും അങ്ങനെയുള്ള അനുരഞ്ജന ഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ കണ്ടെത്തലുകൾ ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതും സൗഹാർദപൂർവമായ ഒത്തുതീർപ്പിൽ എത്തിച്ചേരുകയാണെങ്കിൽ അപ്ര

കാരമുള്ള ഒരു ഉത്തരവ് ട്രിബ്യൂണലിന് പാസ്സാക്കാവുന്നതുമാണ്.

എല്ലാ തെളിവുകളും കുട്ടികളുടെയോ ബന്ധുവിന്റെയോ സാന്നിധ്യത്തിൽ ശേഖരിക്കേണ്ടതും അവർ കേസ് നടത്തലിൽ നിന്ന് മനഃപൂർവം ഒഴിവാകുകയോ ട്രിബ്യൂണലിൽ ഹാജരാകുന്നതിന് മനഃപൂർവം ഉപേക്ഷ വരുത്തുന്നുണ്ടെന്നോ ട്രിബ്യൂണലിന് ബോധ്യപ്പെട്ടാൽ എക്സ്പാർട്ടിയായി തീരുമാനിക്കാവുന്നതാണ്.

ട്രിബ്യൂണലിന് തെളിവെടുക്കുന്നതിനും സാക്ഷികളെ ഹാജരാക്കുന്നതിനും രേഖകളുടെയും ലക്ഷ്യ വസ്തുക്കളുടെയും കണ്ടെത്തലും ഹാജരാക്കലും നിർബന്ധിക്കുന്നതിനും നിർണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ആവശ്യങ്ങൾക്കും വേണ്ടി ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും ക്രിമിനൽ നടപടി നിയമ സംഹിത 1973 ന്റെ 195-ാം വകുപ്പും XXVI-ാം അധ്യായവും പ്രകാരമുള്ള എല്ലാ ആവശ്യങ്ങൾക്കും ട്രിബ്യൂണലിനെ ഒരു സിവിൽ കോടതിയായി കരുതപ്പെടേണ്ടതുമാകുന്നു.

സ്വയം സംരക്ഷിക്കുവാൻ കഴിയാത്ത ഒരു മുതിർന്ന പൗരനെ സംരക്ഷിക്കുന്നതിൽ കുട്ടികളോ ബന്ധുക്കളോ ഉപേക്ഷ കാണിക്കുകയോ വിസമ്മതിക്കുകയോ ചെയ്യുകയാണെന്ന് ട്രിബ്യൂണലിന് ബോധ്യപ്പെട്ടാൽ മുതിർന്ന പൗരന്റെ സംരക്ഷണത്തിനായി പ്രതിമാസം ബത്ത നൽകുന്നതിന് ട്രിബ്യൂണലിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. സംരക്ഷണ ബത്ത പ്രതിമാസം പതിനായിരം രൂപയിൽ കവിയാൻ പാടില്ല. ബത്തയിൽ മാറ്റം വരുത്താൻ ട്രിബ്യൂണലിന് അധികാരമുണ്ട്. ഉത്തരവിന്റെ പകർപ്പ് സൗജന്യമായി ലഭിക്കുന്നതാണ്.

ഒരു മുതിർന്ന പൗരനോ മാതാവിനോ പിതാവിനോ ക്രിമിനൽ നടപടി നിയമസംഹിതയിലെ വ്യവസ്ഥ പ്രകാരവും ഈ സംരക്ഷണ ആക്റ്റ് പ്രകാരവും ഉള്ള സംരക്ഷണത്തിന് അവകാശമില്ല. ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാവുന്നതാണ്. തുക നൽകാൻ ഉത്തരവായ തീയതി മുതൽ 30 ദിവസത്തിനുള്ളിൽ മുഴുവൻ തുകയും ഉത്തരവിൽ നിർദേശിച്ചിട്ടുള്ള ആൾ നിക്ഷേപിക്കേണ്ടതാണ്. ആക്റ്റ് പ്രാബല്യത്തിൽ വരുമ്പോൾ ക്രിമിനൽ നടപടി നിയമ സംഹിത 1973 പ്രകാരം കോടതിയിൽ നിലവിലുള്ള സംരക്ഷണത്തിനുള്ള കേസ് പിൻവലിക്കുന്നതിനും ഈ ആക്റ്റ് പ്രകാരം അപേക്ഷ നൽകുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്. ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെ ഉത്തരവു തീയതി മുതൽ അറുപതു ദിവസത്തിനുള്ളിൽ അപ്പലേറ്റ് ട്രിബ്യൂണലിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്. മതിയായ കാരണത്തിൻ മേൽ 60 ദിവസത്തിനു ശേഷവും അപ്പീൽ സ്വീകരിക്കാവുന്നതാണ്. ട്രിബ്യൂണൽ മുമ്പാകെയും അപ്പീൽ കോടതിയിലും പരാതി ബോധിപ്പിക്കാൻ അഭിഭാഷകനെ അനുവദിക്കുന്നതല്ല. മാതാവോ പിതാവോ ആവശ്യപ്പെടുകയാണെങ്കിൽ അവർക്കുവേണ്ടി മെയിന്റനൻസ് ഓഫീസർക്ക് അപേക്ഷ ബോധിപ്പിക്കാവുന്നതാണ്.

സംസ്ഥാന സർക്കാർ എല്ലാ ജില്ലകളിലും തൽക്കാലം അഗതികളായ 150 പേരെ താമസിപ്പിക്കത്തക്കവണ്ണമുള്ള വൃദ്ധസദനങ്ങൾ ഉണ്ടാക്കാൻ വ്യവസ്ഥ ചെയ്യുന്നു. കൂടാതെ സർക്കാർ ആശുപത്രികളിലും സർക്കാർ സഹായത്തോടു കൂടി നടത്തുന്ന ആശുപത്രികളിലും മുതിർന്ന പൗരന്മാർക്ക് ചികിത്സയ്ക്ക് പ്രത്യേകം ക്യൂ ഏർപ്പെടുത്തണമെന്നും അവർക്ക് കിടക്കകൾ നൽകണമെന്നും, വൃദ്ധരുടെ രോഗങ്ങളെപ്പറ്റി പഠിക്കാൻ പ്രത്യേക സംവിധാനമുണ്ടാക്കണമെന്നും, വാർധക്യരോഗങ്ങളെക്കുറിച്ച് ഗവേഷണം നടത്തുന്നതിന് സംവിധാനമുണ്ടാക്കണമെന്നും

പ്രത്യേകം വ്യവസ്ഥയുണ്ട്.

സംസ്ഥാന സർക്കാർ മുതിർന്നവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനു സമഗ്രമായ ഒരു ആക്ഷൻ പ്ലാൻ തയാറാക്കേണ്ടതാണ് എന്നും വ്യക്തമാക്കുന്നു. ഈ ആക്റ്റ് നിലവിൽ വന്ന തീയതിക്കുശേഷം ഇഷ്ടദാനാധാര പ്രകാരമോ അല്ലാതെയോ തങ്ങളെ സംരക്ഷിക്കണമെന്ന വ്യവസ്ഥയോടുകൂടി വസ്തു നൽകുകയും അതിനു ശേഷം സംരക്ഷണം കൊടുക്കാതെ അവഗണിക്കുകയും ചെയ്താൽ ആധാരങ്ങൾ അസാധുവാണെന്നു പ്രഖ്യാപിക്കാൻ കൂടി നിയമം വ്യവസ്ഥ ചെയ്യുന്നു. കൂടാതെ കൃത്രിമ മാർഗങ്ങളിലൂടെ തെറ്റിദ്ധരിപ്പിച്ചും മറ്റും ആധാരം എഴുതിച്ചിട്ടുണ്ടെങ്കിൽ അവയേയും അസാധുവാക്കി പ്രഖ്യാപിക്കുന്നതാണ്. സംരക്ഷിക്കാൻ ബാധ്യസ്ഥരായ പിന്തുടർച്ചാവകാശികൾ സംരക്ഷിക്കാതിരുന്നാൽ അവർക്ക് മൂന്ന് മാസം കഠിന തടവും അയ്യായിരം രൂപ പിഴ ശിക്ഷയും ലഭിക്കുന്നതാണ്. ട്രിബ്യൂണലിന്റെ ഉത്തരവ് സിവിൽ കോടതിയിൽ ചോദ്യം ചെയ്യുവാൻ പാടില്ല.

●

# 10

## സ്ത്രീധന നിരോധന ആക്റ്റ്, 1961

സ്ത്രീധനം കൊടുക്കുകയോ വാങ്ങുകയോ ചെയ്യുന്നത് നിരോധിക്കുന്നതിനായി പാർലമെന്റ് 1961–ൽ സ്ത്രീധന നിരോധന ആക്റ്റ് പാസ്സാക്കി.

''സ്ത്രീധനം'' എന്നാൽ വിവാഹത്തിലെ ഒരുകക്ഷി വിവാഹത്തിലെ മറ്റേ കക്ഷിക്കോ, വിവാഹത്തിലെ ഇരു കക്ഷികളിൽ ഒരാളുടെ മാതാപിതാക്കളോ മറ്റേതെങ്കിലും ആളോ വിവാഹിതരാകുന്നവർക്ക് വിവാഹ സമയത്തോ അതിനു മുൻപോ അതിനുശേഷമോ വിവാഹാനുബന്ധമായി നേരിട്ടോ നേരിട്ടല്ലാതെയോ കൊടുക്കുകയോ കൊടുക്കുവാൻ കരാർ ചെയ്യുകയോ ചെയ്യുന്ന വസ്തുവോ മൂല്യമുള്ള ഈടോ (വിലപിടിപ്പുള്ള മറ്റ് വസ്തുക്കൾ) എന്നർഥമാകുന്നു. എന്നാൽ മുസ്‌ലിം നിയമം (ശരി അത്ത്) ബാധകമാകുന്ന ആളുകൾക്ക് നൽകുന്ന ഡവർ, മഹർ എന്നിവ സ്ത്രീധനത്തിന്റെ പരിധിയിൽ പെടുന്നില്ല. സ്ത്രീധനം വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നത് ശിക്ഷാർഹമാണ്. സ്ത്രീധനം കൊടുക്കുകയോ വാങ്ങുകയോ അതിന് പ്രേരണ നൽകുകയോ ചെയ്യുന്നയാൾക്ക് അഞ്ച് വർഷത്തിൽ കുറയാത്ത തടവും പതിനയ്യായിരം രൂപയിൽ കുറയാത്തതോ അല്ലെങ്കിൽ സ്ത്രീധനത്തിനു തുല്യമായ തുകയോ ഏതാണ് കൂടുതൽ അത്രയും തുക പിഴയ്ക്കും ശിക്ഷിക്കപ്പെടുന്നതാണ്. ഏതെങ്കിലും ആൾ വധുവിന്റെയോ വരന്റെയോ മാതാ പിതാക്കളിൽ നിന്നോ രക്ഷാകർത്താവിൽ നിന്നോ നേരിട്ടോ അല്ലാതെയോ സ്ത്രീധനം ആവശ്യപ്പെട്ടാൽ അയാൾക്ക് ആറ് മാസത്തിൽ കുറയാത്തതും രണ്ട് വർഷം വരെയാകാവുന്നതുമായ തടവു ശിക്ഷയും പതിനായിരം രൂപവരെയാകാവുന്ന പിഴ ശിക്ഷയും നൽകാവുന്നതാണ്.

വിവാഹ സമയത്ത് വധുവിനോ വരനോ നൽകപ്പെടുന്ന സമ്മാനങ്ങളെ സ്ത്രീധനത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന നിയമങ്ങൾ പാലിക്കപ്പെട്ടാൽ മാത്രമേ ഇക്കാര്യത്തിൽ ഒഴിവു ലഭിക്കുകയുള്ളൂ.

സമ്മാനങ്ങൾ അവകാശമായി ആവശ്യപ്പെട്ടതാകരുത്. സ്ത്രീധന നിരോധന ആക്റ്റിന്റെ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങൾ പ്രകാരം സമ്മാനങ്ങളുടെ ലിസ്റ്റ് സൂക്ഷിക്കണം. ഇത്തരം സമ്മാനങ്ങളുടെ മൂല്യം കൊടുക്കുന്ന ആളിന്റെ സാമ്പത്തിക സാഹചര്യത്തിന് ആനുപാതികമല്ലാത്ത തരത്തിലാകരുത്.

വരനോ ബന്ധുക്കളോ ആവശ്യപ്പെടാതെ തന്നെ നൽകുന്ന പാരമ്പര്യ സ്വഭാവമുള്ള സമ്മാനങ്ങൾ സ്ത്രീധന നിരോധന ആക്റ്റിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല. സ്ത്രീധനം കൊടുക്കുകയോ വാങ്ങുകയോ ചെയ്യുവാനായി ഉണ്ടാക്കുന്ന കരാറുകൾക്ക് നിയമസാധുത ഉണ്ടായിരിക്കുന്നതല്ല.

സ്ത്രീധന സമ്പ്രദായം പരസ്യങ്ങൾ വഴി തഴച്ചുവളരാൻ ഉള്ള സാധ്യത കണ്ട് സ്ത്രീധനത്തെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ പരസ്യങ്ങൾ നടത്തുന്നത് കുറ്റ

കരമാണെന്ന് സ്ത്രീധന നിരോധന ആക്റ്റ് അനുശാസിക്കുന്നു.

വിവാഹ പാരിതോഷികമോ പ്രതിഫലമോ എന്ന നിലക്ക് പത്രങ്ങളിലോ മറ്റേതെങ്കിലും മാധ്യമങ്ങളിലോ തന്റെ മകനോ മകൾക്കോ മറ്റേതെങ്കിലും ബന്ധുവിനോ പണമോ സ്വത്തോ ബിസിനസ് പങ്കാളിത്തമോ മൂല്യവത്തായ മറ്റ് വസ്തുക്കളോ നൽകാമെന്ന് പരസ്യം ചെയ്യിക്കുന്നതും സ്വന്തമായി പരസ്യം ചെയ്യുന്നതും ആയത് വിതരണം ചെയ്യുന്നതും കുറ്റകരവും ശിക്ഷാർഹവുമാണ്. അപ്രകാരം ചെയ്യുന്ന കുറ്റത്തിന് ആറ് മാസം മുതൽ അഞ്ച് വർഷം വരെ തടവോ പതിനയ്യായിരം രൂപ പിഴയോ ശിക്ഷയായി ലഭിക്കുന്നതാണ്.

സ്ത്രീധന സമ്മാനങ്ങളായി ലഭിക്കുന്നവ മറ്റാരെങ്കിലുമാണ് കൈപ്പറ്റുന്നതെങ്കിൽ; അത് വിവാഹത്തിനു മുമ്പാണ് കൈപ്പറ്റുന്നതെങ്കിൽ വിവാഹം കഴിഞ്ഞ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിലും, വിവാഹ സമയത്തോ അതിനു ശേഷമോ ആണ് കൈപ്പറ്റുന്നതെങ്കിൽ അത് കൈപ്പറ്റി മൂന്നു മാസത്തിനുള്ളിലും കുട്ടി മൈനർ ആണെങ്കിൽ 18 വയസ്സ് പൂർത്തിയായശേഷം മൂന്നു മാസത്തിനുള്ളിലും അവർക്ക് കൈമാറേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ വസ്തുവകകൾ കൈമാറ്റം ചെയ്യാത്തപക്ഷം രണ്ട് വർഷം വരെയാകാവുന്ന തടവോ പതിനായിരം രൂപ വരെയാകാവുന്ന പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

നിയമം അനുശാസിക്കുന്ന വിധത്തിൽ ഭാര്യ സ്വന്തം അവകാശമെന്ന നിലയ്ക്ക് കിട്ടേണ്ടതായ സ്വത്ത് കൈവശം ലഭിക്കുന്നതിന് മുൻപ് മരണപ്പെടുകയാണെങ്കിൽ അവരുടെ നിയമപരമായ പിൻതുടർച്ചാവകാശികൾക്ക് സ്വത്തിന്മേൽ അവകാശം ഉണ്ടായിരിക്കുന്നതാണ്.

വിവാഹശേഷം ഏഴുവർഷത്തിനുള്ളിൽ ഭാര്യ അസ്വാഭാവികമായ മാർഗത്തിൽ മരണപ്പെട്ടാൽ അവരുടെ സ്വത്ത് താഴെ പറയും പ്രകാരം വിനിയോഗിക്കേണ്ടതാണ്. കുട്ടികളില്ലെങ്കിൽ ഭാര്യയുടെ മാതാപിതാക്കൾക്കും കുട്ടികളുണ്ടെങ്കിൽ അവർക്കും കൈമാറ്റം ചെയ്യേണ്ടതാണ്. കുട്ടികൾക്ക് വസ്തു കൈമാറ്റം ചെയ്യുന്നതുവരെ കുട്ടികൾക്ക് വേണ്ടി ട്രസ്റ്റ് എന്ന നിലയിലും സംരക്ഷിക്കേണ്ടതാണ്.

സംസ്ഥാന സർക്കാരുകൾക്ക് സ്ത്രീധന നിരോധന ഉദ്യോഗസ്ഥരെ നിയമിക്കാൻ അധികാരമുണ്ട്. അവർ ഈ നിയമം നടപ്പിൽ വരുത്തുവാനും ഇത്തരം കേസുകളിൽ തെളിവുകൾ ശേഖരിക്കുവാനും ചുമതലപ്പെട്ടവരാണ്. സ്ത്രീധന നിരോധന ആക്റ്റിന്റെ പരിധിയിൽ വരുന്ന നിയമ ലംഘനങ്ങൾക്കെതിരെ വ്യക്തികളുടെ പരാതിയിന്മേലോ സാമൂഹ്യസേവനം നിർവഹിക്കുന്ന അംഗീകൃത സന്നദ്ധ സംഘടനകളുടെ പരാതിയിന്മേലോ പോലീസ് നടപടി പ്രകാരമോ കോടതികൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. സ്ത്രീധനം വാങ്ങുന്നതും നൽകുന്നതും ചോദിക്കുന്നതും ശിക്ഷാർഹമായിട്ടുള്ള വകുപ്പുകൾ പ്രകാരം ആരോപിക്കപ്പെടുന്ന കുറ്റങ്ങൾ ചെയ്തിട്ടില്ല എന്നു തെളിയിക്കേണ്ട ബാധ്യത കുറ്റം ആരോപിക്കപ്പെടുന്ന വ്യക്തിക്കാണ്. ഈ ആക്റ്റ് പ്രകാരം ചുമത്തുന്ന കുറ്റങ്ങൾ ജാമ്യമില്ലാത്തതും ഒത്തു തീർപ്പാക്കാൻ സാധിക്കാത്തതുമാണെന്ന് നിയമം അനുശാസിക്കുന്നു.

●

# 11

## ഹിന്ദു വിവാഹ ആക്റ്റ്, 1955

ജനനംകൊണ്ട് ഹിന്ദുവായ ഒരാൾക്കും ക്രിസ്ത്യാനി, പാർസി, ജൂതൻ, മുസ്ലിം എന്നിവരൊഴികെയുള്ള ഇതരമതക്കാർക്കും 1955-ലെ ഹിന്ദു വിവാഹ ആക്റ്റ് ബാധകമാണ്.

ഈ നിയമം വിവാഹത്തിനായി പ്രത്യേകമായി ആചാരങ്ങളോ നടപടി ക്രമങ്ങളോ നിഷ്കർഷിക്കുന്നില്ല. എന്നാൽ വർഷങ്ങളായി പാലിച്ചുവരുന്ന കീഴ്‌വഴക്കങ്ങൾക്ക് മതിയായ പരിഗണന നൽകുന്നുണ്ട്. അതിനാൽ 1955-ലെ ഹിന്ദുവിവാഹ ആക്റ്റ് പ്രകാരം വിവാഹം സാധൂകരിക്കുന്നതിൽ കീഴ്‌വഴക്കങ്ങൾക്കും ആചാരങ്ങൾക്കും പ്രസക്തിയുണ്ട്.

നിയമപ്രകാരമുള്ള ഒരു ഹിന്ദു വിവാഹത്തിന് താഴെ പറയുന്ന കാര്യങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തണം.

1. വിവാഹസമയത്ത് വരന് 21 വയസ്സും വധുവിന് 18 വയസ്സും പൂർത്തിയായിരിക്കണം.
2. വരന് ജീവിച്ചിരിക്കുന്ന ഭാര്യയോ വധുവിന് ജീവിച്ചിരിക്കുന്ന ഭർത്താവോ ഉണ്ടായിരിക്കരുത്.
3. വധൂവരന്മാരുടെ സമ്മതം സ്വമനസ്സാലെ ആകേണ്ടതും ആയതിനുള്ള കഴിവ് അവർക്ക് ഉണ്ടായിരിക്കേണ്ടതുമാണ്.
4. ചിത്തഭ്രമമോ മനോരോഗമോ തുടർച്ചയായി വരുന്ന ഉന്മാദരോഗങ്ങളോ ഉണ്ടായിരിക്കരുത്.
5. മാനസിക തകരാറു കാരണം വൈവാഹിക ധർമങ്ങൾ നിറവേറ്റാൻ കഴിയാത്തവരാകരുത്. കൂടാതെ, അതുകൊണ്ട് കുട്ടികൾക്ക് ജന്മം നൽകാനോ സംരക്ഷിക്കാൻ കഴിയാത്തവരോ ആകരുത്.
6. ആചാരങ്ങളോ അനുഷ്ഠാനങ്ങളോ അനുവദിക്കുന്നെങ്കിൽ മാത്രം വിവാഹത്തിനു നിരോധിക്കപ്പെട്ട അടുത്ത രക്തബന്ധത്തിൽ ഉള്ളവരെ വിവാഹം കഴിക്കാം.
7. സബ് രജിസ്ട്രാറുടെ മുന്നിൽ വിവാഹം രജിസ്റ്റർ ചെയ്തതുകൊണ്ടു മാത്രം വിവാഹത്തിന് നിയമ സാധുത ലഭിക്കുന്നില്ല. ആചാരാനുഷ്ഠാനങ്ങൾ അനുസരിച്ചുള്ള വിവാഹം നടന്നിരിക്കണം.
8. വിവാഹശേഷം വിവാഹം രജിസ്റ്റർ ചെയ്തിരിക്കണം.
9. മിശ്ര വിവാഹം അനുവദനീയമാണ്.
10. വിധവാ വിവാഹം അനുവദനീയമാണ്.

11. വർഷങ്ങളായി ഭാര്യാഭർത്താക്കന്മാരായി ഒരേ വീട്ടിൽ സഹവസിക്കുന്ന ദമ്പതികളുടെ കാര്യത്തിൽ അവരുടെ വിവാഹം വിധിപ്രകാരം നടന്നിരുന്നോ എന്ന് അന്വേഷിക്കേണ്ട കാര്യമില്ലെന്ന് സുപ്രീം കോടതി പറഞ്ഞിട്ടുണ്ട്.

## അസാധുവാകുന്ന വിവാഹം

വിവാഹ സമയത്ത് വധുവിന് മറ്റൊരു ഭർത്താവോ വരന് മറ്റൊരു ഭാര്യയോ ജീവിച്ചിരിക്കുകയോ, വിവാഹത്തിനു നിരോധിച്ചിട്ടുള്ള ബന്ധത്തിൽപ്പെട്ടവർ തമ്മിൽ വിവാഹം കഴിക്കുകയോ ചെയ്താൽ ആ വിവാഹം അസാധുവാകുന്നതാണ്. അപ്രകാരം വിവാഹം കഴിക്കുന്ന ദമ്പതിമാർക്ക് ഭാര്യാഭർത്താക്കന്മാരുടെ പദവി നഷ്ടപ്പെടുകയും ചെയ്യുന്നതാണ്.

## അസാധുവാക്കാവുന്ന വിവാഹം

എതിർകക്ഷി, വിവാഹ സമയത്ത് ലൈംഗിക സംഗമത്തിന് അശക്തനായിരുന്നുവെന്നും നടപടിയുടെ ആരംഭംവരെ അപ്രകാരം തുടർന്നിരുന്നുവെന്നും; വിവാഹ സമയത്ത് മനോരോഗമോ ചിത്തഭ്രമമോ ഉള്ള ആളായിരുന്നു എന്നും; ഹർജികൊടുത്ത ആളുടെ സമ്മതമോ അല്ലെങ്കിൽ ഹർജി കൊടുത്ത ആളുടെ വിവാഹം രക്ഷാകർത്താവിന്റെ സമ്മതം ആവശ്യമാണെങ്കിൽ അത് ബലപ്രയോഗത്താലോ വഞ്ചനയാലോ നേടിയിട്ടുള്ളതാണെന്നോ, വിവാഹ സമയത്ത് എതിർകക്ഷി ഹർജി കൊടുത്ത ആളിൽ നിന്നല്ലാതെ മറ്റ് ഏതെങ്കിലും ആളിൽ നിന്ന് ഗർഭം ധരിച്ചിട്ടുണ്ട് എന്നോ ഉള്ള കാരണങ്ങളാൽ വിവാഹം ആസാധുവാക്കാവുന്നതാണ്.

വിവാഹ പങ്കാളി, തന്നെ വഞ്ചിച്ചിട്ടുണ്ടെന്ന് ആക്ഷേപമുള്ളവർ വഞ്ചന കണ്ടുപിടിച്ച തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ പരിഹാരം തേടി കോടതിയെ സമീപിക്കേണ്ടതാണ്. മേൽ പരാമർശിക്കപ്പെട്ട ഏതൊരു സാഹചര്യത്തിലും അസാധുവാക്കാവുന്ന വിവാഹങ്ങൾ കോടതിയിൽ നിന്നും അസാധുവാക്കിക്കൊണ്ടുള്ള വിധിയുണ്ടാകാത്തിടത്തോളം സാധുവായിരിക്കുന്നതും നിയമപരമായി അംഗീകാരമുണ്ടായിരിക്കുന്നതുമാണ്.

## ദാമ്പത്യബന്ധത്തിന്റെ പുനഃസ്ഥാപനം

ഭാര്യഭർത്താക്കന്മാരിൽ ഒരാൾ ന്യായമായ കാരണം കൂടാതെ മറ്റേ ആളുമായുള്ള സഹവാസത്തൽ നിന്ന് പിൻവാങ്ങുമ്പോൾ സങ്കട കക്ഷിക്ക് ദാമ്പത്യാവകാശങ്ങളുടെ പുനഃസ്ഥാപനത്തിന് ഒരു ഹർജി വഴി ജില്ലാക്കോടതിയോട് അപേക്ഷിക്കുന്നതും, കോടതിക്ക് അങ്ങനെയുള്ള ഹർജിയിൽ പറഞ്ഞിരിക്കുന്ന പ്രസ്താവനകൾ സത്യമാണെന്നും ആ അപേക്ഷ അനുവദിക്കാതിരിക്കുന്നതിന് നിയമപരമായ യാതൊരു കാരണവും ഇല്ലെന്നും ബോധ്യപ്പെട്ടതിൻ മേൽ അതനുസരിച്ച് ദാമ്പത്യാവകാശങ്ങളുടെ പുനഃസ്ഥാപനത്തിന് വിധിക്കാവുന്നതും ആകുന്നു.

## ജുഡീഷ്യലായുള്ള വേർപെടുത്തൽ

ഒരു വിവാഹത്തിലെ ഇരു കക്ഷികളിൽ ആർക്കെങ്കിലും അത് നടത്തിയത് ഈ നിയമത്തിന്റെ പ്രാരംഭത്തിന് മുമ്പോ പിമ്പോ ആയാലും, ജുഡീഷ്യലായി

വേർപെടുത്തുന്നതിനുള്ള ഒരു വിധിക്ക് അപേക്ഷിച്ചുകൊണ്ട് ജില്ലാകോടതിയിൽ ഹർജി ബോധിപ്പിക്കാവുന്നതാണ്.

1. ജുഡീഷ്യൽ സെപ്പറേഷനുള്ള ഹർജി ബോധിപ്പിച്ചതിന് തൊട്ടുമുമ്പ്, തുടർച്ചയായി രണ്ടു വർഷത്തിൽ കുറയാത്ത കാലം ഹർജി കൊടുത്ത ആളെ പരിത്യജിച്ചിട്ടുണ്ടെന്നോ; അല്ലെങ്കിൽ
2. മറ്റേ കക്ഷിയോടുകൂടി ജീവിക്കുന്നത് ഹർജി കൊടുത്ത ആൾക്ക് ഹാനികരമോ ക്ഷതികരമോ ആണെന്നുള്ള ന്യായമായ ആശങ്ക ഹർജി കൊടുത്ത ആളുടെ മനസ്സിൽ ഉളവാക്കത്തക്ക ക്രൂരതയോടുകൂടി ഹർജി കൊടുത്ത ആളോട് പെരുമാറിയിട്ടുണ്ടെന്നോ; അല്ലെങ്കിൽ
3. ഹർജി ബോധിപ്പിച്ചതിന് തൊട്ടുമുമ്പ് ഒരുവർഷത്തിൽ കുറയാത്ത കാലം ഉഗ്രമായ കുഷ്ഠരോഗം ബാധിച്ചിരുന്ന ആളായിരുന്നുവെന്നോ; അല്ലെങ്കിൽ
4. ഹർജി ബോധിച്ചതിനു തൊട്ടുമുമ്പ് മൂന്നു വർഷത്തിൽ കുറയാത്ത കാലം, ഹർജി കൊടുത്ത ആളിൽ നിന്ന് കിട്ടിയിട്ടുള്ളതല്ലാത്ത, പകരാവുന്ന രൂപത്തിലുള്ള ഗുഹ്യരോഗം ബാധിച്ചിരുന്ന ആളായിരുന്നുവെന്നോ; അല്ലെങ്കിൽ
5. ഹർജി ബോധിപ്പിച്ചതിനു തൊട്ടു മുമ്പ് രണ്ടു വർഷത്തിൽ കുറയാത്ത കാലം തുടർച്ചയായി ചിത്തഭ്രമമുള്ള ആളായിരുന്നുവെന്നോ; അല്ലെങ്കിൽ
6. വിവാഹശേഷം, തന്റെ ഭാര്യയോ ഭർത്താവോ അല്ലാത്ത മറ്റ് ആരെങ്കിലുമായി ലൈംഗികസംഗം ചെയ്തിട്ടുണ്ടെന്നോ;
7. മത പരിവർത്തനം ചെയ്ത് ഹിന്ദുവല്ലാതായി തീർന്നെങ്കിലോ, സംന്ന്യാസം സ്വീകരിച്ചു ലൗകിക ജീവിതം വെടിഞ്ഞിട്ടുണ്ടെങ്കിലോ;
8. ഏഴോ അതിൽ കൂടുതലോ വർഷമായി കക്ഷി ജീവിച്ചിരിപ്പുള്ളതായി കേട്ടിട്ടില്ലെങ്കിലോ കോടതിക്ക് വിവാഹ മോചനത്തിന് പകരം ജുഡീഷ്യലായ വേർപെടുത്തലിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

ഒരു വർഷത്തെ കാലാവധിയാണ് ഈ വേർപെട്ടു താമസിക്കലിന് കോടതി അനുവദിക്കുന്നത്. ഈ കാലയളവിൽ മാനസാന്തരമുണ്ടായി പരസ്പരം യോജിക്കുന്നില്ലെങ്കിൽ കക്ഷികൾക്ക് വിവാഹ മോചനത്തിനായി കോടതിയെ സമീപിക്കാം.

## വിവാഹ മോചനം

താഴെ പറയുന്ന ഏതെങ്കിലും കാരണത്താൽ ഭാര്യയ്ക്കോ ഭർത്താവിനോ വിവാഹ മോചനം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കോടതിയിൽ ഹർജി നൽകാം.

1. വ്യഭിചാരം, പരസ്ത്രീബന്ധം, പരപുരുഷബന്ധം തുടങ്ങിയവ.
2 പങ്കാളിയുടെ ക്രൂരമായ പെരുമാറ്റം ഇതിൽ ഒരാളുടെ ജീവന് അപകടകരമായതോ മനസ്സിനോ ശരീരത്തിനോ ഹാനികരമായിട്ടുള്ളതോ ആയ പെരുമാറ്റവും ഉൾപ്പെടുന്നു.
3. ചികിത്സാതീതമായ മാനസികരോഗം, കുഷ്ഠരോഗം, പകരുന്ന ഗുഹ്യരോഗം.

4. ഭാര്യയോ ഭർത്താവോ ഹിന്ദുമതം ഉപേക്ഷിക്കുക.

5. തുടർച്ചയായി ഏഴ് വർഷക്കാലം ഒരു വ്യക്തിയെക്കുറിച്ച് അയാൾ ജീവിച്ചിരുന്നുവെങ്കിൽ സാധാരണഗതിയിൽ അറിയുമായിരുന്ന ആളുകൾക്ക് യാതൊരു വിവരവും ഇല്ലാതിരിക്കുക.

6. രണ്ട് വർഷത്തിലേറെ കാലം ഉപേക്ഷിച്ചു പോവുക.

വിവാഹ മോചനം നേടുകയും ആ വിധിയിന്മേൽ അപ്പീലിന് സാധ്യതയില്ലാതിരിക്കുകയോ അപ്പീൽ കൊടുക്കാതെ കാലാവധി കഴിയുകയോ അപ്പീൽ തള്ളികളയുകയോ ചെയ്താൽ വിവാഹ മോചനം നേടിയവർക്ക് പുനർ വിവാഹം കഴിക്കാവുന്നതാണ്.

സാധുവാക്കുന്നതും അസാധുവാക്കുന്നതുമായ വിവാഹത്തിൽ ജനിക്കുന്ന കുട്ടികൾ നിയമാനുസൃത വിവാഹത്തിൽ ജനിച്ച കുട്ടികളായി കണക്കാക്കപ്പെടുന്നതാണ്.

വിവാഹ സമയത്ത് കക്ഷികളിൽ ആർക്കെങ്കിലും ഭാര്യയോ ഭർത്താവോ ജീവിച്ചിരിപ്പുണ്ടെങ്കിൽ വിവാഹത്തിന് നിയമ സാധുത ഉണ്ടായിരിക്കുന്നതല്ല. ഇത്തരം വിവാഹത്തിന് ഇന്ത്യൻ ശിക്ഷാ നിയം 494, 495 എന്നീ വകുപ്പുകൾ പ്രകാരമുള്ള ശിക്ഷ ലഭിക്കുന്നതാണ്.

വിവാഹ സമയത്ത് വരന് 21 വയസും വധുവിന് 18 വയസും പൂർത്തിയായിരിക്കണം. അല്ലാത്തപക്ഷം രണ്ടു വർഷം വരെയാകാവുന്ന കഠിന തടവോ ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കുന്നതാണ്. നിരോധിക്കപ്പെട്ട ബന്ധത്തൽപ്പെട്ടവർ തമ്മിൽ വിവാഹം കഴിക്കുകയാണെങ്കിൽ അവർക്ക് ഒരു മാസം വരെയാകാവുന്ന വെറും തടവോ ആയിരം രൂപവരെയാകാവുന്ന പിഴയോ, രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

വിവാഹം നടന്ന സ്ഥലത്തോ, എതിർകക്ഷി താമസിക്കുന്ന സ്ഥലത്തോ കക്ഷികൾ അവസാനം ഒരുമിച്ച് താമസിച്ച സ്ഥലത്തോ ഹർജി കൊടുക്കുന്നത് ഭാര്യയാണെങ്കിൽ അവർ ഹർജി കൊടുക്കുന്ന സമയത്ത് താമസിക്കുന്ന സ്ഥലത്തോ ഉള്ള ജില്ലാ കോടതിയിൽ ഹിന്ദു വിവാഹ ആക്റ്റ് പ്രകാരമുള്ള കേസ് ഫയൽ ചെയ്യാവുന്നതാണ്. ഈ ആക്റ്റിൻ കീഴിലുള്ള നടപടികൾ സ്വകാര്യമായി നടത്തേണ്ടതും അച്ചടിക്കുകയോ പ്രസിദ്ധീകരിക്കുയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു. അപ്രകാരം അച്ചടിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്താൽ ആയിരം രൂപ വരെയുള്ള പിഴ ശിക്ഷ ലഭിക്കുന്നതാണ്.

ഈ നിയമ പ്രകാരമുള്ള ഏതെങ്കിലും നിവൃത്തി നൽകുന്നതിനു മുമ്പ് കക്ഷികൾ തമ്മിൽ ഒത്തുതീർപ്പുണ്ടാക്കുന്നതിനുള്ള പരിശ്രമം നടത്തേണ്ടത് കോടതിയുടെ പ്രഥമമായ കർത്തവ്യമാണ്.

ഭാര്യയ്ക്കോ ഭർത്താവിനോ ജീവിത ചെലവുകൾക്കും ആവശ്യമായ നടപടി ചെലവുകൾക്കും സ്വന്തമായി ആവശ്യമായ വരുമാനം ഇല്ലെന്നു കോടതിക്കു തോന്നുന്നിടത്ത് അപേക്ഷയിൻമേൽ, എതിർകക്ഷിയുടെ വരുമാനം പരിഗണിച്ച് കോടതിക്ക് യുക്തമെന്ന് തോന്നുന്ന തുക കൊടുക്കുവാൻ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

### പരസ്പര സമ്മതപ്രകാരമുള്ള വിവാഹമോചനം

തുടർച്ചയായി ഒരു കൊല്ലക്കാലം വേർപിരിഞ്ഞ് താമസിച്ചശേഷം തുടർന്നും ഒരുമിച്ച് ജീവിക്കാൻ സാധ്യമല്ലെന്ന് രണ്ടുപേരും തീരുമാനിച്ചാൽ ഉഭയസമ്മതപ്രകാരം കോടതി മുമ്പാകെ വിവാഹമോചനം തേടാം. എന്നാൽ ഹർജി സമർപ്പിച്ച് ആറുമാസത്തിനുശേഷമേ വിവാഹബന്ധം വേർപെടുത്തിക്കൊണ്ട് കോടതി തീർപ്പ് കൽപ്പിക്കുകയുള്ളൂ. ഈ ആറുമാസകാലാവധി വീണ്ടുവിചാരത്തിനുള്ള കാലമാണ്. അതിനിടയിൽ ഭാര്യക്കോ ഭർത്താവിനോ ഇതിൽ നിന്ന് പിൻതിരിയാൻ അവകാശമുണ്ട്.

### ഹിന്ദു പിന്തുടർച്ചാവകാശ നിയമ ഭേദഗതി

ഹിന്ദു വിവാഹ ആക്റ്റുമായി കൂട്ടിച്ചേർത്ത് വായിക്കാവുന്ന സുപ്രധാനമായൊരു വിധി 2020 ഓഗസ്റ്റിൽ സുപ്രിം കോടതിയുടെ ഭാഗത്തുനിന്നുണ്ടായി. ഹിന്ദു കുടുംബങ്ങളുടെ കുടുംബസ്വത്തിൽ മകൾക്കും തുല്യ അവകാശമുണ്ട് എന്നതാണ് വിധി. 2005-ൽ ഹിന്ദു പിൻതുടർച്ചാവകാശ ആക്റ്റിൽ ഭേദഗതി വന്ന കാലം മുതൽ തന്നെ സ്വത്തിൽ അവകാശം ലഭിക്കും. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ പരിഗണന നൽകുന്നതായിരുന്നു 2005-ലെ ഹിന്ദു പിന്തുടർച്ചാവകാശ (ഭേദഗതി) ആക്റ്റ്. മകനെപ്പോലെതന്നെ മകൾക്കും തുല്യ അവകാശമുണ്ടെന്നും മകൾ ജീവിതകാലം മുഴുവൻ സ്നേഹനിധിയായ മകളായി തുടരുമെന്നും ജസ്റ്റിസ് അരുൺ മിശ്ര പറഞ്ഞു. ഭേദഗതിയിലെ നിയമപ്രശ്നങ്ങൾ ചോദ്യം ചെയ്തുകൊണ്ടുള്ള ഹർജികളിലാണ് മൂന്നംഗ ബെഞ്ചിന്റെ വിധി. 2005-ലെ പാർലമെന്റ് ഭേദഗതിയിലാണ് 1956-ലെ ഹിന്ദു പിന്തുടർച്ചാവകാശ ആക്റ്റിൽ ഹിന്ദു കുടുംബത്തിലെ പെൺമക്കൾക്കും ആൺമക്കളുടേതുപോലെ സ്വത്തിന് അവകാശം നൽകിയത്. ഇതിന് അടിവരയിടുന്നതാണ് 2020 ഓഗസ്റ്റ് 11-ന് ജസ്റ്റിസുമാരായ അരുൺ മിശ്ര, എസ്.അബ്ദുൾ നസീർ, എം.ആർ.ഷാ എന്നിവരടങ്ങിയ മൂന്നംഗ ബെഞ്ചിന്റെ സുപ്രിം കോടതി വിധി. വിനീത ശർമ Vs. രാകേഷ് ശർമ (CA No.32601/2018) കേസിലായിരുന്നു വിധി.

●

# 12

## ഇന്ത്യൻ ക്രിസ്ത്യാനി വിവാഹ ആക്റ്റ്, 1872

ഇന്ത്യയിലുള്ള ക്രിസ്ത്യാനികൾക്ക് പൊതുവെ ബാധകമായ നിയമമാണ് 1872-ലെ ഇന്ത്യൻ ക്രിസ്ത്യാനി വിവാഹ ആക്റ്റ്. എന്നാൽ തിരുവിതാംകൂർ-കൊച്ചി ഭാഗങ്ങളിൽ ആചാരങ്ങളും അനുഷ്ഠാനങ്ങളും അനുസരിച്ചാണ് പ്രധാനമായും വിവാഹ ചടങ്ങുകൾ നടത്തുന്നത്. ഈ പ്രദേശത്തെ ക്രിസ്ത്യാനികൾക്ക് ഈ ആക്ട് ബാധകമല്ല. ഇന്ത്യൻ ക്രിസ്ത്യാനി വിവാഹ ആക്റ്റിന നുസരിച്ചാണ് ക്രിസ്ത്യാനികളുടെ വിവാഹം നടക്കുന്നതെങ്കിലും 1954-ലെ പ്രത്യേക വിവാഹ ആക്റ്റ് പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ഈ നിയമം തടസ്സമല്ല. ഈ നിയമത്തിൽ വിവാഹം നടത്തിക്കൊടുക്കാൻ നിയോഗിക്കപ്പെട്ടവർ പാതിരി, മത ശുശ്രൂഷകർ അല്ലെങ്കിൽ വിവാഹ രജിസ്ട്രാർ എന്നിവരാണ്.

### ലൈസൻസ് നൽകപ്പെട്ട മതശുശ്രൂഷകന്മാർ നടത്തുന്ന വിവാഹം

മതശുശ്രൂഷകൻ വിവാഹ ശുശ്രൂഷ നടത്തണമെന്ന് എപ്പോഴെങ്കിലും ഉദ്ദ്യേശി ച്ചാൽ അത്തരം മതശുശ്രൂഷകൻ രേഖാമൂലം വിവാഹത്തിന് നോട്ടീസ് നൽകേണ്ട താണ്. നോട്ടീസിൽ വിവാഹത്തിന് ഉദ്ദ്യേശിക്കന്ന വ്യക്തികളുടെ പേര്, പൂർണമായ മേൽവിലാസം, രണ്ടുപേരുടെയും താമസസ്ഥലം, വിവാഹം നടത്തേണ്ട സ്ഥലം സമയം തുടങ്ങിയ വിശദവിവരങ്ങൾ എഴുതേണ്ടതാണ്.

ഇതിൽ താമസസ്ഥലത്തിന്റെ കാര്യം പ്രത്യേകം നിയമം എടുത്തുപറയുന്നു ണ്ട്. നോട്ടീസിൽ പറയുന്ന താമസ സ്ഥലത്ത് ഒരുമാസത്തിൽ കൂടുതൽ താമസി ച്ചിട്ടുണ്ടെങ്കിൽ അവിടെ ഒരുമാസവും അതിൽ കൂടുതലുമെന്ന് പ്രത്യേകം എഴുത ണമെന്നാണ് നിയമവ്യവസ്ഥ.

വിവാഹം പള്ളിയിൽ വെച്ചാണ് നടത്താനുദ്ദ്യേശിക്കുന്നതെങ്കിൽ പള്ളിയുടെ ശ്രദ്ധേയമായ ഭാഗങ്ങളിലോ സ്വകാര്യ താമസസ്ഥലത്താണ് നടത്താനുദ്ദ്യേശിക്കു ന്നതെങ്കിൽ വിവാഹ രജിസ്ട്രാറുടെ ഓഫീസിലോ നോട്ടീസ് പരസ്യപ്പെടുത്തേണ്ട താണ്. പരസ്യപ്പെടുത്തിക്കഴിഞ്ഞാൽ നോട്ടീസും പ്രതിജ്ഞാപത്രവും കിട്ടിയതിനു സ്വന്തം കൈപ്പടയിൽ ഒരു സാക്ഷ്യപത്രം നൽകേണ്ടതുണ്ട്. ഈ സർട്ടിഫിക്കറ്റ് നൽകി രണ്ട് മാസത്തിനകം വിവാഹം നടത്തിയിരിക്കണം. ഇപ്രകാരം സാക്ഷ്യപ ത്രം നൽകേണ്ടത് ചില നിബന്ധനകൾക്ക് വിധേയമായിട്ടുവേണമെന്നും നിയമം വ്യവസ്ഥ ചെയ്തിരിക്കുന്നു. അതായത്;

1. നോട്ടീസ് കിട്ടി നാല് ദിവസം കഴിയാതെ സാക്ഷ്യപത്രം നൽകാവുന്നതല്ല.
2. മതശുശ്രൂഷകന് ബോധ്യപ്പെട്ട നിയമപരമായ പ്രതിബന്ധങ്ങൾ ഒന്നുമില്ലെ ങ്കിലോ സാക്ഷ്യപത്രം നൽകാൻ പാടുള്ളൂ.

3. അധികാരമുള്ള വ്യക്തി സാക്ഷ്യപത്രം നൽകുന്നത് നിരോധിച്ചിട്ടുണ്ടാകാനും പാടില്ല.

## രജിസ്റ്റർ നടപടികൾ

ക്രിസ്ത്യാനികൾ തമ്മിലോ ഏതെങ്കിലും ഒരാൾ ക്രിസ്ത്യാനിയായതു കൊണ്ടോ നടക്കുന്ന എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്യണം.

## വിവാഹ രജിസ്ട്രാർ

ഒരു വിവാഹ രജിസ്ട്രാറുടെ സാന്നിധ്യത്തിലോ ഒരു വിവാഹ രജിസ്ട്രാറുടെ ശുശ്രൂഷയിലോ വിവാഹം നടത്തണമെന്ന് ഉദ്ദ്യേശിക്കുന്നവരിലൊരാൾ വിവാഹം നടത്തണമെന്ന് ഉദ്ദ്യേശിക്കുന്നവർ താമസിച്ചിട്ടുള്ള ജില്ലയിലെ ഏതെങ്കിലും ഒരു വിവാഹ രജിസ്ട്രാർക്ക് രേഖാമൂലം നോട്ടീസ് കൊടുക്കുകയാണ് വേണ്ടത്. രണ്ടു പേരും വ്യത്യസ്ത ജില്ലകളിലാണ് താമസിക്കുന്നതെങ്കിൽ നോട്ടീസ് ഓരോ ജില്ല യിലെയും വിവാഹ രജിസ്ട്രാർക്ക് നൽകണം. നോട്ടീസിൽ വിവാഹം ചെയ്യാനു ദ്ദ്യേശിക്കുന്ന രണ്ടുപേരുടെയും കുടുംബപ്പേരും പ്രവൃത്തിയും താമസസ്ഥലവും വിവാഹം നടത്താനുദ്ദ്യേശിക്കുന്ന സ്ഥലവും മറ്റും വ്യക്തമാക്കിയിരിക്കണം. ഈ നോട്ടീസ് വിവാഹ രജിസ്ട്രാർ പ്രസിദ്ധീകരിക്കും. കൂടാതെ ഈ നോട്ടീസിലെ വിവരങ്ങൾ വിവാഹനോട്ടീസ് പുസ്തകത്തിൽ ഉൾപ്പെടുത്തുകയും ചെയ്യും. നിയ മപരമായി മറ്റു തടസ്സങ്ങൾ ഇല്ലെങ്കിൽ രജിസ്ട്രാർ നൽകുന്ന സർട്ടിഫിക്കറ്റ് ലഭിച്ചു രണ്ടു മാസത്തിനുള്ളിൽ വിവാഹം രജിസ്ട്രാറുടെ മുമ്പിൽ വച്ച് രണ്ടു സാക്ഷിക ളുടെ സാന്നിധ്യത്തിൽ നടത്താവുന്നതാണ്.

## വിവാഹം അസാധുവാകുന്നത്

താഴെ പറയുന്ന കാരണങ്ങളാൽ ക്രിസ്ത്യൻ വിവാഹം പൂർണമായും നിയമസാധുതയില്ലാത്തതാണെന്ന് കോടതിക്ക് പ്രഖ്യാപിക്കാം.

1. വിവാഹം കഴിക്കുമ്പോഴും ഹർജി കൊടുക്കുമ്പോഴും എതിർകക്ഷിക്ക് ലൈംഗിക വേഴ്ച്ചയ്ക്ക് കഴിവില്ലാതിരിക്കുക.
2. നിയമം വിലക്കുകൽപ്പിച്ചിട്ടുള്ളതും അടുത്ത ബന്ധത്തിൽപ്പെട്ടവരുമായുള്ള വിവാഹം.
3. വിവാഹം കഴിക്കുന്ന സമയത്ത് ഏതെങ്കിലും ഒരു കക്ഷി ചിത്തഭ്രമമുള്ള യാളോ മന്ദബുദ്ധിയോ ആയിരിക്കുക.
4. വിവാഹം കഴിക്കുമ്പോൾ ആദ്യവിവാഹം വേർപെടുത്താതെ ഇരിക്കുകയും ഭാര്യയോ ഭർത്താവോ ജീവിച്ചിരിക്കുകയും ചെയ്യുക.
5. വിവാഹത്തിനുള്ള സമ്മതം ബലമായോ കപടമായോ ആയിരിക്കുക

## വിവാഹ മോചനം

1869-ലെ ഇന്ത്യൻ വിവാഹ മോചന ആക്റ്റ് 2001-ൽ ഭേദഗതി ചെയ്തു. ഇതനുസരിച്ച് താഴെ പറയുന്ന കാരണങ്ങളാൽ ഒരു ക്രിസ്ത്യാനിക്ക് വിവാ ഹമോചനത്തിനായി കോടതിയെ സമീപിക്കാം.

1. വ്യഭിചാരം ചെയ്യുക
2. മതപരിവർത്തനം നടത്തുക
3. എതിർകക്ഷിക്ക് ചികിത്സിച്ചാൽ മാറാത്ത മാനസികരോഗമോ കുഷ്ഠരോഗമോ ലൈംഗിക രോഗമോ ഹർജി നൽകുന്നതിന് തൊട്ടുമുമ്പ് കുറഞ്ഞത് രണ്ടു കൊല്ലം തുടർച്ചയായി ഉണ്ടായിരിക്കുക.
4. ഏഴുകൊല്ലമായി എതിർകക്ഷിയെ കുറിച്ച് യാതൊരു വിവരവുമില്ലാതിരിക്കുക.
5. ദാമ്പത്യബന്ധം പൂർത്തീകരിക്കാതിരിക്കുക.
6. രണ്ടോ അതിൽക്കൂടുതലോ വർഷങ്ങളായി വിവാഹ ബന്ധം പുനഃസ്ഥാപിക്കാനുള്ള കോടതി ഉത്തരവ് പാലിക്കാതിരിക്കുക.
7. മതിയായ കാരണമില്ലാതെ രണ്ടുവർഷം തുടർച്ചയായി എതിർകക്ഷി വേർപിരിഞ്ഞു ജീവിക്കുക.
8. ഒരുമിച്ചു ജീവിക്കാൻ ആവാത്തവിധം എതിർകക്ഷി ക്രൂരമായി പെരുമാറുക.
9. കൂടാതെ ബലാൽസംഗം, പ്രകൃതിവിരുദ്ധ ലൈംഗിക കുറ്റകൃത്യങ്ങൾ എന്നിവയ്ക്ക് തന്നെ വിധേയമാക്കി എന്നാരോപിച്ചു ഭാര്യക്ക് ഭർത്താവിനെതിരെ ഹർജി സമർപ്പിക്കാം.

## ഉഭയസമ്മതപ്രകാരമുള്ള വിവാഹമോചനം

രണ്ടുവർഷത്തിനുമേൽ ജീവിതപങ്കാളികൾ വേർപിരിഞ്ഞു താമസിക്കുകയും വിവാഹബന്ധം വേർപെടുത്താൻ രണ്ടുപേരും തീരുമാനമെടുക്കുകയും ചെയ്താൽ ഉഭയസമ്മതപ്രകാരം വിവാഹമോചനത്തിന് കക്ഷികൾക്ക് കോടതിയിൽ ഹർജി സമർപ്പിക്കാം.

## ദാമ്പത്യധർമ്മ പുനഃസ്ഥാപനം

വിവാഹ പങ്കാളിയുമായി ഒരുമിച്ച് താമസിക്കാനും ലൈംഗികബന്ധത്തിൽ ഏർപ്പെടാനുമുള്ള ഒരു വ്യക്തിയുടെ അവകാശം വിവാഹബന്ധത്തിലെ മൗലികമായ അവകാശമാണ്. ഈ സാഹവാസത്തിന് ഏതെങ്കിലും ഒരു കക്ഷി തയാറാവാതെ വന്നാൽ സഹവാസം നിഷേധിക്കുന്നയാളിന് സഹവാസം പുനഃസ്ഥാപിച്ചു കിട്ടുന്നതിന് സഹവാസം നിഷേധിച്ച ആളിനെതിരെ നിയമനടപടി സ്വീകരിക്കാമെന്ന് നിയമം പറയുന്നു.

## വേർപെട്ടു ജീവിക്കൽ

ചില പ്രത്യേക സാഹചര്യത്തിൽ ഭാര്യയും ഭർത്താവും വേർപെട്ട് ജീവിക്കുന്നതിന് വേണ്ടിയും കോടതിയെ സമീപിക്കാം. ഇത് പൂർണമായും വിവാഹമോചനമല്ല. എന്നാൽ വിവാഹമോചനത്തിനുള്ള കാരണങ്ങൾ തന്നെയാണ് ഇവിടെയും അടിസ്ഥാനമാക്കിയിരിക്കുന്നത്.

●

# 13

## മുസ്‌ലിം വിവാഹ നിയമം

മുസ്‌ലിം വിവാഹം അഥവാ നിക്കാഹ് വിശുദ്ധമായ ഒരു ഉടമ്പടിയാണ്. ഒരു സിവിൽ കരാറിന്റെ രീതിയാണ് ഇത്. മുസ്‌ലിം നിയമം അനുശാസിക്കുന്ന യോഗ്യതയും സ്വതന്ത്രമായ സമ്മതവും മറ്റ് അനുഷ്ഠാനങ്ങളും ഇതിന് ഉണ്ടായിരിക്കണം. അവ താഴെ പറയുന്നവയാണ്.

1. വിവാഹം കഴിക്കുന്നതിനുള്ള പ്രാപ്തി.
2. വാഗ്ദാനവും അത് സ്വീകരിക്കലും.
3. മഹർ അഥവാ പുരുഷൻ സ്ത്രീക്ക് നൽകേണ്ടതായി നിശ്ചയിച്ച തുക.
4. നിക്കാഹിന് പ്രായപൂർത്തിയും സ്ഥിരബുദ്ധിയും ഉള്ളവരായിരിക്കണം.
5. ചിത്തഭ്രമമോ മാനസികാസ്വാസ്ഥ്യമോ ഉള്ളവർ ആകാൻ പാടില്ല.
6. നിക്കാഹിന് സാക്ഷികളായി സ്ഥിര ബുദ്ധിയുള്ളതും പ്രായപൂർത്തിയായതുമായ രണ്ട് പുരുഷന്മാർ ഉണ്ടായിരിക്കണം.
7. ഏറ്റവും അടുത്ത ബന്ധുക്കളുമായുള്ള വിവാഹം അസാധുവാണ്.
8. അന്യ മതത്തിൽപ്പെട്ടവരുമായുള്ള ഒരു മുസൽമാന്റെ വിവാഹം അസാധുവാണ്.

### വിവാഹ മോചനം

ഇസ്ലാമിൽ വിവാഹ മോചനം മൂന്ന് വിധമാണ്.

1. ഭർത്താവ് മുൻകൈ എടുത്തു വിവാഹ മോചനം - തലാക്ക്.
2. പരസ്പര സമ്മതത്തോടെ നടത്തുന്ന വിവാഹ മോചനം. ഖുലാ അഥവാ മുബാറത്
3. സ്ത്രീ മുൻകൈ എടുത്തു നടത്തുന്ന വിവാഹ മോചനം. ഇതിന് കോടതിയുടെ ഇടപെടൽ വേണമെന്ന് നിബന്ധനയുണ്ട്.

ഖുർആന്റെ അംഗീകാരം ഇല്ലാത്ത മറ്റൊരു രീതിയായിരുന്നു തലാഖുൽ ബിദത്ത് അഥവാ മുത്തലാഖ്. അതായത് തന്റെ ഭാര്യയെ വിവാഹബന്ധം വേർപെടുത്തുമ്പോൾ നിയമം അനുവദിച്ചു തന്നിട്ടുള്ള മൂന്ന് ആർത്തവഘട്ടം ഉൾക്കൊള്ളുന്ന കാലയളവ് തന്നിഷ്ടപ്രകാരം ഉപേക്ഷിച്ചുകൊണ്ട് യാതൊരു വിധത്തിലും ഇനി തിരിച്ചെടുക്കുകയില്ല എന്ന് വ്യക്തമാക്കുന്നത്.

2019-ലെ മുസ്‌ലിം വനിത (വിവാഹാവകാശങ്ങൾ സംരക്ഷണ) ആക്റ്റ് പ്രകാരം മുത്തലാഖ് അസാധുവും നിയമവിരുദ്ധവും ആക്കിയിട്ടുള്ളതും ഒന്നാം

ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ വിചാരണ നടത്തി മൂന്നുവർഷം വരെ തടവും പിഴയും നൽകി ശിക്ഷിയ്ക്കാവുന്ന ഒരു കുറ്റകൃത്യമാക്കിയിട്ടുള്ളതുമാകുന്നു.

വിവാഹമോചിതയായ സ്ത്രീ മൂന്ന് ആർത്തവഘട്ടം വരെ വിവാഹം കഴിക്കുകയോ മറ്റ് പുരുഷനുമായി ലൈംഗികബന്ധത്തിലേർപ്പെടുകയോ ചെയ്യരുതെന്ന് ഇസ്ലാം അനുശാസിക്കുന്നു. ഈ കാലഘട്ടത്തെയാണ് ഇദ്ദാ എന്ന് പറയുന്നത്. വിവാഹമോചിതയായ സ്ത്രീ ഗർഭിണിയാണെങ്കിൽ അവരുടെ ഇദ്ദാ കാലയളവ് പ്രസവം വരെയാണ്. പ്രസവം വരെ സംരക്ഷിക്കുന്നതിന് വേണ്ടിയാണ് ഇത്.

## മുസ്ലിം സ്ത്രീക്ക് വിവാഹമോചനത്തിനുള്ള കാരണങ്ങൾ

1. ഭർത്താവിനെ ക്രിമിനൽ കോടതി ഏഴോ അതിലധികമോ വർഷത്തേക്ക് ശിക്ഷിക്കുക.
2. ന്യായമായ കാരണങ്ങളില്ലാതെ ഭർത്താവ് മൂന്ന് വർഷമോ അതിൽ കൂടുതൽ കാലമോ ഭാര്യയുമായി ദാമ്പത്യ ബന്ധം പുലർത്തുവാൻ വിസമ്മതിക്കുകയോ ദാമ്പത്യ ജീവിതത്തിലെ തന്റെ കടമകൾ നിറവേറ്റുന്നതിൽ പരാജയപ്പെടുകയോ ചെയ്യുക.
3. നാല് വർഷങ്ങളായി ഭർത്താവിനെപ്പറ്റി യാതൊരു വിവരവും ഇല്ലാതിരിക്കുക
4. വിവാഹസമയത്തും അതിനുശേഷവും ഭർത്താവ് വന്ധ്യനായിരിക്കുക.
5. രണ്ടു വർഷക്കാലമായി ഭർത്താവിൽ നിന്നും ചെലവിന് കിട്ടാതിരിക്കുക.
6. ചിത്തഭ്രമം, കുഷ്ഠരോഗം, തീവ്രമായ ലൈംഗികരോഗം ഇവ ഉണ്ടായിരിക്കുക.
7. പതിനഞ്ചു വയസിനു മുമ്പുള്ള വിവാഹം തിരസ്കരിക്കാൻ ഉള്ള അവകാശം പതിനെട്ടുവയസാകുമ്പോൾ ഉപയോഗിക്കാം.
8. ഭർത്താവിന്റെ ക്രൂരമായ പെരുമാറ്റം.

ഇതിൽ ഏതെങ്കിലും കാരണങ്ങളാൽ ഒരു മുസ്ലിം സ്ത്രീക്ക് കോടതി മുഖാന്തിരം വിവാഹ മോചനം തേടാവുന്നതാണ്. ഇതിൽ ക്രൂരത എന്നതിന് താഴെ പറയുന്നവയും ഉൾപ്പെടും.

1. ദേഹോപദ്രവം ഏൽപ്പിക്കുന്നത്.
2. ഭർത്താവ് അപയശസ്സുള്ള സ്ത്രീകളുമായി ഇടപഴകുന്നത്.
3. ഇതുമൂലമുള്ള ദുഷ്കീർത്തി.
4. ഭാര്യയുടെ സ്വത്തുക്കൾ അന്യാധീനപ്പെടുത്തുന്നത്.
5. ഭാര്യയുടെ മതവിശ്വാസത്തിനും ആചാരാനുഷ്ഠാനങ്ങൾക്കും തടസ്സം നിൽക്കുന്നത്.
6. ഭാര്യമാരെ പരിപാലിക്കുന്നതിൽ വിവേചനം കാണിക്കൽ തുടങ്ങിയവ.

## കോടതി

മുസ്ലിം സ്ത്രീകൾ വിവാഹ മോചനത്തിനായി കുടുംബ കോടതികളെ സമീപിക്കണം. വിവാഹമോചിതരായ സ്ത്രീകളുടെ അവകാശ സംരക്ഷണ നിയമം അനുസരിച്ച് കിട്ടേണ്ട ആനുകൂല്യങ്ങൾക്ക് ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയെ

യാണ് സമീപിക്കുന്നത്.

## മുസ്‌ലിം സ്ത്രീകൾ (വിവാഹമോചനത്തിന്മേൽ അവകാശങ്ങൾ സംരക്ഷിക്കൽ) ആക്റ്റ്, 1986

ഈ ആക്റ്റ് പ്രകാരം ഇദ്ദാ ആചരിക്കുന്ന കാലത്തു ന്യായയുക്തമായ രീതിയിൽ ചെലവിനു കിട്ടുന്നതിനുള്ള അവകാശം ഉണ്ട്. ഗർഭാവസ്ഥയിലാണ് തലാഖ് ചൊല്ലിയതെങ്കിൽ കുട്ടിയുടെ ജനനം മുതൽ രണ്ടുവർഷകാലം സംരക്ഷണ ചെലവ് നൽകണം. മഹറിന്റെ ഓഹരിയും വിവാഹ സമയത്തും അതിനു ശേഷവും ലഭിച്ച സ്വത്തുക്കളും സമ്മാനങ്ങളും തിരികെ കിട്ടാൻ അർഹതയുണ്ട്.

ഇവ കൂടാതെ മറ്റൊരു വിവാഹം വരെയോ മരണം വരെയോ ജീവിക്കുന്നതിലേക്കുള്ള ജീവനാംശം കണക്കാക്കി നൽകണം. സ്വന്തമായി ചെലവ് കഴിയാൻ പറ്റാത്തവർക്ക് ബന്ധുക്കളെയോ അതുമല്ലെങ്കിൽ വഖഫ് ബോർഡിനെയോ സമീപിക്കാം.

●

# 14

## പ്രത്യേക വിവാഹ ആക്റ്റ്, 1954

ജാതി, മതം എന്നിവയുടെ വ്യത്യാസമില്ലാതെ ഇന്ത്യൻ പൗരത്വം ഉള്ള ഒരു പുരുഷനും സ്ത്രീയും തമ്മിൽ പ്രത്യേക വിവാഹ ആക്റ്റ്, 1954 പ്രകാരം വിവാഹിതരാകാം.

ഈ നിയമപ്രകാരം സബ് രജിസ്ട്രാർ ഓഫീസിലെ നിയമിതനായ സബ് രജിസ്ട്രാറാണ് വിവാഹ ഓഫീസർ.

### നടപടിക്രമം

1. വിവാഹം നടത്താനുദ്ദ്യേശിക്കുന്നവർ നിശ്ചിത ഫാറത്തിൽ വിവാഹ ഓഫീസർക്ക് അപേക്ഷ കൊടുക്കാം.
2. ഏതെങ്കിലും ഒരാൾ നോട്ടീസ് തീയതി തൊട്ട് മുപ്പത് ദിവസം മുമ്പ് വരെ താമസിച്ചിരുന്ന ജില്ലയിലെ ഓഫീസർ മുമ്പാകെയാണ് നോട്ടീസ് നൽകേണ്ടത്.
3. മുപ്പത് ദിവസത്തിനകം പരാതിയുണ്ടെങ്കിൽ ബോധിപ്പിക്കാം. എന്നാൽ അടിസ്ഥാനമില്ലാത്ത തർക്കം ഉന്നയിച്ചാൽ പിഴ ഈടാക്കാം.
4. നിയമപരമായി തടസ്സങ്ങൾ ഒന്നും ഇല്ലെന്ന് ബോധ്യപ്പെട്ടാൽ വിവാഹം നടത്താം.
5. സബ് രജിസ്ട്രാറുടെ ഓഫീസിൽ വച്ചോ നിശ്ചിത ഫീസ് അടച്ചാൽ തൊട്ടടുത്തുള്ള മറ്റേതെങ്കിലും സ്ഥലത്ത് വച്ചോ കക്ഷികളുടെ താല്പര്യം പോലെ വിവാഹം നടത്താം.
6. എന്നാൽ മൂന്ന് സാക്ഷികളുടെയും രജിസ്ട്രാറുടെയും സാന്നിധ്യത്തിൽ പരസ്പരം സ്വീകരിക്കുന്നതായുള്ള പ്രതിജ്ഞ എടുക്കേണ്ടതാണ്.
7. വിവാഹ രജിസ്റ്ററിൽ ഒപ്പു വയ്ക്കണം.

### നിബന്ധനകൾ

1. വിവാഹസമയത്തു പുരുഷന് ജീവിച്ചിരിക്കുന്ന മറ്റൊരു ഭാര്യയോ സ്ത്രീക്ക് ജീവിച്ചിരിക്കുന്ന മറ്റൊരു ഭർത്താവോ ഉണ്ടാകരുത്.
2. വിവാഹം കഴിക്കാൻ ഉദ്ദ്യേശിക്കുന്നവർ മാനസിക രോഗിയോ മന്ദബുദ്ധിയോ ആയിരിക്കരുത്.
3. പ്രായപൂർത്തി ആയിരിക്കണം.
4. നിയമം നിരോധിച്ചിട്ടുള്ള അടുത്ത രക്തബന്ധം ഉള്ളവരായിരിക്കരുത്.
5. വൈവാഹിക കടമ നിറവേറ്റുവാൻ കഴിയുന്ന വ്യക്തികൾ ആകണം.

6. സ്വതന്ത്രമായ സമ്മതം ഉണ്ടായിരിക്കണം.
7. കൂടാതെ തുടർച്ചയായ ചിത്തഭ്രമം അയോഗ്യതയായി കണക്കാക്കാം.
8. നേരത്തെ വിവാഹം കഴിച്ച വ്യക്തികൾക്കും ഈ നിയമ പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യാൻ അപേക്ഷ നൽകാവുന്നതാണ്.

ഈ നിയമപ്രകാരവും ദാമ്പത്യബന്ധം പുനഃസ്ഥാപിച്ചു കിട്ടാൻ കക്ഷികൾക്ക് കോടതിയെ സമീപിക്കാവുന്നതാണ്.

## വിവാഹ മോചനത്തിനുള്ള കാരണം

1. കക്ഷികൾ ആരെങ്കിലും സ്വമനസ്സാലെ വിവാഹ ശേഷം മറ്റൊരാളുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുക.
2. വ്യഭിചാരം നടത്തുക.
3. തുടർച്ചയായ രണ്ടു വർഷക്കാലം ഉപേക്ഷിക്കുക.
4. ഏഴോ അതിലധികമോ വർഷക്കാലം തടവ് ശിക്ഷക്ക് വിധിക്കുക.
5. ക്രൂരമായ പെരുമാറ്റം, മാനസികമായ തകരാറ്, പകരുന്ന ലൈംഗിക രോഗം തുടങ്ങിയവ വിവാഹമോചനത്തിനുള്ള കാരണമാണ്.

## സ്ത്രീകൾക്ക് പ്രത്യേക കാരണങ്ങൾ

1. ഭർത്താവ് ബലാത്സംഗം, പ്രകൃതി വിരുദ്ധ ലൈംഗിക ബന്ധം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതാണെന്ന് ബോധ്യപ്പെട്ടാൽ.
2. ഭാര്യക്ക് ജീവനാംശം അനുവദിച്ചുകൊണ്ടുള്ള അല്ലെങ്കിൽ ചെലവിനു കൊടുക്കണമെന്ന് ഭർത്താവിനോട് നിർദേശിച്ചുകൊണ്ടുള്ള കോടതി വിധിക്കു ശേഷം ഒരു വർഷമോ അതിൽ കൂടുതലോ കാലം ദാമ്പത്യം പുനഃസ്ഥാപിക്കാതിരുന്നാൽ.

ഇതുകൂടാതെ ദാമ്പത്യം തകർന്നുവെന്ന് രണ്ടുപേർക്കും ബോധ്യപ്പെട്ടാൽ വിവാഹശേഷം ഒരു വർഷമോ അതിൽ കൂടുതലോ കാലം വേറിട്ട് താമസിച്ചു വരുന്ന ദമ്പതികൾക്ക് ഉഭയസമ്മത പ്രകാരമുള്ള വിവാഹ മോചന ഹർജി കോടതിയിൽ സമർപ്പിക്കാം.

പ്രത്യേക വിവാഹ ആക്റ്റ് പ്രകാരം വിവാഹിതരായവർ അവരുടെ വിവാഹം വിവാഹ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ തീയതി മുതൽ ഒരു വർഷത്തിന് ശേഷം മാത്രമേ വിവാഹ മോചനത്തിനായി കോടതിയെ സമീപിക്കാവൂ.

എന്നാൽ അസാധാരണമായ സാഹചര്യത്തിൽ ഒരു വർഷത്തിന് മുൻപും ഹർജികൾ പരിഗണിക്കാൻ കോടതിക്ക് അധികാരമുണ്ട്.

വിവാഹ മോചനം നേടുന്ന കക്ഷികൾക്ക് പുനർവിവാഹം നടത്താൻ അവകാശമുണ്ട്. ഇത് കോടതി വിധിക്കെതിരെ ഏതെങ്കിലും കക്ഷി അപ്പീൽ

നൽകിയിട്ടുണ്ടെങ്കിൽ അപ്പീൽ തീരുമാനത്തിന് ശേഷവും അപ്പീൽ നൽകിയിട്ടില്ലെങ്കിൽ അപ്പീൽ കാലാവധിക്ക് ശേഷം (30 ദിവസം) പുനർവിവാഹം നടത്താവുന്നതാണ്.

ചില പ്രത്യേക സാഹചര്യങ്ങളിൽ ഭാര്യക്കും ഭർത്താവിനും ഒരുമിച്ചു താമസിക്കാൻ കഴിയാതെ വന്നാൽ കോടതിയുടെ അനുവാദത്തോടെ രണ്ടു പേർക്കും വേർപെട്ടു താമസിക്കാനുള്ള അവകാശമുണ്ട്. ഇതിനായി ഭാര്യക്കോ ഭർത്താവിനോ കോടതിയിൽ ഹർജി നൽകാം. വിവാഹ മോചനത്തിനായുള്ള കാരണം തന്നെയാണ് ഇവിടെയും നിർദേശിച്ചിട്ടുള്ളത്.

●

# 15

## വിദേശത്തുള്ള ഇന്ത്യക്കാരനുമായി മകളുടെ വിവാഹം നടത്തുന്നതിന് മുമ്പ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വിദേശത്തുള്ള ഇന്ത്യക്കാരനുമായി നടത്തുന്ന വിവാഹങ്ങൾ മുഴുവനും ദോഷകരമല്ല. എങ്കിലും അത്തരം ഒരു ബന്ധത്തിൽ ഏർപ്പെടുന്നതിനുമുമ്പ് വേണ്ടത്ര ജാഗ്രത പുലർത്തുന്നത് നിങ്ങളുടെ കുടുംബത്തിന്റെയും നിങ്ങളുടെ മകളുടെയും താൽപ്പര്യത്തിന് യോജിച്ചതായിരിക്കും.

വിദേശ ഇന്ത്യക്കാർ, ഇന്ത്യൻ വംശജരായ വിദേശികൾ എന്നിവർ ചതിയിൽ വിവാഹബന്ധത്തിലേർപ്പെടുന്ന അനേകം സംഭവങ്ങളുണ്ട്. അവയിൽ ചിലത് ഇപ്രകാരമാണ് പരിണമിക്കുക.

1. വിദേശത്തേക്ക് കൊണ്ടുപോകുന്നതിനു മുമ്പ് തന്നെ വധു ഉപേക്ഷിക്കപ്പെടുന്നു. ചുരുങ്ങിയ കാലത്തെ മധുവിധുവിനു ശേഷം യാത്രാ ടിക്കറ്റ് വൈകാതെ അയച്ചുതരാം എന്ന വാഗ്ദാനവുമായി വരൻ മടങ്ങിപ്പോകുന്നു. അയാൾ പിന്നീടൊരിക്കലും അവളുമായി സമ്പർക്കം പുലർത്തുന്നില്ല.

2. വിവാഹിതരായ സ്ത്രീ വിദേശത്ത് എത്തുന്നു. അവിടുത്തെ അന്താരാഷ്ട്ര വിമാനത്താവളത്തിൽ തന്നെ കാത്തുനിൽക്കുന്ന ഭർത്താവ് ഇല്ലെന്ന തിരിച്ചറിവ് അവൾ നേടുന്നു.

3. വിവാഹിതരായ സ്ത്രീ വിദേശരാജ്യത്തേക്ക് പോകുന്നു. പക്ഷേ, ഒരു വർഷത്തിനുശേഷം മടങ്ങിപ്പോരാൻ നിർബന്ധിതയാകുന്നു. തന്റെ കുഞ്ഞിനെ ഒപ്പം കൊണ്ടുപോരാൻ അവൾ അനുവദിക്കപ്പെടുന്നില്ല.

4. ക്രൂരമായ മർദനത്തിനു വിധേയയാക്കുക, പീഡിപ്പിക്കപ്പെടുക, മാനസികമായും ശാരീരികമായും ചൂഷണ വിധേയമാക്കുക, പോഷകാഹാരം ലഭിക്കാതിരിക്കുക, മുറിയിൽ അടയ്ക്കപ്പെടുക, മറ്റ് പലതരം അപമാനങ്ങൾ സഹിക്കുക എന്നിവയ്ക്കായി മാത്രം വിവാഹിതരായ സ്ത്രീ വിദേശരാജ്യത്ത് എത്തുന്നു.

5. താഴെപ്പറയുന്നവയിൽ ഏതെങ്കിലും ഒരെണ്ണത്തിന്റെ കാര്യത്തിലോ എല്ലാത്തിന്റേയും കാര്യത്തിലോ ഭർത്താവ് തെറ്റായ വിവരങ്ങളാണ് നൽകിയിരിക്കുന്നതെന്ന് വിവാഹിതയ്ക്ക് ബോധ്യം വരുന്നു. വിവാഹത്തിന് സമ്മതിപ്പിക്കാൻ വേണ്ടി തന്റെ ജോലി, ഇമിഗ്രേഷൻ സ്ഥിതി, വരുമാനം, സ്വത്ത്, വിവാഹസ്ഥിതി, മറ്റ് ഭൗതിക കാര്യങ്ങൾ തുടങ്ങിയവ.

6. വിവാഹത്തിന് മുമ്പും ശേഷവും സ്ത്രീധനമായി വൻതുക നൽകാൻ വധുവും അവളുടെ മാതാപിതാക്കളും നിർബന്ധിതരാക്കപ്പെടുന്നു. വിദേശത്ത് ജോലി ചെയ്യാൻ അവൾ നിർബന്ധിതയാവുകയും അതിൽ നിന്നുള്ള വരുമാനം മുഴുവനും അവളുടെ ഭർത്താവ് തട്ടിയെടുക്കുകയും ചെയ്യുന്നു.

7. താൻ വിവാഹം കഴിച്ച വിദേശ ഇന്ത്യക്കാരൻ നേരത്തേ തന്നെ വിവാഹിതനാണെന്നും മറ്റൊരു സ്ത്രീയുമൊത്ത് അയാൾ ജീവിക്കുകയാണെന്നും വിവാഹശേഷം വധു മനസ്സിലാക്കുന്നു.

8. വിദേശരാജ്യത്തുവച്ച് ഭാര്യയുടെ അറിവോ സമ്മതമോ ഇല്ലാതെ വിവാഹമോചനത്തിന്റെ എക്സ് പാർട്ടി വിധി ഭർത്താവ് നേടുന്നു.

9. ജീവിക്കാൻ യാതൊരു മാർഗമില്ലാതെയും ആരും സഹായത്തിനില്ലാതെയും വിദേശ രാജ്യത്ത് ഉപേക്ഷിക്കപ്പെടുക അല്ലെങ്കിൽ വിസ പോലുമില്ലാതെ ആ രാജ്യത്ത് കഴിയാൻ നിർബന്ധിതയാകുക.

10. ജീവനാംശം ലഭിക്കാനോ വിവാഹമോചനത്തിനോ സ്ത്രീ കോടതിയെ സമീപിക്കുകയും കോടതിയുടെ അധികാരപരിധി, നോട്ടീസ് അല്ലെങ്കിൽ വിധി നടപ്പാക്കിക്കിട്ടൽ എന്നിവയിൽ നിരന്തരം തടസ്സങ്ങൾ നേരിടുന്നു.

11. വിവാഹത്തിനു മുമ്പുതന്നെ വിദേശ രാജ്യത്തേക്ക് ചെല്ലാൻ പ്രതിശ്രുത വധു പ്രേരിപ്പിക്കപ്പെടുകയും വിദേശ രാജ്യത്തുവച്ച് വിവാഹം നടത്തുകയും ചെയ്യുക, ഇന്ത്യയിലെ കോടതികൾക്ക് അവിടെ പരിമിതമായ നിയമാധികാരങ്ങൾ മാത്രമേ ഉള്ളൂവെന്ന് വൈകാതെ അവൾ തിരിച്ചറിയുന്നു.

അത്തരം വിവാഹങ്ങൾ നിങ്ങളുടെ കുടുംബത്തിന് ക്ലേശമുണ്ടാക്കുകയും നിങ്ങളുടെ മകളുടെ ഭാവിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

## താഴെപ്പറയുന്ന മുൻകരുതൽ എടുക്കുക

1. നിങ്ങളുടെ മകളുടെ ഭാവിയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ വിദേശ ഇന്ത്യക്കാരനുമായുള്ള വിവാഹകാര്യത്തിൽ ധിറുതിപിടിച്ച് ഒരു തീരുമാനമെടുക്കരുത്.

2. വിവാഹം ഉറപ്പിക്കുന്നതിനു മുമ്പ് വിദേശത്തുള്ള ഇന്ത്യക്കാരനുമായി പ്രതിശ്രുതവരന്റെ പൂർവ ചരിത്രം പരിശോധിക്കുക.

3. വളരെ പ്രധാനപ്പെട്ട ഒരു തീരുമാനമാകയാൽ വിദേശ ഇന്ത്യക്കാരനുമായുള്ള വിവാഹക്കാര്യത്തിൽ മറ്റുള്ളവരുടെ പ്രേരണയ്ക്ക് വശംവദരാകരുത്.

4. വിദേശത്തുള്ളവരുമായി നടത്താനുദ്ദേശിക്കുന്ന വിവാഹ കാര്യങ്ങൾ ടെലിഫോൺ വഴിയോ ഇ-മെയിൽ മുഖേനയോ തീരുമാനം എടുക്കരുത്.

5. നിങ്ങളുടെ മകളുടെ വിവാഹം വിദേശത്ത് വച്ച് നടത്താൻ ഏതെങ്കിലും ബ്യൂറോ, ഏജന്റ്, ദല്ലാൾ അഥവാ ഇടനിലക്കാരനോ സമീപിച്ചാൽ അവരെ കണ്ണടച്ച് വിശ്വസിക്കരുത്.

6. വിവാഹം വഴി മറ്റൊരു രാജ്യത്ത് കുടിയേറിപ്പാർക്കാനോ ഗ്രീൻ കാർഡ് നേടാനോ ഉള്ള വാഗ്ദാനങ്ങൾക്ക് ഇരയാകരുത്.

7. കാര്യങ്ങൾ രഹസ്യമായി തീരുമാനിക്കരുത്. വിവാഹാലോചനയെപ്പറ്റി പരസ്യമാക്കുന്നത് സുഹൃത്തുക്കളിൽ നിന്നും അടുത്ത ബന്ധുക്കളിൽ നിന്നും പരമപ്രധാനമായ വിവരങ്ങൾ നേടാനായേക്കും. അങ്ങനെയല്ലെങ്കിൽ അവ ശേഖ

രിക്കാൻ ഒരിക്കലും കഴിയുകയില്ല.

8. എപ്പോഴും വിവാഹം രജിസ്റ്റർ ചെയ്യാൻ നിർബന്ധിക്കുകയും ഒപ്പം ഇന്ത്യയിൽ വച്ച് മതാചാരപ്രകാരമുള്ള വിവാഹം നടത്തി വിവാഹത്തിനു മതിയായ പരസ്യം നൽകാനാവശ്യമായ ഫോട്ടോ തുടങ്ങിയ തെളിവുകൾ കരുതുക.

9. വരന്റെ വിവാഹസ്ഥിതി, ജോലി, പദവി, ശമ്പളം, തൊഴിലുടമ, ഇമിഗ്രേഷൻ സ്ഥിതി, വിസയുടെ തരം, ജീവിതപങ്കാളിയെ വിദേശത്ത് കൊണ്ടുപോകാനുള്ള അർഹത, കുടുംബ പശ്ചാത്തലം, കുടുംബത്തിന്റെ തരം, കുറ്റകൃത്യ ചരിത്രം എന്നിവയെപ്പറ്റി മുഴുവൻ വിവരങ്ങളും നേടുക.

10. അടിയന്തര സാഹചര്യം നേരിട്ടാൽ സഹായത്തിന് എംബസ്സികളുടെ വിലാസവും ഫോൺ നമ്പരും ഹെൽപ്പ് ലൈനുകൾ, ബന്ധുക്കളുടെ വിവരങ്ങൾ തുടങ്ങിയവ നിങ്ങളുടെ മകൾക്ക് നൽകുക.

11. പാസ്പോർട്ട്/വിസ നിങ്ങളുടെ പക്കൽ തന്നെ സൂക്ഷിക്കുകയും എപ്പോഴും പാസ്പോർട്ട്/വിസയുടെ ഒരു കോപ്പി കരുതുകയും ചെയ്യുക.

12. ഒരു കാരണവശാലും എന്തെങ്കിലും വ്യാജരേഖകളിലോ വ്യാജ ഇടപാടുകളിലോ ഒപ്പു വയ്ക്കാൻ സമ്മതിക്കരുത്.

13. വിസയ്ക്കും ആവശ്യമായ മറ്റ് നടപടിക്രമങ്ങൾക്കും ആവശ്യമായ രേഖകൾ സ്വയം തയാറാക്കി സമർപ്പിക്കുകയും അത് ഭർത്താവിനെക്കൊണ്ട് ചെയ്യിക്കാതിരിക്കുകയും ചെയ്യുക. എല്ലാ ഒറിജിനൽ രേഖകളും നിങ്ങളുടെ കൈവശം സൂക്ഷിക്കുക.

14. വിദേശരാജ്യങ്ങളിൽ സാമൂഹിക സമ്മർദം തീരെ കുറവാണ്. ഭർത്താവ് ഭാര്യയെ സ്പോൺസർ ചെയ്യാത്തപക്ഷം വിസ ലഭിക്കുക അത്ര എളുപ്പമല്ല. ഒന്നല്ലെങ്കിൽ മറ്റൊരു കാരണം പറഞ്ഞ് ഭർത്താവിന് ഭാര്യയെ അവളുടെ നാട്ടിൽത്തന്നെ ഉപേക്ഷിക്കാൻ കഴിയും. അതേ സമയം അപ്പോഴും അവളുടെ പണമുപയോഗിച്ച് അയാൾക്ക് സ്വതന്ത്രമായി വിഹരിക്കാനും കഴിയും. അതിനാൽ ജാഗ്രത പുലർത്തുക.

●

# 16

## 2008–ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ

ബഹു. സുപ്രിം കോടതിയുടെ നിർദേശാനുസരണം കേരള സർക്കാർ 2008 ഫെബ്രുവരി 29–ൽ പുറപ്പെടുവിച്ച 2008–ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ വിവാഹങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച സുപ്രധാന കാൽവെയ്പ്പാണ്.

നമ്മുടെ സാമൂഹ്യജീവിതത്തിൽ പ്രസക്തമായ ഈ ചട്ടങ്ങളിലെ പ്രധാന വ്യവസ്ഥകളെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നു.

### വിവാഹം രജിസ്റ്റർ ചെയ്യൽ നിർബന്ധം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ പഞ്ചായത്ത് പ്രദേശത്തേയും നഗരപ്രദേശത്തെയും വിവാഹ (പൊതു) രജിസ്ട്രാർ ജനറലായും അതാതു പ്രദേശത്തെ ജനനമരണ രജിസ്ട്രാറെ വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാറായും നാമനിർദേശം ചെയ്തിരിക്കുന്ന ഈ ചട്ടങ്ങളിലെ 6–ാം ചട്ടം വിവാഹം നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കണം എന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തു നടക്കുന്ന എല്ലാ വിവാഹങ്ങളും കക്ഷികളുടെ മതഭേദമെന്യേ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ് എന്ന് ഈ ചട്ടങ്ങൾ അനുശാസിക്കുന്നു.

### വിവാഹങ്ങൾ രജിസ്റ്റർ ചെയ്യേണ്ടാത്ത സാഹചര്യങ്ങൾ

i) മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുള്ള വിവാഹങ്ങൾ അതത് സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതും ഈ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതല്ലാത്തതുമാകുന്നു.

ii) സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടത് ഹിതാനുസരണമായിരിക്കുകയും അപ്രകാരം രജിസ്റ്റർ ചെയ്തിരിക്കുകയുമാണെങ്കിൽ ഈ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതില്ല.

iii) ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പുള്ള വിവാഹങ്ങൾ ഹിതാനുസരണം മാത്രം രജിസ്റ്റർ ചെയ്താൽ മതിയാകുന്നതാണ്.

### വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള ആധികാരികത

ഏത് തദ്ദേശ രജിസ്ട്രാറുടെ ആധികാരികതയ്ക്ക് കീഴിലുള്ള പ്രദേശത്താണോ വിവാഹം നടന്നത് ആ പ്രദേശത്തെ തദ്ദേശ രജിസ്ട്രാർ മുമ്പാകെ വിവാഹം രജിസ്റ്റർ ചെയ്യേണ്ടതാണ്.

ബന്ധപ്പെട്ട തദ്ദേശ രജിസ്ട്രാർ ആയതിനു ചട്ടങ്ങൾ അനുശാസിക്കുന്ന തരത്തിലുള്ള ഫാറത്തിൽ ഒരു വിവാഹ (പൊതു) രജിസ്റ്റർ വച്ചു പോരേണ്ടതുമാണ്.

## വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമവും സമയ പരിധിയും

i) വിവാഹബന്ധത്തിലേർപ്പെട്ട കക്ഷികൾ ഈ ചട്ടങ്ങൾക്ക് അനുബന്ധമായിട്ടുള്ള ഒന്നാം നമ്പർ ഫാറത്തിൽ ഒരു മെമ്മോറാണ്ടം ഡ്യൂപ്ലിക്കേറ്റ് സഹിതം തയാറാക്കേണ്ടതും ഒരു സെറ്റ് ഫോട്ടോ സഹിതം ആയത് ബന്ധപ്പെട്ട തദ്ദേശ രജിസ്ട്രാർക്ക് അവരുടെ വിവാഹം നടന്ന തീയതി മുതൽ 45 ദിവസ കാലയളവിനുള്ളിൽ സമർപ്പിക്കേണ്ടതുമാണ്.

ii) മെമ്മോറാണ്ടത്തിൽ വിവാഹത്തിലേർപ്പെടുന്ന ഇരുകക്ഷികളും വിവാഹത്തിനു സാക്ഷ്യം വഹിച്ച മറ്റ് രണ്ടാളുകളും ഒപ്പ് വയ്ക്കേണ്ടതാണ്. ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾക്ക് കീഴിൽ നിയമിക്കപ്പെട്ട ഒരു വിവാഹ ഓഫീസറുടെ മുമ്പാകെ നടന്ന വിവാഹത്തിന്റെ സംഗതിയിൽ വിവാഹ രജിസ്റ്ററിലെയോ ഈ ആവശ്യത്തിനായി വച്ചുപോരുന്ന മറ്റേതെങ്കിലും രജിസ്റ്ററിലെയോ വിവാഹ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഉൾക്കുറിപ്പുകളും മതാചാരപ്രകാരം നടന്ന വിവാഹത്തിന്റെ സംഗതിയിൽ ബന്ധപ്പെട്ട മതാധികാരസ്ഥാനം നൽകുന്ന വിവാഹ സാക്ഷ്യപത്രത്തിന്റെ പകർപ്പോ ഒരു ഗസറ്റഡ് ഓഫീസറിൽ നിന്നോ, പാർലമെന്റ് അംഗത്തിൽ നിന്നോ നിയമസഭാ അംഗത്തിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അംഗത്തിൽ നിന്നോ ഈ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള II-ാം നമ്പർ ഫാറത്തിലുള്ള ഒരു പ്രഖ്യാപനമോ വിവാഹം നടന്നു എന്നു തെളിയിക്കാനുള്ള ഒരു രേഖയാക്കാവുന്നതാണ്. രജിസ്ട്രേഷനുവേണ്ടി മെമ്മോറാണ്ടം സമർപ്പിക്കുന്നതിനോടൊപ്പം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസായി നൂറ് രൂപ നൽകേണ്ടതാണ്.

എന്നാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടേയും പട്ടികജാതി/പട്ടികവർഗത്തിൽപ്പെട്ടവരുടേയും സംഗതിയിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ് പത്ത് രൂപ നൽകിയാൽ മതി.

എന്നു മാത്രമല്ല ഭാര്യാഭർത്താക്കന്മാരിലൊരാൾ മരണപ്പെട്ടുപോയിട്ടുള്ള സംഗതിയിൽ ജീവിച്ചിരിക്കുന്നയാൾ വിവാഹത്തിന് സാക്ഷ്യം വഹിച്ച രണ്ടാളുകളുടെ ഒപ്പ് സഹിതം ഒരു മെമ്മോറാണ്ടം വിവാഹം നടന്നു എന്ന് തെളിയിക്കുന്നതിനുള്ള മതിയായ രേഖകൾ സഹിതം തദ്ദേശ രജിസ്ട്രാർ മുമ്പാകെ ഹാജരാക്കുന്ന പക്ഷം, അദ്ദേഹം വിവാഹം രജിസ്റ്റർ ചെയ്തു നൽകുന്നതാണ്.

iii) ഈ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം നടന്നിട്ടുള്ളതും അത് സംബന്ധിച്ച് 45 ദിവസക്കാലയളലിനുള്ളിൽ മെമ്മോറാണ്ടം ഫയൽ ചെയ്യാതിരിക്കുകയും അപ്രകാരം വിവാഹം നടന്ന തീയതി മുതൽ ഒരു വർഷക്കാലാവധി കഴിയാത്തതുമായ വിവാഹങ്ങൾ തദ്ദേശ രജിസ്ട്രാർക്ക് ചില നിബന്ധനകൾക്ക് വിധേയമായി 100 രൂപ ചുമത്തിയതിനുശേഷം രജിസ്റ്റർ ചെയ്യാവുന്നതാണ്.

## വിവാഹ സാക്ഷ്യപത്രം നൽകുന്നത് സംബന്ധിച്ച്

വിവാഹ പൊതു രജിസ്റ്ററിൽ ചേർക്കുന്ന വിവാഹങ്ങളുടെ രജിസ്ട്രേ

ഷന് തെളിവായി ഇരുപത് രൂപ ഫീസ് നൽകുന്നതിന്മേൽ വിവാഹ സാക്ഷ്യപത്രം നിർദിഷ്ട ഫോറത്തിൽ കഴിയുന്നതും അത് രജിസ്റ്റർ ചെയ്ത ദിവസം തന്നെയും എന്നാൽ മൂന്ന് പ്രവൃത്തി ദിവസങ്ങൾ കഴിയുന്നതിനു മുമ്പായും അപേക്ഷകന് നൽകേണ്ടതാണ്.

**വിവാഹം രജിസ്റ്റർ ചെയ്യുന്നത് നിരസിക്കൽ**

തദ്ദേശ രജിസ്ട്രാറിന് വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം നിർദിഷ്ട ഫോറത്തിലോ ആവശ്യമായ ഫീസ് സഹിതമോ അല്ലെങ്കിൽ എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ നിരസിക്കാവുന്നതും ആയത് 30 ദിവസ കാലയളവിനുള്ളിൽ കക്ഷികളെ അറിയിക്കേണ്ടതുമാണ്.

**വിവാഹം രജിസ്റ്റർ ചെയ്യാതിരുന്നാൽ**

വിവാഹം രജിസ്റ്റർ ചെയ്യാതിരുന്നാലുള്ള പരിണിത ഫലങ്ങൾ 15-ാം ചട്ടം വിശദമാക്കുന്നുണ്ട്. ഈ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം ഈ ചട്ടങ്ങൾ പ്രകാരമോ മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ പ്രകാരമോ അധികാരപ്പെടുത്തിയിട്ടുള്ള അധികാരസ്ഥാനങ്ങൾ അല്ലാതെയുള്ള ഏതെങ്കിലും അധികാരസ്ഥാനം നൽകുന്ന ഏതൊരു വിവാഹ സാക്ഷ്യപത്രവും സർക്കാർ യാതൊരു ആവശ്യത്തിനും സ്വീകരിക്കുന്നതല്ല. എന്നിരുന്നാലും ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് നടന്ന വിവാഹങ്ങൾക്ക് ഈ വ്യവസ്ഥ ബാധകമല്ല.

**ഒരു വർഷത്തിനുശേഷമുള്ള വിവാഹം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച്**

2008-ലെ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം നടന്നതും വിവാഹം നടന്ന് ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടില്ലാത്തതുമായ വിവാഹങ്ങൾ ചില നിബന്ധകൾക്ക് വിധേയമായി ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ അനുമതിയോടുകൂടി 250 രൂപ പിഴ നൽകിയതിന്മേൽ മാത്രമേ തദ്ദേശ രജിസ്ട്രാർ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ.

**വിവാഹ രജിസ്റ്ററിലെ ഉൾക്കുറിപ്പുകൾ തിരുത്തുന്നതും റദ്ദാക്കുന്നതും അവയുടെ പ്രസക്ത ഭാഗങ്ങൾ ലഭ്യമാക്കുന്നതും സംബന്ധിച്ച്**

തദ്ദേശ രജിസ്ട്രാർക്ക് സ്വമേധയായോ കക്ഷികളുടെ അപേക്ഷയിന്മേലോ വിവാഹ പൊതു രജിസ്റ്ററിലോ ഏതെങ്കിലും ഉൾക്കുറിപ്പ്, രൂപത്തിലോ സാരാംശത്തിലോ തെറ്റാണെന്നോ, വ്യാജമായോ കൃത്യതയില്ലാതെയോ ഉണ്ടാക്കിയതാണെന്നോ ബോധ്യപ്പെട്ടാൽ അദ്ദേഹത്തിന് ചില നിബന്ധനകൾക്ക് വിധേയമായി ആവശ്യമായ തിരുത്തലുകൾ വരുത്തുവാനും റദ്ദാക്കാനും അധികാരമുണ്ട്. ഇത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കേണ്ടതാണ്. ഉൾക്കുറിപ്പ് തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്ന സംഗതിയിൽ ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകുന്നതിനും പേര്, വയസ്സ്, തീയതി മുതലായ സാരവത്തായ കാര്യങ്ങൾ സംബന്ധിച്ച തിരുത്തലുകളും റദ്ദാക്കലും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ അനുമതിയോടുകൂടി ചെയ്യേണ്ടതും ബന്ധപ്പെട്ട കക്ഷികളെ കേൾപ്പിക്കേണ്ടതുമാണ്. ക്ലറിക്കൽ പിശകുകൾ ഒഴികെയുള്ള തിരുത്തലുകൾക്ക് 100 രൂപ ഫീസ് ഈടാക്കുന്നതാണ്.

വിവാഹ പൊതു രജിസ്റ്റർ പരിശോധിക്കലും പ്രസക്ത ഭാഗങ്ങൾ ലഭ്യമാക്കലും

ഏതൊരാൾക്കും അപേക്ഷ നൽകി 25 രൂപ ഫീസ് ഒടുക്കിയാൽ വിവാഹ പൊതുരജിസ്റ്റർ തദ്ദേശ രജിസ്ട്രാറെകൊണ്ട് പരിശോധിപ്പിക്കാവുന്നതും വിവാഹ സാക്ഷ്യപത്രം വാങ്ങാവുന്നതുമാണ്.

**അപ്പീൽ/റിവിഷൻ**

2008-ലെ ചട്ടങ്ങളിലെ 16-ഉം 17-ഉം ചട്ടങ്ങൾ അപ്പീലും റിവിഷനും നൽകുന്നതിനുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്നു.

i. അപ്പീൽ : തദ്ദേശ രജിസ്ട്രാറിന്റെ ഏതൊരു തീരുമാനത്തിനെതിരെയും ബന്ധപ്പെട്ട രജിസ്ട്രാർ ജനറൽ മുമ്പാകെ അപ്പീൽ നൽകാവുന്നതും അപ്രകാരമുള്ള അപ്പീൽ അങ്ങനെയുള്ള ഏതെങ്കിലും തീരുമാനം അറിയിച്ച തീയതി മുതൽ മൂന്നുമാസ കാലയളവിനുള്ളിൽ ഫയൽ ചെയ്യേണ്ടതുമാണ്. എന്നിരുന്നാലും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് മതിയായ കാരണങ്ങളാൽ കാലതാമസം മാപ്പാക്കാവുന്നതാണ്.

അദ്ദേഹം അപ്പീൽ പരിഗണിക്കേണ്ടതും ബന്ധപ്പെട്ട കക്ഷികളെ കേട്ടതിനുശേഷം തദ്ദേശ രജിസ്ട്രാറിന്റെ ഉത്തരവ് സ്ഥിരീകരിച്ചുകൊണ്ടോ, അല്ലെങ്കിൽ അനുവദിച്ചുകൊണ്ടോ 60 ദിവസക്കാലയളവിനുള്ളിൽ തീർപ്പാക്കേണ്ടതുമാണ്.

ii. റിവിഷൻ : ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ തീരുമാനത്തിനെതിരെ മുഖ്യ രജിസ്ട്രാർ ജനറൽ മുമ്പാകെ റിവിഷൻ ബോധിപ്പിക്കാവുന്നതും അപ്രകാരമുള്ള റിവിഷൻ അങ്ങനെയുള്ള തീരുമാനം അറിയിച്ച തീയതി മുതൽ മൂന്ന് മാസക്കാലയളവിനുള്ളിൽ ഫയൽ ചെയ്യേണ്ടതുമാണ്. എന്നാൽ മുഖ്യ രജിസ്ട്രാർ ജനറലിന് മതിയായ കാരണങ്ങളിന്മേൽ കാലതാമസം മാപ്പാക്കാവുന്നതുമാണ്. അദ്ദേഹം റിവിഷൻ പരിഗണിക്കേണ്ടതും ബന്ധപ്പെട്ട കക്ഷികളെ കേട്ടതിനുശേഷവും തദ്ദേശ രജിസ്ട്രാറിന്റെ ഉത്തരവ് സ്ഥിരീകരിച്ചുകൊണ്ടോ അല്ലെങ്കിൽ റിവിഷൻ അനുവദിച്ചുകൊണ്ടോ 60 ദിവസ കാലയളവിനുള്ളിൽ തീർപ്പാക്കേണ്ടതുമാണ്.

**ഫാറം 1**

ചട്ടം 9 (1) കാണുക

വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം

1. വിവാഹ തീയതി :
2. വിവാഹ സ്ഥലം : തദ്ദേശ പ്രദേശം, വില്ലേജ്, താലൂക്ക്, ജില്ല
   (മണ്ഡപം, ഹാൾ, മുതലായവ വ്യക്തമാക്കുക)
3. .................................. ..................................................................................
   ..................................
   ..................................

| | |
|---|---|
| ഭർത്താവിന്റെ ഫോട്ടോ പതിക്കേണ്ടതാണ്. | ഭാര്യയുടെ ഫോട്ടോ പതിക്കേണ്ടതാണ് |

4. വിവാഹത്തിൽ ഏർപ്പെട്ട കക്ഷികളുടെ വിശദ വിവരങ്ങൾ (വിവാഹ തീയതിയിൽ)

| **വിവരങ്ങൾ** | **ഭർത്താവ്** | **ഭാര്യ** |
|---|---|---|
| (എ) പൂർണ്ണമായ പേര് | | |
| (ബി) പൗരത്വം | | |
| (സി) വയസ്സും ജനനതീയതിയും, (എസ്.എസ്.എൽ.സി ബുക്ക്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, സ്കൂൾ പ്രവേശന രജിസ്റ്റർ, അല്ലെങ്കിൽ സർക്കാർ നൽകിയ ജനനതീയതി കാണിക്കുന്ന മറ്റു രേഖകൾ എന്നിവ പോലെയുള്ള മതിയായ തെളിവ് ഹാജരാക്കേണ്ടതാണ്.) | | |
| (ഡി, എ) തൊഴിൽ | | |
| (ഡി) സ്ഥിര മേൽവിലാസം | | |
| (ഇ) ഇപ്പോഴത്തെ മേൽവിലാസം | | |
| (എഫ്) മുമ്പ് വിവാഹിതനാണോ അല്ലയോ. വിവാഹിതൻ/ അവിവാഹിതൻ/ വിഭാര്യൻ/ വിധവ/ വിവാഹബന്ധം വേർപെടുത്തിയ ആൾ | | |
| (ജി) ഏതെങ്കിലും ജീവിത പങ്കാളി ജീവിച്ചിരിപ്പുണ്ടോ (അതാണെങ്കിൽ എത്ര ജീവിത പങ്കാളി ജീവിച്ചിരിപ്പുണ്ട്) | | |
| (എച്ച്) തീയതിയോടുകൂടിയുള്ള ഒപ്പ് | | |
| (ഐ) പിതാവിന്റെ അഥവാ രക്ഷാകർത്താവിന്റെ പേരും ബന്ധവും | | |
| (ജെ) വയസ്സ് | | |
| (കെ) മേൽവിലാസം | | |
| (എൽ) തീയതിയോടുകൂടിയുള്ള ഒപ്പ് (അയാൾ സമ്മതിക്കുന്ന കക്ഷിയാണെങ്കിൽ) | | |
| (എം) മാതാവിന്റെ പേര് | | |
| (എൻ) വയസ്സ് | | |
| (ഒ) മേൽവിലാസം | | |
| (പി) തീയതിയും ഒപ്പും (സമ്മതിക്കുന്ന ഒരുകക്ഷിയാണെങ്കിൽ) | | |

5. വിവാഹം നടന്നതിനുള്ള സാക്ഷികൾ

i (എ) പേര്

(ബി) മേൽ വിലാസം

(സി) ഒപ്പും തീയതിയും

ii (എ) പേര്

(ബി) മേൽവിലാസം

(സി) ഒപ്പും തീയതിയും

6. ചട്ടം 9/ചട്ടം 10 പ്രകാരം ആവശ്യമായ വിവാഹ രേഖകൾ ഏതെങ്കിലുമുണ്ടെങ്കിൽ അവയുടെ വിശദ വിവരം.

കക്ഷികളുടെ പ്രഖ്യാപനം

ഞങ്ങൾ ........................................................................................................................ ...... മേൽപ്പറഞ്ഞ വിവരങ്ങൾ ഞങ്ങളുടെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം ശരിയാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

കക്ഷികളുടെ ഒപ്പ്

സ്ഥലം : 1. ഭർത്താവ്

തീയതി : 2. ഭാര്യ

(ഓഫീസ് ആവശ്യത്തിന്)

..................................................തീയതിയിൽ / തപാൽ വഴി / നേരിട്ട് ലഭിച്ചു.

തദ്ദേശ രജിസ്ട്രാർ

വിവാഹ (പൊതു) രജിസ്റ്ററിൽ ................................ തീയതിയിൽ ........................ ................. രജിസ്ട്രേഷൻ നമ്പരായി രജിസ്റ്റർ ചെയ്തു.

## ഫാറം II

പാർലമെന്റ് അംഗം / നിയമസഭാംഗം/ഗസറ്റഡ് ഉദ്യോഗസ്ഥൻ/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അംഗം എന്നിവരുടെ പ്രഖ്യാപനം

(ചട്ടം 9 (3), 9 (4), ചട്ടം 10ഉം കാണുക)

ശ്രീ ..................................................................................................................................... .....................ഉം ശ്രീമതി ........................................................................................................ ....................... ഉം തമ്മിലുള്ള വിവാഹം ................................................................................ ............................................................ സ്ഥലത്തുവച്ച് ..................................... തീയതിയിൽ നടന്നിട്ടുള്ളതാണെന്നും ഇക്കാര്യം എനിക്ക് നേരിട്ടറിയാമെന്നും ഞാൻ .... ........................................................................ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : ഒപ്പ്

തീയതി : പേര്

(പാർലമെന്റ് അംഗം/നിയമസഭാംഗം/
ഗസറ്റഡ് ഓഫീസർ/തദ്ദേശ സ്വയംഭരണ
സ്ഥാപനത്തിലെ അംഗം)

## ഫാറം III

ചട്ടം 8 കാണുക

വിവാഹ (പൊതു) രജിസ്റ്റർ

1. വിവാഹ തീയതി :

2. വിവാഹ സ്ഥലം : തദ്ദേശ പ്രദേശം, വില്ലേജ്, താലൂക്ക്, ജില്ല (മണ്ഡപം, ഹാൾ, മുതലായവ വ്യക്തമാക്കുക)

3. .................................. ..............................................................................

..................................

..................................

ഭർത്താവിന്റെ ഒപ്പ്

ഭാര്യയുടെ ഒപ്പ്

ഭർത്താവിന്റെ ഫോട്ടോ പതിക്കേണ്ടതാണ്. ഭാര്യയുടെ ഫോട്ടോ പതിക്കേണ്ടതാണ്

4. വിവാഹത്തിൽ ഏർപ്പെട്ട കക്ഷികളുടെ വിശദ വിവരങ്ങൾ (വിവാഹ തീയതിയിൽ)

| വിവരങ്ങൾ | ഭർത്താവ് | ഭാര്യ |
|---|---|---|
| (എ) പൂർണ്ണമായ പേര് | | |
| (ബി) പൗരത്വം | | |
| (സി) വയസ്സും ജനനതീയതിയും, (എസ്.എസ്.എൽ.സി ബുക്ക്. | | |
| (ഡി, എ) തൊഴിൽ | | |
| (ഡി) സ്ഥിര മേൽവിലാസം | | |
| (ഇ) ഇപ്പോഴത്തെ മേൽവിലാസം | | |
| (എഫ്) മുമ്പ് വിവാഹിതനാണോ അല്ലയോ. വിവാഹിതൻ/ അവിവാഹിതൻ/ വിഭാര്യൻ വിധവ/ വിവാഹബന്ധം വേർപെടുത്തിയ ആൾ | | |
| (ജി) ഏതെങ്കിലും ജീവിത പങ്കാളി ജീവിച്ചിരിപ്പുണ്ടോ (അതാണെങ്കിൽ എത്ര | | |

ജീവിത പങ്കാളി ജീവിച്ചിരിപ്പുണ്ട്)

(എച്ച്) പിതാവിന്റെ അഥവാ
രക്ഷകർത്താവിന്റെ പേരും ബന്ധവും

(ഐ) വയസ്സ്

(ജെ) മേൽവിലാസം

(എൽ) മാതാവിന്റെ പേര്

(എം) വയസ്സ്

(ഒ) മേൽവിലാസം

5. വിവാഹം നടന്നതിനുള്ള സാക്ഷികൾ

i (എ) പേര്

(ബി) മേൽ വിലാസം

(സി) ഒപ്പും തീയതിയും

ii (എ) പേര്

(ബി) മേൽവിലാസം

(സി) ഒപ്പും തീയതിയും

6. മെമ്മോറാണ്ടം ലഭിച്ച തീയതി ..........................................

7. ചട്ടം 9/ചട്ടം 10 പ്രകാരം ആവശ്യമായ വിവാഹ രേഖകളുടെ വിശദമായ വിവരങ്ങൾ

8. വിവാഹം രജിസ്റ്റർ ചെയ്തു/വിവാഹം രജിസ്റ്റർ ചെയ്തില്ല (വിവാഹം രജിസ്റ്റർ ചെയ്തില്ലെങ്കിൽ അതിനുള്ള കാരണം രേഖപ്പെടുത്തേണ്ടതാണ്).

തദ്ദേശ രജിസ്ട്രാർ

തീയതി :

രജിസ്ട്രേഷൻ നമ്പർ : /വർഷം തീയതി ....................................

തദ്ദേശ രജിസ്ട്രാർ

## ഫാറം IV

ചട്ടം 11 (1) കാണുക

................................. വകുപ്പ്

വിവാഹ സാക്ഷ്യപത്രം

2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 11 (1) പ്രകാരം നൽകുന്നത്.

സാക്ഷ്യപത്രം നമ്പർ ....................................... തീയതി .................................

തദ്ദേശ പ്രദേശത്തിലെ തദ്ദേശ രജിസ്ട്രാറിന്റെ ഓഫീസിൽ ഫാറം നമ്പർ

III സൂക്ഷിച്ചിട്ടുള്ള വിവാഹ രജിസ്റ്ററിൽ നിന്നും താഴെ പറയുന്ന വിവരങ്ങൾ എഴുതിയിട്ടുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

1. വിവാഹ തീയതി :
2. വിവാഹ സ്ഥലം : (ഫാറം നമ്പർ III ലുള്ളതുപോലെ)
3. വിവാഹത്തിൽ ഏർപ്പെട്ട കക്ഷികളുടെ വിശദ വിവരം

(വിവാഹ തീയതിയിൽ)

വിശദ വിവരങ്ങൾ

ഭർത്താവ്

ഭാര്യ

(എ) പൂർണമായ പേര്

(ബി) പൗരത്വം

(സി) ജനനതീയതിയും വയസ്സും

(ഡി) തൊഴിൽ

(ഇ) സ്ഥിര മേൽവിലാസം

(എഫ്) മാതാപിതാക്കളുടെ പേരും അല്ലെങ്കിൽ

രക്ഷാകർത്താവിന്റെ പേരും ബന്ധവും

1. പിതാവ്
2. മാതാവ്
3. രക്ഷാകർത്താവ്

രജിസ്ട്രേഷൻ നമ്പർ .........................................../ വർഷം

രജിസ്ട്രേഷൻ തീയതി ....................................

തദ്ദേശ രജിസ്ട്രാർ

തദ്ദേശ പ്രദേശത്തിന്റെ പേര്

എന്റെ കൈയൊപ്പും മുദ്രയോടും കൂടി ............................................ തീയതിയിൽ നൽകിയത്.

●

# 17

## ഉപേക്ഷിക്കപ്പെട്ട ഭാര്യയ്ക്കും മക്കൾക്കും മാതാപിതാക്കൾക്കും ജീവനാംശം ലഭിക്കുന്നതിനുള്ള നിയമം (1973 – ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 125 – ാം വകുപ്പ്)

സാമൂഹ്യ വ്യവസ്ഥിതിയിലെ അടിസ്ഥാന ഘടകമാണ് കുടുംബം. സമൂഹത്തിന്റെ സുസ്ഥിരമായ നിലനിൽപ്പിന് കാരണം തന്നെ കെട്ടുറപ്പുള്ള കുടുംബ സംവിധാനങ്ങളും ആരോഗ്യകരമായ കുടുംബ ബന്ധങ്ങളും ആണ്. കുടുംബപരമായ കർത്തവ്യങ്ങൾ ചെയ്യാൻ അനുശാസിക്കുന്ന ക്രിമിനൽ നടപടി നിയമസംഹിതയിലെ 125-ാം വകുപ്പ്, പരിത്യക്തരായ ഭാര്യയ്ക്കും അവരുടെ കുട്ടികൾക്കും മക്കളുപേക്ഷിച്ച അച്ഛനമ്മമാർക്കും സുരക്ഷിതത്വം ഉറപ്പുവരുത്തിയിരിക്കുന്നു. ഭാര്യയ്ക്കും തന്നിൽ നിന്നും ജനിച്ച മക്കൾക്കും തനിക്ക് ജന്മം നൽകിയ അച്ഛനമ്മമാർക്കും ജീവനാംശം നൽകുന്നതിനെക്കുറിച്ച് ക്രിമിനൽ നടപടി നിയമസംഹിതയിൽ വിശദമായ അനുശാസനങ്ങൾ നൽകുന്നുണ്ട്.

നമ്മുടെ നാടിന്റെ വ്യവസ്ഥിതിയനുസരിച്ച് വിവാഹിതയായ സ്ത്രീയുടെ സംരക്ഷണം ഭർത്താവിൽ നിക്ഷിപ്തമായിരിക്കും. സ്വന്തമായ വരുമാനമാർഗങ്ങളോ തൊഴിലോ ഇല്ലാത്തതും ഭർത്താവിനെയും കുടുംബത്തെയും പരിപാലിച്ചു കഴിയുന്നതുമായ കുടുംബിനികളുടെ വിവാഹബന്ധത്തിൽ ഉലച്ചിൽ സംഭവിച്ചാൽ സ്ത്രീയുടെ ഉപജീവനമാർഗം തടസ്സപ്പെടുന്നു. ഇവിടെ ഉപജീവനമാർഗമില്ലാത്ത ഉപേക്ഷിക്കപ്പെടുന്ന സ്ത്രീക്ക് സംരക്ഷണം നൽകുന്നതിന് ഭർത്താവിന് ബാധ്യതയുണ്ടെന്ന് നിയമം അനുശാസിക്കുന്നു. ജീവനാംശത്തിന്റെ പേരിൽ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവ ഭർത്താവ് ഭാര്യക്ക് നൽകേണ്ടിവരുന്നു. കുട്ടികൾ പ്രായപൂർത്തിയാകാത്തവരാണെങ്കിൽ അവർക്കും മറ്റ് വരുമാനമാർഗമില്ലാത്ത അച്ഛനമ്മമാർക്കും ജീവനാംശം ലഭിക്കുന്നതിനും നിയമ പരിരക്ഷ ഉറപ്പുവരുത്തിയിരിക്കുന്നു.

മതിയായ സാമ്പത്തിക ഭദ്രതയുള്ള ഒരു വ്യക്തി താഴെ പറയുന്നവർക്ക് ജീവനാംശം നിഷേധിക്കുകയാണെങ്കിൽ അവർക്ക് ജീവനാംശം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

1. സ്വന്തം വരുമാനമാർഗമില്ലാത്ത ഭാര്യ.
2. നിയമാനുസൃതമായോ അല്ലാതെയോ ജനിച്ച പ്രായപൂർത്തിയാകാത്ത മക്കൾ.
3. കുട്ടികൾ പ്രായപൂർത്തിയായാലും ശാരീരികവും മാനസികവുമായ മറ്റ് വൈകല്യങ്ങൾ മൂലം സ്വന്തം കാലിൽ നിൽക്കാൻ കഴിയാത്തവർ.
4. സ്വന്തമായി വരുമാനമാർഗമില്ലാത്ത മാതാപിതാക്കൾ

ഒരു ഒന്നാം ക്ലാസ് മജിസ്ട്രേറ്റിന് (കുടുംബകോടതിയുള്ള സ്ഥലങ്ങളിൽ

കുടുംബകോടതിക്ക്) യുക്തമെന്നു തോന്നുന്ന ഒരു തുക പ്രതിമാസ ബത്തയായി മേൽപ്പറഞ്ഞ ആൾക്കാരുടെ സംരക്ഷണത്തിന് നൽകുവാൻ ഉത്തരവാകാവുന്നതാണ്. മൈനറായ കുട്ടികൾക്ക് പ്രായപൂർത്തിയാകുന്നതുവരെ ജീവനാംശത്തിന് അർഹതയുണ്ട്.

വിവാഹമോചനം, കോടതി മുഖാന്തരമുള്ള വേർപെടുത്തൽ, വിവാഹം അസാധുവാക്കൽ ഇവ ഹിന്ദു നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമാകുമ്പോൾ രണ്ടു ഘട്ടങ്ങളിലായി ജീവനാംശം നൽകാൻ വ്യവസ്ഥയുണ്ട്. കേസ് ആരംഭിക്കുമ്പോഴും നിലവിലിരിക്കുമ്പോഴും താൽക്കാലിക ജീവനാംശവും വ്യവഹാര ചെലവുകളും അനുവദിക്കുന്നു. കേസിന്റെ അന്തിമ വിധിയോടെ സ്ഥിരമായ ജീവനാംശം അനുവദിക്കുന്നു.

വിവാഹമോചനം നേടിയ ഭാര്യക്ക് ശേഷിക്കുന്ന കാലമത്രയും ജീവനാംശം ലഭിക്കുന്നതിനുള്ള അവകാശമുണ്ട്. ഭർത്താവിന്റെയും ഭാര്യയുടെയും വരുമാനം കണക്കിലെടുത്താണ് ഇത് നിശ്ചയിക്കുന്നത്. ഭാര്യ പുനർവിവാഹം ചെയ്യുകയോ അപഥമാർഗത്തിലൂടെ സഞ്ചരിക്കുകയോ ചെയ്താൽ ഈ അവകാശം നഷ്ടപ്പെടുന്നു. ഇതിനായി ഭർത്താവ് നിയമനടപടികളെ സ്വീകരിക്കേണ്ടതായി വരുന്നു. അവിഹിത ബന്ധത്തിൽ പിറക്കുന്ന കുട്ടികൾക്കും പിതാവിന്റെ സ്വത്തിനും ജീവനാംശത്തിനും അവകാശമുണ്ട്.

വൃദ്ധരായ മാതാപിതാക്കളുടെ അരക്ഷിതാവസ്ഥ ഇന്നത്തെ നമ്മുടെ സമൂഹം നേരിടുന്ന പ്രധാന പ്രശ്നമാണ്. ഇവരെ വിട്ട് സ്വന്തം സുഖം തേടി പോകുന്ന മക്കളുടെ എണ്ണം വർധിച്ചുവരികയാണ്. വൃദ്ധരായ അച്ഛന്റെയും അമ്മയുടെയും സംരക്ഷണം മക്കളിൽ നിക്ഷിപ്തമായിരിക്കുന്നുവെന്നും ഇവരെ ഉപേക്ഷിച്ച് പോകുന്ന പക്ഷം ഇവർക്ക് മതിയായ ജീവനാംശം നൽകുന്നതിനും ഉള്ള വ്യവസ്ഥ നിയമം അനുശാസിക്കുന്നു.

●

# 18

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങളും ശിക്ഷയും

ഒറ്റനോട്ടത്തിൽത്തന്നെ എളുപ്പത്തിൽ മനസ്സിലാക്കുന്നതിനായി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങളും ശിക്ഷയും പട്ടിക രൂപത്തിൽ നൽകിയിരിക്കുന്നു. ക്രമ നം., കുറ്റത്തിന്റെ സ്വഭാവം, ഏത് നിയമത്തിന്റെ പരിധിയിൽ വരുന്നു, നിയമത്തിലെ ഏത് വകുപ്പിന്റെ കീഴിൽ വരുന്നു, കുറ്റകൃത്യത്തിനുള്ള ശിക്ഷ എന്ന ക്രമത്തിലാണ് നൽകിയിരിക്കുന്നത്.

| ക്രമ നം. | കുറ്റം | നിയമം | വകുപ്പ് | ശിക്ഷ |
|---|---|---|---|---|
| 1 | പൊതുസ്ഥലത്ത് വച്ച് ഏതെങ്കിലും അശ്ലീല കൃത്യം ചെയ്യുക, അശ്ലീല പാട്ടോ വാക്കോ അസഭ്യമോ പറയുകയോ പാടുകയോ, ഉച്ചരിക്കുകയോ ചെയ്ത് മറ്റുള്ളവർക്ക് ഉപദ്രവം ഉണ്ടാക്കുക. | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 294 | 3 മാസം വരെ തടവ് / പിഴ അല്ലെങ്കിൽ രണ്ടും കൂടിയും |
| 2 | സ്ത്രീധന മരണം (പൊള്ളൽ / മുറിവ് മൂലം / വിവാഹം കഴിഞ്ഞ് 7 (ഏഴ്) വർഷത്തിനുള്ളിൽ / സ്വാഭാവികമല്ലാതെ മരണം സംഭവിച്ചാൽ). | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 304 B | 7 വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ യാകാവുന്ന തടവും. |
| 3 | പന്ത്രണ്ടു വയസ്സിനു താഴെ പ്രായമുള്ള കുട്ടിയെ മാതാപിതാക്കളോ കുട്ടിയുടെ സംരക്ഷണ ചുമതലയുള്ള ആളോ പരിത്യജിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുക. | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 317 | 7 വർഷം തടവോ പിഴയോ രണ്ടും കൂടിയോ |
| 4 | മാനഭംഗപ്പെടുത്തണമെന്ന ഉദ്ദ്യേശത്തോടു കൂടി സ്ത്രീയുടെ നേരെ നടത്തുന്ന കൈയേറ്റമോ കുറ്റകരമായ ബലപ്രയോഗമോ. | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 354 | 1 മുതൽ 5 വർഷം തടവും പിഴയും. |

| | | | | |
|---|---|---|---|---|
| 5. | അശ്ലീല പരാമർശം, അനാവശ്യമായി ശരീര ഭാഗങ്ങളിൽ സ്പർശിക്കുക, ലൈംഗിക വേഴ്ച്ചയ്ക്ക് ക്ഷണിക്കുക തുടങ്ങിയവ. | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 354 A | 3 വർഷം കഠിന തടവോ പിഴയോ രണ്ടും കൂടിയോ. |
| 6. | വസ്ത്രഹീനയാക്കക എന്ന ഉദ്ദ്യേശത്തോടുകൂടിയുള്ള കൈയ്യേറ്റം / ആക്രമണം | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 354 B | 3 മുതൽ 7 വർഷം വരെ തടവും പിഴയും. |
| 7 (i) | സ്വകാര്യമായി ചെയ്യുന്ന പ്രവൃത്തി ഒളിഞ്ഞ് നോക്കുകയോ ഫോട്ടോ എടുക്കുകയോ അത് പ്രചരിപ്പിക്കുകയോ ചെയ്യുക. | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 354 C | 1 മുതൽ 3 വർഷം വരെ തടവും പിഴയും |
| (ii) | മേൽ കുറ്റം ആവർത്തിച്ചാൽ | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 354 C | 3 മുതൽ 7 വർഷം വരെ തടവും പിഴയും. |
| 8 (i) | നിരന്തരം പിന്തുടർന്ന് ശല്യം ചെയ്യുക | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 354 D | 3 വർഷം വരെ തടവും പിഴയും |
| (ii) | മേൽ കുറ്റം ആവർത്തിച്ചാൽ | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 354 D | 5 വർഷം വരെ തടവും പിഴയും |
| 9 | സ്ത്രീയെ അപഹരിച്ച് വിവാഹത്തിനോ അവിഹിത സംഗത്തിനോ നിർബന്ധിക്കുക. | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 366 | 10 വർഷം തടവും പിഴയും |
| 10 | മൈനറായ (18 വയസ്സിനു താഴെ പ്രായമുള്ള) പെൺകുട്ടിയെ വശീകരിച്ച് വിവാഹത്തിനോ അവിഹിത സംഗത്തിനോ പ്രലോഭിപ്പിക്കുകയോ ഏതെങ്കിലും കൃത്യം ചെയ്യുന്നതിനോ നിർബന്ധിക്കുക. | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 366 A | 10 വർഷം തടവും പിഴയും |
| 11 | മൈനറെ വേശ്യാവൃത്തിക്കോ അവിഹിത സംഗത്തിനോ നിയമവിരുദ്ധവും അസാന്മാർ ഗികവുമായ ഏതെങ്കിലും കാര്യത്തിനോ വിൽക്കുകയോ കൂലിക്കു കൊടുക്കുയോ മറ്റുവിധത്തിൽ കൈയ്യൊഴി യുകയോ ചെയ്യുക. | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 372 | 10 വർഷം തടവും പിഴയും. |

| | | | | |
|---|---|---|---|---|
| 12 | മൈനറെ വേശ്യാവൃത്തിക്കോ അവിഹിത സംഗത്തിനോ നിയമവിരുദ്ധവും അസാന്മാർ ഗികവുമായ കാര്യത്തിനോ, കൂലിക്കുകൊടുക്കുകയോ മറ്റു വിധത്തിൽ കൈവശമാക്കുകയോ ചെയ്യുക. | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 373 | 10 വർഷം തടവും പിഴയും. |
| 13 | ബലാൽസംഗം | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 376 | 10 വർഷത്തിൽ കുറയാത്ത കഠിന തടവോ അല്ലെങ്കിൽ ജീവര്യന്തം വരെ യാകാവുന്ന തടവും പിഴയും. |
| 14 | ബലാൽസംഗത്തിനിരയായ സ്ത്രീ മരിക്കുവാനിടയായാൽ | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 376 A | 20 വർഷത്തിൽ കുറയാത്ത കഠിന തടവ്, ജീവര്യന്തം/ മരണശിക്ഷ |
| 15 | വേർപിരിഞ്ഞു കഴിയുന്ന കാലയളവിൽ ഭർത്താവ് തന്റെ ഭാര്യയുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടാൽ | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 376 B | 2 വർഷം മുതൽ 7 വരെ തടവും പിഴയും |
| 16 | പൊതു അധികാരസ്ഥാ നത്തുള്ള ജീവനക്കാരനോ ജയിൽ / ആശുപത്രിയിലെ ജീവനക്കാരനോ മാനേജ്മെന്റ് അംഗമോ ജീവനക്കാരിയുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടാൽ. | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 376 C | 5 മുതൽ 10 വർഷം വരെയാകാവുന്ന കഠിനതടവും പിഴയും. |
| 17 | കൂട്ട ബലാൽസംഗം | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 376 D | 20 വർഷത്തിൽ കുറയാത്ത കഠിന തടവ്, ജീവര്യന്തം / മരണ ശിക്ഷയും പിഴയും. |
| 18 | മേൽ കുറ്റം (376/376A/376 D) ആവർത്തിച്ചാൽ | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 376 E | ജീവര്യന്തം/മരണ ശിക്ഷ |
| 19 | പ്രകൃതി വിരുദ്ധ ലൈംഗിക കുറ്റങ്ങൾ (പ്രകൃതിവിരുദ്ധമായി ഒരു സ്ത്രീയുമായി ലൈംഗിക ബന്ധം ചെയ്യുക) | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 377 | ജീവര്യന്തം തടവ് / 10 വർഷം തടവും പിഴയും. |

| | | | | |
|---|---|---|---|---|
| 20 | നിയമസാധുതയുള്ള ഭാര്യയോ ഭർത്താവോ ജീവിച്ചിരിക്കുമ്പോൾ വീണ്ടും വിവാഹം കഴിക്കുക. | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 494 | 7 വർഷം തടവും പിഴയും. |
| 21 | ഒരുസ്ത്രീയുടെ ഭർത്താവോ ടിയാന്റെ ബന്ധുവോ അവളെ ക്രൂരതയ്ക്ക് വിധേയമാക്കുക (ശാരീരികമായോ മാനസികമായോ പീഡിപ്പിക്കുക) | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 498 A | 3 വർഷം തടവ് / പിഴ |
| 22 | കുറ്റകരമായ ഭയപ്പെടുത്തൽ | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 506 (1) പിഴയോ | 2 വർഷം തടവോ രണ്ടും കൂടിയോ. |
| 23 | മരണമോ, കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കാൻ ഇടയാക്കുമെന്നോ, വേണ്ടപ്പെട്ടയാളിന് അപകീർത്തി ഉണ്ടാക്കുമെന്ന് ഭയപ്പെടുത്തുകയോ, സ്ത്രീക്ക് ചാരിത്ര്യ ശുദ്ധിയില്ലെന്ന് ദോഷാരോപണം നടത്തുകയോ ചെയ്യുക. | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 506 (2) | 7 വർഷം വരെ തടവോ, പിഴയോ രണ്ടും കൂടിയോ. |
| 24 | സ്ത്രീയുടെ മര്യാദ/മാനത്തെ അധിക്ഷേപിക്കണമെന്ന് ഉദ്ദ്യേശിച്ചുകൊണ്ടുള്ള വാക്കോ ആംഗ്യമോ പ്രവൃത്തിയോ ശബ്ദങ്ങൾ ഉണ്ടാക്കുകയോ ചേഷ്ടകൾ ചെയ്യുകയോ വല്ല സാധനത്തെ കാണിക്കുകയോ സ്ത്രീയുടെ സ്വന്തവും രഹസ്യവുമായ കാര്യങ്ങളിൽ അതിക്രമിക്കുകയോ ചെയ്യുക. | 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം. | 509 | 3 വർഷം വരെ തടവും പിഴയും. |
| 25 | പൊതു സ്ഥലത്ത് സ്ത്രീകളുടെ അന്തസ്സ് ഹനിക്കുന്ന വിധം ലൈംഗിക ചേഷ്ടയോ പ്രവൃത്തിയോ ചെയ്യുക. | 2011 ലെ കേരള പോലീസ് ആക്ട് | 119 (a) | 3 വർഷം തടവും /1000 രൂപവരെയാകാവുന്ന പിഴയും |

| | | | | |
|---|---|---|---|---|
| 26 | സ്വകാര്യതയ്ക്ക് ഭംഗം വരത്തക്കരീതിയിലുള്ള ഫോട്ടോയോ വീഡിയോയോ എടുക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുക. | 2011 ലെ കേരള പോലീസ് ആക്ട് | 119 (b) | 3 വർഷം തടവും / 1000 രൂപ വരെ യാകാവുന്ന പിഴയും. |
| 27 | കുട്ടികൾക്ക് നേരെയുള്ള ലൈംഗികാക്രമണം | 2012 ലെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം (പോക്സോ നിയമം) | 3&4 | 7 വർഷ ത്തിൽ കുറയാത്തതും ജീവപര്യന്തം വരെ ആകാവുന്ന തടവും പിഴയും. |
| 28 | ആയുധങ്ങളുപയോഗിച്ചോ മുറിവേല്പിച്ചുകൊണ്ടോ മറ്റു വിധത്തിലോ കുട്ടികൾക്കു നേരെ നടത്തുന്ന ലൈംഗി കാക്രമണം. | 2012 ലെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം (പോക്സോ നിയമം) | 5&6 | 10 വർഷത്തിൽ കുറയാത്ത കഠിന തടവും ജീവപര്യന്തം വരെയാകാവുന്നതുമായ തടവും പിഴയും . |
| 29 | കുട്ടികൾക്കു നേരെയുള്ള ലൈംഗിക പീഡനം | 2012 ലെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം (പോക്സോ നിയമം) | 11&12 | 3 വർഷം വരെ തടവും പിഴയും. |
| 30 (i) | ഇന്റർനെറ്റ്, ടെലിവിഷൻ മാധ്യമങ്ങൾ എന്നിവ വഴി കുട്ടികളുടെ ശരീരഭാഗങ്ങളുടെ പ്രദർശനം | 2012 ലെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം (പോക്സോ നിയമം) | 13&14 | 5 വർഷം വരെ തടവും പിഴയും. |
| (ii) | മേൽ കുറ്റം ആവർത്തിച്ചാൽ | 2012 ലെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം (പോക്സോ നിയമം) | 13&14 | 7 വർഷം വരെ തടവും പിഴയും. |
| 31 | സ്ത്രീധനം വാങ്ങുകയോ കൊടുക്കുകയോ അതിനു പ്രേരിപ്പിക്കുകയോ ചെയ്യുക. | 1961 ലെ സ്ത്രീധന നിരോധന നിയമം | 3 | 5 വർഷത്തിൽ കുറ യാത്ത തടവും 15000 രൂപ / സ്ത്രീധനത്തിനു സമാനമായ തുക പിഴയും. |

| | | | | |
|---|---|---|---|---|
| 32 | നേരിട്ടോ അല്ലാതെയോ സ്ത്രീധനം ആവശ്യപ്പെടുക. | 1961 ലെ സ്ത്രീധന നിരോധന നിയമം | 4 | 6 മാസം മുതൽ 5 വർഷം വരെ തടവും 15000 രൂപ പിഴയും. |
| 33 | വിവാഹ പാരിതോഷിക ത്തെപ്പറ്റിയുള്ള പരസ്യം | 1961 ലെ സ്ത്രീധന നിരോധന നിയമം | 4 A | 6 മാസം മുതൽ 5 വർഷം വരെ തടവും 15000 രൂപ പിഴയും. |
| 34 (i) | വേശ്യാലയം നടത്തുകയോ തന്റെ കെട്ടിടത്തിൽ അതിന് അനുമതി നൽകുകയോ ചെയ്യുക. | 1956 ലെ വ്യഭിചാര വ്യാപാരം തടയൽ നിയമം. | 3 | 1 വർഷം മുതൽ 3 വർഷം വരെ കഠിന തടവും 2000 രൂപ പിഴയും. |
| (ii) | മേൽ കുറ്റം ആവർത്തിച്ചാൽ | 1956 ലെ വ്യഭിചാര വ്യാപാരം തടയൽ നിയമം. | 3 | 2 വർഷം മുതൽ 5 വർഷം വരെ കഠിന തടവും 2000 രൂപ പിഴയും. |
| 35 | വേശ്യാവൃത്തിക്ക് ഏർപ്പെടുത്തുയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുക. | 1956 ലെ വ്യഭിചാര വ്യാപാരം തടയൽ നിയമം. | 5 | 3 വർഷം മുതൽ 7 വർഷം വരെ കഠിന തടവും 2000 രൂപ പിഴയും. |
| 36 (i) | മൊബൈൽ ക്യാമറ, വീഡിയോ, ഇന്റർനെറ്റ്, ടെലിവിഷൻ മുതലായ ഇലക്ട്രോണിക് ഉപകരണങ്ങൾ വഴിയോ അല്ലാതെയോ ലൈംഗിക കൃത്യങ്ങളുടെ ഫോട്ടോ പ്രദർശിപ്പിക്കുകയോ സംപ്രേഷണം ചെയ്യുകയോ ചെയ്യുക. | 2000 ലെ ഇൻഫർ മേഷൻ ടെക്നോളജി നിയമം | 67A | 5 വർഷം വരെ യാകാവുന്ന തടവും 10 രക്ഷം രൂപ വരെയാകാവുന്ന പിഴയും. |
| (ii) | മേൽ കുറ്റം ആവർത്തിച്ചാൽ | 2000 ലെ ഇൻഫർ മേഷൻ ടെക്നോളജി നിയമം | 67 A | 7 വർഷം വരെ യാകാവുന്ന തടവും 10 ലക്ഷം രൂപ വരെയാകാവുന്ന പിഴയും. |

●

# 19

## സൈബർ കുറ്റകൃത്യങ്ങൾ

കംപ്യൂട്ടർ, ഇന്റർനെറ്റ്, സൈബർ സ്പേസ്, വേൾഡ് വൈഡ് വെബ് എന്നിവ ഉപയോഗിച്ചുള്ള നിയമവിരുദ്ധ പ്രവൃത്തികളാണ് സൈബർ കുറ്റകൃത്യങ്ങൾ എന്ന് പറയുന്നത്. മോഷണം, തട്ടിപ്പ്, വ്യാജരേഖ ചമയ്ക്കൽ, അപകീർത്തിപ്പെടുത്തൽ തുടങ്ങിയ ഇന്ത്യൻ ശിക്ഷാ നിയമത്തിൽ പറഞ്ഞിട്ടുള്ള കുറ്റകൃത്യങ്ങൾ ഒരു കംപ്യൂട്ടർ ഉപയോഗിച്ച് ചെയ്യുമ്പോൾ അത് സൈബർ കുറ്റകൃത്യമായിത്തീരുന്നു.

### സൈബർ നിയമങ്ങൾ

കമ്മ്യൂണിക്കേഷൻ ടെക്നോളജി അതായത് ഇന്റർനെറ്റിന്റെ ഉപയോഗവുമായി ബന്ധപ്പെട്ടിട്ടുള്ള നിയമവിഷയങ്ങളെ സംബന്ധിച്ച് വിവരിക്കുന്ന നിയമമാണ് സൈബർ നിയമം. സൈബർ നിയമങ്ങളെക്കുറിച്ചും സൈബർ കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷാവിധികളെക്കുറിച്ചും വിവരിച്ചുകൊണ്ട് ഇൻഫർമേഷൻ ടെക്നോളജി നിയമം കേന്ദ്ര സർക്കാർ 2000-ൽ പാസ്സാക്കുകയും അതിന് 2008-ൽ ഭേദഗതി വരുത്തുകയുമുണ്ടായി. പ്രസ്തുത നിയമത്തിന്റെ 9-ാം അധ്യായത്തിൽ സൈബർ നിയമങ്ങളുടെ ലംഘനത്തെ സംബന്ധിച്ചും അതിനുള്ള ശിക്ഷാവിധികളെ സംബന്ധിച്ചും പ്രതിപാദിക്കുന്നുണ്ട്. അവയിൽ സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ചില കുറ്റകൃത്യങ്ങളും അവയ്ക്ക് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷകളും താഴെ പറയും പ്രകാരമാണ്.

### ഇന്റർനെറ്റ് വഴിയും സെൽഫോൺ വഴിയുമുള്ള ആശയവിനിമയം കുറ്റകരമാകുന്നത്

ഒരാൾ മനപൂർവമായോ, അറിഞ്ഞുകൊണ്ടോ ഒരു സ്ത്രീയുടേയോ, പുരുഷന്റേയോ സമ്മതമില്ലാതെ അവരുടെ സ്വകാര്യഭാഗങ്ങളുടെ വീഡിയോയോ, ഫോട്ടോയോ എടുക്കുകയോ അവ സംപ്രേഷണം ചെയ്യുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നത് ശിക്ഷാർഹമാണ്. പ്രസ്തുത കുറ്റത്തിന് മൂന്ന് വർഷം വരെയാകാവുന്ന തടവോ, രണ്ട് ലക്ഷം വരെയാകാവുന്ന പിഴയോ, രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്. ഏതെങ്കിലും ഇലക്ട്രോണിക് മാധ്യമം വഴി ലൈംഗികപരമായ ഏതെങ്കിലും പ്രവൃത്തി സംപ്രേഷണം ചെയ്യുകയോ വിതരണം ചെയ്യുകയോ അതിന് ഇടയാക്കുകയോ ചെയ്യുന്നത് ശിക്ഷാർഹമായ കുറ്റകൃത്യമാണ്. പ്രസ്തുത കുറ്റകൃത്യം ചെയ്യുന്നയാളിന് അഞ്ച് വർഷം വരെയാകാവുന്ന തടവോ, പത്ത് ലക്ഷം രൂപ വരെ പിഴയോ, രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്. ഏതെങ്കിലും വ്യക്തി കുട്ടികൾ ഉൾപ്പെടുന്ന ലൈംഗിക പ്രവൃത്തികളുടെ വീഡിയോ ചിത്രങ്ങളോ ഫോട്ടോകളോ ശേഖരിക്കുകയോ ബ്രൗസ് ചെയ്യുകയോ ഡൗൺ ലോഡ് ചെയ്യുകയോ പരസ്യം ചെയ്യുകയോ കൈമാറ്റം

ചെയ്യുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നതും, കുട്ടികൾ ആഭാസകരമായ പ്രവൃത്തികൾ ചെയ്യുന്നതിന് പ്രേരിപ്പിക്കുന്നതും, കുട്ടികൾക്ക് ഓൺലൈൻ വഴിയുള്ള ദുർവിനിയോഗം സാധ്യമാക്കുന്നതും കുട്ടികളുമായുള്ള ലൈംഗിക പ്രവൃത്തികൾ ഏതെങ്കിലും ഇലക്ട്രോണിക് മാധ്യമം വഴി റെക്കോഡ് ചെയ്യുന്നതും ശിക്ഷാർഹമാണ്. അപ്രകാരമുള്ള കുറ്റത്തിന് അഞ്ച് വർഷം വരെയാകാവുന്ന തടവിനും പത്ത് ലക്ഷം രൂപ വരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടുന്നതാണ്. കുറ്റം ആവർത്തിച്ചാൽ ഏഴ് വർഷം തടവും പത്ത് ലക്ഷം വരെ പിഴയും വീണ്ടും ലഭിക്കുന്നതാണ്.

## ഇന്ത്യൻ ശിക്ഷാ നിയമത്തിൻ കീഴിൽ വരുന്ന പ്രധാന സൈബർ കുറ്റകൃത്യങ്ങളും ശിക്ഷയും

ഒരു വ്യക്തിയുടെ യശസ്സിന് ഭംഗം വരുത്തണമെന്ന ഉദ്ദ്യേശ്യത്തോടുകൂടി ഏതെങ്കിലും രേഖയോ, ഇലക്ട്രോണിക് റെക്കോഡോ, വ്യാജമായി നിർമിക്കുന്ന ആൾക്ക് മൂന്ന് വർഷം വരെ ആകാവുന്ന കഠിന തടവിനോ, വെറും തടവിനോ ശിക്ഷിക്കപ്പെടുന്നതും കൂടാതെ പിഴശിക്ഷയ്ക്ക് അർഹനാകുന്നതുമാണ്.

ഒരാൾ ഏതെങ്കിലും സ്ത്രീയുടെ മാനത്തെ അധിക്ഷേപിക്കണമെന്ന ഉദ്ദ്യേശ്യത്തോടകൂടി ആ സ്ത്രീ കേൾക്കുവാനോ, കാണുവാനോ വേണ്ടി ഏന്തെങ്കിലും വാക്കോ, ശബ്ദമോ പുറപ്പെടുവിക്കുകയോ, ആംഗ്യം കാണിക്കുകയോ, ഏതെങ്കിലും പ്രദർശിപ്പിക്കുകയോ അല്ലെങ്കിൽ സ്ത്രീയുടെ ഏകാന്തതയെ അതിക്രമിക്കുകയോ ചെയ്യുകയാണെങ്കിൽ അയാൾ ഒരു വർഷത്തോളമാകാവുന്ന കാലത്തേക്ക് വെറും തടവുശിക്ഷയ്ക്കോ, പിഴശിക്ഷയ്ക്കോ രണ്ടിനും കൂടിയോ അർഹനാകുന്നതാണ്.

ഇ-മെയിൽ വഴിയോ ചാറ്റിംഗ് വഴിയോ ഏതെങ്കിലും ആളെ കുറ്റകരമായ ഭയപ്പെടുത്തലിനു വിധേയമാക്കുന്നുവെങ്കിൽ അയാൾ അപ്രകാരമുള്ള കുറ്റത്തിന് രണ്ടു വർഷം വരെയാകാവുന്ന കഠിന തടവിനോ, വെറും തടവിനോ പിഴയ്ക്കോ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടുന്നതാണ്.

●

# 20

## ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കൽ ആക്റ്റ്, 2012

ലൈംഗിക ആക്രമണം, ലൈംഗിക പീഡനം, അശ്ലീലത തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനും അത്തരം കേസുകളുടെ വിചാരണയ്ക്കു വേണ്ടി സ്പെഷൽ കോടതികൾ സ്ഥാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കും വേണ്ടി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നിയമമാണ് 2012-ലെ ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കൽ ആക്റ്റ് (POCSO Act, 2012). ഈ ആക്റ്റ് 2012 നവംബർ മാസം 14-ാം തീയതി പ്രാബല്യത്തിൽ വന്നു. ഇത് ഭാരതം മുഴുവനും ബാധകമാണ്.

### കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങളും അതിനുള്ള ശിക്ഷയും

**(എ) ലൈംഗിക കടന്നുകയറ്റത്തിലൂടെയുള്ള ആക്രമണം**

ഒരു വ്യക്തി ഒരു കുട്ടിയോട് ലൈംഗിക കടന്നുകയറ്റത്തിലൂടെയുള്ള ആക്രമണം നടത്തുകയാണെങ്കിൽ അയാൾക്ക് ഏഴ് വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെയാകാവുന്നതുമായ കഠിന തടവ് അല്ലെങ്കിൽ വെറും തടവും കൂടാതെ പിഴയും ശിക്ഷയായി ലഭിക്കുന്നതാണ്.

**(ബി) ഗൗരവകരമായ ലൈംഗിക കടന്നുകയറ്റത്തിലൂടെയുള്ള ആക്രമണവും ശിക്ഷയും**

ഒരു പോലീസ് ഓഫീസർ അയാളെ നിയമിച്ചിട്ടുള്ളതോ, അല്ലാത്തയോ ആയ പൊലീസ് സ്റ്റേഷൻ പരിസരത്തുവച്ചോ, അയാളുടെ ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിലോ അല്ലാതെയോ, അയാൾ പോലീസ് ഓഫീസറാണെന്നു തിരിച്ചറിയുന്ന സ്ഥലത്തു വച്ചോ ഒരു കുട്ടിയിൻമേൽ ലൈംഗിക കടന്നു കയറ്റം നടത്തുകയോ;

ഒരു സൈന്യത്തിലേയോ സംരക്ഷണ സേനയിലെയോ അംഗം അയാളെ വിന്യസിച്ചിട്ടുള്ള സ്ഥലത്തിന്റെ പരിധിയിൽ വച്ചോ ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിലോ അയാളെ സൈന്യത്തിലെ അംഗമെന്ന നിലയിൽ തിരിച്ചറിയുന്ന സ്ഥലത്തുവച്ചോ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനോ ജീവനക്കാരനോ ഒരു കൂട്ടം ആൾക്കാരോ സംഘം ചേർന്നോ ഒരു കുട്ടിയെ ലൈംഗിക ആക്രമണത്തിനു വിധേയമാക്കുകയോ, മാരകായുധങ്ങൾ, ചുടുള്ള വസ്തുക്കൾ, തീയ്, എന്നിവ

ഉപയോഗിച്ച് ലൈംഗിക ആക്രമണത്തിന് വിധേയമാക്കുകയോ ലൈംഗികാക്രമണത്തിന്റെ ഫലമായി കുട്ടിക്ക് ഗുരുതര മുറിവുണ്ടാകുകയോ, കുട്ടി ഗർഭിണിയാവുകയോ മാനസിക/ശാരീരിക വൈകല്യങ്ങൾ ഉണ്ടാവുകയോ ചെയ്യുക തുടങ്ങിയ ക്രൂരമായ പ്രവൃത്തികളെ ഗൗരവകരമായ ലൈംഗിക കടന്നു കയറ്റമെന്ന് പറയാവുന്നതാണ്. മേൽപ്പറഞ്ഞ കുറ്റകൃത്യം ചെയ്യുന്ന ആൾ പത്ത് വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ ആകാവുന്ന കാലത്തേക്ക് കഠിന തടവിനും കൂടാതെ പിഴ ശിക്ഷയ്ക്കും അർഹനാകുന്നതാണ്.

**(സി) ലൈംഗിക ആക്രമണവും ശിക്ഷയും**

ലൈംഗിക ഉദ്ദേശ്യത്തോടുകൂടി ഒരാൾ കുട്ടിയുടെ സ്വകാര്യ ഭാഗങ്ങളിലോ ലിംഗത്തിലോ മാറിലോ സ്പർശിക്കുകയോ മറ്റാരുടെയെങ്കിലും സ്വകാര്യ ഭാഗങ്ങളിലോ ലിംഗത്തിലോ മാറിലോ സ്പർശിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ അയാൾ മൂന്ന് വർഷത്തിൽ കുറയാത്തതും അഞ്ച് വർഷം വരെയാകാവുന്നതും രണ്ടിലേതെങ്കിലും തരത്തിലുള്ള തടവു ശിക്ഷയ്ക്കും പിഴ ശിക്ഷയ്ക്കും അർഹനാകുന്നതാണ്.

**(ഡി) ഗൗരവകരായ ലൈംഗിക ആക്രമണവും ശിക്ഷയും**

ഗൗരവകരമായ ലൈംഗിക ആക്രമണം നടത്തുന്ന ഏതൊരാൾക്കും അഞ്ച് വർഷത്തിൽ കുറയാത്തതും ഏഴ് വർഷം വരെ ആകാവുന്നതുമായ കഠിന തടവിനോ സാധാരണ തടവിനോ കൂടാതെ പിഴയും ശിക്ഷയായി ലഭിക്കുന്നതാണ്.

**(ഇ) ലൈംഗിക പീഡനവും അതിനുള്ള ശിക്ഷയും**

ഒരാൾ ലൈംഗിക ഉദ്ദേശ്യത്തോടുകൂടി ഒരു കുട്ടി കേൾക്കുകയോ കാണുകയോ ചെയ്യുന്നതിനായി എന്തെങ്കിലും പറയുകയോ ശബ്ദം പുറപ്പെടുവിക്കുകയോ ഏതെങ്കിലും ആംഗ്യം കാണിക്കുകയോ ശരീരഭാഗം പ്രദർശിപ്പിക്കുകയോ അല്ലെങ്കിൽ അശ്ലീലതയ്ക്കും വേണ്ടി ഏതെങ്കിലും സാധനം കുട്ടിയെ കാണിക്കുകയോ നേരിട്ടോ ഇലക്ട്രോണിക് മാധ്യമം വഴിയോ കുട്ടിയെ പിന്തുടരുകയോ നിരീക്ഷിക്കുകയോ ബന്ധപ്പെടുകയോ ചെയ്യുകയോ അശ്ലീല കാര്യങ്ങൾക്കായി കുട്ടിയെ വശീകരിക്കുകയോ അതിനായി പാരിതോഷികം നൽകുകയോ ചെയ്യുന്നതിനെ ലൈംഗിക പീഡനം എന്നു പറയാവുന്നതാണ്. കുട്ടിയെ ലൈംഗികമായി പീഡിപ്പിക്കുന്ന ആളിന് മൂന്ന് വർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയും പിഴ ശിക്ഷയും ലഭിക്കുന്നതാണ്.

**(എഫ്) അശ്ലീല കാര്യങ്ങൾക്കുവേണ്ടി കുട്ടിയെ ഉപയോഗിക്കുന്നതും അതിനുള്ള ശിക്ഷയും**

ഒരാൾ ഒരു കുട്ടിയെ ഏതെങ്കിലും മാധ്യമത്തിലൂടെ (പരസ്യങ്ങളടക്കം ടെലിവിഷൻ ചാനലുകളിലൂടെയുള്ള സംപ്രേഷണം അല്ലെങ്കിൽ ഇന്റർനെറ്റിലൂടെയോ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയോ അച്ചടി മാധ്യമങ്ങളിലൂടെയോ) ലൈംഗിക സംതൃപ്തിക്കായി കുട്ടിയുടെ ലൈംഗിക അവയവത്തിന്റെ പ്രദർശനം നടത്തുകയോ ലൈംഗിക കൃത്യങ്ങൾക്കായി കുട്ടിയെ ഉപയോഗിക്കുകയോ, ആഭാസകരമായ/അശ്ലീലകരമായ രീതിയിൽ കുട്ടിയെ പ്രദർശിപ്പിക്കുകയോ ചെയ്താൽ

അയാളെ കുട്ടിയെ അശ്ലീലകാര്യങ്ങൾക്ക് ഉപയോഗിച്ചു എന്ന കുറ്റത്തിന് കുറ്റക്കാരനാക്കാവുന്നതാണ്. അപ്രകാരമുള്ള കുറ്റം ചെയ്യുന്ന ആൾ അഞ്ച് വർഷം വരെ ആകാവുന്ന കഠിന തടവിനോ സാധാരണ തടവിനോ കൂടാതെ പിഴ ശിക്ഷയ്ക്കും അർഹനാകുന്നതാണ്.

വാണിജ്യ ആവശ്യത്തിനായി കുട്ടി ഉൾപ്പെടുന്ന അശ്ലീലസാമഗ്രികൾ ശേഖരിച്ചു വയ്ക്കുന്നയാൾ മൂന്ന് വർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയ്ക്കും പിഴശിക്ഷയ്ക്കും അർഹനാകുന്നതാണ്. ഒരാൾ കുറ്റകൃത്യം ചെയ്യാൻ പ്രേരിപ്പിക്കുകയും പ്രേരണയെത്തുടർന്ന് കൃത്യം നടക്കുകയും ചെയ്താൽ പ്രേരിപ്പിക്കന്നയാളിന് ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷ ലഭിക്കുന്നതാണ്. കുറ്റകൃത്യം ചെയ്യാനോ ചെയ്യിക്കാനോ ശ്രമിച്ചാൽ ജീവപര്യന്തം തടവിന്റെ പകുതിയോളമാകാവുന്ന കാലത്തേക്കോ ഉള്ള തടവിനോ പിഴയ്ക്കോ രണ്ടിനും കൂടിയോ ഉള്ള ശിക്ഷയ്ക്ക് അർഹനാകുന്നതാണ്.

## കേസുകൾ റപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടിക്രമം

## കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്

ഈ ആക്റ്റ് പ്രകാരമുള്ള കുറ്റം നടക്കാൻ സാധ്യതയുണ്ടെന്ന് കുട്ടി ഉൾപ്പെടെ ആർക്കെങ്കിലും ആശങ്കയുണ്ടെങ്കിലോ നടന്നു എന്നറിവുണ്ടെങ്കിലോ ആ വിവരം സ്പെഷൽ ജുവനൈൽ പൊലീസ് യൂണിറ്റിനോ ലോക്കൽ പൊലീസിനോ നൽകേണ്ടതാണ്. പ്രസ്തുത റിപ്പോർട്ട് രേഖാമൂലമാക്കുകയും ഒരു നമ്പർ നൽകുകയും വിവരം നൽകിയ ആളിനെ അതു വായിച്ചു കേൾപ്പിക്കുകയും പൊലീസ് യൂണിറ്റിൽ വച്ചിട്ടുള്ള ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്യണം. കുട്ടിക്ക് മനസ്സിലാകുന്ന ഭാഷയിലായിരിക്കണം എഴുതേണ്ടത്. ആവശ്യമെങ്കിൽ ഫീസ് നൽകിക്കൊണ്ട് യോഗ്യതയും പ്രവൃത്തി പരിചയമുള്ള ദ്വിഭാഷി/വിവർത്തകനെക്കൊണ്ട് കുട്ടിക്ക് മനസ്സിലാകുന്ന ഭാഷയിൽ എഴുതിക്കേണ്ടതാണ്. കുട്ടിക്ക് പരിചരണവും സംരക്ഷണവും ആവശ്യമാണെന്നു തോന്നിയാൽ ആയത് കേസ് റിപ്പോർട്ട് ചെയ്ത് 24 മണിക്കൂറിനകം നൽകേണ്ടതാണ്. മേൽ കുറ്റകൃത്യത്തെക്കുറിച്ച് ഉത്തമ വിശ്വാസപൂർവം വിവരം നൽകുന്ന ആളിനെതിരെ സിവിലോ ക്രിമിനലോ ആയ ഒരു ബാധ്യതയും ഉണ്ടാവുകയില്ല.

മാധ്യമങ്ങൾ, ഹോട്ടൽ, ലോഡ്ജ്, ആശുപത്രി, സ്റ്റുഡിയോ, ക്ലബ്ബ് തുടങ്ങിയവയിലെ ജീവനക്കാർ, കുട്ടിയെ ലൈംഗികമായി ചൂഷണം ചെയ്യുന്ന തരത്തിലുള്ള ഏതെങ്കിലും മാധ്യമങ്ങളോ, വസ്തുക്കളോ അവരുടെ ശ്രദ്ധയിൽപ്പെട്ടാൽ ജുവനൈൽ പൊലീസ് യൂണിറ്റിലോ ലോക്കൽ പൊലീസിനോ വിവരം നൽകേണ്ടതാണ്.

കുറ്റകൃത്യം റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച്ച വരുത്തുന്നയാൾക്ക് ആറു മാസംവരെയാകാവുന്ന കഠിനതടവോ അല്ലെങ്കിൽ സാധാരണ തടവോ പിഴയോ രണ്ടും കൂടിയോ ശിക്ഷയായി ലഭിക്കുന്നതാണ്.

മറ്റൊരാളിനെ അപമാനിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി വ്യാജ പരാതിയോ

വ്യാജ വിവരമോ നൽകുകയാണെങ്കിൽ അയാൾ ആറുമാസം വരെയാകാവുന്ന തടവിനോ പിഴയ്ക്കോ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടുന്നതാണ്.

കുട്ടി അല്ലാത്തയാൾ ഒരു കുട്ടിക്കെതിരായി വ്യാജ പരാതിയോ വ്യാജ വിവരമോ നൽകിയാൽ അയാൾ ഒരു വർഷംവരെയാകാവുന്ന തടവിനോ പിഴയ്ക്കോ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടുന്നതാണ്.

യാതൊരു മാധ്യമങ്ങളിലും കുട്ടിയെ തിരിച്ചറിയുന്ന തരത്തിലുള്ള വിശദാംശങ്ങൾ, ഫോട്ടോയും, പേരും ഉൾപ്പെടെ നൽകാൻ പാടില്ല.

## കുട്ടിയുടെ മൊഴി രേഖപ്പെടുത്തൽ

ഒരു കുട്ടിയുടെ മൊഴി കുട്ടിയുടെ വീട്ടിൽ വച്ചോ താമസിച്ചു വരുന്ന സ്ഥലത്തുവച്ചോ കുട്ടിക്ക് താൽപ്പര്യമുള്ള സ്ഥലത്തുവച്ചോ സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു വനിതാ ഓഫീസർ രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം രേഖപ്പെടുത്തുന്ന സമയത്ത് പൊലീസ് ഓഫീസർ ഔദ്യോഗിക വേഷം ധരിക്കാൻ പാടില്ല. കുട്ടിയിൽ നിന്നും വിവരങ്ങൾ ആരായുന്ന സമയത്ത് കുട്ടി ഒരു സാഹചര്യത്തിലും പ്രതിയുമായി സമ്പർക്കത്തിലേർപ്പെടാൻ പാടില്ല. കുട്ടിയെ രാത്രികാലത്ത് പോലീസ് സ്റ്റേഷനിൽ തടഞ്ഞുവയ്ക്കാൻ പാടില്ല. മൊഴി കുട്ടി പറയുന്നത് അതുപോലെ തന്നെ രേഖപ്പെടുത്തേണ്ടതാണ്. കുട്ടിയുടെ രക്ഷാകർത്താവിന്റെയോ, കുട്ടിക്ക് വിശ്വാസമുള്ള ആളുടെയോ, ഉറ്റമിത്രത്തിന്റെയോ സാന്നിധ്യത്തിൽ മൊഴി രേഖപ്പെടുത്തേണ്ടതാണ്.

ഈ ആക്റ്റിൻ കീഴിലുള്ള കുറ്റകൃത്യത്തിന് വിധേയനായ കുട്ടിയെ 1993-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 164 എ വകുപ്പ് അനുസരിച്ച് വൈദ്യപരിശോധന നടത്തേണ്ടതാണ്. പീഡനത്തിന് ഇരയായത് പെൺകുട്ടിയാണെങ്കിൽ വൈദ്യ പരിശോധന നടത്തേണ്ടത് ഒരു വനിതാ ഡോക്ടർ ആയിരിക്കണം. കുട്ടിയുടെ രക്ഷിതാക്കളുടേയോ ഉറ്റ മിത്രത്തിന്റേയോ സാന്നിധ്യത്തിലോ അവരുടെ അഭാവത്തിൽ മെഡിക്കൽ സ്ഥാപനത്തിലെ അധികാരി നിഷ്കർഷിക്കുന്ന വനിതയുടെ സാന്നിധ്യത്തിലോ ആയിരിക്കണം വൈദ്യ പരിശോധന നടത്തേണ്ടത്. കേസുകളുടെ വിചാരണ ദ്രുതഗതിയിൽ നടത്തുന്നതിനായി സർക്കാർ സെഷൻസ് കോടതിയെ സ്പെഷൽ കോടതിയായി നിയോഗിക്കേണ്ടതാണ്.

ഈ ആക്റ്റ് പ്രകാരമുള്ള കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിനായി സർക്കാർ സ്പെഷൽ കോടതികൾ സ്ഥാപിക്കേണ്ടതാണ്. പ്രസ്തുത കോടതിക്ക് 2000/-ലെ വിവര സാങ്കേതിക നിയമത്തിലെ 67 ബി പ്രകാരമുള്ള കുറ്റത്തിന് അതായത് കുട്ടികളെ ലൈംഗികമായി ചിത്രീകരിക്കുന്ന തരത്തിലുള്ള വസ്തുക്കൾ പ്രസിദ്ധീകരിക്കുകയോ സംപ്രേഷണം ചെയ്യുകയോ ഓൺലൈനിൽ കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്നതരം കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുവാനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

ഒരു കുട്ടിയാണ് കുറ്റകൃത്യം ചെയ്യുന്നതെങ്കിൽ ആ കുട്ടിക്ക് 2000-ലെ ബാലനീതി (കുട്ടികളുടെ പരിചരണവും സംരക്ഷണവും) ആക്റ്റിലെ വ്യവസ്ഥകൾ

ബാധകമാകുന്നതാണ്. സ്പെഷൽ കോടതി കുറ്റകൃത്യം നടപടിക്കെടുത്ത് 30 ദിവസത്തിനുള്ളിൽ കുട്ടിയുടെ തെളിവ് രേഖപ്പെടുത്തേണ്ടതാണ്. കേസിന്റെ വിചാരണ ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്. മൊഴി നൽകുന്ന സമയത്ത് കുട്ടി പ്രതിയെ കാണുന്നില്ലെന്നും എന്നാൽ പ്രതിക്ക് കുട്ടി പറയുന്നത് കേൾക്കുവാനും തന്റെ വക്കീലുമായി ആശയ വിനിമയം നടത്തുവാനും കഴിയുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

സ്പെഷൽ കോടതി വിചാരണ നടത്തേണ്ടത് കുട്ടിയുടെ രക്ഷാകർത്താക്കളുടെയോ കുട്ടിക്ക് പൂർണ വിശ്വാസമുള്ള ആളുടേയോ സാന്നിധ്യത്തിൽ രഹസ്യമായിട്ടായിരിക്കണം.

●

# 21

## ബാലവിവാഹ നിരോധന ആക്റ്റ്, 2006

ബാലവിവാഹം നടത്തുന്നത് തടയുകയും ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ വ്യവസ്ഥ ചെയ്യുകയും ചെയ്യുന്നതിനുവേണ്ടി പാസ്സാക്കിയ കേന്ദ്രനിയമമാണ് ബാലവിവാഹ നിരോധന ആക്റ്റ്, 2006.

പ്രസ്തുത ആക്റ്റിന്റെ 2-ാം വകുപ്പിൽ ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ള പ്രധാന വാക്കുകൾ നിർവചിച്ചിരിക്കുന്നു. അതിൻ പ്രകാരം ''ബാലൻ'' എന്നാൽ ആണാണെങ്കിൽ ഇരുപത്തി ഒന്നു വയസ്സു പൂർത്തിയാകാത്ത ഒരാൾ എന്നും പെണ്ണാണെങ്കിൽ പതിനെട്ടു വയസ്സു പൂർത്തിയാകാത്ത ഒരാൾ എന്നും അർഥമാകുന്നു.

''ബാലവിവാഹം'' എന്നാൽ വിവാഹബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന കക്ഷികളിൽ ഒരാളെങ്കിലും ബാലൻ ആണെങ്കിൽ ആ വിവാഹത്തെ ബാലവിവാഹം എന്നു പറയുന്നു.

'ജില്ലാ കോടതി' എന്നാൽ 1984-ലെ കുടുംബകോടതി ആക്റ്റ് പ്രകാരം സ്ഥാപിച്ച കുടുംബകോടതി നിലവിലുള്ള പ്രദേശത്ത് കുടുംബകോടതിയും കുടുംബകോടതി ഇല്ലാത്ത പ്രദേശത്ത് സിറ്റി സിവിൽ കോടതിയുണ്ടെങ്കിൽ ആ കോടതിയും മറ്റു പ്രദേശങ്ങളിൽ അധികാരികതയുള്ള പ്രിൻസിപ്പൽ സിവിൽ കോടതിയും സംസ്ഥാന സർക്കാർ വിജ്ഞാപനം വഴി നിർദേശിക്കുന്ന മറ്റു സിവിൽ കോടതിയും എന്നർഥമാക്കുന്നു.

'മൈനർ' എന്നാൽ 1875-ലെ മെജോറിറ്റി ആക്റ്റിലെ വ്യവസ്ഥകൾക്കു കീഴിൽ അയാൾക്ക് പ്രായപൂർത്തി എത്തിയിട്ടില്ലെന്ന് കരുതപ്പെടേണ്ടതായ ഒരാൾ എന്നർഥമാക്കുന്നു.

ആക്റ്റിന്റെ 3-ാം വകുപ്പു പ്രകാരം, ഈ ആക്റ്റ് നിലവിൽ വരുന്നതിനു മുൻപോ അതിനു ശേഷമോ, വിധി പ്രകാരം നടത്തപ്പെട്ട ഏതൊരു ബാല വിവാഹവും വിവാഹ സമയത്ത് കക്ഷികളിൽ ബാലനായിരുന്ന ആളിന് തന്റെ ഇഷ്ട പ്രകാരം വിവാഹം അസാധുവാക്കാവുന്നതാണ്. ബാല വിവാഹം അസാധുവാക്കാനുള്ള ഹർജി ജില്ലാ കോടതിയിലാണ് ഫയൽ ചെയ്യേണ്ടത്. ഹർജിക്കാരൻ മൈനർ ആണെങ്കിൽ രക്ഷാകർത്താവോ ഉറ്റ ബന്ധുവോ മുഖേന വിവാഹ നിരോധന ഉദ്യോഗസ്ഥനോടൊന്നിച്ച് ഹർജി ഫയൽ ചെയ്യാവുന്നതാണ്. എന്നാൽ ബാലൻ പ്രായപൂർത്തിയായി രണ്ടു വർഷം തികയുന്നതിനു മുമ്പ് ഫയൽ ചെയ്യേണ്ടതാണ്.

വിവാഹം വേർപെടുത്തുന്ന വിധി അനുവദിക്കുമ്പോൾ വിവാഹ സമയത്ത് ഓരോ കക്ഷിക്കും മറ്റു ഭാഗത്തു നിന്നും ലഭിച്ച പണം, വിലയേറിയ വസ്തുക്കൾ ആഭരണം, മറ്റു സമ്മാനങ്ങൾ, എന്നിവയോ അതിന്റെ മൂല്യത്തിനു തുല്യമായ തുകയോ തിരികെ നൽകുവാൻ വിവാഹത്തിലെ ഇരു കക്ഷികളോടും അല്ലെങ്കിൽ അവരുടെ മാതാപിതാക്കളോടോ രക്ഷാകർത്താക്കളോടോ നിർദേശിച്ചു കൊണ്ട് ജില്ലാ കോടതി ഉത്തരവു നൽകേണ്ടതാണ്. എന്നാൽ അപ്രകാരം ഉത്തരവു നൽകുന്നതിനു മുൻപ് ബന്ധപ്പെട്ടവർക്കു പറയുവാനുള്ളതു പറയുവാൻ അവസരം നൽകേണ്ടതാണ്.

ആക്റ്റിന്റെ 4-ാം വകുപ്പു പ്രകാരം വിവാഹം ദുർബലപ്പെടുത്തുന്ന/വേർപെ

ടുത്തുന്ന ഒരു വിധി അനുവദിക്കുമ്പോൾ ജില്ലാ കോടതിക്ക് ബാലവിവാഹത്തിലെ കരാറിലേർപ്പെടുന്ന ആൺ കക്ഷി, പെൺ കക്ഷിക്ക് അവരുടെ പുനർ വിവാഹം വരെ ജീവനാംശം  നൽകാൻ ഉത്തരവാകാവുന്നതാണ്. എന്നാൽ ആൺ കക്ഷി മൈനർ (പ്രായ പൂർത്തിയാകാത്ത ആൾ) ആണെങ്കിൽ പെൺ കക്ഷിയുടെ പുനർ വിവാഹം വരെ അയാളുടെ മാതാപിതാക്കൾ പെൺകുട്ടിക്ക് ജീവനാംശം നൽകുവാൻ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.  ജില്ലാ കോടതി ബാലികയുടെ ആവശ്യങ്ങൾ, ജീവിത ശൈലി, നൽകേണ്ട കക്ഷിയുടെ വരുമാന മാർഗങ്ങൾ എന്നിവ കണക്കിലെടുത്ത് ജീവനാംശത്തിന്റെ തോത് നിർണയിക്കേണ്ടതാണ്.  ജീവനാംശ തുക മാസംതോറുമോ ഒരുമിച്ചോ നൽകാൻ കോടതിക്ക് നിർദേശിക്കാവുന്നതാണ്.  വിവാഹം അസാധുവാക്കാനുള്ള ഹർജി നൽകുന്നത് കരാറിലേർപ്പെട്ട പെൺ കക്ഷിയാണെങ്കിൽ ജില്ലാ കോടതി അവളുടെ പുനർവിവാഹം വരെ അവർക്കു താമസ സൗകര്യത്തിനുള്ള ഉത്തരവും പുറപ്പെടുവിക്കാവുന്നതാണ്.

ആക്റ്റിന്റെ 5-ാം വകുപ്പു പ്രകാരം, ബാലവിവാഹത്തിൽ ജനിച്ച കുട്ടികളുണ്ടെങ്കിൽ അങ്ങിനെയുള്ള കുട്ടികളുടെ സൂക്ഷിപ്പിന് ജില്ലാ കോടതി ഉചിതമായ ഉത്തരവു പുറപ്പെടുവിക്കേണ്ടതാണ്. ഉത്തരവിൽ കുട്ടികളുടെ ക്ഷേമത്തിനും താല്പര്യത്തിനും പരമാവധി പരിഗണന നൽകേണ്ടതാണ്. കുട്ടിയുടെ താല്പര്യങ്ങൾ സംരക്ഷിക്കത്തക്ക വിധത്തിൽ എതിർ കക്ഷിക്ക് കുട്ടിയിലേക്ക് എത്തിച്ചേരുന്നതിനും മറ്റു കാര്യങ്ങൾക്കുമുള്ള ഉചിതമായ നിർദേശങ്ങളും ഉൾപ്പെടുത്താവുന്നതാണ്.

ആക്റ്റിന്റെ 6-ാം വകുപ്പു പ്രകാരം ബാലവിവാഹം അസാധുവാക്കുന്ന ഉത്തരവു പുറപ്പെടുവിക്കുന്നതിനു മുൻപ് അമ്മയുടെ ഗർഭത്തിലിരിക്കുന്നതോ ജനിച്ചതോ ആയ കുട്ടികൾക്ക് എല്ലാ ആവശ്യങ്ങൾക്കും നിയമാനുസൃത പുത്രത്വം ഉണ്ടായിരിക്കുന്നതാണ്. ഈ ആക്റ്റ് നിലവിൽ വരുന്നതിനു മുൻപു ജനിച്ച കുട്ടികൾക്കും ഈ വ്യവസ്ഥ ബാധകമാണ്.

7-ാം വകുപ്പു പ്രകാരം ജില്ലാ കോടതിക്ക് ഒരിക്കൽ പുറപ്പെടുവിച്ച ഉത്തരവ് സാഹചര്യം മാറുന്നുവെങ്കിൽ ഭേദഗതി വരുത്തുകയോ, കൂട്ടിച്ചേർക്കുകയോ റദ്ദുചെയ്യുകയോ ചെയ്യുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

8-ാം വകുപ്പു പ്രകാരം വിവാഹം അസാധുവാക്കൽ, ജീവനാംശം, കുട്ടികളുടെ സംരക്ഷണം എന്നിവ ലഭിക്കുന്നതിനു വേണ്ടിയുള്ള ഹർജി എതിർകക്ഷിയോ ബാലനോ താമസിക്കുന്ന സ്ഥലത്തോ വിവാഹം വിധി പ്രകാരം നടത്തിയ സ്ഥലത്തോ കക്ഷികൾ അവസാനം താമസിച്ച സ്ഥലത്തോ ഉള്ള കോടതിയിൽ ഫയൽ ചെയ്യാവുന്നതാണ്.

## കുറ്റവും ശിക്ഷയും

പതിനെട്ടു വയസു കഴിഞ്ഞ പുരുഷൻ ബാലവിവാഹ കരാറിലേർപ്പെട്ടാൽ രണ്ടു വർഷം വരെയാകാവുന്ന തടവിനോ ഒരുലക്ഷം രൂപ വരെയുള്ള പിഴയ്ക്കോ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടുന്നതാണ്. ബാലവിവാഹം വിധി (ആചാര) പ്രകാരം നടത്തിക്കുകയോ നടത്താൻ പ്രേരിപ്പക്കുകയോ ചെയ്യുന്നയാൾക്ക് രണ്ടു വർഷം വരെയാകാവുന്ന കഠിന തടവും ഒരുലക്ഷം രൂപവരെയുള്ള പിഴയും ശിക്ഷയായി ലഭിക്കുന്നതാണ്.

ബാലവിവാഹത്തിൽ കക്ഷിയാകുന്ന കുട്ടിയുടെ മാതാപിതാക്കളോ രക്ഷാകർത്താവോ, ഏതെങ്കിലും സംഘടനയിലെ അംഗമോ മറ്റേതെങ്കിലും വ്യക്തിയോ ബാലവിവാഹം നടത്തികൊടുക്കുകയോ അതിൽ പങ്കെടുക്കുകയോ അത് തട

യാതിരിക്കുകയോ ചെയ്താൽ രണ്ടു വർഷം വരെ തടവും ഒരു ലക്ഷം രൂപവരെ യാകാവുന്ന പിഴയും ശിക്ഷയായി ലഭിക്കുന്നതാണ്. എന്നാൽ സ്ത്രീക്ക് തടവു ശിക്ഷ നൽകാൻ പാടില്ല.

ഒരു ബാലൻ മൈനറായിരിക്കുമ്പോൾ നിയമാനുസൃത രക്ഷാകർത്താവിന്റെ സൂക്ഷിപ്പിൽ നിന്നും എടുത്തു മാറ്റുകയോ വശീകരിച്ചുകൊണ്ടു പോകുകയോ നിർബന്ധിച്ചോ ഏതെങ്കിലും കബളിപ്പിക്കുന്ന മാർഗത്തിലൂടെയോ ഏതെങ്കിലും സ്ഥലത്തു നിന്നു പോകാൻ പ്രേരിപ്പിക്കുകയോ, വിവാഹാവശ്യത്തിനായി വിൽക്കുകയും, വാണിഭം നടത്തുകയോ അസാന്മാർഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയോ ചെയ്ത ശേഷം മൈനർ വിവാഹിതനായതാണെങ്കിൽ അത്തരം വിവാഹം അസാധുവായിരിക്കുന്നതാണ് എന്ന് 12-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

## ആക്റ്റിന്റെ 13-ാം വകുപ്പിലെ വ്യവസ്ഥകൾ

ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഒരു ബാലവിവാഹം നടക്കാൻ പോകുന്നുവെന്ന് ഒരു ഒന്നാം ക്ലാസ് ജുഡീഷ്യൽ മിസ്ട്രേറ്റിനോ മെട്രോപൊളിറ്റൻ മജിസ്ട്രേറ്റിനോ വിവരം ലഭിക്കുകയും ബോധ്യപ്പെടുകയും ചെയ്താൽ മജിസ്ട്രേറ്റിന് അത്തരം വിവാഹം നിരോധിച്ചുകൊണ്ട് ഒരു ഇൻജങ്ഷൻ പുറപ്പെടുവിക്കാവുന്നതാണ്.

ഒരു ബാലവിവാഹം വിധി പ്രകാരം നടക്കാൻ ഇടയുണ്ടെന്ന് അറിവോ വിശ്വസിക്കാൻ യോഗ്യമായ കാരണമോ ഉള്ള ഏതൊരാൾക്കും സർക്കാരിതര സംഘടനയ്ക്കും ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിനോ, മെട്രോപൊളിറ്റൻ മജിസ്ട്രേറ്റിനോ പരാതി കൊടുക്കാവുന്നതാണ്. മജിസ്ട്രേറ്റിന് വിശ്വാസയോഗ്യമായ റിപ്പോർട്ടിന്റെയോ അറിവിന്റെയോ അടിസ്ഥാനത്തിലും സ്വമേധയായും നടപടി എടുക്കാവുന്നതാണ്. കോടതിക്ക് സ്വമേധയായോ സങ്കട കക്ഷിയുടെ അപേക്ഷയിൻമേലോ പുറപ്പെടുവിച്ച ഇൻജങ്ഷൻ റദ്ദാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

മജിസ്ട്രേറ്റ് പുറപ്പെടുവിച്ച ഇൻജങ്ഷൻ ഉത്തരവ് ലംഘിക്കുന്നയാളിന് ഒരു വർഷം വരെയാകാവുന്ന സാധാരണ തടവോ കഠിന തടവോ ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴയോ രണ്ടും കൂടിയോ ശിക്ഷയായി ലഭിക്കുന്നതാണ്. എന്നാൽ സ്ത്രീകൾക്ക് തടവു ശിക്ഷ നൽകാൻ പാടില്ല.

ഇൻജങ്ഷൻ ഉത്തരവ് ലംഘിച്ചു കൊണ്ടു നടത്തുന്ന ബാലവിവാഹം ആരംഭത്തിലേ അസാധുവായിരിക്കുന്നതാണ്. ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റത്തിന് പോലീസിന് നേരിട്ട് കേസ് എടുക്കാവുന്നതും പോലീസിൽ നിന്നും ജാമ്യം ലഭിക്കാത്തതുമാണ് എന്ന് 15-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

ബാലവിവാഹ നിരോധന ഉദ്യോഗസ്ഥർ പബ്ലിക് സർവന്റുമാർ ആയിരിക്കുന്നതാണ് എന്ന് 17-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടമോ ഉത്തരവോ അനുസരിച്ച് ഉത്തമവിശ്വാസത്തോടുകൂടി ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച് ബാലവിവാഹ നിരോധന ഉദ്യോഗസ്ഥനെതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ലായെന്ന് ആക്റ്റിന്റെ 18-ാം വകുപ്പിൽ പറയുന്നു.

●

# 22
# അനുബന്ധങ്ങൾ

# അനുബന്ധം - 1

## കേരള വനിതാ കമ്മിഷൻ

കേരളത്തിലെ സ്ത്രീകളുടെ പദവി മെച്ചപ്പെടുത്തുന്നതിനും അവർക്കെതിരായി ഉണ്ടാകുന്ന നീതിരഹിതവും വിവേചനപരവുമായ നടപടികളിൽ ആവശ്യമായ അന്വേഷണം നടത്തി അവ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്കും സർക്കാരിനും ആവശ്യമായ ശിപാർശകൾ നൽകുകയാണ് കമ്മിഷന്റെ മുഖ്യ ചുമതല.

തൊഴിലിടങ്ങളിലോ പൊതു സ്ഥലത്തോ, വീട്ടിലോ മറ്റ് ഏത് സാഹചര്യത്തിലോ സ്ത്രീകൾ അനുഭവിക്കുന്ന മാനസികമോ, ശാരീരികമോ ആയ ബുദ്ധിമുട്ടുകൾക്കും പീഡനത്തിനുമെതിരെ വനിതാ കമ്മിഷനെ സമീപിക്കാം.

**കമ്മിഷന്റെ ചുമതലകൾ**

(i) സ്ത്രീകൾക്ക് നേരെയുള്ള ഏതൊരു നീതിനിഷേധത്തേയും കുറിച്ച് അന്വേഷിക്കുക. സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് സർക്കാരിനോട് ശിപാർശ ചെയ്യുക.

(ii) സ്ത്രീകളുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങൾ, നീതിരഹിതമായ നടപടികൾ എന്നിവയെക്കുറിച്ച് ഡയറക്ടറെക്കൊണ്ട് അന്വേഷണം നടത്തിക്കുകയും അതിന്മേൽ സ്വീകരിക്കേണ്ട തിരുത്തൽ നടപടി സംബന്ധിച്ച് സംസ്ഥാന സർക്കാരിന് റിപ്പോർട്ട് നൽകുക.

(a) ഭരണഘടനാപരമായ തുല്യാവകാശത്തെയും സ്ത്രീകളോടുള്ള ഉചിതമായ പെരുമാറ്റത്തെയും ബാധിക്കുന്ന വിധം നിലവിലിരിക്കുന്ന നിയമങ്ങളിലുള്ള പഴുതുകൾ, അപര്യാപ്തതകൾ, എന്നിവ ചൂണ്ടിക്കാണിച്ച് അത് പരിഹരിക്കാൻ സ്വീകരിക്കേണ്ട നിയമ നടപടികൾ സംബന്ധിച്ച വാർഷിക റിപ്പോർട്ട് സമർപ്പിക്കുക.

സ്ത്രീകളെ സംബന്ധിച്ച് നിലവിലിരിക്കുന്ന നിയമങ്ങൾ ഏതെല്ലാം പ്രദേശങ്ങളിലാണ് വേണ്ടത്ര ഫലപ്രദമായിട്ടില്ലാത്തത് എന്ന് അന്വേഷിച്ച് ന്യൂനതകൾ പരിഹരിക്കുക. തുടർന്ന് സ്വീകരിക്കേണ്ട ഭരണപരമോ നിയമനിർമാണപരമോ ആയ നടപടികളെ സംബന്ധിച്ച് ശിപാർശകൾ സമർപ്പിക്കുക.

ജയിലുകൾ, സബ് ജയിലുകൾ, ലോക്കപ്പുകൾ, സംരക്ഷണ ഹോമുകൾ എന്നിവിടങ്ങളിൽ സ്ത്രീകൾക്കെതിരേ നീതിരഹിത നടപടികളും ചൂഷണങ്ങളും ഉണ്ടാകുന്നുവെന്ന് പരാതി ലഭിച്ചാൽ അത് കമ്മിഷൻ അന്വേഷിക്കും. സ്ത്രീകൾക്ക് സംരക്ഷണമോ അഭയമോ നൽകുന്നതിന് സർക്കാർ സഹായം ലഭിക്കുന്ന ഏജൻസികൾ നടത്തുന്ന ഷെൽറ്ററുകൾ മറ്റു സ്ഥാപനങ്ങൾ അല്ലെങ്കിൽ സ്ത്രീകളെയും പെൺകുട്ടികളെയും ഉദ്ദേശിച്ച് ഏതൊരാളും നടത്തുന്ന ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ സ്ത്രീകൾക്കെതിരേ പീഡനങ്ങൾ, പീഡനസമാനമായ ദുരനുഭവങ്ങൾ എന്നിവ ഉണ്ടാകുന്ന പക്ഷം കമ്മിഷന് ഡയറക്ടറുടെയോ കമ്മിഷൻ അധികാ

രപ്പെടുത്തുന്ന കമ്മിഷനിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ നേതൃത്വത്തിൽ പരിശോധിക്കാവുന്നതാണ്. അങ്ങനെയുള്ള സ്ഥലങ്ങളിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും നൽകപ്പെടുന്ന പരിചരണത്തെ സംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങൾ നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാരിന് റിപ്പോർട്ട് ചെയ്യാവുന്നതുമാണ്.

ഏതെങ്കിലും പബ്ലിക് സെർവന്റ് സ്ത്രീകളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നത് സംബന്ധിച്ച തന്റെ ചുമതലകൾ നിർവഹിക്കുന്നതിൽ ഗുരുതരമായ ഉപേക്ഷയോ ഉദാസീനതയോ കാണിച്ചുവെന്ന് കമ്മിഷന് ബോധ്യപ്പെട്ടാൽ ഈ ഉദ്യോഗസ്ഥനെതിരേ ബന്ധപ്പെട്ട അധികാര സ്ഥാനത്തോട് അച്ചടക്ക നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്യുക.

(iii) സ്ത്രീകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടതും നടപ്പിലാക്കേണ്ടതുമായ സാമൂഹ്യക്ഷേമ പരിപാടികളെക്കുറിച്ച് സർക്കാരിനോട് ശിപാർശ ചെയ്യുക.

(iv) സ്ത്രീകൾക്ക് തുല്യ അവസരങ്ങൾ ലഭ്യമാക്കുന്നതിന് സമഗ്രവും സ്വീകാര്യവുമായ ഒരു പദ്ധതി രൂപീകരിക്കുകയും അത് നടപ്പിലാക്കുന്നതിന് കർമ പരിപാടി ആസൂത്രണം ചെയ്ത് സർക്കാരിന്റെ അംഗീകാരത്തിനായി അയയ്ക്കുകയും ഭേദഗതിയോടുകൂടിയോ അല്ലാതെയോ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അത് നടപ്പാക്കുകയും ചെയ്യുക.

(v) താരതമ്യ പഠനം ഉൾപ്പെടെ സ്ത്രീകളുടെ സാമൂഹ്യസാമ്പത്തിക രാഷ്ട്രീയ സ്ഥിതിയെക്കുറിച്ച് സമഗ്രമായ വിവരങ്ങളടങ്ങിയ ഡാറ്റാ ബാങ്ക് സൂക്ഷിക്കുകയും അത് കാലാകാലങ്ങളിൽ പുതുക്കി സ്ത്രീകളുടെ അവകാശ സംരക്ഷണാർഥമുള്ള നടപടികളിൽ പ്രയോജനപ്പെടത്തക്കവണ്ണം ലഭ്യമാക്കുകയും ചെയ്യുക.

(vi) പിൻതുടർച്ചാവകാശം, രക്ഷാകർതൃത്വം, ദത്തെടുക്കൽ, വിവാഹമോചനം തുടങ്ങിയ വിഷയങ്ങളിൽ വിവേചനം നീക്കംചെയ്ത് സ്ത്രീകളുടെ അന്തസ്സും മാതൃത്വത്തിന്റെ മാന്യതയും സംരക്ഷിക്കുന്നതിനാവശ്യമായ ശിപാർശ ചെയ്യുക.

(vii) സ്ത്രീകളുടെ സാമൂഹിക-സാമ്പത്തിക അഭിവൃദ്ധിക്കുള്ള ആസൂത്രണ പ്രക്രിയയിൽ പങ്കെടുക്കുകയും ഉപദേശം നൽകുകയും ചെയ്യുക.

(viii) ഒരു വലിയവിഭാഗം സ്ത്രീകളെ ബാധിക്കുന്ന പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന വ്യവഹാരം നടത്തുവാൻ ധനസഹായം ചെയ്യുക.

(ix) സ്ത്രീകളെ സംബന്ധിക്കുന്ന ഏതൊരു കാര്യത്തേയും പ്രത്യേകിച്ച് സ്ത്രീകൾ അധ്വാനിക്കുന്ന വിവിധ മേഖലകളിലെ പ്രശ്നങ്ങളും പ്രയാസങ്ങളും സംബന്ധിച്ച് സർക്കാരിലേക്ക് ആനുകാലിക റിപ്പോർട്ടുകൾ കൊടുക്കുക.

(x) എല്ലാ മേഖലകളിലും സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള മാർഗങ്ങൾ നിർദേശിക്കുക.

## നീതി നിഷേധിക്കപ്പെടുമ്പോൾ കമ്മിഷൻ സ്വമേധയാ ഇടപെടും

(a) തനിക്ക് ഏതെങ്കിലും രീതിയിൽ നീതി നിഷേധിക്കപ്പെട്ടുവെന്ന് ആരോപിച്ചുകൊണ്ടുള്ള രേഖാമൂലമായ ഒരു പരാതി ഏതെങ്കിലും സ്ത്രീയിൽ നിന്നോ സമാനമായ ഒരു പരാതി ഏതെങ്കിലും രജിസ്റ്റർ ചെയ്ത വിവിധ

സംഘടനകളിൽ നിന്നോ ലഭിക്കുന്നതിന്മേൽ കമ്മിഷൻ ഇടപെടുന്നതാണ്.

(b) സ്വന്തം അറിവിൻമേൽ അല്ലെങ്കിൽ വിവരം ലഭിക്കുന്നതിൻമേൽ കമ്മിഷൻ ഇടപെടുന്നതാണ്.

(c) കൂടാതെ സർക്കാരിൽ നിന്നുള്ള ഏതെങ്കിലും അഭ്യർഥനയിൻമേൽ അന്വേഷണം നടത്തേണ്ടതാണ്.

പരാതി നൽകിയിട്ടുള്ളത് ഏതാളിന് എതിരെയാണോ ആ ആളിന്റെ പേർക്ക് ഏതെങ്കിലും നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ്, പരാതി അന്വേഷിക്കപ്പെടേണ്ടതാണ്. അതിന് സ്വയം ബോധ്യമാകുന്നതിനുവേണ്ടി ഡയറക്ടറെക്കൊണ്ട് അതിന് യുക്തമെന്ന് തോന്നുന്ന രീതിയിൽ ഉള്ള ഒരു പ്രാഥമിക അന്വേഷണം നടത്തേണ്ടതാണ്.

1. ഏത് ആളിനെതിരെയാണോ പരാതി നൽകിയിട്ടുള്ളത് അയാൾ ഹാജരാകുകയും കാരണം കാണിക്കുകയും അല്ലെങ്കിൽ ആവശ്യത്തിലേക്ക് നിശ്ചയിക്കപ്പെട്ടിരുന്ന ദിവസം ഹാജരാകുന്നതിൽ വീഴ്ച്ച വരുത്തുകയും ചെയ്യുന്നിടത്ത് കമ്മിഷൻ പരാതിയിലെ സംഗതിയെ സംബന്ധിച്ച് അന്വേഷണം തുടരാവുന്നതും അതിന്മേൽ ഒരു തീരുമാനം എടുക്കാവുന്നതുമാണ്. നീതി നിഷേധം ഉണ്ടായി എന്ന് കമ്മിഷന് ബോധ്യമാകുന്ന പക്ഷം പ്രോസിക്യൂഷൻ നടപടി ആരംഭിക്കേണ്ടതും ആണ്.
2. സർക്കാർ, 3-ാം ഉപവകുപ്പിൻ കീഴിൽ കമ്മിഷന്റെ ശിപാർശ ലഭിച്ച തിയതി മുതൽ രണ്ട് മാസത്തിനുള്ളിൽ അതിന്മേൽ ഒരു തീരുമാനം എടുക്കേണ്ടതും ആയത് കമ്മിഷനെ അറിയിക്കേണ്ടതുമാണ്.

## കമ്മിഷന്റെ പ്രവർത്തന രീതി

### കമ്മിഷന്റെ മീറ്റിംഗുകളും സിറ്റിംഗുകളും

കമ്മിഷൻ, മാസം തോറും മീറ്റിംഗുകൾ നടത്തുകയും ആ മീറ്റിംഗിൽ വച്ച് സുപ്രധാന തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു.

കമ്മിഷൻ ഓഫീസിൽ നേരിട്ടോ, തപാൽ മുഖേനയോ, ഇ-മെയിൽ മാർഗമോ, ഓൺലൈനായോ പരാതികൾ സ്വീകരിക്കുന്നതാണ്. കമ്മിഷന് ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിന് ജില്ലകൾ തോറും അദാലത്തും മെഗാ അദാലത്തുകളും സംഘടിപ്പിച്ചു വരുന്നു. ഓരോ ജില്ലയിലേയും കേസുകൾ കൈകാര്യം ചെയ്യാനും കമ്മിഷന്റെ അവിടുത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കാനും ഓരോ അംഗത്തിനും ജില്ലകളുടെ ചുമതല നൽകിയിട്ടുണ്ട്. ഇത് പ്രകാരം തിരുവനന്തപുരം, വയനാട്, ഇടുക്കി ജില്ലകളെ സംബന്ധിച്ച കാര്യങ്ങൾ കേരള വനിതാ കമ്മിഷന്റെ ചെയർപേഴ്സൺകൂടിയായ ശ്രീമതി എം.സി. ജോസഫൈൻ, കോട്ടയം, മലപ്പുറം, കണ്ണൂർ ജില്ലകൾ കമ്മിഷൻ അംഗം ശ്രീമതി ഇ.എം. രാധ, കോഴിക്കോട്, കൊല്ലം, ആലപ്പുഴ ജില്ലകൾ കമ്മിഷൻ അംഗം അഡ്വ. എം.എസ്. താര എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകൾ കമ്മിഷൻ അംഗം അഡ്വ. ഷിജി ശിവജി, കൊല്ലം, പത്തനംതിട്ട, കാസർഗോഡ് ജില്ലകൾ കമ്മിഷൻ അംഗം ഡോ. ഷാഹിദ കമാൽ, എന്നിവർക്കായി ചുമതല നൽകിയിട്ടുള്ളതാണ്.

## വനിതാ കമ്മിഷന്റെ ഘടന

ഭരണപരമായ കാര്യങ്ങൾ നിർവഹിക്കുന്നത് കമ്മിഷന്റെ മെമ്പർ സെക്രട്ടറിയാണ്. നീതിരഹിതമായ പരാതികൾ സംബന്ധിച്ച് പ്രാരംഭമായ അന്വേഷണങ്ങൾ നടത്തുന്നുത് കമ്മിഷന്റെ ഡയറക്ടറാണ്. ഡയറക്ടറുടെ കീഴിൽ സർക്കിൾ ഇൻസ്പെക്ടർ, വനിതാ സബ് ഇൻസ്പെക്ടർ, കോൺസ്റ്റബിൾമാർ, വനിതാ കോൺസ്റ്റബിൾമാർ എന്നിങ്ങനെ ശക്തമായ ഒരു പൊലീസ് സംവിധാനം കമ്മിഷന്റെ സുഗമമായ പ്രവർത്തനത്തിന് നിലവിലുണ്ട്. നിയമോപദേശം നൽകുന്നതിനായി ലോ ഓഫീസർ പ്രവർത്തിക്കുന്നു. കൂടാതെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, പബ്ലിക് റിലേഷൻസ് ഓഫീസർ, പ്രോജക്റ്റ് ഓഫീസർ തുടങ്ങി 50 ജീവനക്കാർ കമ്മിഷനിൽ പ്രവർത്തിക്കുന്നു.

## വനിതാ കമ്മിഷൻ ബോധവത്കരണ പ്രവർത്തനങ്ങൾ

കേരള വനിതാകമ്മിഷന്റെ പ്രവർത്തനങ്ങൾ സാധാരണക്കാരായ സ്ത്രീകളിലേക്കും വീട്ടമ്മമാരിലേക്കും എത്തിക്കാൻ വിവിധ പരിപാടികളും കമ്മിഷൻ അധ്യക്ഷയുടെയും അംഗങ്ങളുടെയും നേതൃത്വത്തിൽ നടത്താറുണ്ട്. സമകാലിക പ്രസക്തിയുള്ള വിഷയങ്ങളെകുറിച്ച് മുഖാമുഖം, സെമിനാറുകൾ, കോളജ്, ഹയർ സെക്കണ്ടറി, ഹൈസ്കൂൾ വിദ്യാർഥികൾക്കായി കലാലയജ്യോതി തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

## വനിതാ കമ്മിഷന്റെ പോസ്റ്റൽ വിലാസം

കേരള വനിതാ കമ്മിഷൻ, പട്ടം പാലസ് പി.ഒ., പി.എം.ജി.,
തിരുവനന്തപുരം –695 004

ഫോൺ: 0471 – 2307590, 2300509, 2307589, 2309879

പരാതി സംബന്ധമായ വിവരങ്ങൾ അറിയുന്നതിന് 91883 80783 എന്ന നമ്പറിൽ ബന്ധപ്പെടണം.

ഇ-മെയിൽ വിലാസം keralawomenscommission@yahoo.co.in

| ക്രമ നം | പേരും ഔദ്യോഗിക പദവിയും | ഓഫീസ് നം. | മൊബൈൽ നം. |
|---|---|---|---|
| 1 | ശ്രീമതി എം.സി. ജോസഫൈൻ, ചെയർപേഴ്സൺ | 0471–2300509 | 940056700 |
| 2 | അഡ്വ. എം.എസ്. താര, മെമ്പർ | 0471–2303656 | 8078326250 |
| 3 | ശ്രീമതി ഇ.എം. രാധ, മെമ്പർ | 0471–2303656 | 8078808707 |
| 4 | അഡ്വ. ഷിജി ശിവജി, മെമ്പർ | 0471–2303656 | 9745032846 |
| 5 | ഡോ. ഷാഹിദ കമാൽ, മെമ്പർ | 0471–2303656 | 9495327783 |
| 6 | ശ്രീമതി പി. ഉഷാറാണി, മെമ്പർ സെക്രട്ടറി | 0471–2307590 | 9496432833 |
| 7 | ശ്രീ. വി.യു കുര്യാക്കോസ്, ഡയറക്ടർ | 0471–2307591 | 9497722800 |

# അനുബന്ധം - 2

## മേരി റോയ് കേസ്

1916-ലെ തിരുവിതാംകൂർ സിറിയൻ ക്രിസ്ത്യൻ പിന്തുടർച്ചാ ആക്റ്റിനെതിരെ മേരി റോയ് നടത്തിയ നിയമ പോരാട്ടത്തിലൂടെയാണ് മേരി റോയ് കേസ് ശ്രദ്ധേയമാകുന്നത്. 1916-ലെ തിരുവിതാംകൂർ സിറിയൻ ക്രിസ്ത്യൻ പിന്തുടർച്ചാവകാശ ആക്റ്റ് അസാധുവാണെന്ന് ഈ കേസിൽ സുപ്രിംകോടതി 1986-ൽ വിധിച്ചു.

ഐക്യകേരളം രൂപപ്പെടുന്നതിനു മുമ്പ് തിരുക്കൊച്ചി ദേശത്ത് ക്രിസ്ത്യൻ സമുദായത്തിൽ നിലനിന്നിരുന്ന തിരുവിതാംകൂർ പിന്തുടർച്ചാവകാശ നിയമത്തിനെതിരെ ക്രിസ്ത്യാനികളായ സ്ത്രീകൾക്കുള്ള പിന്തുടർച്ചാവകാശം ആദ്യമായി തീരുമാനമായത് സുപ്രിം കോടതി വിധി പുറപ്പെടുവിച്ച ഈ നിർണായകമായ കേസിലായിരുന്നു. (Mary Roy v. The State of Kerala 1986 AIR 1011, 1986 SCR (1) 371)

തിരുക്കൊച്ചിയിലെ ക്രിസ്ത്യൻ സമൂഹത്തിൽ 1916 വരേയ്ക്കും പിന്തുടർച്ചാവകാശം സംബന്ധിച്ച നിയമം ഇല്ലാതിരുന്നതാണ് ഇത്തരത്തിലൊരു നിയമം ഉണ്ടാകാനുള്ള സാഹചര്യം. മരണപ്പെടുന്നയാൾ വിൽപ്പത്രത്തിൽ എഴുതിയിട്ടുണ്ടെങ്കിൽ മാത്രമേ മകൾക്ക് സ്വത്തിനുള്ള അവകാശം ഉണ്ടാകൂ എന്നതായിരുന്നു നിയമം. ആ ആക്ടിലെ 24-ാം വകുപ്പ് പ്രകാരം വിധവയായ അമ്മയ്ക്ക് സ്വത്തിന്മേൽ ജീവനാംശം ലഭിക്കുമെങ്കിലും വിവാഹസമയത്ത് സ്ത്രീധനം നൽകുന്നതിനാൽ മകൾക്ക് കുടുംബ വസ്തുവിൽ അവകാശമില്ല.

ഇതേത്തുടർന്നാണ്, 1916-ലെ തിരുവിതാംകൂർ ക്രിസ്ത്യൻ പിൻതുടർച്ചാവകാശ ആക്റ്റിനെ ചോദ്യംചെയ്ത് മേരിറോയ് കോടതി കയറുന്നത്. 1960-കളുടെ പകുതിയോടെ കീഴ്കോടതിയിൽ മേരി റോയിയുടെ ഭരണഘടനാപരമായ തുല്യതയ്ക്കുള്ള അവകാശം എന്ന വാദം തള്ളിയെങ്കലും ഹൈക്കോടതി അവർക്ക് അനുകൂലമായി വിധിച്ചു. എന്നിട്ടും എട്ടുവർഷത്തെ നിയമപോരാട്ടം വേണ്ടിവന്നു അത് നടപ്പിലായിക്കിട്ടുന്നതിന്.

മേരി റോയിയുടെ നിയമപോരാട്ടം 1984-ൽ സുപ്രീംകോടതിയുടെ മുൻപിലെത്തി. 1916-ലെ തിരുവിതാംകൂർ പിന്തുടർച്ചാവകാശ ആക്റ്റിലെ ഒസ്യത്തിലൂടെയുള്ള പിന്തുടർച്ച 1925-ലെ പിന്തുടർച്ചാവകാശ ആക്റ്റിലെ ലംഘനമാണോ, 1951-ലെ സ്റ്റേറ്റ് ലോസ് ആക്റ്റിലെ പാർട്ട് ബി തിരുവിതാംകൂർ ആക്റ്റിൽ പ്രയോഗിക്കത്തക്കതാണോ, 1092-ലെ പഴയ തിരുവിതാംകൂർ കൊച്ചി പിന്തുടർച്ചാവകാശ നിയമം തിരുവിതാംകൂർ ദേശത്ത് നിലനിന്നിരുന്ന ഒസ്യത്ത് പ്രകാരമുള്ള പിന്തുടർച്ചാവകാശത്തെ സാധൂകരിക്കുന്നുണ്ടോ, അഥവാ അത് 1925-ലെ ഇന്ത്യൻ പിന്തുടർച്ചാ

വകാശ ആക്റ്റ്, അത് നിലവിൽ വന്ന തീയതി മുതൽ, അതിലെ വകുപ്പ് 29(2) പ്രകാരമാണോ, കേരള ഹൈക്കോടതിയുടെ വിധി സാധുവാണോ, ആ വിധി മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കണമോ എന്നിവയായിരുന്നു സുപ്രിംകോടതിക്കുമുമ്പാകെ വന്ന ചോദ്യങ്ങൾ.

## വിധി പ്രസ്താവിച്ചുകൊണ്ട് ചീഫ് ജസ്റ്റിസ് ഭഗവതി പറഞ്ഞത്;

ഒരു വ്യക്തി നിയമവും ഭാരതത്തിന്റെ ഭരണഘടനയ്ക്ക് മുകളിലല്ല, ആയതിനാൽ ഒരു ദേശത്തെ ഏതെങ്കിലും ആക്റ്റ് ഭരണഘടന നൽകുന്ന ആനുകൂല്യങ്ങൾക്ക് വിഘാതമാണെങ്കിൽ അത്തരം നടപടികൾ അസാധുവും പ്രാബല്യമില്ലാത്തവയുമാണ്.

അതിനാൽ 1916-ലെ തിരുവിതാംകൂർ പിന്തുടർച്ചാവകാശ ആക്റ്റിലെ പിന്തുടർച്ച സംബന്ധിച്ച വകുപ്പ് ഭരണഘടന അനുച്ഛേദം 14 ഉറപ്പുനൽകുന്ന തുല്യതയ്ക്കുള്ള അവകാശത്തിന്റെ ലംഘനമാണ് കൂടാതെ അനുച്ഛേദം 15 പ്രകാരം ലിംഗപരമായ അവകാശത്തിന്റെ വിവേചനവുമാകയാൽ അസാധുവായതിനാൽ ഈ കേസിൽ പ്രയോഗത്തിൽ വരുത്താൻ സാധ്യമല്ല.

മേരി റോയിക്ക് അനുകൂലമായ കൈവശാവകാശം സംബന്ധിച്ച കേരള ഹൈക്കോടതിയുടെ വിധി മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കണം.

സ്വത്ത് മൂന്നായി ഭാഗം വച്ച് അതിലൊന്ന് മേരി റോയിക്കും, മറ്റൊരു ഭാഗം വിധവയായ അമ്മയ്ക്കും, മൂന്നാമത്തെ ഭാഗം സഹോദരനും നൽകണം. ഒസ്യത്തു പ്രകാരമുള്ള പിന്തുടർച്ചയിൽ മകനോ മകളോ എന്നതിൽ വേർതിരിവ് പാടില്ല, അവർ തമ്മിൽ സ്വത്ത് തുല്യമായി ഭാഗം വയ്ക്കണം.

1986-ൽ, തിരുവിതാംകൂർ ക്രിസ്ത്യൻ പിന്തുടർച്ചാവകാശ ആക്റ്റ് സുപ്രീംകോടതി അസാധുവാക്കി. വിൽപ്പത്രമെഴുതാതെ മരിക്കുന്ന, അപ്പന്റെ സ്വത്തിൽ ആൺമക്കൾക്കും പെൺമക്കൾക്കും തുല്യാവകാശമെന്ന ക്രിസ്ത്യൻ പുരുഷസമൂഹത്തെ ഞെട്ടിച്ച ആ വിധിയാണ് മേരിയെ പ്രശസ്തയാക്കിയത്.

കേസ് പറഞ്ഞു കിട്ടിയ ഭൂമി തങ്ങൾക്കു വേണ്ടെന്ന മകൻ ലളിത് റോയിയുടെയും മകൾ അരുന്ധതി റോയിയുടെയും അഭിപ്രായത്തെത്തുടർന്ന് അത് സഹോദരന് തന്നെ തിരിച്ച് നൽകാൻ മേരി തയാറായി. അങ്ങനെ, പതിറ്റാണ്ടുകൾ നീണ്ട് നിന്ന നിയമപോരാട്ടങ്ങൾക്കൊടുവിൽ കോടതി വിധിപ്രകാരം പിതൃസ്വത്തായി തനിക്ക് കോട്ടയത്തെ നാട്ടകത്ത് കിട്ടിയ ഷെയർ സഹോദരന് തന്നെ പതിറ്റാണ്ടുകൾക്ക് ശേഷം മേരി തിരിച്ച് നൽകി.

"ഞാൻ സഹോദരനെതിരേയല്ല, നീതി തേടിയാണ് കോടതിയിൽ പോയത്. അന്നത്തെ നിയമവാഴ്ചയ്ക്കെതിരേയുള്ള പോരാട്ടം. സ്വത്തിനുവേണ്ടിയുള്ള വാശിയല്ലായിരുന്നു. നമ്മളാരും ഇവിടെനിന്നും ഒന്നും കൊണ്ടുപോകുന്നില്ല. പക്ഷേ, മക്കൾ തുല്യരാണ്, പെൺകുട്ടി രണ്ടാംകിടക്കാരിയാണെന്ന ചിന്ത മാറണം, അതിനുവേണ്ടിയുള്ള യുദ്ധം മാത്രമായിരുന്നു അത്." ഇതാണ് കേസ് സംബന്ധിച്ച് മേരി റോയ് അഭിപ്രായപ്പെട്ടത്.

# അനുബന്ധം - 3

## തൊഴിൽ സ്ഥലത്തുള്ള ലൈംഗികാതിക്രമം സംബന്ധിച്ചുള്ള വിശാഖാ മാർഗനിർദേശത്തിന്റെ അടിസ്ഥാനത്തിലുള്ള വിധിന്യായം

ലൈംഗികാതിക്രമനിയമം നിർമിച്ചപ്പോൾ കൂടുതൽ നിയമങ്ങൾ ഗവൺമെന്റ് സൃഷ്ടിച്ച് വിജ്ഞാപനം ചെയ്യുമെന്നു പ്രതീക്ഷിച്ചു. മേധാ കോട്ട്വാൾ ലെലെ മുതലായവരും ഇന്ത്യൻ യൂണിയനും മറ്റുള്ളവരും എന്ന കേസിൽ സുപ്രീംകോടതി 29 ഒക്ടോബർ 2012 ൽ പുറപ്പെടുവിച്ച ലൈംഗികാതിക്രമം സംബന്ധിച്ച കോടതി നിർദേശങ്ങളും അതു നടപ്പാക്കുന്നതു സംബന്ധിച്ച നിജസ്ഥിതിയും ചുവടെ;

1) സംസ്ഥാനങ്ങളും, കേന്ദ്രഭരണ പ്രദേശങ്ങളും തങ്ങളുടെ സിവിൽ സെർവന്റു കളുടെ നടപടി നിയമങ്ങളിൽ വേണ്ടതായ യുക്തമായ ഭേദഗതികൾ നടത്തിയി ട്ടില്ല. (ഈ നിയമങ്ങൾ മറ്റേതു പേരിലാണ് ഇവ അറിയപ്പെടുന്നതെങ്കിലും) ഈ തീയതി മുതൽ രണ്ടു മാസത്തിനുള്ളിൽ പരാതി കമ്മിറ്റിയുടെ റിപ്പോർട്ട്, സിവിൽ സർവീസ് കോൺട്രാക്ട് റൂൾ അനുസരിച്ച്, അച്ചടക്ക നടപടി സംബന്ധിച്ച് ഒര ന്വേഷണ റിപ്പോർട്ടായി കണക്കാക്കണം. അച്ചടക്ക അധികാരി, പരാതി പരിഹാര ക്കമ്മിറ്റിയുടെ റിപ്പോർട്ട്/കണ്ടെത്തലുകൾ, പ്രതിയായ ഉദ്യോഗസ്ഥനെതിരെയുള്ള അച്ചടക്കപരമായ അന്വേഷണത്തിന്റെ കണ്ടെത്തലായി കണക്കാക്കണം. അപ്രകാരം അതിന്മേൽ വേണ്ട നടപടി സ്വീകരിക്കണം. പരാതി കമ്മിറ്റിയുടെ കണ്ടെത്തലും, റിപ്പോർട്ടും വെറുമൊരു അച്ചടക്ക നടപടിയിലേക്കു നയിക്കുന്ന പ്രാഥമികാന്വേഷണ റിപ്പോർട്ടായി കണക്കാക്കാൻ പാടില്ല. പക്ഷേ, പ്രതിയുടെ സ്വഭാവദൂഷ്യത്തെപ്പറ്റി യുള്ള അന്വേഷണ റിപ്പോർട്ടായോ, കണ്ടെത്തലായോ കണക്കാക്കണം.

2) വ്യാവസായിക ഉദ്യോഗ (സ്റ്റാന്റിംഗ് ഓർഡർ) നിയമങ്ങളിൽ സംസ്ഥാ നങ്ങളും യൂണിയൻ ടെറിറ്ററികളും ഭേദഗതി വരുത്തിയിട്ടില്ലാത്തതിനാൽ, ഉടൻ തന്നെ അവയിന്മേൽ, മുകളിൽ ചൂണ്ടിക്കാട്ടിയ രീതിയിൽ ഒന്നാം ഖണ്ഡികയിൽ രണ്ടു മാസത്തിനുള്ളിൽ ഭേദഗതികൾ വരുത്തണം.

3) പരാതിക്കമ്മിറ്റികൾ താലൂക്ക്, ഡിസ്ട്രിക്ട്, സ്റ്റേറ്റ് നിലകളിൽ പ്രവർത്തിക്കുന്നു എന്നുറപ്പുവരുത്താൻ തക്ക വിധത്തിൽ അത്രയും കൂടുതൽ പരാതിക്കമ്മിറ്റികൾക്കു രൂപം കൊടുക്കണം. വെറും ഒരു പരാതിക്കമ്മിറ്റി മാത്രം രൂപം കൊടുത്ത സംസ്ഥാനങ്ങൾ വേണ്ടത്ര പരാതിക്കമ്മിറ്റികൾ ഇന്നു മുതൽ രണ്ടു മാസത്തിനകം രൂപീകരിക്കണം. അത്തരം ഓരോ പരാതിക്കമ്മിറ്റികളുടെയും അധ്യക്ഷ ഒരു വനിതയായിരിക്കണം. കഴിയുന്നത്ര കമ്മിറ്റികളിൽ ഒരു സ്വതന്ത്ര അംഗത്തെയും നിയമിക്കണം.

4) സംസ്ഥാന നിർവാഹകരും സ്വകാര്യ പൊതുമേഖലാ സംരംഭങ്ങൾ/സംഘ ടനകൾ/സ്ഥാപനങ്ങൾ എന്നിവയും വേണ്ടത്ര സംവിധാനങ്ങളിലൂടെ വിശാഖാ മാർഗനിർദേശങ്ങളുടെ പൂർണമായ നടപ്പാക്കൽ ഉറപ്പു വരുത്തണം. കൂടാതെ

ആരോപിതനായയാൾ കുറ്റക്കാരനാണെന്നു കണ്ടാൽ പീഡിത ശല്യക്കാരനൊപ്പമോ, കീഴിലോ ജോലി ചെയ്യാൻ പാടില്ല. യുക്തമായും പ്രായോഗികമായും, ശല്യം ചെയ്തയാളെ സ്ഥലം മാറ്റേണ്ടതാണ്. കൂടാതെ പീഡിതയെയും സാക്ഷികളെയും ശല്യത്തിനും ഭയപ്പെടുത്തലിനും വിധേയമാക്കിയവരെ വളരെ കഠിനമായ അച്ചടക്ക നടപടിക്കു വിധേയമാക്കണം.

5) ബാർ കൗൺസിൽ ഓഫ് ഇന്ത്യ, ഈ രാജ്യത്തിലെ എല്ലാ ബാർ അസ്സോസിയേഷനുകളും സ്റ്റേറ്റ് ബാർ കൗൺസിൽ രജിസ്റ്റർ ചെയ്ത വ്യക്തികളും വിശാഖാ മാർഗനിർദേശങ്ങൾ പാലിക്കുന്നതായി ഉറപ്പുവരുത്തണം. അതുപോലെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ, ആർക്കിടെക്ചർ കൗൺസിൽ, ചാർട്ടേഡ് അക്കൗണ്ടന്റുകളുടെ ഇൻസ്റ്റിറ്റ്യൂട്ട്, കമ്പനി സെക്രട്ടറിമാരുടെ ഇൻസ്റ്റിറ്റ്യൂട്ട് മുതലായ ഭരണഘടനാ സ്ഥാപനങ്ങൾ അവരുമായി രജിസ്റ്റർ ചെയ്തതോ ബന്ധപ്പെട്ടതോ ആയ സംഘടനകളും സ്ഥാപനങ്ങളും അസ്സോസിയേഷനുകളും വ്യക്തികളും വിശാഖാ സ്ഥാപിച്ച മാർഗനിർദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

ഇത് സാധ്യമാക്കാൻ ഭരണഘടനാ സ്ഥാപനങ്ങളായ ബാർ കൗൺസിൽ ഓഫ് ഇന്ത്യ, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ, കൗൺസിൽ ഓഫ് ആർക്കിടെക്ചർ കമ്പനി സെക്രട്ടറിമാരുടെ ഇൻസ്റ്റിറ്റ്യൂട്ട്, എന്നിവ രണ്ടു മാസത്തിനകം വേണ്ട നിർദേശങ്ങൾ നൽകണം. ഈ സ്ഥലങ്ങളിൽ ഏതെങ്കിലും ലൈംഗികാതിക്രമങ്ങളെപ്പറ്റിയുള്ള പരാതി ലഭിച്ചാൽ പ്രസ്തുത ഭരണഘടനാ സ്ഥാപനങ്ങൾ വിശാഖാ മാർഗദർശന രേഖകൾ അനുസരിച്ചും ഇപ്പോഴത്തെ ഉത്തരവിലുള്ള മാർഗദർശന രേഖകൾ അനുസരിച്ചും നടപടി സ്വീകരിക്കണം.

വിശാഖാ മാർഗദർശന രേഖകളും അതിന്മേലുള്ള ഈ കോടതിയുത്തരവും, മുകളിൽ പറഞ്ഞ നിർദേശങ്ങളും അനുസരിക്കാതിരിയ്ക്കുകയോ, അവയുടെ നിബന്ധനകൾക്കു വിധേയരാകാതിരിക്കുകയോ ചെയ്താൽ, പീഡിതരായവർക്ക് ഹൈക്കോടതിയെ സമീപിക്കാനവകാശമുണ്ട്. ബന്ധപ്പെട്ട സ്റ്റേറ്റ് ഹൈക്കോടതിയിൽ പരാതികൾക്ക് കൂടുതൽ ഫലപ്രദമായ രീതിയിൽ പരിഹാരം കാണാനുള്ള അവസ്ഥ ഉണ്ടായിരിക്കും.

---

## കുറിപ്പ്

ലൈംഗിക പീഡനം സംബന്ധിച്ച കേസുകളിൽ പ്രയോഗിക്കേണ്ട നടപടി മാർഗരേഖ. 1997-ൽ സുപ്രിം കോടതി ഇവ പുറപ്പെടുവിച്ചു. ഇതിലെ നിർദേശങ്ങൾ ഉൾപ്പെടെ 2013-ലെ തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള (ലൈംഗിക പീഡനം തടയുന്നതിനും നിരോധിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള) ആക്റ്റ് നിലവിൽ വന്നു. 1997ന് മുമ്പ് ലൈംഗിക പീഡനം നേരിടുന്ന ഒരു വ്യക്തി 1860 ലെ ഇന്ത്യൻ പീനൽ കോഡ് സെക്ഷൻ 354 ഉം (സ്ത്രീകളുടെ മര്യാദയെ അതിക്രമിക്കുന്ന തരത്തിലുള്ള കുറ്റകൃത്യം) സെക്ഷൻ 509 ഉം (വാക്കുകൊണ്ടോ പ്രവർത്തികൊണ്ടോ ആംഗ്യം കൊണ്ടോ സ്ത്രീയുടെ മര്യാദയെ ലംഘിക്കുക) പ്രകാരം ഒരു പരാതി സമർപ്പിക്കേയിരുന്നു. 1990 -ൽ രാജസ്ഥാൻ സംസ്ഥാന സർക്കാർ ജീവനക്കാരിയായിരുന്ന ഭൻവാരി ദേവിയെ വനിതാ വികസന പരി

പാടിയിലുള്ള തന്റെ തൊഴിലിന്റെ ഭാഗമായി ബാല വിവാഹം തടയാൻ ശ്രമിച്ചതിന് ജന്മിമാർ ബലാത്സംഗം ചെയ്തു. ദരിദ്രയും കുലാല സമുദായാംഗവുമായ അവളുടെ ധൈര്യം കണ്ട് കുപിതരായ ജന്മിമാർ അവളെ പാഠം പഠിപ്പിക്കാൻ വേണ്ടി പലതവണ ബലാത്സംഗം ചെയ്യുകയായിരുന്നു. ഈ കേസിൽ ഭൻ വാരി ദേവിക്ക് രാജസ്ഥാൻ ഹൈക്കോടതിയിൽ നിന്ന് നീതി ലഭിച്ചില്ല. കുറ്റാരോപിതർ സ്വതന്ത്രരാക്കപ്പെട്ടു. ഇതിനെത്തുടർന്ന് വിശാഖ എന്ന ഒരു വനിതാ അവകാശ ഗ്രൂപ്പ് സുപ്രിം കോടതിയിൽ പൊതുതാല്പര്യ ഹരജി ഫയൽ ചെയ്തു. ഈ കേസ് തൊഴിൽ മേഖലയിലെ സ്ത്രീകൾക്ക് എല്ലാ തൊഴിലിടങ്ങളിലും ലൈംഗിക പീഡനം തടയാനാവശ്യമായ നടപടികൾ ഉറപ്പുവരുത്തുന്ന ആഭ്യന്തര നിയമത്തിന്റെ അഭാവം സുപ്രീംകോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു.

●

# അനുബന്ധം - 4

## ഒരു വ്യക്തിയെ അറസ്റ്റു ചെയ്യുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ

### സുപ്രിം കോടതിയുടെ പതിനൊന്നു കൽപ്പനകൾ

1996 ഡിസംബറിൽ ജസ്റ്റിസ് കുൽദീപ് സിംഗും ജസ്റ്റിസ് ആനന്ദും അടങ്ങിയ സുപ്രിം കോടതി ഡിവിഷൻ ബഞ്ചിൽ ഉണ്ടായ വിധിയിൽ ഒരു പൗരനെ അറസ്റ്റ് ചെയ്യുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് മാർഗനിർദേശങ്ങൾ നൽകിയിട്ടുണ്ട്. അതിലെ പതിനൊന്ന് നിബന്ധനകൾ താഴെ ചേർക്കുന്നു.

1. ഒരു പൗരനെ അറസ്റ്റു ചെയ്യുന്ന പൊലീസുകാരൻ തന്റെ പേരും പദവിയും വ്യക്തമാക്കുന്ന ബാഡ്ജ് ധരിച്ചിരിക്കണം.

2. അറസ്റ്റ് നടന്ന തീയതിയും സമയവും കാണിച്ച് മെമ്മോ തയാറാക്കുകയും അതിൽ അറസ്റ്റിലായ വ്യക്തിയുടെ ഒപ്പ് വാങ്ങുകയും വേണം.

3. ഈ അറസ്റ്റ് മെമ്മോയിൽ അറസ്റ്റിലായ കുടുംബാംഗങ്ങളിലൊരാളെയോ അല്ലെങ്കിൽ സ്ഥലത്തെ ഒരു പ്രമുഖനോ സാക്ഷിയായി ഉൾപ്പെടുത്തി ഒപ്പ് വാങ്ങണം.

4. അറസ്റ്റ് മെമ്മോയിൽ സാക്ഷിയായ ആളോട് മറ്റ് ബന്ധുക്കളോ ഈ സംഭവം അറിയിക്കാൻ പോലീസുകാരൻ തന്നെ നിർബന്ധിക്കണം.

5. അറസ്റ്റിലായ വ്യക്തിയെ കസ്റ്റഡിയിൽ വച്ചിട്ടുള്ള സ്ഥലം, മറ്റു വിവരങ്ങൾ എന്നിവ അറസ്റ്റ് നടന്ന് 12 മണിക്കൂറിനുള്ളിൽ കസ്റ്റഡിയിലുള്ള ആളുകളുടെ ബന്ധുക്കളെ അറിയിക്കാൻ പോലീസുദ്യോഗസ്ഥൻ ബാധ്യസ്ഥനാണ്.

6. കസ്റ്റഡിയിലായ വ്യക്തിയോട് താങ്കൾക്ക് ഈ വിവരം ബന്ധുക്കളെ അറിയിക്കാൻ നിയമപരമായി അവകാശമുണ്ട് എന്ന് പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കാൻ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്.

7. അറസ്റ്റിലായ വ്യക്തിയുടെ ശരീരം പരിശോധിച്ച് പരിക്കുകൾ ഇൻസ്പെക്ഷൻ ബുക്കിൽ രേഖപ്പെടുത്തുകയും മാത്രമല്ല ഈ രേഖകൾ വ്യക്തിയെ ബോധ്യപ്പെടുത്തി ഒപ്പ് വാങ്ങിയിരിക്കേണ്ടതുമാണ്.

8. അറസ്റ്റിലായ വ്യക്തിയെ 48 മണിക്കൂറിനുള്ളിൽ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കണം.

9. അറസ്റ്റ് മെമ്മോയടക്കം എല്ലാ രേഖകളുടെയും കോപ്പി മജിസ്ട്രേറ്റിന് സമർപ്പിക്കണം.

10. അറസ്റ്റിലായ വ്യക്തിയെ ചോദ്യം ചെയ്യുമ്പോൾ സമീപത്ത് അയാളുടെ വക്കീൽ

ഉണ്ടാവണമെന്ന് ആവശ്യപ്പെടാൻ ആ വ്യക്തിക്ക് അവകാശമുണ്ടായിരിക്കും.

11. ഒരാളെ അറസ്റ്റ് ചെയ്താൽ 12 മണിക്കൂറിനുള്ളിൽ അറസ്റ്റിന്റെ വിവരങ്ങൾ പൊലീസിന്റെ ആസ്ഥാനത്ത് (കൺട്രോൾ റൂമിൽ) ഉള്ള നോട്ടീസ് ബോർഡുകളിൽ എഴുതി പ്രദർശിപ്പിക്കണം.

ഏതെങ്കിലും ഉദ്യോഗസ്ഥർ ഇത് പാലിക്കാതെ വരുന്ന പക്ഷം ഹൈക്കോടതികൾക്കും സുപ്രിം കോടതിക്കും അയാളെ കോർട്ടലക്ഷ്യത്തിന് ശിക്ഷിക്കാൻ അധികാരമുണ്ടായിരിക്കും.

●

# അനുബന്ധം - 5

1973 ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ ചില പ്രധാന വ്യവസ്ഥകളും വകുപ്പും.

1 സൂര്യാസ്തമയത്തിനു ശേഷവും ഉദയത്തിനു മുൻപും സ്ത്രീകളെ അറസ്റ്റ് ചെയ്യാൻ പാടില്ല. ഒഴിവാക്കാനാകാത്ത സാഹചര്യത്തിൽ, ജുഡീഷ്യൻ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന്റെ മുൻകൂർ അനുമതിയോടെ വനിത ഓഫീസർക്ക് അറസ്റ്റ് ചെയ്യാം. വകുപ്പ് 46 (4).

2 പ്രതിയെ അറസ്റ്റ് ചെയ്യാൻ പ്രവേശിക്കുന്ന സ്ഥലത്ത് (വീട് / മുറി) ആചാരമനുസരിച്ച് പൊതു സ്ഥലത്തു പ്രത്യക്ഷപ്പെടാത്ത സ്ത്രീ ഉണ്ടെങ്കിൽ ഉദ്യോഗസ്ഥൻ ടി സ്ഥലത്തു പ്രവേശിക്കുന്നതിനു മുമ്പ് ടി സ്ത്രീക്ക് അവിടെ നിന്നും മാറുവാനുള്ള അവസരം നൽകണം. വകുപ്പ് 47 (2).

3 അറസ്റ്റു ചെയ്ത സ്ത്രീയെ മെഡിക്കൽ പരിശോധന നടത്തേണ്ടത് മറ്റൊരു സ്ത്രീ തന്നെ ആയിരിക്കണം. വകുപ്പ് 51 (2).

4 പ്രതിയായ സ്ത്രീയെ മെഡിക്കൽ പരിശോധന നടത്തേണ്ടത് ഒരു വനിതാ ഡോക്ടറോ അവരുടെ മേൽനോട്ടത്തിലോ ആയിരിക്കണം. വകുപ്പ് 53 (2).

5 സ്ത്രീകളോടും 15 വയസ്സിനു താഴെയുള്ള ആൺകുട്ടികളോടും 65 വയസ്സിനു മുകളിലുള്ള പുരുഷന്മാരോടും ശാരീരികമോ മാനസികമോ ആയ വൈകല്യമുള്ളവരോടും പോലീസ് സ്റ്റേഷനിൽ സാക്ഷിയായി ഹാരാകുവാൻ ആവശ്യപ്പെടാൻ പാടുള്ളതല്ല. വകുപ്പ് 160.

# അനുബന്ധം - 6

## വിമൻ പ്രൊട്ടക്ഷൻ ഓഫീസർമാർ

(ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റ്, 2005 പ്രകാരം ഈ നിയമത്തെക്കുറിച്ചുള്ള അറിവ് പകരാനും സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാനും വിവിധ ജില്ലകളിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ മൊബൈൽ ഫോൺ നമ്പർ)

| ക്രമ നം. | ജില്ല | മൊബൈൽ നം |
|---|---|---|
| 1 | തിരുവനന്തപുരം | 8281999051 |
| 2 | കൊല്ലം | 8281999052 |
| 3 | പത്തനംതിട്ട | 8281999053 |
| 4 | ആലപ്പുഴ | 8281999054 |
| 5 | കോട്ടയം | 8281999055 |
| 6 | ഇടുക്കി | 8281999056 |
| 7 | എറണാകുളം | 8281999057 |
| 8 | തൃശ്ശൂർ | 8281999058 |
| 9 | പാലക്കാട് | 8281999059 |
| 10 | മലപ്പുറം | 8281999061 |
| 11 | കോഴിക്കോട് | 8281999062 |
| 12 | വയനാട് | 8281999063 |
| 13 | കണ്ണൂർ | 8281999064 |
| 14 | കാസർഗോഡ് | 8281999065 |

●

# അനുബന്ധം - 7

## സേവനദാതാക്കളുടെ ലിസ്റ്റ്

**(ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റ്, 2005 പ്രകാരം ഈ നിയമത്തെക്കുറിച്ചുള്ള അറിവ് പകരാനായി വിവിധ ജില്ലകളിൽ നിയോഗിക്കപ്പെട്ട സ്ഥാപനങ്ങളുടെ പട്ടിക -2020-21)**

| ക്രമ നമ്പർ | പേരും വിലാസവും | ഫോൺ നമ്പർ | ഇ-മെയിൽ ഐഡി |
|---|---|---|---|
| | **തിരുവനന്തപുരം** | | |
| 1. | കേരള വർക്കിംഗ് വിമെൻസ് അസോസിയേഷൻ, കന്റോൺമെന്റ് ഹൗസിനു സമീപം, വികാസ് ഭവൻ പി.ഒ., | 04712727683, 2318273, 9447586780 | kwwa1973@gmail.com |
| 2. | കേരള മഹിളാ സമഖ്യ സൊസൈറ്റി, റ്റി.സി. 20/1652, "കൽപ്പന" കുഞ്ചാലുംമൂട്, കരമന പി.ഒ, തിരുവനന്തപുരം - 695 002. | 04712913214, 2913212 | keralasamakhya@gmail.com |
| 3. | കേരള വർക്കിംഗ് വിമെൻസ് അസോസിയേഷൻ, കന്റോൺമെന്റ് ഹൗസിനു സമീപം, ഫാമിലി കൗൺസലിങ് സെന്റർ. | 0471 2318273 | kwwa1973@gmail.com |
| 4. | അഭയ, അത്താണി, വഞ്ചിയൂർ, തിരുവനന്തപുരം. | 04712462620, 2465627 | abhaya.2007@rediffmail.com |
| 5. | ദേശസേവിനി വനിതാ സമാജം, തെങ്ങുവിള, കോട്ടുകാൽ പി.ഒ, തിരുവനന്തപുരം-695 501 | 04712267984, 9995724298 | saranalayamssh@gmail.com |
| 6. | കാരുണ്യാ ചാരിറ്റബിൾ സൊസൈറ്റി, കാരുണ്യ ഭവൻ, വേറ്റിനാട്, വട്ടപ്പാറ പി.ഒ, തിരുവനന്തപുരം. | 9447221047, 04722585996 | karunyakerala@gmail.com |
| 7. | ഗവൺമെന്റ് മഹിളാ മന്ദിരം, പൂജപ്പുര, തിരുവനന്തപുരം - 695 012. | 04712340126 | mahilamandiram13@gmail.com |
| 8. | ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡവലപ്മെന്റ്, പാറയിൽ ഹൗസ്, കൂട്ടപ്പൂ, അമ്പൂരി പി.ഒ, തിരുവനന്തപുരം - 695 505. | 04712246258, 9447033784, 9447002720 | irdkerala@gmail.com |
| 9. | ചെറു രശ്മി സെന്റർ, വേളാങ്കണ്ണി ജംഗ്ഷൻ, വലിയതുറ, തിരുവനന്തപുരം - 695 008 | 9447016761 | cheruresmi.tvm@gmail.com |

| | | | |
|---|---|---|---|
| 10. | സ്ത്രീശക്തി മഹിളാമസമാജം, ഇടശ്ശേരി, ചെല്ലംകോട്, നെടുമങ്ങാട്, തിരുവനന്തപുരം. | 04722800808, 9446303051, | kumarisasikala@gmail.com |
| 11. | ജോസഫ് മെമ്മോറിയൽ മഹിളാ സമാജം, ഇളവാണിക്കര, വെളിയംകോട്, നെയ്യാറ്റിൻകര, തിരുവനന്തപുരം. | 04712297128, 9446532304 | jmmselavanikkara1@gmail.com |

## കൊല്ലം

| | | | |
|---|---|---|---|
| 1. | ശ്രീനികേതൻ സെന്റർ ഫോർ സോഷ്യൽ ഡവലപ്മെന്റ്, ചാത്തന്നൂർ പി.ഒ, കൊല്ലം - 691 572 | 04743206883, 2593093, 2001415 | srndcollege@gmail.com |
| 2. | ട്രസ്റ്റ് ഓഫ് മഹാത്മാഗാന്ധി ഇന്റർനാഷണൽ ചാരിറ്റീസ്, ഗാന്ധി ഭവൻ പി.ഒ., പി.ബി.നം. 39, പത്തനാപുരം, കൊല്ലം- 689 695. | 04752355573, 2355507 | gandhibhavan@gmail.com |
| 3. | ഇന്റർനാഷണൽ സെന്റർ ഫോർ സ്റ്റഡി ആൻഡ് ഡവലപ്മെന്റ്, വനിത സെൽ ബിൽഡിങ്, കൊട്ടാരക്കര | 9961042176 | icsdircavalakam@gmail.com |
| 4. | ഗവ. മഹിളാ മന്ദിരം, കരിക്കോട് കൊല്ലം. | 04742714890 | sjd.klm1@gmail.com |

## പത്തനംതിട്ട

| | | | |
|---|---|---|---|
| 1. | നസ്രത്ത് ആശ്രമം, ഓതറ പി.ഒ., തിരുവല്ല, പത്തനംതിട്ട-689546 | 04692625099, 2656416 | nazarethasramam@yahoo.com |
| 2. | ഗവ. മഹിളാ മന്ദിരം, കീഴുക്കര, കോഴഞ്ചേരി, പത്തനംതിട്ട. | 04682310057 | mahilamandirampta@gmail.com |

## ആലപ്പുഴ

| | | | |
|---|---|---|---|
| 1. | ഗാന്ധിസ്മാരക ഗ്രാമ സേവാ സെന്റർ, കഞ്ഞിക്കുഴി, എസ്.എൽ.പുരം പി.ഒ, ചേർത്തല ആലപ്പുഴ-688523 | 04782861493, 2865493, 9495443096 | gandhikendram50@gmail.com |
| 2. | സ്നേഹനികേതൻ ചാരിറ്റബിൾ സൊസൈറ്റി, പിപി VIII-324, പത്തിയൂർ ഈസ്റ്റ്, പന്നിയൂർ പി.ഒ, ആലപ്പുഴ | 04792435208, 9495310388 | directorsnehanikethan@gmail.com |

| | | | |
|---|---|---|---|
| 3. | ഗവ. മഹിളാ മന്ദിരം, ആലിശ്ശേരി വാർഡ്, സിവിൽ സ്റ്റേഷൻ പി.ഒ., ആലപ്പുഴ, | 04772251232, 9447231307 | mahilamandiramalpy@gmail. com |
| 4. | ജോർജ്ജ് എഡ്യൂക്കേഷൻ മെഡിക്കൽ ആൻഡ് ചാരിറ്റബിൾ സൊസൈറ്റി, കോർട്ട് ജംഗ്ഷൻ, മാവേലിക്കര, ആലപ്പുഴ - 690 101. | 04772 -2540454 | gemsfoundation@gmail.com |
| 5. | ഹൂദാ ട്രസ്റ്റ് സർവീസ് പ്രൊവൈഡിങ് സെന്റർ, കുമാരപുരം പി.ഒ, ഹരിപ്പാട് | 04792412005 | hudatrusthospital@yahoo.co.in |

## കോട്ടയം

| | | | |
|---|---|---|---|
| 1. | ജവഹർലാൽ മെമ്മോറിയൽ സോഷ്യൽ വെൽഫെയർ ആൻഡ് പബ്ലിക് കോർപ്പറേഷൻ സെന്റർ, തലയോലപ്പറമ്പ് പി.ഒ, കോട്ടയം - 686 605 | 04829 -236175 | jawaharcentre@yahoo.com |
| 2. | ഗവ. മഹിളാ മന്ദിരം, കല്ലറ പി.ഒ., കളമ്പുകാട് ബ്രിഡ്ജിന് സമീപം, കോട്ടയം - 686 611 | 04829 - 269420 | mmktym@gmail.com |
| 3. | കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി, ചൈതന്യ, തെള്ളകം പി.ഒ, കോട്ടയം | 0481 - 2790948 | ksss@ksss.in, info@ksss.in |
| 4. | കാരൂർ റൂറൽ ഡവലപ്പ്മെന്റ് സൊസൈറ്റി, ഫസ്റ്റ് ഫ്ളോർ, പനയുടമാ സംഘം ബിൽഡിങ്, പാലാ, കോട്ടയം-686 575. | 04822 312693 | krdsspcpala@gmail.com |
| 5. | അർച്ചന വുമെൻസ് സെന്റർ, ജ്യോതി ജീവാ പൂർണാ ട്രസ്റ്റ്, പുന്നത്തുറ കവല, വെട്ടിമുകൾ, ഏറ്റുമാനൂർ പി.ഒ, കോട്ടയം-686 631 | 0481 - 2533694 | archanajjpt@gmail.com |

## ഇടുക്കി

| | | | |
|---|---|---|---|
| 1. | സോപാനം ഫാമിലി കൗൺസലിങ് സെന്റർ, അടിമാലി പി.ഒ., ഇടുക്കി-685 561 | 04864222949 | sopanamadimalyc@gmail.com |
| 2. | സോളിഡാരിറ്റി മൂവ്മെന്റ് ഓഫ് ഇന്ത്യ, സെൻട്രൽ കമ്മിറ്റി, കഞ്ഞിക്കുഴി, ഇടുക്കി | 04862239256, 9447162353 | solidarityspcidukki@gmail.com |

| | | | |
|---|---|---|---|
| 3. | വോളന്ററി ഓർഗനൈസേഷൻ ഫോർ സോഷ്യൽ ആക്ഷൻ ആൻഡ് റൂറൽ ഡവലപ്മെന്റ്, വലിയകണ്ടം, കുമിളി പി.ഒ., ഇടുക്കി - 685 509 | 04869223850 | vosard@gmail.com |
| 4. | സേവ്യർ ഇന്റർനാഷണൽ ചാരിറ്റബിൾ സൊസൈറ്റി, സേവ്യേഴ്സ് ഹോം, ന്യൂമാൻ കോളജ് റോഡ്, തൊടുപുഴ ഈസ്റ്റ് പി.ഒ., ഇടുക്കി 685 585 | 04862226451, 9249883224 | saviourshome@gmail.com |
| 5. | ഡിസ്ട്രിക്ട് വിമെൻസ് കൗൺസിൽ, ഇടുക്കി കോളനി പി.ഒ., ഇടുക്കി - 685 602 | 0486 2233094 | idwcidukki@yahoo.com |

## എറണാകുളം

| | | | |
|---|---|---|---|
| 1 | ഡി പോൾ എജ്യൂക്കേഷൻ ട്രസ്റ്റ്, ഡി പോൾ നഗർ, അങ്കമാലി സൗത്ത്, അങ്കമാലി, എറണാകുളം-683 573. | 04846535638, 2452527 | cstc@depaul.edu.in |
| 2. | വിമല മഹിളാ സമാജം, എഫ്.സി.സി പ്രൊവിൻഷ്യൻ ഹൗസ്, നിർമല ഭവൻ, മൂവാറ്റുപുഴ പി.ഒ, എറണാകുളം - 686 661 | 04842832670, 2834546, 9495382034 | vimala.mahilasamajam@yahoo.in |
| 3. | കൾച്ചറൽ അക്കാഡമി ഫോർ പീസ്, ഡോർ നം.41/1964, ഫസ്റ്റ് ഫ്ളോർ, പൈയള്ളി റോഡ്, എറണാകുളം നോർത്ത്, കൊച്ചി - 682 018. | 04842369433, 2385188 | culturalacademy@gmail.com |
| 4. | രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, രാജഗിരി പി.ഒ, കളമശ്ശേരി സൗത്ത്, എറണാകുളം - 683 104 | 04842550881, 2555564 | rajservice@rajagiri.edu |
| 5. | ലീഗൽ ഇൻഡസ്ട്രിയൽ ആൻഡ് സോഷ്യോ എജ്യൂക്കേഷണൽ സൊസൈറ്റി ഓഫ് ഇന്ത്യ, എഫ്1, റവന്യൂ ടവർ, പ്രൈവറ്റ് ബസ് സ്റ്റാൻഡിനു സമീപം, കോതമംഗലം, എറണാകുളം - 686 691. | 04852825136 | lissindiaspc@gmail.com |
| 6. | പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റിസ്, എ.സി.എം. റോഡ്, എ.സി. സിറ്റി ബിൽഡിങ്, മത്തായി മാഞ്ഞൂരാൻ റോഡ്, മംഗളവനത്തിന് എതിർവശം, ഹൈക്കോടതിക്കു സമീപം, കൊച്ചി. | 04842390080, 2390140 | pcsjchn@gmail.com |

| | | | |
|---|---|---|---|
| 7. | സെന്റ് ജൂഡ് ഫാമിലി കൗൺസലിങ് സെന്റർ, നിയർ അങ്കമാലി സൗത്ത്, എറണാകുളം. | 04846491282 | fccstjude@gmail.com |
| 8. | ഗവ. മഹിളാ മന്ദിരം, ചമ്പക്കര, പൂണിത്തുറ പി.ഒ., എറണാകുളം-682 038 | 04842303664 | mahilamandiramekm@gmail.com |

## തൃശൂർ

| | | | |
|---|---|---|---|
| 1. | കേരള വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, കാർത്തിക ബിൽഡിംഗ്, വെസ്റ്റ് നട, കൊടുങ്ങല്ലൂർ, തൃശൂർ - 680 664. | 04802809490, 2809290 | kvtckdr@gmail.com |
| 2. | വിമലാ കമ്മ്യൂണിറ്റി എക്സ്റ്റൻഷൻ സെന്റർ, വിമലാ കോളജ്, തൃശൂർ - 680 009. | 04872321265 | vimala.fcc@gmail.com |
| 3. | കസ്തൂർബാ ഗാന്ധി നാഷണൽ മെമ്മോറിയൽ ട്രസ്റ്റ്, നെടുമ്പുഴ, പൊലീസ് സ്റ്റേഷന് സമീപം, തൃശൂർ. | 0484324466 | kgnmtkeralabranch@gmail.com |
| 4. | പാവന സർവീസ് സൊസൈറ്റി, സെന്റ് ജോസഫ്സ് കോളജ് ക്യാംപസ്, ഇരിങ്ങാലക്കുട, തൃശ്ശൂർ -680 681 | 04802829210 | darsanapavana@gmail.com |
| 5. | അപ്പെക്സ് വോളന്ററി ഏജൻസി ഫോർ റൂറൽ ഡെവലപ്മെന്റ്, AVARD ഭവൻ, ചാലക്കുടി, തൃശ്ശൂർ | 04802701964, 2707964 | avardbhavan@gmail.com |
| 6. | ഗവ. മഹിളാ മന്ദിരം, രാമവർമ്മപുരം, തൃശൂർ | 04872327258 | supdtmahilamandiramtcr@gmail.com |
| 7. | ജനനീതി, പി.ബി. നം. 8 മുല്ലക്കര, മണ്ണുത്തി പി.ഒ, തൃശൂർ - 680 651 | 04872373479 | jananeethi@jananeethi.org |
| 8. | സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി ഫോർ റൂറൽ ഡെവലപ്മെന്റ്, സിവിൽ സ്റ്റേഷനു സമീപം, അയ്യന്തോൾ, തൃശ്ശൂർ-680 003 | 04872366388 | costfordayyanthole@gmail.com |
| 9. | കുര്യാക്കോസ് ഏലിയാസ് സർവീസ് സൊസൈറ്റി, കെ.ഇ.എസ്.എസ് ഭവൻ, നയ്യ്ക്കനാൽ, തൃശ്ശൂർ-680 001 | 04872335516, 2335029 | kesstcr@gmail.com |

| | | | |
|---|---|---|---|
| 10. | ബ്രയിൻ സൊസൈറ്റി, മാള, തൃശൂർ-680 732 | 04802896977, 9746592707 | brainsocietyindia@gmail.com |

## പാലക്കാട്

| | | | |
|---|---|---|---|
| 1. | പീപ്പിൾസ് സർവീസ് സൊസൈറ്റി, ഡയോസിസൺ പാസ്റ്ററൽ സെന്റർ, ചക്കന്തറ, പള്ളിപ്പുറം പി.ഒ., പാലക്കാട്-678 006 | 04912520395, 2527784 | psspngo@gmail.com |
| 2. | സോഷ്യൽ സർവീസ് ലീഗ്, മേഴ്സി കോളജ്, പാലക്കാട് - 678 006. | 04912515528, 2543328 | mercycollegespc@gmail.com |
| 3. | ഗവ. മഹിളാ മന്ദിരം, മുട്ടിക്കുളങ്ങര, പാലക്കാട് - 678 594 | 04912552658 | mmppkd@gmail.com |
| 4. | ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് ചാരിറ്റബിൾ സൊസൈറ്റി, സഹൃദയ പബ്ലിക്ക് ലൈബ്രറി, മണ്ണാർക്കാട് പി.ഒ, പാലക്കാട്-678 582. | 9846507696 | hrdcspalakkad@gmail.com |
| 5. | അട്ടപ്പാടി സോഷ്യൽ സർവീസ് ഓർഗനൈസേഷൻ, എ.എസ്.എസ്.ഒ ഭവൻ, താവളം പി.ഒ, പാകുളം, പാലക്കാട് - 678 582 | 04924253237 | assoattappady@gmail.com |
| 6. | ഇന്റഗ്രേറ്റഡ് കമ്മ്യൂണിറ്റി ഡവലപ്മെന്റ് സെന്റർ (ഐ.സി.ഡി.സി) ശ്രീകൃഷ്ണപുരം, കടമ്പഴിപ്പുറം പി.ഒ, പാലക്കാട്-678 633 | 04662203688 | icdcskp@gmail.com |

## മലപ്പുറം

| | | | |
|---|---|---|---|
| 1. | പി. സരോജിനി അമ്മ സ്മാരക മഹിളാ സമാജം, കോവിലകം റോഡ്, മഞ്ചേരി, മലപ്പുറം | 9447168435, 04832760028 | manjerimahilasamajam@gmail.com |
| 2. | നാഷണൽ സർവീസ് സൊസൈറ്റി, എൻ.എസ്.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ബിൽഡിംഗ്, മാനത്തുമംഗലം, പെരിന്തൽമണ്ണ, മലപ്പുറം-679 322 | 04933227843 | nasscentre@gmail.com |
| 3. | ഗവ. മഹിളാ മന്ദിരം, റെസ്ക്യൂ ഹോം കോംപൗണ്ട്, തവനൂർ, മലപ്പുറം-679 573 | 04942126671 | mahilamandiram thavanur@gmail.com |
| 4. | മുജാഹിദ് എഡ്യൂക്കേഷൻ ട്രസ്റ്റ്, 7/194 എ, എം സ്ക്വയർ കോംപ്ലക്സ്, പാവമണി റോഡ്, പി.ബി.നം. 60 | 04952720434 | metfccmlp@gmail.com |

| | | | |
|---|---|---|---|
| 5. | കേരള മഹിളാ സമഖ്യ സൊസൈറ്റി, ഡിസ്ട്രിക്ട് ഓഫീസ് മലപ്പുറം, പൊലീസ് സ്റ്റേഷന് സമീപം, വെളിയംതോട്, നിലമ്പൂർ, മലപ്പുറം | 9447111271 | samakhyamala ppuram@gmail.com |

## കോഴിക്കോട്

| | | | |
|---|---|---|---|
| 1. | ഗവ. ഷോർട്ട് സ്റ്റേ ഹോം, വെള്ളിമാട് കുന്ന്, കോഴിക്കോട് - 673 012. | 04952731883 | shortstaykkd@gmail.com |
| 2. | കേരള സോപ്പ് ഇൻഡസ്ട്രീസ് ഫെഡറേഷൻ, ബിൽഡിംഗ് നം. 5/664, അരിക്കാട്, നല്ലളം റോഡ്, നല്ലളം പി.ഒ, കോഴിക്കോട് - 673 027. | 04952420769 | soapfed@gmail.com |
| 3. | അന്വേഷി വിമെൻസ് കൗൺസലിങ് സെന്റർ, കോട്ടോളി പി.ഒ, കുതിരവട്ടം, കോഴിക്കോട്-673 016. | 04952744370, 2744128 | anweshicalicut@gmail.com |
| 4. | ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് സെന്റർ, താമരശ്ശേരി, കെ.സി. ടവർ, മിനി സിവിൽ സ്റ്റേഷന് എതിർവശം, താമരശ്ശേരി, കോഴിക്കോട്. | 04952220300, | idcthamarassery@yahoo.com |

## വയനാട്

| | | | |
|---|---|---|---|
| 1. | വിമൻസ് വോയ്സ്, പി.ബി.നം. 13, താഴേക്കുപടി, സുൽത്താൻ ബത്തേരി പി.ഒ | 9847122846, 04936221080 | womensvoice05@gmail.com |
| 2. | പാറത്തോട്ടം കർഷക രക്ഷാ സമിതി, വരയൽ പി.ഒ, താലപ്പുഴ, മാനന്തവാടി, വയനാട് | 04935270318, 256217 | pkvs2012@gmail.com |
| 3. | ആർഷ ഭാരത് ബഹുജന ബോധവത്ക്കരണ ഗ്രാമ വികസന സമിതി, സെൻട്രൽ ഓഫീസ്, നാദംകുനി, മേപ്പാടി, വയനാട് | 04936282500, 281889 | arshabharathdvs@gmail.com |
| 4. | നീതിവേദി, എംടിസി ബിൽഡിംഗ്, കാക്കവയൽ, കൽപ്പറ്റ നോർത്ത് പി.ഒ, വയനാട് - 673 122. | 04936204266, 9447640378 | neethivedhi@gmail.com |

## കണ്ണൂർ

| | | | |
|---|---|---|---|
| 1. | സോഷ്യൽ ആക്ഷൻ ഗ്രൂപ്പ് ഫോർ സയൻസ് ടെക്നോളജി ആൻഡ് ഹ്യുമാനിറ്റി ഇൻ റൂറൽ ഏര്യാസ്, ഏഴോം പി.ഒ, പഴയങ്ങാടി, കണ്ണൂർ- 670334 | 04972870131, 9447749131 | sasthra.org@gmail.com |

| | | | |
|---|---|---|---|
| 2. | തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി, പി.ബി.നം.70, തലശ്ശേരി, കണ്ണൂർ. | 04902342270, 2325797 | tessstellicherry1966@gmail.com |
| 3. | ഗവ. മഹിളാ മന്ദിരം, നേതാജി റോഡ്, തലശ്ശേരി, ചിറക്കര പി.ഒ., കണ്ണൂർ - 670 104 | 04902321511, | mahilatly@gmail.com |
| 4. | മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി, ശ്രീപുരം, പള്ളിക്കുന്ന് പി.ഒ., കണ്ണൂർ - 670 004 | 0497 2701833 | info@masss.in |
| 5. | പീപ്പിൾസ് ആക്ഷൻ ഫോർ കമ്മ്യൂണിറ്റി എംപവർമെന്റ് (പി.എ.സി.ഇ) ചാലോട്, ഇടയന്നൂർ പി.ഒ., കണ്ണൂർ 670 595 | 9946678858 9995551080, 9497300402 | kannurpace@gmail.com |
| 6. | ഹൃദയാരാം സൈക്കോ സെന്റർ, സിവിൽ സ്റ്റേഷൻ പി.ഒ., തളാപ്പ്, കണ്ണൂർ. | 9496618759, 0497 2708001 | hrmspc2013@gmail.com |

## കാസർഗോഡ്

| | | | |
|---|---|---|---|
| 1. | ഗവ. മഹിളാ മന്ദിരം, പരവനടുക്കം, കാസർഗോഡ് | 04994235201 | srdthankachi@gmail.com |
| 2. | മുജാഹിദ് എഡ്യൂക്കേഷൻ ട്രസ്റ്റ്, എസ്.പി.സി ചെന്നിക്കര റോഡ്, നുള്ളിപ്പാടി, കാസർഗോഡ്. | 0495 2720601, 04994291771 | metfcckgd@gmail.com |

●

# അനുബന്ധം - 8

## വനിതാ ഹെൽപ്പ് ലൈൻ നമ്പറുകൾ

| ജില്ല | നമ്പർ |
|---|---|
| തിരുവനന്തപുരം | 1091/9995399953 |
| തിരുവനന്തപുരം റൂറൽ | 1091/0471 2418277 |
| കൊല്ലം | 1091/0474 2764579 |
| പത്തനംതിട്ട | 1091/0468 2325352 |
| ആലപ്പുഴ | 1091/0477 2337474 |
| കോട്ടയം | 1091/0481 2561414 |
| ഇടുക്കി - തൊടുപുഴ | 1091/0486 229100 |
| ഇടുക്കി - കട്ടപ്പന | 9497932403 |
| എറണാകുളം സിറ്റി | 1091/0484 2356044 |
| എറണാകുളം റൂറൽ | 1091/0484 2623399 |
| തൃശ്ശൂർ | 1091/0487 2428855 |
| പാലക്കാട് | 1091/0491 2504650 |
| മലപ്പുറം | 1091/0483 2734830 |
| കോഴിക്കോട് സിറ്റി | 1091/0495 2724420 |
| കോഴിക്കോട് റൂറൽ | 1091/0496 2517767 |
| വയനാട് | 1091/0493 6206127 |
| കണ്ണൂർ | 1091/0497 2764046 |
| കാസർകോട് | 1091/04994 257591 |

●

# അനുബന്ധം - 9

## കേരള വനിതാ കമ്മിഷനിൽ രജിസ്റ്റർ ചെയ്ത സംഘടനകൾ

1. ഭാരത് സേവക് സമാജ്
   കേരള പ്രദേശ് സദ്ഭാവന ഭവൻ
   ബ്രാമിൻസ് കോളനി,
   കവടിയാർ പി.ഒ.
   തിരുവനന്തപുരം 695 003

2. ശാന്തി ഗ്രാമം
   ചപ്പാത്ത്, ചൊവ്വര
   പുല്ലുവിള
   തിരുവനന്തപുരം 695 526

3. കേരള സോപ്പ് ഇൻഡസ്ട്രീസ് ഫെഡറേഷൻ
   ബിൽഡിംഗ് നം. IV/664
   നല്ലളം പി.ഒ.
   കോഴിക്കോട് 673 027

4. കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി, തെള്ളകം പി.ഒ.
   കോട്ടയം 686 016

5. ആർഷ ഭാരത് ബഹുജന ബോധവൽക്കരണ ഗ്രാമ വികസന സമിതി
   ആർഷ ഭാരത് സെൻട്രൽ ഓഫീസ്
   നാഥാംകനി പി.ഒ.
   മേപ്പാടി, വയനാട്

6. സായൂജ്യ മഹിളാ സമാജം
   സംബ്രാമാം വട്ടതാമര പി.ഒ.
   കടക്കൽ, കൊല്ലം 691 536

7. ഡവലപ്മെന്റ് ആക്ഷൻ സെൽഫ് ഹെൽപ്പ് നെറ്റ് വർക്ക്
   (ദർശൻ) IMG. 474
   പനംപള്ളി നഗർ, കൊച്ചി 682 036

8. മഹാത്മാഗാന്ധി മെമ്മോറിയൽ വനിതാ വികസന
   ചാരിറ്റബിൾ സൊസൈറ്റി
   പാവുമ്പാ പി.ഒ.
   കൊല്ലം 690 574

9. സരോജിനി നായിഡു
   മഹിളാ സമാജം
   കാരക്കോണം പി.ഒ.
   തിരുവനന്തപുരം

10. സമസ്യ മഹിളാ സമാജം
കൽപ്പാദം, മാണിക്ക്യശ്ശേരി പി.ഒ.
പാലക്കാട് 678 631

11. ഐശ്വര്യാ മഹിളാ സമാജം
മരുതമൺ പാല,
ചേപ്പാറ ജംഷൻ, പൂയപ്പള്ളി പി.ഒ.
കൊല്ലം 691 537

12. ജവഹർലാൽ നെഹ്റു
ഇന്റർനാഷണൽ ഫൗണ്ടേഷൻ
പറങ്കിമാംവിള, പെരുങ്ങല്ലൂർ
ആയൂർ, കൊല്ലം 691 533

13. അർച്ചനാ മഹിളാ സമാജം
മംഗളം, അഞ്ജുമൂർത്തി പി.ഒ.
പാലക്കാട് 678 682

14. കേരള സെക്രട്ടേറിയേറ്റ് വിമൻസ് വെൽഫെയർ സൊസൈറ്റി
ഗവണ്മെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

15. ശ്രീനാരായണ വനിതാ സംഘം
എസ്.എൻ.ഡി.പി.
ബ്രാഞ്ച് ബിൽഡിംഗ്, കുളത്തൂർ
തിരുവനന്തപുരം 695 583

16. കരിന്തളം വനിതാ ക്ഷേമ സംഘം
കളിചാമരം, കരിന്തളം പി.ഒ.
നീലേശ്വരം, കാസർഗോഡ് 671 314

17. വികാസ് വനിതാ വേദി
ഭരണിക്കാവ്, മുകുന്തപുരം പി.ഒ.
ചവറ, കൊല്ലം 691 585

18. വിമെൻസ് എംപവർമെന്റ് ആൻഡ് ഹ്യൂമൺ റിസോഴ്സ്
ഡവലപ്മെന്റ് സെന്റർ ഓഫ് ഇന്ത്യാ (ഡബ്ല്യൂ.എച്ച്.ഐ.)
വൃന്ദാവൻ, കല്ലാട്ടുമുക്ക്,
മണക്കാട് പി.ഒ.
തിരുവനന്തപുരം 695 009

19. നാഷണൽ വിമെൻസ്
വെൽഫെയർ സെന്റർ
വനിതാ ഭവൻ, അര്യൻകോട്, ഒറ്റശേഖരമംഗലം,
തിരുവനന്തപുരം 695 125

20. പ്രിയദർശിനി മഹിളാ സമാജം
പുന്നക്കോട്, ചെമ്പൂർ,
ഒറ്റശേഖരമംഗലം പി.ഒ.
തിരുവനന്തപുരം 695 125

21. പ്രതീക്ഷാ മഹിളാ സമാജം
മലങ്കര കത്തോലിക് ചർച്ച്
കാഞ്ഞിരംകുളം പി.ഒ.
തിരുവനന്തപുരം 695 524

22. സ്ത്രീ നികേത് വനിതാ
ഫെഡറേഷൻ, കരുണാലയം,
ജനറൽ ഹോസ്പിറ്റർ റോഡ്
തിരുവനന്തപുരം 695 037

23. കേരള വർക്കിംഗ് വിമെൻസ്
അസോസിയേഷൻ
നീയർ കന്റോൺമെന്റ് ഹൗസ്
വികാസ് ഭവൻ പി.ഒ.
തിരുവനന്തപുരം 695 033

24. ഗ്രാമീണ സ്ത്രീ ഉന്നമന
ക്ഷേമ സമാജം
5-ാം വാർഡ്, ഇടവട്ടം പി.ഒ. തലോയലപ്പറമ്പ്
വൈക്കം, കോട്ടയം 686 605

25. മാഗ്മി വെൽഫയർ
വെട്ടിക്കോണം, കാവടിതല
മണികണ്ഠേശ്വരം പി.ഒ.
തിരുവനന്തപുരം 695 013

26. സനാതന മഹിളാ സമാജം
മുട്ടക്കാട്, പെരുമ്പഴുതൂർ
നെയ്യാറ്റിൻകര
തിരുവനന്തപുരം 695 126

27. മഹിളാ സമാജം സോഷ്യൽ വെൽഫെയർ സെന്റർ
പട്ടിയക്കാല, അരുമാനൂർ
പൂവ്വാർ പി.ഒ.
തിരുവനന്തപുരം

28. വിമെൻസ് വെൽഫയർ സെന്റർ
ക്ഷേത്രനട, തിരുപുറം
കഞ്ചാംപഴിഞ്ഞി പി.ഒ.
തിരുവനന്തപുരം 695 525

29. ഓൾ കേരള യൂത്ത് സെന്റർ
(വനിതാ വിഭാഗം)
ഏലിയോട്, എടക്കോടം പി.ഒ.
എഴുകോൺ, കൊല്ലം 691 505

30. കിഴക്കുംകര മഹിളാ സമാജം
കുളത്തൂർ പി.ഒ.
തിരുവനന്തപുരം 695 583

31. ബോധി വനിതാ സമാജം
അരുമാനൂർ, പൂവാർ പി.ഒ.
തിരുവനന്തപുരം

32. പരസ്പര സഹായ സംഗം
(വുമൺസ് വിംഗ്)
വല്ലുവള്ളി, കുന്നമാവു പി.ഒ.
എറണാകുളം 683 518

33. കസ്തൂർബാ മെമ്മോറിയൽ മഹിളാ സമാജം
കഞ്ചാംപഴിഞ്ഞി പി.ഒ.
തിരുപുറം,
തിരുവനന്തപുരം 695 525

34. ജോസഫ് മെമ്മോറിയൽ മഹിളാ സമാജം
ഇലവാണിക്കര, വാലിയംകോട്
നെയ്യാറ്റിൻകര
തിരുവനന്തപുരം 695 512

35. കേരള റൂറൽ ഡവലപ്പ്മെന്റ് സൊസൈറ്റി
(വുമൺസ് വിംഗ്)
മംഗലക്കൽ, കാട്ടാക്കട
തിരുവനന്തപുരം 695 572

36. വിമെൻ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് സൊസൈറ്റി
ചാവറ, പട്ടം പി.ഒ.
തിരുവനന്തപുരം 695 004

37. അർച്ചന വനിതാ വേദി
പാറക്കുന്നത്ത് മീതെൽ
ചെറുപ്പാ പി.ഒ.
മാവൂർ, കോഴിക്കോട് 673 661

38. പെരുങ്കടവിള ഹരിജൻ
മഹിളാ സമാജം
പെരുങ്കടവിള പി.ഒ., നെയ്യാറ്റിൻകര
തിരുവനന്തപുരം 695 124

39. നവജ്യോതി മഹിളാ സമാജം
കരിങ്കായം പി.ഒ.
പാലക്കാട് 678 706

40. അഡോണ മഹിളാ സമാജം
ആനക്കര പി.ഒ.
ഇടുക്കി 685 512

41. ആദർശ മഹിളാ സമാജം
സെന്റ് ഫ്രാൻസിസ്
സേവിയേഴ്സ് ചർച്ച്
പോനിക്കര, എളമക്കര പി.ഒ.
കൊച്ചി 682 026

42. ദേശീയ മഹിളാ സമാജം
കുന്നത്തുതാഴം വയൽ,
നടക്കാവ് പി.ഒ.
കോഴിക്കോട് 11

43. പി. സരോജിനിയമ്മ സ്മാരക
മഹിളാ സമാജം, മഞ്ചേരി
മലപ്പുറം 676 121

44. തുല്യതാ മഹിളാ സമാജം
കുലമംഗലം, വാളൻഞ്ചേരി പി.ഒ.
മലപ്പുറം 676 552

45. മാവൂർ പഞ്ചായത്ത് മഹിളാ സമാജം
കാട്ട്പോയിൽ, മാവൂർ പി.ഒ.
കോഴിക്കോട് 673 661

46. കൾച്ചറൽ അക്കാഡമി ഫോർ പീസ്
35/761, നോർത്ത് ജനതാ റോഡ്
പാലാരിവട്ടം, കൊച്ചി 682 025

47. അഹല്യ
14/127, ജെ. പി മഹൽ
കുന്നൻകുളങ്ങര, തൃപ്പൂണിത്തുറ
എറണാകുളം

48. സ്ത്രീനികേതൻ സെന്റർ ഫോർ സോഷ്യൽ ഡവലപ്മെന്റ്
ചാത്തന്നൂർ പി.ഒ.
കൊല്ലം 691 572

49. ടിപ്പു മെമ്മോറിയൽ കൾച്ചറൽ സെന്റർ ആന്റ് ചാരിറ്റബിൾ സൊസൈറ്റി
ചെലായിൽ, വെട്ടംമ്പള്ളി
പന്നവൂർ പി.ഒ.
നെടുമങ്ങാട്
തിരുവനന്തപുരം 695 568

50. എൻ.ഇ.എസ്. വനിതാ ക്ഷേമ കേന്ദ്രം
പെരുങ്കടവിള പി.ഒ.
തിരുവനന്തപുരം 695 124

51. സ്മാർട്ട് അസോസിയേഷൻ
എസ്.പി. ലൈൻ
മലമ്പുഴ, പാലക്കാട് 678 651

52. ബോധികാല സാംസ്കാരിക സമിതി
കാരയാട് പി.ഒ.
മേപ്പയൂർ, കോഴിക്കോട് 673 524

53. എൻ.ഒ.സി.ഇ. ആർ. ഇന്ത്യാ
പായം പി.ഒ., കണ്ണൂർ 670 704

54. സി.എൻ. മെമ്മോറിയൽ വനിതാ സമാജം
അതിയന്നൂർ, ആറാലുംമൂട് പി.ഒ.
നെയ്യാറ്റിൻകര

55. കെ. പ്രസന്ന ചന്ദ്രിക
ആൾ കേരള വിഡോസ്
അസോസിയേഷൻ
റ്റി.സി. 16/2179
കണ്ണംമൂല,
മെഡിക്കൽ കോളേജ് പി.ഒ.
തിരുവനന്തപുരം 695 004

56. ഗ്രാമോദ്ധാരണ വനിതാ സമാജം
പെരുമുല്ലൂർ, ഊരൂട്ടമ്പലം
ഊരുട്ടമ്പലം പി.ഒ.
തിരുവനന്തപുരം

57. ഗ്രാമവികാസ് സൊസൈറ്റി
മേലുകാവ്, മാട്ടം പി.ഒ.
കോട്ടയം 686 652

58. ഭാരത് എഡ്യൂക്കേഷൻ ചാരിറ്റബിൾ സൊസൈറ്റി (Women's wing)
സെന്റർ അടൂർ
പത്തനംതിട്ട

59. നവോദയ മഹിളാ സമാജം
സി.എസ്. ഭവൻ
കലച്ചക്കോണം
കീഴാവൂർ പി.ഒ.
തിരുവനന്തപുരം

60. ഭാരത് വനിതാ വികസന സൊസൈറ്റി
നിയർ സെന്റ് തോമസ് ഹൈസ്കൂൾ
റ്റി.റ്റി.ഐ. റോഡ്, പാലാ
ബിൽഡിംഗ് നം. 285/IV
പാലാ, കോട്ടയം

61. ധന്യാ മഹിളാ സമാജം
പൊൺകണ്ടം, ഒലിംകടവ് പി.ഒ.
പാലക്കാട് 678 706

62. റൂറൽ ഡവലപ്മെന്റ് സെന്റർ
റജി. നം. കെ. 22/80
കുറവിലങ്ങാട് പി.ഒ.
കോട്ടയം

63. ഗ്ലോബൽ വിഷൻ
സയൻസ് ആന്റ് ടെക്നോളജി എഡ്യൂക്കേഷൻ സെന്റർ
കുണ്ടറ പി.ഒ.
കൊല്ലം

64. ദി സെർവ് ഇന്ത്യാ
ടെമ്പിൾ റോഡ്
വെസ്റ്റ് ഹിൽ, കോഴിക്കോട്

65. നവജ്യോതി മഹിളാ സമാജം
ചാരുവിള പുത്തൻ വീട്
ശിവമുക്ക്, വെൺക്കൊല്ലാ പി.ഒ.
മാടത്തറ, തിരുവനന്തപുരം

66. കൃഷ്ണൻ എഡ്യൂക്കേഷൻ ആൻഡ് ചാരിറ്റബിൾ സൊസൈറ്റി
അരീയല്ലൂർ പി.ഒ.
മലപ്പുറം

67. അന്വേഷി വിമെൻസ്
കൗൺസിലിങ് സെന്റർ
നീയർ മാഡകുന്നി ടെമ്പിൾ
കുതിരവട്ടം പി.ഒ.
കോഴിക്കോട്

68. ഗാന്ധിഭവൻ ഇന്റർനാഷണൽ ട്രസ്റ്റ്
ഗാന്ധി ഭവൻ പി.ഒ. 39
പത്തനാപരും, കൊല്ലം 689 695

69. സെന്റർ ഫോർ ഓവറോൾ
ഡവലപ്മെന്റ്
മാതാ ടവർ, പി.ബി. നം. 33
താമരശ്ശേരി, കോഴിക്കോട് 673 573

70. സർഗക്ഷേത്ര ചാരിറ്റബിൾ ട്രസ്റ്റ്
ചെട്ടിപ്പുഴ, ചങ്ങനാശ്ശേരി 686 104

71. ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി
ആർച്ച് ബിഷപ്സ് ഹൗസ് കോമ്പൗണ്ട്
വെള്ളയമ്പലം, തിരുവനന്തപുരം

72. നിർഭയ, വയനാട് സൊസൈറ്റി,
പൊഴുതന, വയനാട്

73. മലങ്കര സോഷ്യൽ സർവീസ്
സൊസൈറ്റി
സ്രോതസ്സ്, സെന്റ് മേരീസ് ക്യാമ്പസ്,
പട്ടം, തിരുവനന്തപുരം.

74. അർച്ചന വിമൻസ് സെന്റർ
(ജ്യോതി ജീവൻ പൂർണ ട്രസ്റ്റ്)
വെട്ടിമുകൾ, ഏറ്റുമാനൂർ
കോട്ടയം.

75. ലൈഫ് ഫൗഷേൻ,
സലീം മന്ദിരം,
നെടിയകാല, കാഞ്ഞിരംകുളം,
നെയ്യാറ്റിൻകര, തിരുവനന്തപുരം.

76. സ്ത്രീചേതന
രജി. എസ്. 223/08
2/634 ഡി, അക്ഷയ,
എരഞ്ഞിപ്പലം, കോഴിക്കോട്.

●